

# സമഗ്രവികസനരേഖ

## ജനകീയാസൂത്രണം- ഇരവിപുരം ഗ്രാമപഞ്ചായത്ത്

അധികാരം ജനങ്ങളിലേക്ക്



സ്വയം സമ്പൂർണ്ണമായ ഗ്രാമസ്വരാജ് ''
- അതായിരുന്നു സ്വപ്നങ്ങളിലൊന്ന്


ഇൻഡ്യാ
72°
88°
28°
12°
0 600 കി.മി.


കേരളം
75°
76°
77°
12°
11°
10°
9°
0 80 കി.മി.
കൊല്ലം ജില്ല.




അവലംബം : വിഭവഭൂപടം, സെൻസസ്




ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

ഭൂപടം I    അവലംബം: വികസന ഭൂപടം സെസ്

# 1996 ഡിസംബർ-28ന്
# വികസന സെമിനാറിൽ അവതരിപ്പിക്കുന്ന
# സമഗ്ര വികസന രേഖ.



**എഡിറ്റർ**

ബെയ്സിൽ ജോസഫ്

**എഡിറ്റോറിയൽ ബോർഡ്**

എ. പുഷ്പരാജൻ

കെ. സുകുമാരൻ

എ. കർണ്ണൻ

എൻ. ഷൺമുഖദാസ്

ഡി. ആന്റണി

എ.എം. അൻസാരി

ഇരവിപുരം ഭാസി

എ. നീലകണ്ഠൻ

എ.ജി. ജയകുമാർ

**ആർട്ട്**

ശിവജി മങ്ങാട്. ■ വിജയൻ

പ്രിന്റിംഗ്:

ദിവ്യ ഓഫ്സെറ്റ് പ്രിന്റേഴ്സ്

പള്ളിത്തോട്ടം

## വികസന രേഖ തയ്യാറാക്കിയ കോർ ഗ്രൂപ്പ്

**കൺവീനർ – എൻ. ഷൺമുഖദാസ്**

### ഭൂപ്രകൃതി–ജലപ്രകൃതി

ബാലുജേക്കബ് (റിസർച്ച് സൈന്റിസ്റ്റ്, സെസ്)

### ജനപ്രകൃതി

എ.നീലകണ്ഠൻ

### കൃഷി–ജലസേചനം

ജെ. സിദ്ധാർത്ഥൻ ■ പി. സദാനന്ദൻ ■ എ.ജി. ജയകുമാർ ■ എ. കർണ്ണൻ ■ ബെയ്സിൽ ജോസഫ് ■ കെ. സുകുമാരൻ ■ രമാഗോപിനാഥ് ■ എം.ആർ. ഷെറീഫ് ■ ബേണി ഗ്രേഷ്യൻ

### മൃഗപരിപാലനം മത്സ്യബന്ധനം

ആൻഡ്രൂസ് മത്യാസ് ■ ഡോ. അനിൽ കുമാർ ■ കെ. സുകുമാരൻ ■ ബെയ്സിൽ ജോസഫ് ■ സി. എസ്. ഉഷാകുമാരി

### വിദ്യാഭ്യാസം

എവുജീനിയോസ് ■ പ്രൊഫ. കെ. എൻ. രാമചന്ദ്രൻ ■ ജി. ഭാർഗവനാചാരി ■ എ. ജയപ്രസാദ് ■ ബെയ്സിൽ ജോസഫ് ■ കെ. സുകുമാരൻ ■ എ.ജി. ജയകുമാർ ■ സി. എസ്. ഉഷാകുമാരി ■ പി. സരസ്വതി

### ആരോഗ്യം കുടിവെള്ളം

എസ്. ഉദയകോമളൻ ■ പി.ബാലചന്ദ്രൻ ■ എ. കർണ്ണൻ ■ സജി ഡി. ആനന്ദ്

### വ്യവസായം

പി.കെ. ധനഞ്ജയൻ ■ വി.പത്മനാഭൻ ■ ജെ. രാജൂ ■ രമാ ഗോപിനാഥ് ■ അജിതാ ബാബു ■ പി. ഉഷാകുമാരി ■ എ. അബ്ദുൾറഹ്മാൻ

### ഗതാഗതം ഊർജ്ജം

കെ. മോഹൻകുമാർ ■ കെ. രശ്മീധരൻ ■ സി. പത്മകുമാർ ■ ജെ. രാജു ■ പി. ഉഷാകുമാരി ആർ. സുപ്രഭ

### പാർപ്പിടം, സാമൂഹ്യക്ഷേമം

സി.ജി. ലാലാജി ■ എ. നീലകണ്ഠൻ ■ അജിതാ ബാബു രമാ ഗോപിനാഥ് പി. ഉഷാകുമാരി

### സംസ്കാരം

**എസ്. പങ്കജാക്ഷൻ ■ എ. കർണ്ണൻ ■ വി. സുന്ദരേശൻ ■ കെ. സുകുമാരൻ ■ എ. അബൂബേക്കർ ■ ബെയ്സിൽ ജോസഫ് ■ എ.ജി. ജയകുമാർ ■ എസ്. ഉദയകോമളൻ**

### വനിതാ ക്ഷേമം

അജിതാ ബാബു ■ കെ. കൃഷ്ണകുമാരി ■ ബി.ലൈലാകുമാരി ■ സി. വിജയലക്ഷ്മി ■ പി. ഉഷാകുമാരി ■ രമാ ഗോപിനാഥ് ■ പ്രീതാ രാജു ■ റഹിയാനത്ത് ■ എ. കർണ്ണൻ ■ കെ സുകുമാരൻ ■ സജി ഡി ആനന്ദ്

### സഹകരണ മേഖല

കെ.ചന്ദ്രശേഖരൻ നായർ ■ കെ, കൃഷ്ണൻകുട്ടി ■ എം. കൃഷ്ണ സെൻ ■ സഖറിയാ ക്ലമന്റ്

### പട്ടികജാതി, പട്ടിക വർഗ ക്ഷേമം

എ. നീലകണ്ഠൻ ■ കെ. കൃഷ്ണൻ കുട്ടി ■ സി. ജി. ലാലാജി, ■ ലൈലാകുമാരി

### വിഭവസമാഹരണം

എ. കർണ്ണൻ, ■ പി. ബാലചന്ദ്രൻ ■ വി. സുന്ദരേശൻ, ■ എം.ആർ. ഷെരീഫ്, ■ എ. എം. അൻസാരി, ■ ബെയ്സിൽ ജോസഫ്, ■ എ. നീലകണ്ഠൻ, ■ കെ,സുകുമാരൻ, ■ കെ. കൃഷ്ണൻകുട്ടി. ■ ഇ.യൂസുഫ് കുഞ്ഞ്

### ടൂറിസം

എ.ജി. ജയകുമാർ ■ ബെയ്സിൽ ജോസഫ് ■ കെ. സുകുമാരൻ ■ എ. കർണ്ണൻ

### സാമൂഹ്യ–സാംസ്കാരിക ചരിത്രം

ബെയ്സിൽ ജോസഫ്, ■ കെ. സുകുമാരൻ, ■ ഡി ആന്റണി, ■ എ.ജി. ജയകുമാർ, ■ എ. നീലകണ്ഠൻ, ■ എ. എം. അൻസാരി.



# പിൻപുറങ്ങളിൽ


| | | |
|---|---|---|
| 1. | ഇരവിപുരം ഗ്രാമപഞ്ചായത്ത് ഭരണ സമിതി | 7 |
| 2. | പഞ്ചായത്ത് സമിതി 1953 മുതൽ | 8-9 |
| 3. | ആമുഖം | 10-11 |
| 4. | പഞ്ചായത്ത് ഒറ്റനോട്ടത്തിൽ | 12-13 |
| 5. | സാമൂഹ്യ സാംസ്കാരിക ചരിത്രം | 14-17 |
| 6. | ഭൂപ്രകൃതി, ജലപ്രകൃതി, ജനപ്രകൃതി | 18-24 |
| 7. | സാമൂഹ്യ സാമ്പത്തിക മേഖലകൾ | 25 |
| 8. | കൃഷിയും ജലസേചനവും | 26-36 |
| 9. | മൃഗപരിപാലനം – മത്സ്യബന്ധനം | 37-43 |
| 10. | വിദ്യാഭ്യാസം | 44-54 |
| 11. | ആരോഗ്യം, കുടിവെള്ളം | 55-64 |
| 12. | വ്യവസായം | 65-70 |
| 13. | ഗതാഗതം, ഊർജ്ജം | 71-87 |
| 14. | പാർപ്പിടം, സാമൂഹ്യക്ഷേമം | 88-93 |
| 15. | സംസ്കാരം | 94-97 |
| 16. | വനിതാക്ഷേമം | 98-101 |
| 17. | സഹകരണം | 102-107 |
| 18. | പട്ടികജാതി പട്ടികവർഗക്ഷേമം | 108-112 |
| 19. | വിനോദസഞ്ചാരം | 113 |
| 20. | വിഭവസമാഹരണം | 114-117 |
| 21. | ഇരവിപുരം ഗ്രാമപഞ്ചായത്ത് പ്രവർത്തന രേഖ | 118-119 |
| 22. | ഉപസംഹാരം | 120-121 |



# ഇരവിപുരം ഗ്രാമപഞ്ചായത്ത് ഭരണസമിതി



എ. പുഷ്പ രാജൻ
പ്രസിഡന്റ്



ഇ. യൂസുഫ്കുഞ്ഞ്
വൈസ്പ്രസിഡന്റ്



സജി. ഡി. ആനന്ദ്
സ്റ്റാന്റിംഗ് കമ്മിററി
ചെയർമാൻ

**മെമ്പർമാർ**

പ്രീതാരാജു
എ.എം. അൻസാരി
എ. അബ്ദുൽ റഹിമാൻ
എ. അബൂബക്കർ
പി. ഉഷാകുമാരി
സുഹൈബ് സുധീർ
രമാ ഗോപിനാഥ്
അജിതാ ബാബു
ബി.ലൈലാ കുമാരി
എസ്. പങ്കജാക്ഷൻ
സക്കറിയാ ക്ലമന്റ്
ആൻഡ്രൂസ് മത്യാസ്

## പഞ്ചായത്ത് – ഭരണ സമിതികൾ 1953 മുതൽ

### പ്രഥമ ഭരണ സമിതി (1953 മേയ്–5)

| വാർഡ് നമ്പർ | വാർഡിന്റെ പേര് | മെമ്പറന്മാരുടെ പേര് |
|---|---|---|
| 1. | തെക്കേവിള–എ. | യു. ഷാഹുൽ ഹമീദ് |
| 2. | തെക്കേവിള –ബി | കെ. പരമു |
| 3. | തെക്കേവിള സി | റ്റി.കെ. ഗോപാലൻ |
| 4. | കയ്യാലയ്ക്കൽ, പന്ത്രണ്ടുമുറി | എ. ഇബ്രാഹിംകുട്ടി |
| 5. | പിണയ്ക്കൽ– താഴം | വി. ഭാസ്കരൻ നായർ, എസ്. കുമാരൻ (പട്ടികജാതി സംവരണം) |
| 6. | വാളത്തുംഗൽ എ | വി. രാഘവൻ പിള്ള |
| 7. | വാളത്തുംഗൽ ബി | പീറ്റർ ജോർജ്ജ് |
| 8. | തെക്കും ഭാഗം | എം. ഇ. ജോസഫ് |

### 1964 ജനുവരി 1

| | |
|---|---|
| 1. തെക്കേവിള എ | എം. എ. റഷീദ് |
| 2. തെക്കേവിള ബി | എം.രാഘവൻ പിള്ള |
| 3. തെക്കേവിള സി | വി.പി. വിശ്വനാഥൻ |
| 4. തെക്കേവിള ഡി | കെ. മംഗലഭാനു |
| 5. കയ്യാലയ്ക്കൽ–എ. | ഹൈദ്രോസ് കുഞ്ഞ് |
| 6. പന്ത്രണ്ടുമുറി | കെ. അബ്ദുൽ റഷീദ് |
| 7. വാളത്തുംഗൽ | എ.പരമേശ്വരൻപിള്ള എൻ. ശങ്കരൻ (പട്ടികജാതി സംവരണം) |
| 8. ആക്കോലിൽ | കെ.ഇബ്രാഹിംകുട്ടി |
| 9. വടക്കുംഭാഗം | റ്റി. ആന്റണി |
| 10. തെക്കുംഭാഗം | എച്ച് പ്ലിന്റെൺസാറോ |
| നോമിനേറ്റ് അംഗം | എൽ. ഗൗരിക്കുട്ടിയമ്മ |

### 1979 ലെ പഞ്ചായത്ത് ഭരണ സമിതി

| | |
|---|---|
| 1. തെക്കേവിള എ | എം. എ. റഷീദ് |
| 2. തെക്കേവിള ബി | എൻ. രമേശൻ നായർ |
| 3. തെക്കേവിള സി | പി. മോഹനചന്ദ്രൻ |
| 4. തെക്കേവിള ഡി | കെ. മംഗലഭാനു |
| 5. കയ്യാലയ്ക്കൽ | ഇ.സുലേഖാബീവി |
| 6. പന്ത്രണ്ടുമുറി | കെ.അബ്ദുൽ റഷീദ് |
| 7. വാളത്തുംഗൽ എ. | എം. അഷറഫ് |
| 8. വാളത്തുംഗൽ ബി | വി. സദാനന്ദൻ/ കെ. ഭാസ്കരൻനായർ |
| 9. വാളത്തുംഗൽ സി | വി.പ്രഭാകരൻ |
| 10. ആക്കോലിൽ | ആർ. സുകുമാരൻ (പട്ടികജാതി സംവരണം) |
| 11. വടക്കുംഭാഗം | റ്റി. ആന്റണി |
| 12. തെക്കുഭാഗം എ | ഗ്രിഗറി മരിയാൻ |
| 13. തെക്കുംഭാഗം ബി. | എച്ച്. പ്ലിന്റെൺ സാറോ |



## 1988 ഫെബ്രുവരി 6 മുതലുള്ള പഞ്ചായത്തു ഭരണസമിതി

| | |
|---|---|
| 1. തെക്കേവിള എ | ഇ. യൂസുഫ് കുഞ്ഞ് (ഐയുഎംഎൽ) |
| 2. തെക്കേവിള ബി | ബി. അനൂബ് (കോൺഗ്രസ്-ഐ) |
| 3. തെക്കേവിള സി (വനിതാ) | ജെ.ചിഞ്ചുറാണി (സിപിഐ) |
| 4. തെക്കേവിള ഡി | സരസമ്മ മംഗലഭാനു (ആർഎസ്പി) |
| 5. തെക്കേവിള ഇ. | എ.എൻ.അൻസാരി (കോൺഗ്രസ്-ഐ) |
| 6. കയ്യാലയ്ക്കൽ എ | എ.അബ്ദുൽ റഹ്മാൻ (ഐയുഎംഎൽ) |
| 7. കയ്യാലയ്ക്കൽ ബി. | എ. അബൂബേക്കർ (ഐയുഎംഎൽ) |
| 8. പന്ത്രണ്ടുമുറി | കെ.അബ്ദുൽ റഷീദ് (കോൺഗ്രസ്-എസ്) |
| 9. വാളത്തുംഗൽ എ | എ.അബ്ദുൽ സലാം (കോൺഗ്രസ്-ഐ) |
| 10. വാളത്തുംഗൽ ബി | ആർ.രാധാകൃഷ്ണപിള്ള (സിപിഐ) |
| 11. വാളത്തുംഗൽ സി | സി. വിജയലക്ഷ്മി (സിപിഐ-(എം) |
| 12. ആക്കോലിൽ (പട്ടികജാതി) | കെ. കൃഷ്ണൻകുട്ടി (സിപിഐ-(എം) |
| 13. വടക്കുംഭാഗം | കെ.സുകുമാരൻ (സിപിഐ-(എം) |
| 14. തെക്കുംഭാഗം എ | പി. മത്യാസ് (കോൺഗ്രസ്-ഐ) |
| 15. തെക്കുംഭാഗം ബി | അല്ലെസ് ആന്റണി (കോൺഗ്രസ്-ഐ) |

## 1995 സെപ്തംബർ 30

| | |
|---|---|
| 1. തെക്കേവിള എ | ഇ. യൂസുഫ് കുഞ്ഞ് ജനതാദൾ |
| 2. തെക്കേവിള ബി (വനിത) | പ്രീതാ രാജൂ (കോൺഗ്രസ്-ഐ) |
| 3. തെക്കേവിള സി (പട്ടിക ജാതി) | എ. പുഷ്പരാജൻ (സിപി [illegible] |
| 4. തെക്കേവിള ഡി | സജി.ഡി. ആനന്ദ് (ആർ.എസ്.പി) |
| 5. തെക്കേവിള ഇ | എ.എം.അൻസാരി (കോൺഗ്രസ്-ഐ) |
| 6. കയ്യാലയ്ക്കൽ എ | എ.അബ്ദുൽ റഹ്മാൻ (ഐയുഎംഎൽ) |
| 7. കയ്യാലയ്ക്കൽ ബി | എ. അബൂബേക്കർ (ഐയുഎംഎൽ) |
| 8. പന്ത്രണ്ടുമുറി (വനിത) | പി.ഉഷാകുമാരി (ജനതാദൾ) |
| 9. വാളത്തുംഗൽ എ | സുഹൈബ് സുധീർ (പിഡിപി) |
| 10. വാളത്തുംഗൽ ബി (വനിത) | രമാഗോപിനാഥ് (സിപിഐ) |
| 11. വാളത്തുംഗൽ സി (വനിത) | അജിതാ ബാബു സിപിഐ-(എം) |
| 12. ആക്കോലിൽ | ബി.ലൈലാ കുമാരി സിപിഐ-(എം) |
| 13. വടക്കുംഭാഗം | എസ്. പങ്കജാക്ഷൻ (സ്വത. സിപിഐ-(എം) |
| 14. തെക്കുംഭാഗം | സഖറിയ ക്ലമന്റ (ആർഎസ്പി) |
| 15. തെക്കുംഭാഗം ബി | ആൻഡ്രൂസ് മത്ത്യാസ് (സിപിഐ-(എം) |



ഒന്ന്

# ആമുഖം

കൊളോണിയൽ നുകത്തിൽ നിന്നും മോചിതമായ ഇന്ത്യൻ ജനത 49 ആണ്ടുകൾ പിന്നിടുകയാണ്. ദേശീയ പ്രക്ഷോഭണത്തിന്റെ നാളുകളിൽ തന്നെ അതിന്റെ സാരഥികൾക്ക് സ്വതന്ത്ര ഭാരതത്തിന്റെ ഭരണകാര്യങ്ങളെപ്പറ്റി സ്വപ്നങ്ങളുണ്ടായിരുന്നു. “സ്വയം സമ്പൂർണമായ ഗ്രാമ സ്വരാജ്” എന്ന സങ്കൽപ്പമായിരുന്നു ദേശീയ പ്രസ്ഥാനത്തിന്റെ സർവ്വ സൈന്യാധിപനായിരുന്ന നമ്മുടെ രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിക്ക് ഉണ്ടായിരുന്നത്. ജനകീയ സർക്കാരുകൾ മാറിമാറി അധികാരം കൈയ്യാളിയെങ്കിലും യഥാർത്ഥ ജനാധികാരം പ്രായോഗിക തലത്തിൽ ജനങ്ങൾക്ക് ലഭിച്ചിരുന്നില്ല.

റിപ്പബ്ലിക്കൻ ഭരണഘടന അംഗീകരിച്ചതിനു ശേഷം രാജ്യത്തിന്റെ സമഗ്രമായ വികസനത്തിന് വേണ്ടി പഞ്ചവത്സര പദ്ധതികൾ ആരംഭിച്ചു. ആസൂത്രണ വിദഗ്ദ്ധന്മാരായി വന്നവരെല്ലാം തന്നെ ആ രംഗത്ത് പ്രഗത്ഭമതികൾ തന്നെയായിരുന്നു. എന്നിട്ടും ‘ ആസൂത്രണം’ ആസൂത്രണമായി ജനങ്ങൾക്ക് അനുഭവപ്പെട്ടില്ല. മുകളിൽ നിന്നും താഴോട്ട് മാത്രമായാൽ ആസൂത്രണമാവില്ലെന്നുള്ള തിരിച്ചറിവ് നമുക്ക് കൈവന്നിരിക്കുന്നു. മുകളിൽ നിന്ന് താഴോട്ടെന്ന പോലെ താഴെ നിന്ന് മുകളിലോട്ടും ആകുമ്പോഴേ ആസൂത്രണം പൂർണമാകൂ. ഇക്കാര്യത്തിൽ ഒരു ദിശാമാറ്റം നൽകപ്പെട്ട ആസൂത്രണ തന്ത്രമാണ് കേരളം ഇന്ത്യക്ക് മുമ്പാകെ അവതരിപ്പിക്കുന്നത്. ആസൂത്രണം തൊട്ട് വികസന രംഗത്ത് ഉടനീളം ജനകീയ പങ്കാളിത്തം ഉറപ്പാക്കലാണ് ഇതിന്റെ പ്രത്യേകത. ഒമ്പതാം പദ്ധതി ജനകീയ പദ്ധതിയായി നമ്മുടെ സർക്കാർ പ്രഖ്യാപിച്ചിരിക്കുകയാണ്. ഒപ്പം അധികാരവും സമ്പത്തും (40% പദ്ധതി വിഹിതം) താഴേക്ക് കൊടുക്കാൻ തീരുമാനമായി. സംസ്ഥാന മന്ത്രിമാരുടെ എണ്ണത്തിലും കുറവു വരുത്തി.

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഫണ്ട് ബാഹ്യ ഏജൻസികളിൽ നിന്നും സന്നദ്ധ സംഘടനകൾ വഴി ലഭിക്കുന്ന വികസന ഫണ്ടുകൾ,നികുതി വരുമാനം, ജനങ്ങളിൽ നിന്നും ലഭിക്കുന്ന വിഭവങ്ങൾ എന്നിവ വികസന പ്രക്രിയയെ മുന്നോട്ട് നയിക്കുന്ന സ്രോതസ്സുകളാണ്. എല്ലാം സുതാര്യമാക്കാനുള്ള കാഴ്ച്ചപ്പാടാണ് മറ്റൊരു പ്രത്യേകത. കേന്ദ്ര അധികാരങ്ങൾ പലതും സംസ്ഥാനങ്ങൾക്കും കൈമാറണം എന്ന ആവശ്യവും ശക്തിപ്പെട്ട് വരുന്നു.

ഇരവിപുരം പഞ്ചായത്തിൽ ജനകീയാസൂത്രണത്തിന് തുടക്കമിട്ടത് 1996 സെപ്റ്റംബർ 14ന് ചേർന്ന ഏകദിന ശില്പശാലയോടെയാണ്. അതിന് മുമ്പ് തെരഞ്ഞെടുത്ത സന്നദ്ധ പ്രവർത്തകർക്കും ജനപ്രതിനിധികൾക്കും ജില്ലാതല പരിശീലനം ലഭിച്ചിരുന്നു. ഏകദിന ശില്പശാലയിൽ വച്ച് ഗ്രാമതലത്തിൽ 120 സന്നദ്ധ പ്രവർത്തകർക്കും പഞ്ചായത്ത് തല ജീവനക്കാർക്കും പരിശീലനം നൽകി. സെപ്റ്റം. 15, 21, 22, 29, ഒക്ടോ. 2, 6, എന്നീ തീയതികളിലായി നമ്മുടെ പഞ്ചായത്തിലെ 15 വാർഡുകളിലും ഗ്രാമസഭകൾ ചേർന്നു. സംസ്ഥാന ആസൂത്രണ സമിതിയുടെ കാഴ്ചപ്പാടിനോട് പൂർണമായി യോജിച്ച് നിന്ന്കൊണ്ട് ഒഴിവു ദിവസങ്ങളിലാണ് ഗ്രാമസഭകൾ മുഴുവൻ ചേർന്നത്. ആദ്യ ഗ്രാമസഭ തീരദേശ വാർഡായ 15-ാം വാർഡിൽ സെപ്റ്റം. 15ന് മാതൃകാ ഗ്രാമസഭയായി സംഘടിപ്പിച്ചു. ജനങ്ങളുടെ സജീവ പങ്കാളിത്തത്തിലും ചർച്ചയിലെ സജീവതയിലും ഇത് ഏറെ ശ്രദ്ധിക്കപ്പെട്ടു. പങ്കാളിത്തത്തിൽ പകുതിയിലേറയും വനിതകളായിരുന്നു. ചർച്ചയിലും അവർ തന്നെയായിരുന്നു മുന്നിൽ. തുടർന്ന് നടന്ന മറ്റെല്ലാ ഗ്രാമസഭകളിലും ഏറെക്കുറെ മെച്ചപ്പെട്ട പങ്കാളിത്തം ഉണ്ടാക്കാൻ കഴിഞ്ഞു. ഗ്രാമസഭകളിലെ പങ്കാളിത്തം ഇതോടൊപ്പം ചേർക്കുന്നു.

| വാർഡിന്റെ നമ്പരും പേരും | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|
| 1 തെക്കേവിള എ | 107 | 18 | 125 |
| 2. തെക്കേവിള ബി | 48 | 50 | 98 |
| 3. തെക്കേവിള സി | 177 | 115 | 292 |
| 4. തെക്കേവിള ഡി | 80 | 79 | 159 |
| 5. തെക്കേവിള ഇ | 48 | 25 | 73 |
| 6. കയ്യാലയ്ക്കൽ എ | 56 | 5 | 61 |
| 7. കയ്യാലയ്ക്കൽ ബി | 78 | 23 | 101 |



| | | | |
|---|---|---|---|
| 8. പന്ത്രണ്ടുമുറി | 124 | 47 | 171 |
| 9. വാളത്തുംഗൽ എ | 116 | 93 | 209 |
| 10. വാളത്തുംഗൽ ബി | 142 | 13 | 155 |
| 11. വാളത്തുംഗൽ സി | 174 | 114 | 288 |
| 12. ആക്കോലിൽ | 145 | 50 | 195 |
| 13. വടക്കുംഭാഗം | 153 | 78 | 231 |
| 14. തെക്കുംഭാഗം എ | 64 | 35 | 99 |
| 15. തെക്കുംഭാഗം ബി | 51 | 131 | 182 |
| ആകെ | 1563 | 876 | 2439 |

കേരളപ്പിറവി ദിനമായ നവംബർ 1 ന് പുനരർപ്പണ ദിനമായി ആചരിക്കാനുള്ള സർക്കാർ തീരുമാനം അതിന്റെ എല്ലാ അന്തസത്തയോടുകൂടി നടപ്പിലാക്കുവാൻ കഴിഞ്ഞ പഞ്ചായത്താണിത്. വികസനം ഉത്ലപാദനക്ഷമമായിരിക്കണമെന്ന കാഴ്ചപ്പാടുകൾകൊണ്ട് കാർഷിക രംഗത്ത് അഭിവൃദ്ധിയുണ്ടാക്കുവാൻ അടഞ്ഞു കിടന്ന കരിവയൽ തോട് ജലസേചന യോഗ്യമാക്കാനാണ് നാം ലക്ഷ്യമിട്ടത്. ഇതിനായി യുവജന സാംസ്കാരിക സംഘടനകളുടെ വിപുലമായ യോഗവും, തോട് കടന്നുപോകുന്ന പ്രദേശത്തെ ജനങ്ങളുടെ കുടുംബയോഗങ്ങളും വിളിച്ച് ചേർത്ത് പരിപാടി പ്ലാൻ ചെയ്തു. പഞ്ചായത്തിലെ വിദ്യാലയങ്ങളിലെയും മറ്റ് സർക്കാർ സ്ഥാപനങ്ങളിലെയും സഹായ സഹകരണങ്ങളും ഉറപ്പാക്കാൻ ശ്രമിച്ചു. നവംബർ 1 ന്റെ സന്നദ്ധ പ്രവർത്തനം ഒരു ഉത്സവ പ്രതീതിയോടെയാണ് ജനം എതിരേറ്റത്. നമ്മുടെ കാർഷിക മേഖലയിലൂടെ കടന്ന് പോകുന്ന 2.25 കിലോമീറ്റർ നീളം വരുന്ന കരിവയൽ തോട് ജലസേചന യോഗ്യമാക്കാനുള്ള സംരംഭത്തിൽ 357 പേർ പങ്കെടുത്തു.

നമ്മുടെ മണ്ണും വിഭവങ്ങളും കണ്ടറിയാൻ നവം. 20ന് പഠന പര്യടനം നടത്തി. പര്യടനത്തിൽ 17പേർ പങ്കെടുത്തു. രണ്ടാം ഘട്ട പരിശീലനത്തിന് മുമ്പായി പഞ്ചായത്ത് തല ഉദ്യോഗസ്ഥ യോഗം വിളിച്ച് ചേർത്ത് വികസന റിപ്പോർട്ട് തയ്യാറാക്കാനുള്ള പരിപാടികൾക്ക് രൂപം നൽകി. ദ്വിതീയ സ്ഥിതിവിവരകണക്ക് ശേഖരണം ഫലവത്തായി നട[illegible]ി. ചരിത്രാന്വേഷണവും നാട്ടറിവ് ശേഖരണവും നടന്നു. ജനകീയാസൂത്രണത്തിന്റെ ഓരോ ഘട്ടങ്ങളിലും ജനപങ്കാളിത്തവും വിശ്വസ്തതയും ഏറിവരുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്. മുന്നനുഭവമില്ലാത്ത ലോകത്തെ ആദ്യ സംരംഭമായ ഈ ചരിത്ര നിയോഗത്തിൽ പങ്കാളികളായി ചുവുടകൾ വയ്ക്കാം.



രണ്ട്

# പഞ്ചായത്ത് ഒറ്റനോട്ടത്തിൽ

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | – | ഇരവിപുരം |
| ഉൾപ്പെടുന്ന വില്ലേജുകൾ | – | ഇരവിപുരം, മുണ്ടയ്ക്കൽ |
| ബ്ലോക്ക് പഞ്ചായത്ത് | – | മുഖത്തല |
| താലൂക്ക് | – | കൊല്ലം |
| അസംബ്ലി മണ്ഡലം | – | ഇരവിപുരം |
| ജില്ല | – | കൊല്ലം |
| വിസ്തീർണം | – | 9.90ച. കി.മീ. |
| അതിരുകൾ | – | |
| | വടക്ക്– | വടക്കേവിള പഞ്ചായത്ത് |
| | തെക്ക് – | ലക്ഷദ്വീപ് കടൽ |
| | കിഴക്ക്– | മയ്യനാട് പഞ്ചായത്ത് |
| | പടിഞ്ഞാറ്– | കൊല്ലം മുനിസിപ്പാലിറ്റി |
| ജനസംഖ്യ | – | 54772 (1991കനേഷുമാരി പ്രകാരം) |
| പുരുഷന്മാർ | – | 27213 |
| സ്ത്രീകൾ | – | 27559 |
| വാർഡുകൾ | – | 15 |
| പ്രസിഡന്റ് | – | എ. പുഷ്പരാജൻ |
| സെക്രട്ടറി | – | രാമചന്ദ്രൻ നായർ.ബി |



“ദൂരെ കായലിൽ മുങ്ങിത്തപ്പി
ചേറിൻ പാളികൾ കുത്തിപ്പൊക്കി
വയലിൻ ചുറ്റും കോട്ടവളയ്ക്കും.
കരിമലയന്മാർ പോകുമ്പോൾ
ആകെവിയർത്തു തളർന്നും , പട്ടിണി
പാകി വളർത്താൻ പണിചെയ്യും
തോളത്തോരോ തൂമ്പ:യുമായ്, തൊഴി-
ലാളികളാ വഴി പോകുമ്പോൾ,
പറയാറുണ്ടാ, ത്യാഗത്തിൻ കഥ
പതിവായ് പതിവായ് മുത്തശ്ശി!
തളരാതുള്ളൊരു സംസ്കാരത്തിൻ
തലമുറയാണാ മുത്തശ്ശി! ” — വയലാർ





മൂന്ന്

# സാമൂഹിക-സാംസ്കാരിക ചരിത്രം

അറേബ്യൻ സമുദ്രത്തിന്റെ തീരങ്ങളിലായിരുന്നു തിരുവിതാംകൂറിന്റെ രാജഭരണകേന്ദ്രങ്ങൾ നിലനിന്നിരുന്നത്. കൊട്ടാരങ്ങളുടെ വിശ്രമസങ്കേതങ്ങളിൽ പലതും കായൽ മുഖപ്പുകളിലായിരുന്നു. പത്മനാഭപുരവും ഇരവിപുരവും ശങ്കരമംഗലവും തേവള്ളി കൊട്ടാരവുമെല്ലാം ഇതിന് ഉദാഹരണങ്ങളാണ്. രാജഭരണ സിരാകേന്ദ്രങ്ങളിലൊന്നായിരുന്ന ഇരവിപുരം പണ്ടുപണ്ടു കൊല്ലൂർവിളയായിരുന്നു.

ദേശിംഗനാടിന്റെ കഴുമരം സ്ഥാപിച്ചിരുന്നത് ഈ പ്രദേശത്തായിരുന്നു. തോമസ് സ്റ്റീഫൻ ടൈൽ ഫാക്ടറിയുടെ ആധുനിക ജർമ്മൻ ചൂള സ്ഥിതി ചെയ്യുന്ന സ്ഥലത്താണത്. സമീപമെല്ലാം വിശാലമായ വിള (കൃഷി സ്ഥലം) ഭൂമികളായിരുന്നു. കൊല്ലുന്ന ഊരും വിളപ്രദേശങ്ങളും ചേർന്ന് കൊല്ലൂർവിളയായി മാറി. ഇവിടത്തെ കൃഷിയിടങ്ങളെ ഇപ്പോഴും വിളകളെന്നാണ് വിളിക്കുന്നത്. ഇവിടുന്നു വടക്കുള്ള കൃഷി സ്ഥലങ്ങളെ വടക്കേവിളയെന്നും തെക്കുള്ളവയെ തെക്കേവിളയെന്നുമാണ് അറിയപ്പെട്ടിരുന്നത്. നമ്മുടെ ഗ്രാമത്തിൽ പുത്തൻനടയിൽ സ്ഥിതിചെയ്യുന്ന പ്രൈമറി സ്കൂളിന്റെ ഔദ്യോഗിക നാമം കൊല്ലൂർവിള എൽ.പി. ബി. എസ്. എന്നും ഇരവിപുരം റെയിൽവേ സ്റ്റേഷനു സമീപമുള്ള പ്രൈമറി സ്കൂളിന്റെ പേര് കൊല്ലൂർ വിള എൽപി ജി എസ് എന്നുമാണ്. ഒന്നു പടിഞ്ഞാറ് മറ്റൊന്നു കിഴക്ക്. രണ്ടും കൊല്ലൂർവിള. ഭരണിക്കാവ് ക്ഷേത്രവും പള്ളിമുക്ക് മുസ്ലിം പള്ളിയും നിൽക്കുന്ന പ്രദേശങ്ങളെ ഇപ്പോഴും കൊല്ലൂർവിളയെന്നാണ് വിളിച്ചു വരുന്നത്. ഈ തെളിവുകളിൽ നിന്നും ഈ പ്രദേശം മുഴുവൻ ഒരു കാലത്ത് കൊല്ലൂർ വിളയായിരുന്നുവെന്നു അനുമാനിക്കാം.

രാജഭരണസിരാകേന്ദ്രങ്ങളിലൊന്നായിരുന്ന നമ്മുടെ ഗ്രാമത്തിന് 'രവിപുരം' എന്ന പേര് സിദ്ധിച്ചു. 'രവി' യെന്നത് പഴയ തമിഴ് മലയാളത്തിൽ 'ഇരവി' യെന്നാണ് ഉച്ചരിക്കുന്നത്. ( ഉദാ. ഇരവിക്കുട്ടിപിള്ള, ഇരവിമാർത്താണ്ഡൻ) ദേശിംഗനാടിന്റെ രാജാവായിരുന്ന രവി മാർത്താണ്ഡൻ തന്റെ തലസ്ഥാനം പടിഞ്ഞാറു നിന്നു കിഴക്കോട്ടു മാറ്റിസ്ഥാപിച്ചു. പുതിയ തലസ്ഥാനത്തെ ' ഇരവി'യുടെ ആസ്ഥാനമെന്ന നിലക്ക് ' ഇരവിപുരം' എന്നു വിളിച്ചു.

ഇരവിപുരത്ത് രാജ്യാസ്ഥാനം ഉണ്ടായിരുന്നിതിന് ധാരാളം തെളിവുകൾ ഉള്ളതായി പ്രസിദ്ധ ചരിത്ര പണ്ഡിതനായ ഇളംകുളം കുഞ്ഞൻപിള്ള 'ഉണ്ണുനീലി സന്ദേശം ചരിത്ര ദൃഷ്ടിയിൽ'' എന്നഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇരവിപുരത്തിന്റെ ചുറ്റുവട്ടങ്ങളിൽ കാണുന്ന കോട്ടപ്പുറങ്ങളും കോട്ടയടിക്കാവും മറ്റും ഇതിനു തെളിവുകളാണ്. കോട്ടയെന്ന പദം രാജാവിന്റെ അരമനയുമായി ബന്ധമുള്ളതും കോട്ടപ്പുറം അരമനക്കു പുറത്തുള്ള ഭാഗവുമാണ്. കോട്ടയടിക്കാവും മറ്റും അരമനയുമായി ബന്ധമുള്ള ക്ഷേത്രങ്ങളാണെന്നനുമാനിക്കാം. രാജാവിന്റെ സൈന്യത്തിന് പരിശീലനം നൽകാനുള്ള സ്ഥലമായിരുന്നു മേലാച്ചുവിള. അതിനോടു ചേർന്നു കിടക്കുന്ന കുന്നത്താശാന്മാരുടെ കാവും കളരിയിലും വച്ചാണ് രാജാക്കന്മാർക്ക് ആയുധപരിശീലനം നൽകിയിരുന്നത്.

ചരിത്ര വസ്തുതകളുടെ പിൻബലത്തിൽ ഇവിടെ ഒരു രാജ്യഭരണ ആസ്ഥാനമുണ്ടായിരുന്നതിന് വേറെയും തെളിവുകളുണ്ട്. ആദ്യത്തെ വേണാട് കൊട്ടാരം ഇരവിപുരം കടപ്പുറത്തുള്ള പോർച്ചുഗീസുകാർ സ്ഥാപിച്ച ക്രിസ്ത്യൻ പള്ളിക്ക് സമീപത്താണ്. പളളിക്കു പടിഞ്ഞാറ് കടലോരത്ത് പൊക്കമുള്ള സ്ഥലത്തു കയറി നിന്നുകൊണ്ട് നല്ല വെയിലുള്ളപ്പോൾ കടലിലേക്ക് സൂക്ഷിച്ച് നോക്കിയാൽ വെള്ളത്തിനടിയിൽ കുറെ ദൂരം കൽക്കെട്ടു തകർന്നരീതിയിലുള്ള കല്ലിൻ കൂട്ടങ്ങൾ വരിവരിയായി കിടക്കുന്നതുകാണാം. കോട്ടകൊത്തളങ്ങളുടെ നഷ്ടാവശിഷ്ടങ്ങളാണിവയെന്നു പഴമക്കാർ പറയുന്നു. കപ്പൽക്കാർക്ക് ഈ കൽകൂട്ടങ്ങളുടെ കിടപ്പു മനസ്സിലാക്കാനായി



ബ്രിട്ടീഷ്- ഇന്ത്യൻ നാവിക വകുപ്പുകാർ കടൽക്കരയിൽ കെട്ടിച്ച കൽസ്തൂപങ്ങൾ ഇന്നും നിൽപ്പുണ്ട്. പോർച്ചുഗീസുകാർ വരുന്നതിന് മുമ്പ് ഈജിപ്തുകാരും ബാബിലോണിയക്കാരും, ജൂതൻമാരും വ്യാപാരാവശ്യങ്ങൾക്കായി കൊല്ലത്തിന്റെ തീരങ്ങളിൽ വന്നിരുന്നു. അവരിൽ ചിലർ തീരദേശങ്ങളിൽ തമ്പടിച്ചിരുന്നതായും രേഖകളുണ്ട്. രാജാക്കന്മാരുടെ ആരാധനാലയമായിരുന്നു ഇന്നു കാണുന്ന ചെട്ടിനട (ഭൈരവിക്ഷേത്രം).

പണ്ടുമുതൽ ഇവിടുത്തെ പ്രധാന തൊഴിൽ കൃഷിയും മത്സ്യ ബന്ധനവുമാണ്. വേണാടിന്റെ തെക്കേയറ്റമായ നാഞ്ചിനാട്ടിൽ നിന്നും വെള്ളാളരെ കച്ചവടത്തിനായി കൊണ്ടുവന്ന് ഇവിടെ പാർപ്പിച്ചു. ഇവരുടെ താവളം പനമൂടായിരുന്നു. ഈ സ്ഥലത്തെ ചെട്ടിമഠം എന്നാണറിയപ്പെടുന്നത്. രാജഭരണത്തകർച്ചയോടെ, സമ്പന്നരായിരുന്ന വെള്ളാളരുടെ കൈകളിൽ വന്നു ചേർന്ന ഭൈരവിക്ഷേത്ര മാണിന്നത്തെ ചെട്ടിനട.

ഇരവിപുരം കടൽത്തീരത്ത് പോർച്ചുഗീസുകാർ വന്നതോടെ മിഷനറി പ്രവർത്തനം ശക്തിപ്പെട്ടു. മതപരിവർത്തനത്തെ ചെറുത്തു നിൽക്കാൻ കഴിയാതെ വെള്ളാളർ അയത്തിൽ, പുന്തലത്താഴം, പടനിലം എന്നീ ഭാഗങ്ങളിലേക്ക് ചേക്കേറി.

ഇരവിപുരം, മയ്യനാട്, ഉമയനല്ലൂർ എന്നീ മേഖലകളിലെ നികുതിപിരിവ് ഇരവിപുരം അധികാരിക്കായിരുന്നു. വാളത്തുംഗൽ ചേരൂർ കുടുംബത്തിലെ അംഗമായിരുന്നു അധികാരി. വേലുത്തമ്പി ദളവ കൊല്ലത്തും പരവൂരും കച്ചേരി നടത്താൻ ഈ വഴിയാണ് യാത്രചെയ്തിരുന്നത്. ഇടയ്ക്കുള്ള വിശ്രമ സങ്കേതമായി ഇരവിപുരത്തെ പുരാതനമായ മേലാച്ചുവിളതറവാട് ഉപയോഗിച്ചിരുന്നു.

ഇരവിപുരം ഇക്കാലത്ത് ഭൂമി ശാസ്ത്രപരമായി ഒറ്റ പ്രദേശമായിട്ടാണ് നിലനിന്നിരുന്നത്. ഇന്നു കാണുന്ന കൊല്ലം തോട് അന്നുണ്ടായിരുന്നില്ല. എന്നാൽ കൊല്ലം–തിരുവനന്തപുരം ജലപാതയുണ്ടായിരുന്നു. കിളികൊല്ലൂർ രണ്ടാംകുറ്റിയിൽ കോയിക്കൽ സ്കൂളിനു കിഴക്കുവശത്തു നിന്നും ആരംഭിക്കുന്ന തോട് കൊല്ലം–തിരുവനന്തപുരം തോടിന്റെ മുഖമാണ്. അതു തെക്കോട്ടു വന്ന് അയത്തിൽ വഴി പഴയാറ്റിൻകുഴി ചകിരക്കടക്ക് കിഴക്കുവശത്തുകൂടി വാളത്തുംഗൽ വഴി പരവൂർ കായൽ മുഖത്ത് വന്നു ചേരുന്ന ജലപാതയാണ് അന്നുണ്ടായിരുന്നത്. ഉമയമ്മ റാണിയുടെ കാലത്ത് യാത്രാ സൗകര്യാർത്ഥം പരവൂർ കായൽമുഖത്ത് നിന്ന് ഇരവിപുരം, മുണ്ടയ്ക്കൽ കൊല്ലം വഴി അഷ്ടമുടിക്കായലിൽ ചെന്നു ചേരുന്ന ജലപാത നിർമ്മിച്ചു. കാലക്രമത്തിൽ പഴയ ആറുനികത്തപ്പെട്ടു.

ഇരവിപുരത്തെ പ്രധാന ഭൂവുടമയായിരുന്ന പുത്തൻ വീട്ടിൽ 'സായിപ്പ്' ശ്രീ. ജോസഫ്. ആദ്യകാലത്ത് അദ്ദേഹത്തെ 'പുത്തൻവീടൻ' എന്നാണ് ജനങ്ങൾ വിളിച്ചിരുന്നത്. പോർച്ചുഗീസുകാരുമായുള്ള ചങ്ങാത്തം വഴി അദ്ദേഹം സമ്പന്നനും സായിപ്പുമായി മാറി. അങ്ങനെ അദ്ദേഹത്തിന് അനിയന്ത്രിതമായ അധികാരങ്ങൾ വന്നു ചേർന്നു. ( ഇദ്ദേഹത്തിന്റെ മകനാണ് 1953 ൽ പഞ്ചായത്തിന്റെ പ്രഥമ പ്രസിഡന്റായ മോൺസ്. ഇ. ജോസഫ്) സായിപ്പിന്റെ യാത്രാ സൗകര്യാർത്ഥം അദ്ദേഹം നിർമ്മിച്ച റോഡാണ് ഇന്നു കാണുന്ന ഇരവിപുരം പള്ളിമുക്ക് റോഡും ഇരവിപുരത്തെ പഴയ തടിപ്പാലവും. ഇരവിപുരത്ത് ആദ്യമായി തപാലാപ്പീസ് കൊണ്ടുവന്നതും സായിപ്പായിരുന്നു. അതിന്റെ ആസ്ഥാനം അദ്ദേഹത്തിന്റെ ബംഗ്ലാവിൽ തന്നെയായിരിന്നു. 1943 സെപ്തംബറിൽ പോസ്റ്റാഫീസ് നിലവിൽ വന്നു. സായിപ്പിന്റെ മകൻ ലിയോൺസിന്റെ ഭാര്യ ശ്രീമതി ഹാരിയറ്റ് ജോസഫ് ആയിരുന്നു ആദ്യ പോസ്റ്റ് മിസ്ട്രസ്. പിന്നീട് മേലാച്ചുവിളയിൽ ശ്രീ. ആർ. സദാശിവൻ നായർ പോസ്റ്റ് മാസ്റ്ററായി. അദ്ദേഹമിവിടെ 28 വർഷക്കാലം സേവനം അനുഷ്ഠിച്ചു. ആദ്യശമ്പളം '16 രൂപ' ആയിരുന്നു. ഇവിടുത്തെ ആദ്യ പോസ്റ്റ്മാൻ ശ്രീ. രാമൻപിള്ള ആയിരുന്നു. മയ്യനാട് താമസിച്ചിരുന്ന അദ്ദേഹത്തിന്റെ സ്വദേശം പടിഞ്ഞാറേ കൊല്ലമാണ്.

വിദേശികളുടെ ആഗമനത്തോടെ ഇവിടെ ആരംഭിച്ച കൈത്തൊഴിലാണ് 'റേന്ത' . ക്രിസ്ത്യൻ സമുദായത്തിലെ മേൽത്തട്ട് വിഭാഗക്കാരാണ് ഈ തൊഴിലിൽ ഏർപ്പെട്ടിരുന്നത്. വെള്ളക്കാരുടെ ഇഷ്ടാനുസരണം വിവിധ ഡിസൈനുകളിൽ റേന്ത ഒരുക്കി കൊടുക്കാനുള്ള കൈവിരുത് ഇവിടുത്തെ വനിതകളുടെ പ്രത്യേകതയായിരുന്നു. ഇവരുമായുള്ള ബന്ധം വഴി ഈ കൈത്തൊഴിൽ വാളത്തുംഗൽ നായർ തറവാടുകളിലെ സ്ത്രീകളിലും എത്തി. ഇരവിപുരത്തെ ക്രിസ്ത്യൻ തറവാടുകൾ കേന്ദ്രീകരിച്ച് "റേന്ത പള്ളിക്കൂടങ്ങൾ" രൂപംകൊണ്ടു. പുല്ലിച്ചിറ, കാക്കേട്ടുമൂല എന്നീ സ്ഥലങ്ങളിലെ വനിതകൾ ഈ പള്ളിക്കൂടങ്ങളിൽ താമസിച്ച് റേന്ത നിർമ്മാണത്തിൽ ഏർപ്പെട്ടു. വിദേശികൾ തമ്പടിച്ചിരുന്ന തങ്കശ്ശേരി, കോട്ടയം, എറണാകുളം ഭാഗങ്ങളിൽ പോയി ഇരവിപുരത്തുകാർ റേന്ത വ്യാപാരത്തിൽ ഏർപ്പെട്ടിരുന്നു. ഗതകാല സ്മരണകൾ ഉയർത്തികൊണ്ട് "ഇരവിപുരം വനിതാ കോട്ടേജ് ഇൻഡസ്ട്രീസ്" എന്ന പേരിൽ ഒരു വനിതാ സഹകരണ സംഘം ഈ രംഗത്ത് ഇന്നും പ്രവർത്തിക്കുന്നുണ്ട്.

പുരാതന കാലം മുതൽ നാടിന്റെ ചരിത്രവുമായി ഇഴുകിച്ചേർന്ന് കിടക്കുന്ന ആരാധനാലയങ്ങളാണ് ചെട്ടിനട, ഭരണിക്കാവ് ദേവീക്ഷേത്രം എന്നിവ.



പിന്നീട് ഈ ഗണത്തിലേക്ക് കളരിവാതുക്കൽ ശിവക്ഷേത്രം, വഞ്ചീക്കോവിൽ എന്നിവയും സ്ഥാനം പിടിച്ചു. കളരി വാതുക്കൽ ക്ഷേത്രം നിൽക്കുന്ന സ്ഥലത്ത് പണ്ടൊരു കളരി ഉണ്ടായിരുന്നുവെന്നും അങ്ങനെയാണ് ആ സ്ഥലത്തിന് കളരിവാതുക്കൽ എന്ന പേര് സിദ്ധിച്ചതെന്നും പഴമക്കാർ പറയുന്നു. നമ്മുടെ നാടിന്റെ സാംസ്കാരിക പൈതൃകങ്ങളായി ഇവ നിലകൊള്ളുന്നു. 1684ൽ പോർച്ചുഗീസുകാർ ഇരവിപുരം കടപ്പുറത്ത് സ്ഥാപിച്ച കൊച്ചുപള്ളിയും (ഇതിനു മുമ്പ് അവർ സ്ഥാപിച്ച പള്ളി കടൽ കൊണ്ടുപോയതായി പഴമക്കാർ പറയുന്നു) കാലത്തെ അതിജീവിച്ചു നിൽക്കുന്നു. 200 വർഷങ്ങൾക്ക് മുമ്പ് കൊല്ലൂർവിളയിൽ 16 സെന്റ് സ്ഥലത്ത് ഓലഷെഡിൽ സ്ഥാപിച്ച മുസ്ലിം പള്ളിയാണ് കൊല്ലൂർവിളപ്പള്ളി. കേരളത്തിലെ ഏറ്റവും വലിയ ജുമാ അത്ത് കൊല്ലൂർവിള ജുമാ അത്താണ്. 168 വർഷങ്ങൾക്ക് മുമ്പ് അറേബ്യൻ മണലാരണ്യത്തിൽ നിന്നും മതപ്രചരണാർത്ഥം കൊല്ലൂർവിളയിൽ എത്തിച്ചേർന്ന വന്ദ്യരായ അസയ്യിദ് ബാഫക്കി കൊച്ചുകോയ തങ്ങളെ ഇവിടെയാണ് ഖബറടക്കിയിരിക്കുന്നത്.

അമ്പലങ്ങളിലും പള്ളികളിലും നടക്കുന്ന ആഘോഷങ്ങളെല്ലാം ഇന്നാട്ടുകാരുടെ പൊതു ഉത്സവങ്ങൾ തന്നെയായിരുന്നു. ഇരവിപുരം കമ്പോളത്തിലെ കച്ചവടക്കാരിൽ അധികവും മുസ്ലിങ്ങളായിരുന്നു. കമ്പോളവുമായി ബന്ധപ്പെട്ട് നാനാ ജാതി മതസ്ഥരുടെ കൂടിച്ചേരലും മാനസിക ഐക്യവും രൂപപ്പെട്ടു. പണിതേടി ഇവിടെയെത്തപ്പെട്ട ചങ്കിലി മൂപ്പനും മത്തായിയും പെരുമാളുമെല്ലാം ഇവിടുത്തുകാർക്ക് സ്വന്തമായിരുന്നു. ചുരുക്കത്തിൽ ഇവിടം ഹിന്ദു-മുസ്ലീം-ക്രിസ്ത്യൻ മൈത്രിയുടെ സംഗമ ഭൂമി തന്നെയായിരുന്നു.

ശ്രീനാരായണ ഗുരു, ശ്രീ ചട്ടമ്പി സ്വാമികൾ, ശ്രീ. അയ്യങ്കാളി എന്നിവരുടെ സാമൂഹ്യ പരിവർത്തന പ്രവർത്തനത്തിന്റെ അലകൾ ഈ ഗ്രാമത്തെ ശക്തമായി സ്വാധീനിച്ചിട്ടുണ്ട്. മഹാത്മാ ഗാന്ധിയുടെ ഹരിജനോദ്ധാരണത്തിന്റെ ഭാഗമായി നാട്ടിലുടനീളം ഉണ്ടായ മിശ്രഭോജന പ്രസ്ഥാനത്തിൽ ഇവിടത്തെ പുരോഗമ ചിന്താഗതിക്കാർ പങ്കെടുത്തിരുന്നു. കൊല്ലത്ത് മലയാളരാജ്യം പത്രാധിപർ ശ്രീ. ഉണ്ണിച്ചക്കം വീട്ടിൽ ശ്രീ. കെ.ജി. ശങ്കറായിരുന്നു ഇത് സംഘടിപ്പിച്ചത്. സ്റ്റേറ്റ് കോൺഗ്രസിന്റെ പ്രവർത്തനങ്ങളും പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ കൊല്ലം സന്ദർശനവുമെല്ലാം നമ്മുടെ ഗ്രാമത്തെയും നല്ല അളവിൽ സ്വാധീനിച്ചിട്ടുണ്ട്.

നമ്മുടെ ഗ്രാമത്തിലെ ഭൂമിയുടെ ആദ്യകാല ആധിപത്യം പ്രാമാണിക വർഗത്തിന്റെ കൈകളിലായിരുന്നു. അവർക്ക് താഴെ കുടിയാന്മാരും അദ്ധ്വാനം വിറ്റ് ഉപജീവനം കഴിച്ച കുടികിടപ്പുകാരുമായിരുന്നു ഏറിയ പങ്കും. മേൽജാതി-കീഴ്ജാതി അടിയാൻ-കുടിയാൻ ബന്ധമായിരുന്നു നിലനിന്നത്. കേരളത്തിൽ ശക്തിപ്പെട്ട് വന്ന സാമൂഹ്യപരിഷ്കരണ പ്രസ്ഥാനത്തിന്റെ അലയൊലികൾ ഇവിടേയും മാറ്റത്തിന് തുടക്കം കുറിച്ചു. വിദേശികളുടെ ആഗമനം സൃഷ്ടിച്ച പരിവർത്തന പ്രക്രിയ ഇതിന് ആക്കം കൂട്ടി. നിലനിന്ന ഫ്യൂഡൽ പ്രവണതയ്ക്ക് എതിരായി അങ്ങിങ്ങായി ഒറ്റപ്പെട്ട ചെറുത്ത് നിൽപ്പുകളും വളർന്നു വന്നിരുന്നു. എല്ലാ പുരോഗമന പ്രസ്ഥാനങ്ങളും ഇത്തരം ചെറുത്ത് നിൽപ്പുകളെ പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ് അക്കാലത്ത് എടുത്തിരുന്നത്. ദേശീയ പ്രസ്ഥാനത്തിന്റെ അലയൊലികൾ ഇവിടെയും ചലനങ്ങൾ സൃഷ്ടിച്ചു. ''കൃഷിഭൂമി യഥാർത്ഥ കൃഷിക്കാരന്'' എന്ന ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ കറാച്ചി പ്രമേയത്തിന്റെ ഞാണൊലി നമ്മുടെ ഗ്രാമത്തിലും പ്രതിബിംബിച്ചു. ദേശീയ പ്രസ്ഥാനത്തിന്റെ മുഖ്യധാരയിലേക്ക് നമ്മുടെ നാടിനെ നയിക്കാൻ ഇതു പുരോഗമന പ്രസ്ഥാനങ്ങൾക്ക് കരുത്തേകി.

കേരളത്തിലങ്ങോളമിങ്ങോളം അലയടിച്ചുയർന്ന കർഷക പ്രസ്ഥാനത്തിന്റെ നേതാക്കളെ ഈ ഗ്രാമവും വരവേറ്റിരുന്നു. നിരോധനം നിലനിന്നിരുന്ന അക്കാലത്ത് കർഷക പ്രസ്ഥാനം കെട്ടിപ്പെടുക്കാൻ വേണ്ടി ആർ. സുഗതൻ, എം.എൻ,റോസമ്മാ പുന്നൂസ്, ഇന്ദിരാമ്മ തങ്കച്ചി, രാധാമണി തങ്കച്ചി എന്നിവർ ഇവിടെ ഒളിവ് ജീവിതം നയിച്ചിരുന്നു. ഇരവിപുരം പഞ്ചായത്തിന്റെ പ്രഥമ കമ്മിറ്റി മെമ്പർമാരിലൊരാളായ ഡോ. ടി.കെ. ഗോപാലന്റെ വസതിയിലും എം. എൻ ഒളിവ് കാല ജീവിതം നയിച്ചിരുന്നു. കോട്ടൂർ തെക്കുവശം പരവൂർ കായലിനോട് ചേർന്ന ചക്കമുള്ള് നിറഞ്ഞ കുന്നിലായിരുന്നു രഹസ്യ യോഗങ്ങൾ പലതും. ഇരവിപുരം കടപ്പുറത്ത് ദിശാഗോപുരം സ്ഥിതി ചെയ്യുന്ന സ്ഥലത്തും രഹസ്യ യോഗങ്ങൾ പലതും നടന്നിട്ടുണ്ട്. ഇതിൽ പങ്കെടുക്കാൻ പലരും വന്നത് കൊല്ലം തോട് വഴി വള്ളങ്ങളിലായിരുന്നു. ചെട്ടിനടക്ക് പിൻഭാഗത്ത് ഉണ്ടായിരുന്ന കാടുകളും മേലാച്ചുവിള ഭാഗങ്ങളും കമ്മ്യൂണിസ്റ്റുകാരുടെ ഒളിസങ്കേതങ്ങളായിരുന്നു. പുരോഗമന ചിന്താഗതിക്കാരെ പലരേയും കമ്മ്യൂണിസ്റ്റുകൾ എന്നു വിളിച്ച് ഇരവിപുരത്തും പള്ളിമഹറോൺ ചൊല്ലിയിരുന്നു.

ഇവിടത്തെ തൊഴിലാളിയൂണിയൻ പ്രവർത്തനവും സ്വാതന്ത്ര്യപ്രക്ഷോഭണവും കെട്ടുപിണഞ്ഞ ഒന്നാണ്. ശ്രീ. കണ്ണന്തോടത്ത് ജനാർദ്ദനൻ നായർ പ്രസിഡന്റായും ശ്രീ. ചെല്ലപ്പൻ സെക്രട്ടറിയായും കൊല്ലം ലേബർ യൂണിയൻ എന്ന സംഘടനയുണ്ടായി. ഇതിൽ എല്ലാ വിഭാഗം തൊഴിലാളികളും അംഗങ്ങളായിരുന്നു. ഇതിന്റെ പ്രവർത്തകരായി വന്നവ



രാണ് എൻ. ശ്രീകണ്ഠൻ നായർ, എം. എൻ, ടി.കെ. ദിവാകരൻ, എം.കെ. കുമാരൻ എന്നിവർ. ഈ യൂണിയനിൽ ഇരവിപുരത്തെ തോമസ് സ്റ്റീഫൻ കമ്പനിയിലെ തൊഴിലാളികളും അംഗങ്ങളായി. ട്രേഡ് യൂണിയൻ അവകാശങ്ങളോടൊപ്പം രാഷ്ട്രീയാവശ്യമായ "ഉത്തരവാദിത്വ ഭരണം" വേണമെന്നും ദിവാൻ ഭരണം അവസാനിപ്പിക്കണമെന്നും ട്രേഡ് യൂണിയൻ ആവശ്യപ്പെട്ടിരുന്നു. ഇതു തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ് ഉയർത്തിയ മുദ്രാവാക്യം തന്നെയായിരുന്നു.

ഇരവിപുരം പ്രദേശത്ത് കൊല്ലം തോടിന്റെ (പാർവ്വതീ പുത്തനാർ) ഇരുകരകളിലുമായി നിരവധി ഓട്ട് കമ്പനികളും ഇരവിപുരം പള്ളിമുക്ക് റോഡിൽ ഇരുവശത്തുമായി കശുഅണ്ടി ഫാക്ടറികളും പഞ്ചായത്തിൽ അങ്ങിങ്ങായി നാരു കമ്പനികളും കയർ പ്പിരിപ്പ് കേന്ദ്രങ്ങളും, കൈത്തറി തറികളും ചേർന്നതായിരുന്നു ഇവിടുത്തെ വ്യവസായ ശൃംഖല. ഇവ കേന്ദ്രീകരിച്ച് നമ്മുടെ നാട്ടിൽ ശക്തമായ ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളും നിലനിന്നിരുന്നു.

1957ൽ ഇ എം എസിന്റെ നേതൃത്വത്തിൽ അധികാരത്തിൽ വന്ന കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് കാർഷിക പരിഷ്കരണത്തിന് തുടക്കം കുറിച്ചു. 1967 ൽ ഭൂപരിഷ്കരണ നിയമം പാസ്സാക്കി. തുടർന്ന് കേരളത്തിൽ കുടികിടപ്പു സമരം ശക്തിപ്പെട്ടു. 1970ൽ മിച്ചഭൂമി സമരം വ്യാപകമായി. ഈ സമരങ്ങൾ നമ്മുടെ ഗ്രാമത്തേയും പിടിച്ചുലച്ചു. സംസ്ഥാനത്തെന്ന പോലെ ഈ ഗ്രാമത്തിന്റെയും കാർഷിക ബന്ധങ്ങളെ മാറ്റിമറിച്ചു. നാട്ടിലെ പുരോഗമന ചിന്താഗതിക്കാരുടെ നേതൃത്വവും പിൻബലവും ഈ സമരങ്ങൾക്ക് ഉണ്ടായിരുന്നു. ഇവയെല്ലാം ചേർന്ന് വർഗ ബന്ധങ്ങളിൽ മാറ്റം വരുത്തി.

നമ്മുടെ പഞ്ചായത്തിന്റെ പേരിലാണ് ഇരവിപുരം നിയോജക മണ്ഡലം അറിയപ്പെടുന്നത്. 1948 മുതൽ നാളിതുവരെ ഈ നിയോജക മണ്ഡലത്തിന്റെ പേര് ഇതു തന്നെയാണ്. തിരു-കൊച്ചി സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. സി.കേശവൻ ഈ മണ്ഡലത്തിന്റെ പ്രതിനിധിയായിരുന്നു.

കഴിഞ്ഞ നൂറ്റാണ്ടിന്റെ അന്ത്യത്തിൽ ആരംഭിച്ച പ്രാഥമിക വിദ്യാലയങ്ങളിൽ നിന്ന് ഘട്ടം ഘട്ടമായി ഉയർന്ന് സെക്കന്ററി തലംവരെയുള്ള വിദ്യാഭ്യാസത്തിന് ആവശ്യമായ എല്ലാ വിധ സൗകര്യങ്ങളോടുംകൂടി വിദ്യാഭ്യാസ മേഖല വളർന്നിരിക്കുന്നു. ഇനി തൊഴിലധിഷ്ഠിത മേഖലയിലേക്ക് ശ്രദ്ധ തിരിയേണ്ടതാണ്.

ആരോഗ്യ രംഗത്ത് നമ്മുടെ ഗ്രാമത്തിന്റെ സ്ഥിതി വേണ്ടത്ര തൃപ്തികരമല്ല. തൊഴിലാളികൾക്കായി ഇഎസ്ഐ സൗകര്യമുണ്ട്. ജില്ലാ ആശുപത്രിയുടെ സൗകര്യവും ഉപയോഗിക്കുന്നുണ്ട്. ഗ്രാമത്തിൽ ഒരു സർക്കാർ ആശുപത്രിയുടെ അഭാവം നിലനിൽക്കുന്നു. പാർപ്പിട സൗകര്യം മുമ്പത്തേക്കാൾ മെച്ചമാണ്. എന്നാൽ സമൂഹത്തിൽ 11.6 ശതമാനം പേർക്ക് പാർപ്പിട സൗകര്യം ലഭ്യമാക്കേണ്ടിയിരിക്കുന്നു. കാർഷിക-വ്യാവസായിക മേഖല മുരടിപ്പിലാണ്. പരമ്പരാഗത വ്യവസായങ്ങളായ കയർ, കൈത്തറി, കശുഅണ്ടി, ഓട് എന്നിവ ഇന്ന് പ്രതിസന്ധി നേരിടുകയാണ്. ഇതിന്റെ ഫലമായി ആ രംഗങ്ങളിൽ പണിയെടുക്കുന്നവർ തൊഴിലില്ലായ്മയെ അഭിമുഖീകരിക്കുന്നു. ഇതിലൊക്കെ ഉപരി അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ രൂക്ഷമായികൊണ്ടിരിക്കുന്നു. തൊഴിൽ രംഗത്ത് സ്ത്രീകളുടെ പിന്നോക്കാവസ്ഥ തുടരുകയാണ്. കാർഷിക പരമ്പരാഗത മേഖലകളിലും നിർമ്മാണ തൊഴിലാളി രംഗത്തും പുരുഷന് തുല്യമായ വേതനം സ്ത്രീകൾക്ക് ലഭിക്കുന്നില്ല. ഈ രംഗങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികൾ തൊഴിൽ പരമായി ചുമതലകൾ ഏറ്റെടുക്കുന്നതിനോടൊപ്പം വീടുകളിലെ ജോലിയും ചെയ്യേണ്ടിവരുന്നു. ഇതിനനുസരിച്ചുള്ള സാമൂഹ്യ അംഗീകാരം ഇവർക്ക് ലഭിക്കുന്നതുമില്ല.

നമ്മുടെ ഗ്രാമത്തിന്റെ സാമൂഹ്യ-സാംസ്കാരിക ചരിത്രത്തിന്റെ ഏകദേശ ചിത്രമാണ് മുകളിൽ വരച്ച് കാട്ടിയത്. നല്ലൊരു സാംസ്കാരിക പൈതൃകം നമുക്കുണ്ട്. എന്നാൽ ഇന്ന് വികസന രംഗത്ത് നാം ഏറെ വെല്ലുവിളികൾ നേരിടുകയാണ്. അവയെല്ലാം ഗ്രാമസഭകളിലെ സജീവ പങ്കാളിത്തത്തിലൂടെയും ചർച്ചയിലൂടെയും ഉയർന്നുവന്നിരിക്കുന്നു. പ്രശ്ന പരിഹാരം തേടേണ്ടത് ചരിത്രം സൃഷ്ടിക്കുന്ന ജനത തന്നെയാണ്. അതിനായി ജനകീയാസൂത്രണ പ്രക്രിയയിലൂടെ പരിഹാരം തേടാം. കൂട്ടായ്മയും അർപ്പണമനോഭാവത്തോടെയുള്ള പ്രവർത്തനവും ഇതിനായി വഴികാട്ടട്ടെ!

### ചരിത്രരേഖ

**അവലംബം:** ✍നാട്ടറിവ്, ✍ "ഉണ്ണുനീലി സന്ദേശം ചരിത്ര ദൃഷ്ടിയിൽ" – ഇളംകുളം കുഞ്ഞൻപിള്ള. ✍കൊല്ലത്തിന്റെ ചരിത്രം – പി. ഭാസ്കരനുണ്ണി, ✍ വേണാടിന്റെ ചരിത്രം (സാംസ്കാരിക വകുപ്പ് പ്രസിദ്ധീകരണം) – കെ. ശിവശങ്കരൻ നായർ. ✍ UNIMA -92 Sowenir, ✍ SOUTH INDIAN HISTORY CONGRESS- VIII ANNUAL CONFERENCE QUILON - 1988, ✍ ഗാന്ധി സാഹിത്യ സംഗ്രഹം ഇന്ത്യാ ചരിത്രം – കെ. ദാമോദരൻ, ✍ സ്വാതന്ത്ര്യം അർദ്ധരാത്രിയിൽ– ലാരി കോളിൻസ്, ഡൊമിനിക് ലാപിയർ ✍ ഇന്ത്യൻ തൊഴിലാളിവർഗ ചരിത്രം – സുകോമൾസെൻ ✍ ഭൂതകാലവും മുൻവിധികളും – റൊമിലാഥാപ്പർ, ✍ ഇന്ത്യാ ചരിത്രത്തിലേക്ക് ഒരു എത്തിനോട്ടം – ഇ എം എസ്. ✍INDIAN HISTORY - D.D. KOSAMBI






ഭൂപടം. 1

# നാല്

# ഭൂപ്രകൃതി, ജലപ്രകൃതി ജനപ്രകൃതി

ഭൂമിയും ജലവും അവയുടെ വികസനവുമായി ബന്ധപ്പെട്ട പരിസ്ഥിതി പ്രശ്നങ്ങളും ഏറ്റവും കൂടുതലായി പ്രകടമാകുന്നത് പ്രാദേശിക തലത്തിലാണ്. മണ്ണ്, ജലം എന്നീ അടിസ്ഥാന വിഭവങ്ങളുടെ സ്ഥിതിയും ക്രമീകരണവും എല്ലായ്പ്പോഴും സൂക്ഷ്മ തലത്തിൽ പോലും നിശ്ചിതമായി ക്രമീകരിക്കപ്പെട്ടിട്ടില്ല. ഓരോ പ്രദേശത്തേയും ഭൂപ്രകൃതിയും, ജലലഭ്യതയും ഭൂവിനിയോഗരീതിയും വ്യത്യസ്തമാണ്. പരിസ്ഥിതിയ്ക്കനുയോജ്യമല്ലാത്ത ഭൂവിനിയോഗ രീതികൾ ഭൂജല വിഭവങ്ങളുടെ ഗുരുതരമായ നാശത്തിലേക്ക് വഴിതെളിയ്ക്കുന്നു. തത്ഫലമായി ഭൂമിയുടെ ഉല്പാദനക്ഷമത ഇടിയുകയും കാർഷിക സാമ്പത്തിക മേഖലകളെ അതു ബാധിക്കുകയും ചെയ്യുന്നു. ഇക്കാരണങ്ങളാൽ പ്രകൃതി സംരക്ഷണം ഉറപ്പാക്കികൊണ്ടും ഉത്പാദന ക്ഷമത വർദ്ധിപ്പിച്ചുകൊണ്ടും പ്രകൃതിവിഭവങ്ങളുടെ പരിപാലനം നടപ്പിലാക്കുക എന്നത് അത്യന്താപേക്ഷിതമാണ്. മേൽപ്പറഞ്ഞ കാരണങ്ങളാൾ ഓരോ പഞ്ചായത്തിന്റെയും യുക്തമായ വികസന പദ്ധതികൾക്ക് മുന്നോടിയാണ് ഭൂപ്രകൃതിയെ കുറിച്ചുള്ള സമഗ്രമായ പഠനം.

ഭൂപ്രകൃതിയനുസരിച്ച് കേരളത്തെ പൊതുവായി മൂന്നായി തരംതിരിച്ചിരിക്കുന്നു. മലനാട്, ഇടനാട്, തീരപ്രദേശം. ഇതിൽ മൂന്നാമത്തെ വിഭാഗത്തിൽ പെടുന്നത് ആണ് ഇരവിപുരം പഞ്ചായത്തിന്റെ ഭൂപ്രദേശങ്ങൾ. കൊല്ലം ജില്ലയിലെ മുഖത്തല ബ്ലോക്കിൽ ഉൾപ്പെടുന്ന അഞ്ചു പഞ്ചായത്തുകളിൽ ഒന്നാണ് ഇരവിപുരം പഞ്ചായത്ത്. കൊല്ലം പട്ടണത്തിൽ നിന്നും 6 കിലോമീറ്റർ തെക്കുമാറി ദേശീയ പാതയ്ക്ക് തെക്കുവശമായി സ്ഥിതിചെയ്യുന്ന ഈ പഞ്ചായത്ത് ജനസംഖ്യാനുപാതത്തിൽ മറ്റ് പഞ്ചായത്തുകളേക്കൾ മുന്നിട്ട് നിൽക്കുന്നു.

പഞ്ചായത്തിന്റെ കിഴക്ക് ഭാഗം മയ്യനാട് പഞ്ചായത്തും വടക്ക് വടക്കേവിള പഞ്ചായത്തും പടിഞ്ഞാറ് കൊല്ലം മുനിസിപ്പാലിറ്റിയും തെക്ക് പടിഞ്ഞാറായി ലക്ഷദ്വീപ് കടലും അതിർത്തികളായും അംശാംശം 8°50'24'' N നും 8°52'27''Nം രേഖാംശം 76°36'25'' നും 76°38'26'' E ളും ഇടയിൽ 9.90 ചതുരശ്ര കി.മീറ്ററിലായി ഈ പഞ്ചായത്ത് വ്യാപിച്ച് കിടക്കുന്നു. 15 വാർഡുകളായി തിരിച്ചിരിക്കുന്ന ഈ പഞ്ചായത്തിന്റെ പ്രധാന സ്ഥലങ്ങൾ ഇരവിപുരം, വാളത്തുംഗൽ, കൂട്ടിക്കട, ചകിരിക്കട, പള്ളിമുക്ക്, മാടൻനട, തട്ടാമല തുടങ്ങിയ കവലകളാണ്.

വിവിധ വാർഡുകളുടെ പേരുകൾ പട്ടിക (1) യിൽ കൊടുത്തിരിക്കുന്നു

പട്ടിക (1)

| വാർഡ് നമ്പർ | വാർഡിന്റെ പേര് |
|---|---|
| 1 | തെക്കേവിള എ |
| 2 | തെക്കേവിള ബി |
| 3 | തെക്കേവിള സി |
| 4 | തെക്കേവിള ഡി |
| 5 | തെക്കേവിള ഇ |
| 6 | കയ്യാലയ്ക്കൽ എ |
| 7 | കയ്യാലയ്ക്കൽ ബി |
| 8 | പന്ത്രണ്ടുമുറി |
| 9 | വാളത്തുംഗൽ എ |
| 10 | വാളത്തുംഗൽ ബി |
| 11 | വാളത്തുംഗൽ സി |
| 12 | ആക്കോലിൽ |
| 13 | വടക്കുംഭാഗം |
| 14 | തെക്കുംഭാഗം എ |
| 15 | തെക്കുംഭാഗം ബി |



# ഭൂപ്രകൃതി

കേരളത്തിലെ തീരപ്രദേശ വിഭാഗത്തിൽ പെടുന്ന ഭൂപ്രകൃതിയാണ് ഇരവിപുരം പഞ്ചായത്തിൽ കാണുവാൻ സാധിക്കുന്നത്. പഞ്ചായത്തിൽ ഉൾപ്പെടുന്ന മുഴുവൻ സ്ഥലവും സമുദ്രനിരപ്പിൽ നിന്നും 20 മീറ്ററിൽ താഴെയാണ് സ്ഥിതി ചെയ്യുന്നത്. താരതമ്യേന ഉയർന്ന പ്രദേശങ്ങളാണ് വടക്കൻ ഭാഗങ്ങൾ. ഭൂപ്രകൃതിയെക്കുറിച്ചുള്ള പൊതുവായ അറിവ് ഇപ്രകാരമാണെങ്കിലും പ്രാദേശികാസൂത്രണത്തെ സംബന്ധിച്ചിടത്തോളം ഇത്തരം ഒരു തരം തിരിവ് തികച്ചും അപര്യാപ്തമാണെന്ന് മനസ്സിലാക്കാം. അതുകൊണ്ട് പഠനപര്യടനത്തിന്റെയും വിഭവ ഭൂപടങ്ങളുടെയും അടിസ്ഥാനത്തിൽ ഇരവിപുരം പഞ്ചായത്തിലെ ഭൂഭാഗങ്ങളെ താഴെപ്പറയുന്ന രീതിയിൽ തിരിക്കാം.

(ഭൂപടം 2, പട്ടിക 2) ഇവയിലോരുന്നിന്റെയും വിസ്തൃതിയും ചുവടെ ചേർക്കുന്നു.

**പട്ടിക (2)**

| ഭൂപ്രകൃതി മേഖലകൾ | വിസ്തൃതി ഹെക്ടറിൽ | ശതമാനം |
|---|---|---|
| 1. സമതലപ്രദേശങ്ങൾ | 633.75 | 64.01 |
| 2. താരതമ്യേന താഴ്ന്ന പ്രദേശങ്ങൾ | 237.50 | 23.98 |
| 3. കായൽ പ്രദേശങ്ങൾ | 37.50 | 3.78 |
| 4. തീരസമതലം | 81.25 | 8.20 |
| മൊത്തം | 990 | 100.00 |

അവലംബം വിഭവഭൂപട സെസ്

## ഉപരിതല മണ്ണ്

ഭൂവിഭവത്തിൽ ഏറ്റവും വൈവിധ്യമാർന്ന ഘടകം മണ്ണാണ്. ആഹാരത്തിനും പാർപ്പിടത്തിനും മനുഷ്യന് മണ്ണിനെ ആശ്രയിച്ചേ തീരൂ. അനേകായിരം വർഷത്തെ ജൈവ രാസപരിണാമങ്ങൾക്ക് വിധേയമായുണ്ടാകുന്ന ഏതാനും ഇഞ്ച് മേൽ മണ്ണാണ് ഭൂമിയിൽ ജീവന്റെ ആധാരം. സസ്യജാലങ്ങളെ പരിപോഷിപ്പിക്കുന്ന മേൽ മണ്ണിനെക്കുറിച്ചുള്ള പഠനവും പരിരക്ഷണവും ഇക്കാരണത്താൽ അത്യന്താപേക്ഷിതമാകുന്നു. ജലസംഭരണി എന്ന നിലയിലും ഭൂവിനിയോഗ സംബന്ധമായ കാര്യങ്ങളിലും പ്രധാനപങ്ക് വഹിക്കുന്നു എന്നതിനാൽ മണ്ണിനെ ഒരു പ്രധാന വിഭവമായി കണക്കാക്കപ്പെടുന്നു. മണ്ണിന്റെ ഈ കഴിവ് ചില ഭൗതിക ഗുണങ്ങളേയും മണ്ണിൽ അടങ്ങിയിരിക്കുന്ന ജൈവാംശത്തിന്റെ തോതിനെയും ഭൂമിയുടെ ചരിവിനെയും ആശ്രയിച്ചിരിക്കുന്നു. മണ്ണിന്റെ ഭൗതിക ഗുണങ്ങൾ, ഘടന, രചന, ചരലിന്റെ അളവ്, ജലസംഭരണ ശേഷി, ആന്തസ്രവണ നിരക്ക്, ആഗിരണ ശേഷി, ആഴം, മണ്ണിലെ സുഷിരങ്ങൾ എന്നിവയാണ്.

ഇരവിപുരം പഞ്ചായത്തിലെ ഉപരിതല മണ്ണിന്റെ ഘടനയ്ക്ക് അനുസരിച്ച് ( ആഴം ഒഴികെയുള്ള ഭൗതിക ഗുണങ്ങൾ കണക്കിലെടുത്ത്കൊണ്ട്) അവയെ മണൽ പ്രധാനമായ മണ്ണ്, എക്കൽ മണ്ണ്, കടൽ തീര എക്കൽ മണ്ണ് എന്നിങ്ങനെ മൂന്നായി തരം തിരിക്കാം (.....) സമതല പ്രദേശങ്ങളിൽ മിക്കവാറും മണൽ കലർന്ന മണ്ണാണ് കാണപ്പെടുന്നത്. എക്കൽ മണ്ണ് താഴ്ന്ന പ്രദേശങ്ങളിലും കായലിനോടടുത്ത പ്രദേശങ്ങളിലും പൊതുവേ കാണുന്നു. കായലിനോട് ചേർന്ന തെക്കുംഭാഗം പ്രദേശങ്ങളിൽ പ്രധാനമായും കടൽതീര എക്കൽ മണ്ണാണ്.



# ജലലഭ്യത

## ഉപരിതല ജലസ്രോതസ്സുകൾ (ഭൂഗർഭ ജലസ്രോതസ്സുകൾ)

തെക്കൻ ഇടനാട് കാർഷിക മേഖലയിൽ ഉൾപ്പെട്ടതാണ് ഇരവിപുരം പഞ്ചായത്ത്. ഈ പഞ്ചായത്തിലെ ശരാശരി മാസ വർഷപാതം ഏറ്റവും കുറവ് ജനുവരിയിലും ഏറ്റവും കൂടുതൽ ജൂലൈയിലുമാണ്. വടക്ക് കിഴക്കൻ മൺസൂണിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത് ഈ പഞ്ചായത്ത് കൂടി ഉൾപ്പെടുന്ന കൊല്ലം ജില്ലയിലാണ്. ഏറ്റവും കൂടുതൽ താപനില അനുഭവപ്പെടുന്നത് ഏപ്രിലിലും കുറഞ്ഞ താപനില ജനുവരി മാസത്തിലുമാണ് (പട്ടിക (3), ഗ്രാഫ് 1,2)

**പട്ടിക (3)**

| മാസം | ശരാശരി വർഷാ പാതം മി.മീറ്റർ | ശരാശരി കൂടിയ താപനില | ശരാശരി കുറഞ്ഞ താപനില |
|---|---|---|---|
| ജനുവരി | 0 | 33.9 | 19.6 |
| ഫെബ്രുവരി | 50.3 | 35.8 | 20.4 |
| മാർച്ച് | 49.1 | 36.6 | 22.0 |
| ഏപ്രിൽ | 188.6 | 36.7 | 23.7 |
| മെയ് | 179.8 | 33.9 | 23.7 |
| ജൂൺ | 571.0 | 30.7 | 23.04 |
| ജൂലൈ | 587.03 | 29.4 | 22.03 |
| ആഗസ്റ്റ് | 204.07 | 30.6 | 23.01 |
| സെപ്റ്റംബർ | 162.03 | 32.01 | 29.09 |
| ഒക്ടോബർ | 477.03 | 31.03 | 22.08 |
| നവംബർ | 368.01 | 31.05 | 22.05 |
| ഡിസംബർ | 91.01 | 31.06 | 21.06 |







ഉപരിതല ജലസ്രോതസ്സുകളുടെപ്രാധാന്യം വളരയേറെ ഇല്ലെങ്കിലും ഇരവിപുരം കായലും അതിനോട് ബന്ധപ്പെട്ട പുരാതന ജലഗതാഗത മാർഗമായി ഉപയോഗിച്ചിരുന്ന കൊല്ലം തോടും (പാർവ്വതീ പുത്തനാറും) അതിലേക്ക് വന്നുചേരുന്ന പ്രധാന കൈത്തോടുകളും പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം പ്രാധാന്യമർഹിക്കുന്നു. ഏകദേശം 4.0 കിലേ.മീറ്റർ ദൈർഘ്യത്തിൽ പാർവതീ പുത്തനാറും 7 കി.മീറ്റർ നീളമുള്ള അതിന്റെ കൈത്തോടുകളും ഭൂപടത്തിൽ നിന്ന് മനസ്സിലാക്കാം (ഭൂപടം 3).




ഭൂപടം · 3

# കുളങ്ങൾ

കുളങ്ങളാൽ അനുഗ്രഹീതമാണ് ഇരവിപുരം പഞ്ചായത്ത് എന്ന് തന്നെ പറയാം. പക്ഷേ ഫലത്തിൽ ഒരു കുറഞ്ഞ ശതമാനത്തിനെങ്കിലും അത് പ്രയോജനപ്പെടുന്നുണ്ടോ എന്ന വസ്തുത സംശയാസ്പദമാണ്. പലകുളങ്ങളും കാലക്രമേണ നികത്തിയിരിക്കുന്നതായി ഭൂപടങ്ങളിൽ നിന്നും മനസ്സിലാക്കാവുന്നതാണ്. പ്രധാനപ്പെട്ട ക്ഷേത്രങ്ങളോടനുബന്ധിച്ചിട്ടുള്ള കുളങ്ങളെല്ലാം ഭൂഗർഭ ജലസ്രോതസ്സുകളെ പരിപോക്ഷിപ്പിക്കുന്നതായി മനസ്സിലാക്കാം. (ഭരണിക്കാവ്, ചെട്ടിനാട്, വാളത്തുംഗൽ, കുളങ്ങര തുടങ്ങിയ അമ്പലക്കുളങ്ങൾ) ഉപയോഗ്യശൂന്യമായ കുളങ്ങളും ഭൂപടത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അവ



യിൽ പ്രധാനപ്പെട്ടവ പുത്തൻ നടയ്ക്ക് പടിഞ്ഞാറുള്ള (സർവ്വേ നമ്പർ 1726 ൽ) തും 10–ാം വാർഡിലെ തച്ചൻവീട് കുളവും പുത്തൻവീട് കുളം ആനേത്താഴം കുളവും എന്നിവയാണ്. മേൽപ്പറഞ്ഞ കാര്യങ്ങൾ പട്ടിക (4) ൽ കൊടുത്തിരിക്കുന്നു.

പഞ്ചായത്തിന്റെ പ്രധാന ഭൂഗർഭ ജലസ്രോതസ്സായി വർത്തിക്കുന്നത് കിണറുകളാണ്. കുടിവെള്ളത്തിനാവശ്യമായ ജലം പ്രധാനമായും കിണറുകളെ ആശ്രയിച്ചാണ് നടത്തിപ്പോരുന്നത്. ആസ്തി ഭൂപടത്തിൽ നിന്നും പഠനപര്യടനങ്ങളിൽ നിന്നും വ്യക്തമാകുന്ന ഒരു കാര്യം ഈ പഞ്ചായത്തിലെ 90% കിണറുകളും വർഷത്തിൽ എല്ലാ സമയത്തും ജലം ലഭിക്കുന്നവയും താരതമ്യേന ഗുണനിലവാരം ഉള്ളതുമാണ്. തീരദേശത്തോട് ചേർന്ന് കിടക്കുന്ന തെക്കുഭാഗം എ, ബി വടക്കുംഭാഗം എന്നീ വാർഡുകളിലെ കിണറുകളിൽ ഉപ്പ് വെള്ളം കയറുന്നതിനാൽ കുടിവെള്ളയോഗ്യമല്ലാതായി തീർന്നിരിക്കുകയാണ്. കാരിക്കുഴി ഭാഗത്തെ ചുരുക്കം ചില കിണറുകളിൽ നിന്നും ലഭിക്കുന്ന ജലത്തിന് ഓര് ചുവയുണ്ട്. ഈ പ്രദേശങ്ങളിൽ ജലത്തിന്റെ ഗുണനിലവാരം മോശമായതിനാൽ ശുദ്ധജല ക്ഷാമം അനുഭവപ്പെടുന്നു.

**പട്ടിക (4)**

| പ്രധാന കുളങ്ങൾ | വാർഡ് |
|---|---|
| 1.ഭരണിക്കാവ് അമ്പലക്കുളം | തെക്കേവിള ബി |
| 2.കുളങ്ങര അമ്പലക്കുളം | പന്ത്രണ്ടുമുറി |
| 3.ചെട്ടിനാട് അമ്പലക്കുളം | വടക്കുംഭാഗം |
| 4.വാളത്തുംഗൽ അമ്പലക്കുളം | വാളത്തുംഗൽ ബി |
| 5. പുത്തൻനടയ്ക്ക് പടിഞ്ഞാറ് | തെക്കേവിള സി |
| 6.തച്ചൻവിട് കുളം | വാളത്തുംഗൽ ബി |
| 7. പുത്തൻവീട് കുളം | വാളത്തുംഗൽ ബി |
| 8. ആനേത്താഴംകുളം | ആക്കോലിൽ |

# ഭൂവിനിയോഗം

ഭൂവിനിയോഗ ഭൂപടത്തിൽ നിന്നും ഇരവിപുരം പഞ്ചായത്തിലെ ഓരോ പ്രദേശത്തും നടപ്പാക്കിയിരിക്കുന്ന കൃഷി രീതികളെ കുറിച്ച് മനസ്സിലാക്കാവുന്നതാണ്. കൊല്ലം പട്ടണത്തിനോടടുത്ത് കിടക്കുന്നതിനാലും ജലസാന്ദ്രതയുടെ കാര്യത്തിൽ മറ്റ് പഞ്ചായത്തേക്കാൾ മുന്നിൽ നിൽക്കുന്നിതനേക്കാളും ശരാശരി ആളോഹരികൃഷിഭൂമിയുടെ അളവ് കുറവായതിനാലും ഇരവിപുരം പഞ്ചായത്ത് ഒരു കൃഷിഭാഗം എന്ന് പറയാൻ സാധിക്കുകയില്ല. ആകെ




ഗ്രാഫ് - 3.

വിസ്തീർണം 990 ഹെക്ടറാണ്. നിലവിലുള്ള ആകെ വിസ്തീർണത്തിന്റെ 5 ശതമാനത്തിൽ താഴെ മാത്രമേ കൃഷി നടത്താറുള്ളൂ. ഒരു കാലത്ത് ഇത് ഏകദേശം 18 ശതമാനത്തോളമായിരുന്നു. ഇരുപ്പൂ കൃഷിയാണ് പാടങ്ങളെ നടത്തിപ്പോരുന്നത്. കൂടിയ ജനസാന്ദ്രത നിരക്കും കൊല്ലം പട്ടണത്തിനോടടുത്തുള്ള സാമീപ്യവും എല്ലാം വയലുകളെ മറ്റ് കൃഷികൾക്കും ഗൃഹനിർമ്മാണത്തിനും വേണ്ടി നികത്തുകയെന്ന പ്രക്രിയയുടെ ഗതി വർദ്ധിപ്പിച്ചു. വയൽ നികത്തിയ ഭാഗങ്ങളിൽ 10 ശതമാനത്തോളം തെങ്ങ് കൃഷിയായി രൂപാന്തരപ്പെട്ടിരിക്കുന്നു. ബാക്കിയുള്ളവ ഗൃഹനിർമ്മാണത്തിനും മിശ്രിത കൃഷിക്കുമായി ഉപയോഗിക്കുന്നു. കുന്നത്തുകാവ് കോളനിക്ക് സമീപം ഒരേക്കർ വയൽ നികത്തിയ ഭൂമി തരിശ്ശായി കിടക്കുന്നതായി ഭൂവിനിയോഗ ഭൂപടത്തിൽ നിന്നും മനസ്സിലാക്കാം. മിശ്രിത കൃഷിയാണ് പ്രധാനമായിട്ട് കണ്ട്വരുന്ന ഭൂവിനിയോഗം. 70ശതമാനത്തോളം കൃഷിഭൂമി മിശ്രിത കൃഷികൾക്കായി ഉപയോഗിച്ചിരിക്കുന്നു. തെങ്ങ് കൃഷി പ്രധാനമായും തീരപ്രദേശങ്ങളിലും കായലിന്റെ സമീപ പ്രദേശങ്ങളിലേയും മുഖ്യവിളയെ കാണുന്നു. കുന്നത്താംവെളി എന്ന് പറയപ്പെടുന്ന പ്രദേശത്തെ 1.2 ഹെക്ടർ ഭൂമിയോളം കൃഷിചെയ്യാതെ കാണപ്പെടുന്നു. വയൽനികത്തി കൃഷി ചെയ്തിരിക്കുന്ന തെങ്ങുകളിൽ തക്കതായ ഉൽപ്പാദന ക്ഷമത പലസ്ഥലങ്ങളിലും ലഭിക്കുന്നില്ല. മാത്രമല്ല ഇങ്ങനെയുള്ള പ്രദേശങ്ങളിലെ തെങ്ങുകൾ പൊതുവേ രോഗബാധിതമായും പഠനപര്യടനത്തിലൂടെ മനസ്സിലാക്കപ്പെട്ടു. വളരെ കുറച്ച് സ്ഥലങ്ങളിൽ മാത്രമേ തെങ്ങിന്റെ ഇടവിള കൃഷിയായി പച്ചക്കറികൾ കൃഷിചെയ്ത് വരാറുള്ളൂ.(പഠന പര്യടന ചിത്രം പട്ടിക (5), ഗ്രാഫ് (3)



**പട്ടിക (5)**

| ഭൂവിനിയോഗം | വിസ്തീർണം |
|---|---|
| 1. മിശ്രിത കൃഷി | 693 ഹെക്ടർ |
| 2. ഇരുപ്പൂ കൃഷി ചെയ്ത നിലങ്ങൾ | 50 ഹെക്ടർ |
| 3. തെങ്ങ് കൃഷി | 247 ഹെക്ടർ |

## ഭൂവിനിയോഗ ആസൂത്രണത്തിനുള്ള പരിസ്ഥിതി ബന്ധിത അവലോകനം –പരിസ്ഥിതി മേഖലകൾ (ECOZONES)

ഭൂപ്രകൃതി, മണ്ണിന്റെ തരം, ജല ലഭ്യത, ഭൂവിനിയോഗം എന്നീ അടിസ്ഥാന ഘടകങ്ങളുടെ സമഗ്രമായ അവലോകനത്തിൽ നിന്നും (വിഭവ ഭൂപട സർവ്വേ, പഠന പര്യടനം, ധരാതലീയ ഭൂപട സർവ്വേ) ശാസ്ത്രീയവും യുക്തിപരവുമായ രീതിയിലുള്ള ഭൂവിനിയോഗ ആസൂത്രണം പ്രാദേശികാടിസ്ഥാനത്തിൽ കൈവരിക്കുന്നതിന് ഈ പഞ്ചായത്തിനെ മൂന്ന് പരിസ്ഥിതി മേഖലകളായി തരംതിരിക്കാം.( ഭൂപടം-4) (Land Scape Ecological Approach) ഓരോ പരിസ്ഥിതി മേഖലകളുടേയും വിസ്തീർണവും വിവരണവും പ്രശ്നങ്ങളും നിർദ്ദേശങ്ങളും/പരിഹാര മാർഗങ്ങളും വിശദമായി താഴെ വിവരിച്ചിരിക്കുന്നു.




ഭൂപടം 4

## പരിസ്ഥിതി മേഖല - I ( EZ-I)

പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും ഉൾപ്പെടുന്നതാണ് ഈ മേഖല. സമതലപ്രദേശങ്ങൾ എന്ന് പൊതുവേ വിളിക്കാവുന്ന ഈ മേഖലയിൽ പ്രധാനമായും മണൽ കലർന്ന മണ്ണാണുള്ളത്. ഏകദേശം 60 മുതൽ 80 സെ.മീ. വരെ ആഴത്തിൽ ഈ മണ്ണ് ലഭ്യമാക്കുന്നു. ഈ മണ്ണിൽ ഫലഭൂയിഷ്ഠത പൊതുവേ കുറവായി കാണപ്പെടുന്നു. ജല ലഭ്യതയിൽ പറയത്തക്ക അഭാവം ഇത്തരം മേഖലയിൽ ഒരിടത്തും കാണുന്നില്ലെന്നത് കിണറുകളെ സംബന്ധിച്ച വിവര ശേഖരണ പട്ടികയുടെ അപഗ്രഥനത്തിൽ നിന്നും മനസ്സിലാക്കാം. പൊതുവേ സമ്മിശ്ര കൃഷിരീതിയാണ് ഇത്തരം മേഖലയിൽ നടത്തിപ്പോരുന്നത്.

ഈ മേഖലയിൽ കാണപ്പെടുന്നതായ കുളങ്ങൾ മിക്കതും പാർശ്വഭിത്തികൾ കെട്ടി സംരക്ഷിക്കാത്തതിനാൽ അവസാദങ്ങൾ അടിഞ്ഞ് ഇവ വേണ്ടത്ര രീതിയിൽ കൃഷിക്ക് ഉപയോഗിക്കുവാൻ കഴിയുന്നില്ല. (തച്ചൻവീട് കുളം, പുത്തൻനടക്ക് പടിഞ്ഞാറുള്ള കുളം, പുത്തൻകുളം, ആനേത്താഴം കുളം തുടങ്ങിയവ) തീരപ്രദേശങ്ങളിലെ ഉപ്പ്വെള്ളത്തിന്റെ സാമീപ്യം മൂലം ഉണ്ടാകുന്ന ജലക്ഷാമം ഇത്തരം കുളങ്ങളുടെ അനുയോജ്യമായ സംരക്ഷണം, ശേഖരണം, വിതരണം എന്നിവകൊണ്ട് ഒരു നല്ല ശതമാനത്തോളം പരിഹരിക്കുവാൻ കഴിയും. കൃഷിയുടെ ഉൽപ്പാദന ക്ഷമത പരിശോധിച്ചതിൽ നിന്നും ഈ മേഖലകളിലെ ഓരോ യൂണിറ്റിൽ നിന്നും ലഭിക്കുന്ന വിളവ് താരതമ്യേന കുറവാണെന്ന് കാണുന്നു. ആയതിനാൽ സമ്മിശ്രകൃഷി ഊർജ്ജിതമായി നടത്താനുള്ള സത്വര നടപടികൾ കൈക്കൊള്ളേണ്ടത് പഞ്ചായത്തിന്റെ സാമ്പത്തിക ഭദ്രതക്കും മണ്ണിന്റെ ഭൗതിക ഗുണങ്ങൾ മെച്ചപ്പെടുത്തുന്നതിനും ജലത്തിന്റെ യുക്തഉപയോഗത്തിനും തന്മൂലം ഭൂഗർഭ ജലസ്രോതസ്സുകളുടെ പരിപോഷണത്തിനും ആവശ്യമാണെന്ന് പറയാം. ജൈവ വൈവിധ്യാതിഷ്ഠിത വ്യവസായ സംരഭങ്ങളുടെ സാധ്യതകൾ ബോധ്യപ്പെടുത്തി ഇത്തരം മേഖലകളിൽ, ഔഷധ സസ്യങ്ങൾ, കൂൺകൃഷി, സുഗന്ധ ദ്രവ്യങ്ങൾ പഴവർഗങ്ങൾ എന്നിവയുടെ കൃഷിരീതികളെ പ്രോത്സാഹിപ്പിക്കുന്നതാണ്. പ്രദേശത്ത് കാണപ്പെടുന്ന കാവുകളുടെ സംരക്ഷണം ജൈവവൈവിധ്യസംരക്ഷണ രംഗത്ത് അത്യന്താപേക്ഷിതമാണ്. ഔന്നത്യത പുലർത്തുന്ന പലതരം സസ്യജാലങ്ങൾ (പല ഔഷധ സസ്യങ്ങളും) ഇത്തരം കാവുകളിൽ നമുക്ക് കാണാൻ കഴിയും.

## പരിസ്ഥിതി മേഖല II ( EZ-II)

ഭൂവിനിയോഗം കൊണ്ടും മണ്ണിന്റെ ഭിന്നസ്വഭാവം കൊണ്ടും വ്യത്യസ്തമായിരിക്കുന്ന ഈ മേഖലയെ താരതമ്യേന താഴ്ന്ന പ്രദേശങ്ങൾ (നിലം) എന്ന് വിശേഷിപ്പിക്കാം. വിസ്തീർണത്തിൽ രണ്ടാമതായി രേഖപ്പെടുത്താവുന്ന ഈ മേഖലയിൽ പൊതുവേ നെൽകൃഷിക്കനുയോജ്യമായ എക്കൽമണ്ണ് കാണ



പ്പെടുന്നു. 265 ഹെക്ടർ സ്ഥലത്തോളം പാടശേഖരങ്ങൾ ഉണ്ടായിരുന്ന. ഈ പഞ്ചായത്തിൽ ഇപ്പോൾ 26.66 ഹെക്ടർ സ്ഥലത്തു മാത്രമേ കൃഷി നടത്തുന്നുള്ളു.

ഈ മേഖലയുടെ സൂക്ഷ്മമായ അവലോകനത്തിൽ നിന്നും മനസ്സിലാക്കുന്ന വസ്തുത പാടം നികത്തിയുള്ള കൃഷിരീതികളും ഗൃഹനിർമ്മാണവുമാണ്. വർദ്ധിച്ച ജനസാന്ദ്രതയും കൊല്ലം പട്ടണത്തിന്റെ സാമീപ്യവും ലാഭകരമായി നെൽകൃഷി ചെയ്യുന്നതിനുള്ള സാങ്കേതികമായ പ്രശ്നങ്ങളും കൃഷിക്കാരെ ഇത്തരം ഒരു പ്രവണതയിലേക്ക് നയിക്കുന്നതിൽ തെറ്റുപറയാനാവില്ല. പക്ഷേ ഇനിയുള്ള നിലങ്ങളിലെങ്കിലും നിലനിർത്തണമെങ്കിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടിയിരിക്കുന്നു. അവരെ കൊണ്ടുവരാതിരിക്കുവാൻ വേണ്ട ശദ്ധച്ചെലുത്തണ്. അതിനായി നെൽകൃഷിയും അതിനോടനുബന്ധിച്ചുള്ള ഇടവിളകളും ലാഭകരമാക്കിത്തീർക്കാൻ ജനങ്ങളെ ശാസ്ത്രീയമായും സാങ്കേതികവുമായും അവബോധരാക്കേണ്ടതുണ്ട്. നിലം നികത്തി തെങ്ങ് കൃഷിചെയ്തിരിക്കുന്ന നിലങ്ങളിൽ കാര്യമായ ഉത്പാദനക്ഷമ കിട്ടുന്നില്ല എന്നുതന്നെ പറയാം. മാത്രവുമല്ല ഇത്തരം തെങ്ങുകൾ ഭൂരിഭാഗവും രോഗബാധിതമായി കാണുന്നു. കാരിക്കുഴി വയലിന്റെ വടക്ക് നികത്തിയ ഭാഗം കൃഷിയൊന്നും ചെയ്യാതെ കാണപ്പെടുന്നു. ഇനിയും അവശേഷിക്കുന്ന കാരിക്കുഴി വയലിൽ ഇരിപ്പൂ കൃഷി നടത്തിവരുന്നുണ്ട്. മുൻമേഖലയിൽ സൂചിപ്പിച്ച കുളങ്ങൾ പുനരുദ്ധരിക്കുകയും കാരിക്കുഴി വയലിന്റെ വടക്കേ അതിർത്തിക്കടുത്തായി ഒരു തലക്കുളം നിർമ്മിക്കുകയും ചെയ്താൽ നികത്തിയ പാടങ്ങളിലെ തെങ്ങ് കൃഷിക്ക് ഇടവിളയായി എല്ലാവിധ പച്ചക്കറി കൃഷിയും വാഴക്കൃഷിയും പ്രോത്സാഹിപ്പിക്കുവാൻ കഴിയും. അശാസ്ത്രീയമായ രീതിയിലുള്ള കൃഷിരീതികളും പാടം നികത്തലും പല സ്ഥലങ്ങളിലും മഴസമയത്ത് നീർക്കെട്ട് ഉണ്ടാക്കുകയും തന്മൂലം കൃഷിക്ക് ഹാനിവരുത്തുകയും ചെയ്യുന്നു.

## പരിസ്ഥിതി മേഖല III ( EZ-III)

തീരസമതല പ്രദേങ്ങളും പാർവ്വതി പുത്തനാറിന്റെ (കൊല്ലം തോട്) വടക്കുള്ള കുറച്ച് ഭാഗങ്ങളും ചേർന്നതാണ് പ്രസ്തുത മേഖല. തീരദേശ എക്കൽ മണ്ണാണ് പ്രധാനമായും കാണപ്പെടുന്നത്. തെങ്ങ് കൃഷി പ്രധാനമായി വിശേഷിപ്പിക്കാവുന്ന ഈ മേഖലയിലെ തെക്കും ഭാഗം എ, തെക്കും ഭാഗം ബി എന്നീ പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം രൂക്ഷമാണെന്ന് വിഭവ ഭൂപട സർവ്വേയിൽ രേഖപ്പെടുത്തിയിരിക്കുന്നു. എല്ലാ കിണറുകളിലേയും ജലത്തിന് ഉപ്പ് രസം അനുഭവപ്പെടുന്നതുകൊണ്ടാണിത്.

വേനൽക്കാലത്ത് കടലിനോടടുത്ത് കിടക്കുന്ന പ്രദേശങ്ങളിൽ നിലവിലുള്ള ഭൂഗർഭ ജലവിതാനം താഴ്ന്നതിനാലും ചില പ്രദേശങ്ങളിൽ വ്യാവസായിക ആവശ്യത്തിനായി അമിതമായി ഭൂഗർഭ ജലം പമ്പ്ചെയ്യുന്നതിനാലും ഉപ്പ് വെള്ളത്തിന്റെ അധിനിവേശം രൂക്ഷമായി കാണുന്നു. ഈ മേഖലയിലെ ഭൂഗർഭ ജലനിരക്ക് കടലിലെ ജലവിതാനത്തെക്കാൾ ഉയരത്തിൽ കൊണ്ടുവന്നാൽ മാത്രമേ ഒരിക്കൽ കയറിയ ഉപ്പ്വെള്ളം മാറുകയുള്ളൂ. സ്ഥല ജലപരിപാലന മാർഗങ്ങൾ വഴി ഇത് ഒരു പരിധിവരെ നിയന്ത്രിക്കാൻ കഴിയും. പഞ്ചായത്തിന്റെ അതിരുകൾക്കുള്ളിൽ നിന്നുകൊണ്ടുമാത്രം ഇതിനൊരു പോംവഴി നടപ്പാക്കുക പ്രായോഗിക ബുദ്ധിമുട്ടുള്ള കാര്യമാണ്. മലനാടുകളിലേയും ഇടനാടുകളിലേയും മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾ വഴി ഭൂഗർഭ ജലവിതരണം ഉയർത്തുകയും തദ്വാരാ നദികളുടെയും തോടുകളുടെയും നീരൊരുക്ക് കൂട്ടുകയും ചെയ്താൽ തീരപ്രദേശങ്ങളിലെ ഭൂഗർഭ ജലവിതാനം ഉയർത്താൻ കഴിയും. ഈ മേഖലകളിലുള്ള കിണർ, കുഴൽക്കിണർ നിർമ്മാണം നിയന്ത്രിക്കുകയും അധികമായരീതിയിൽ ശുദ്ധജല വിതാനത്തിൽ വ്യതിയാനം വരുത്താതിരിക്കുകയും ചെയ്യേണ്ടതാണ്.

# ജനപ്രകൃതി

1991 ലെ സെൻസസ് കണക്കുകൾ പ്രകാരം ഇരവിപുരം പഞ്ചായത്തിലെ ജനസംഖ്യ 54772 ആയിരുന്നു. ഇതിൽ 27213 പുരുഷൻമാരും 27559 സ്ത്രീകളുമാണ്. പുരുഷൻമാരേക്കാൾ 346 സ്ത്രീകൾ കൂടുതലാണ്. ആകെ വീടുകൾ 9832 ആയിരുന്നു. അതായത് ശരാശരി വീടൊന്നിന് 5.57 ആളുകൾ വീതമുണ്ട്. ജനസാന്ദ്രത ചതുരശ്ര കി.മീറ്ററിന് 5532.53 ആയിരുന്നു. ആറുവയസിനു താഴെയുള്ള കുട്ടികളുടെ എണ്ണം 3717 ഉം പെൺകുട്ടികൾ 3596 ഉം ആണ്. പട്ടികജാതി ജനസംഖ്യ 4083. അതിൽ 1954 പുരുഷൻമാരും 2129 സ്ത്രീകളും ഉണ്ട്. ആകെ ജനങ്ങളിൽ 43292 പേർ സാക്ഷരരാണ്. ഇതിൽ 22141 പുരുഷൻമാരും 21151 സ്ത്രീകളുമാകുന്നു. 1990 ലെ സാക്ഷരതാ പ്രവർത്തന സർവ്വേപ്രകാരം 5346 പേർ നിരക്ഷരരായിരുന്നു. ഇതിൽ 72 ശതമാനം പേരെ സാക്ഷരരാക്കാൻ കഴിഞ്ഞു.

വിദ്യാഭ്യാസ രംഗത്ത് കൊല്ലം ജില്ലയിൽ മുന്നോക്കം നിൽക്കുന്ന പഞ്ചായത്തുകളിലൊന്നാണ് ഇരവിപുരം. കാലാനുക്രമമായി വിദ്യാഭ്യാസം നേടുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നുണ്ട്.



അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പടിപടിയായി വർദ്ധിച്ചുവരുന്നു. ഇതിനൊരു പരിഹാരത്തിനായി തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനു ഊന്നൽ നൽകണം.

കാർഷിക രംഗം ആദായകരമല്ലാതായതോടെ തൊഴിലാളികൾ മറ്റു തൊഴിൽ മേഖലകളിലേക്ക് തൊഴിൽതേടി പോകുന്ന സ്ഥിതിയാണിന്നുള്ളത്. പരമ്പരാഗത തൊഴിൽമേഖലകളായ കയർ, കശുവണ്ടി, കൈത്തറി എന്നിവയിലും തൊഴിലവസരങ്ങൾ കുറഞ്ഞുവരുന്നു. മത്സ്യമേഖലയിലും പ്രതിസന്ധി നിലനിൽക്കുന്നു. ഇവയൊക്കെയാണ് പ്രശ്നങ്ങളെങ്കിലും മൊത്തത്തിൽ സൗഹാർദ്ദത്തിന്റെയും മതസഹിഷ്ണുതയുടെയും അന്തരീക്ഷമാണ് ഈ ഗ്രാമത്തിൽ നിലനിൽക്കുന്നത്.

## വാർഡ്തല ജനസംഖ്യാ വിവരങ്ങൾ

| വാർഡ് നം | വീടുകൾ | കുടുംബങ്ങൾ | പു. | സ്ത്രീ | ആകെ | പട്ടികജാതി | |
|---|---|---|---|---|---|---|---|
| | | | | | | പു. | സ്ത്രീ |
| 1 | 498 | 503 | 1592 | 1549 | 3141 | 17 | 13 |
| 2 | 464 | 464 | 1229 | 1266 | 2495 | 73 | 75 |
| 3 | 847 | 847 | 2080 | 2217 | 4297 | 269 | 311 |
| 4 | 799 | 813 | 2061 | 2137 | 4198 | 192 | 226 |
| 5 | 474 | 476 | 1425 | 1420 | 2845 | 38 | 48 |
| 6 | 655 | 661 | 2221 | 2132 | 4353 | 29 | 29 |
| 7 | 501 | 503 | 1568 | 1555 | 3163 | 45 | 48 |
| 8 | 778 | 798 | 2256 | 2245 | 4501 | 25 | 39 |
| 9 | 735 | 760 | 2200 | 2268 | 4468 | 88 | 92 |
| 10 | 709 | 709 | 1852 | 1944 | 3796 | 100 | 111 |
| 11 | 737 | 737 | 1802 | 1837 | 3639 | 278 | 291 |
| 12 | 743 | 744 | 1967 | 2031 | 3998 | 477 | 512 |
| 13 | 1211 | 1230 | 3137 | 3199 | 6336 | 263 | 279 |
| 14 | 531 | 531 | 1427 | 1377 | 2804 | 16 | 17 |
| 15 | 150 | 154 | 396 | 382 | 778 | 44 | 38 |




| സ്ഥലം → | A & C | B & D | E | F |
|---|---|---|---|---|
| ഭൂപ്രകൃതി | സമതലം | താരതമ്യേന താഴ്ന്ന പ്രദേശം | കായൽ പ്രദേശം | കടൽപ്പുറം |
| മണ്ണ് | മണൽമണ്ണ് | എക്കൽമണ്ണ് | — | കടൽമണ്ണ് |
| ജലലഭ്യത | നല്ലത് | നല്ലത് | — | നല്ലത്/ഉപ്പുവ |
| ഭൂവിനിയോഗം | മിശ്രിതകൃഷി | നിലം/തെങ്ങ് | — | — |

പഠനപര്യടന ചിത്രം.



## അഞ്ച്

# സാമൂഹിക-
# സാമ്പത്തിക
# മേഖലകൾ





## അഞ്ച് - ഒന്ന്

# കൃഷിയും ജലസേചനവും

കൊല്ലം ജില്ലയുടെ തലസ്ഥാനമായ കൊല്ലം പട്ടണത്തോട് ചേർന്നു കിടക്കുന്ന ഗ്രാമപഞ്ചായത്താണ് ഇരവിപുരം. പടിഞ്ഞാറ് കൊല്ലം മുനിസിപ്പാലിറ്റി, അതിർത്തിയായും കിഴക്ക് മയ്യനാട് പഞ്ചായത്തും വടക്ക് നാഷണൽ ഹൈവേ 47നാലും തെക്ക് പടിഞ്ഞാറ് അറബിക്കടലും അതിരിടുന്ന കാർഷിക ഗ്രാമമാണ് ഇരവിപുരം. പ്രകൃതി രമണീയമായ ഈ ഗ്രാമത്തിലൂടെ അഷ്ടമുടിക്കായലിനേയും, പരവൂർ കായലിനേയും ബന്ധിക്കുന്ന കൊല്ലം തോട് ഒരു വെള്ളിയരഞ്ഞാൺ പോലെ കടന്നു പോകുന്നു.

ഈ ഗ്രാമത്തെ ഹരിതാഭമാക്കുന്നത് ഗ്രാമത്തിന്റെ ഹൃദയഭൂമിയിലൂടെ ഒഴുകുന്ന കരിവയൽ തോടാണ്. ഇത് ചിറവയലിൽ നിന്നാരംഭിച്ച് കാരിക്കുഴി ഏലായുടെ മദ്ധ്യത്തിലൂടെ വിളക്കുമരം ജംഗ്ഷനെ സ്പർശിച്ചുകൊണ്ട് പരവൂർ കായലിൽ ലയിക്കുന്നു. ഉമയനല്ലൂർ ഏലായിൽ നിന്നും ഒഴുകി വരുന്ന വലിയതോട് കാരിക്കുഴിയിൽ വച്ച് നമ്മുടെ അതിർത്തി കടക്കുന്നു. വലിയതോട് കരിവയലിൽ തോടുമായി ചേർന്ന് വിളക്കുമരം വഴി പരവൂർ കായലിൽ ലയിക്കുന്നു.

ഗ്രാമത്തിന്റെ നാനാ ഭാഗങ്ങളിൽ നിന്നും ഒഴുകിയെത്തുന്ന കൈത്തോടുകൾ നാടിന്റെ നാഡീഞരമ്പുകളായി ഗ്രാമത്തെ പുളകച്ചാർത്തണിയിക്കുന്നു. അറേബ്യൻ കടലും അതിനെ തൊട്ടുരുമി സമാന്തരമായി ആരംഭിക്കുന്ന കൊല്ലം തോടും അതിന്റെ സമതലം എന്ന പോലെ പച്ച പട്ടുവിരിച്ചു കിടക്കുന്ന വയലേലകളും ചേർന്ന ഈ ഗ്രാമം ഹരിത സമൃദ്ധിയുടെ വിളഭൂമിതന്നെ ആയിരുന്നു.

240.4 ഹെക്ടർ പ്രദേശത്ത് വിശാലമായി കിടക്കുന്ന കാരിക്കുഴി ഏലായും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 24.64 ഹെക്ടർ പ്രദേശത്ത് ചിതറിക്കിടക്കുന്ന ചെറുതും വലുതുമായ 18 വയലേലകളും ചേർന്നതായിരുന്നു ഈ പഞ്ചായത്തിലെ നെൽകൃഷി മേഖല. ഇവയുടെ പേരു വിവരങ്ങൾ പട്ടിക (1) ൽ കൊടുത്തിരിക്കുന്നു. എന്നാൽ ഇന്ന് പല കാരണങ്ങൾ കൊണ്ട് ഇത് 26.66 ഹെക്ടറായി ചുരുങ്ങി. ഇതിൽ ഏറിയ പങ്കും കാരിക്കുഴി ഏലായിലാണ് (22.66 ഹെക്ടർ).

265.0 ഹെക്ടറിൽ നിന്ന് 26.66 ഹെക്ടറിലേക്ക് നെൽകൃഷി ചുരുങ്ങാൻ നിരവധി കാരണങ്ങളുണ്ട്. പഞ്ചായത്തിൽ ചിതറിക്കിടക്കുന്ന പാടശേഖരങ്ങൾ ഇല്ലാതാവുകയോ, ചുരുങ്ങുകയോ ചെയ്യത് എന്തുകൊണ്ടാണെന്ന് പരിശോധിക്കാം. നെൽകൃഷി നഷ്ടമായതു കൊണ്ടും തൊഴിലാളികളുടെ അഭാവവും മെച്ചപ്പെട്ട വേതനത്തിനായി ഇതര തൊഴിൽ മേഖലയിലേക്കു ആകർഷിക്കപ്പെട്ടതും; കർഷകരുടേയും കർഷകതൊഴിലാളികളുടേയും പിൻമുറക്കാർ പരമ്പരാഗത തൊഴിലിൽ നിന്ന് ഇതരതൊഴിലിലേക്ക് ആകൃഷ്ടരായതും, ആധുനിക വിദ്യാഭ്യാസത്തിന്റെ അശാസ്ത്രീയതയും, സാമൂഹ്യ അന്തസ്സിൽ വന്ന മാറ്റവും ഇതിന് കാരണങ്ങളാണ്. ജനസാന്ദ്രതയിലുണ്ടായ വർദ്ധനവിന്റേയും, മറ്റുപല വസ്തുനിഷ്ഠകാരണങ്ങളുടേയും അടിസ്ഥാനത്തിൽ വയൽ നികത്തി ഭവന നിർമ്മാണം സാർവത്രികമാക്കിയതും ഇതിന് മറ്റൊരു കാരണമാണ്. ഗ്രാമത്തിലെ കൈത്തോടുകളും കുളങ്ങളും വയലുകളും ഏറെക്കുറെ നികന്നുകൊണ്ടിരിക്കുന്നു. ഇത് പരിസ്ഥിതിയുടെ സന്തുലിതാവസ്ഥയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. തന്മൂലം വെള്ളപ്പൊക്കവും വരൾച്ചയും സാർവ്വത്രികമായി. കൂടാതെ ജലസേചനം, ജലനിർഗമന ശേഷി, ഉത്പ്പാതന ക്ഷമത എന്നിവ കുറഞ്ഞു വരുന്നു. പരവൂർ കായലിൽ നിന്നും കാരിക്കുഴി ഏലയിലേക്കു ഓരു വെള്ളം കയറുന്നതും മറ്റൊരു പ്രധാന കാരണങ്ങളാണ്. നെൽകൃഷിയേക്കാൾ ലാഭകരമാണ് തെങ്ങുകൃഷി എന്നതുകൊണ്ട് നിലം നികത്തി തെങ്ങുകൃഷി വ്യാപിപ്പിച്ചതും കൃഷി ചുരുങ്ങാൻ കാരണമായി.



## പട്ടിക 1
### വയലുകളുടെ സ്ഥിതിവിവരക്കണക്കുകൾ

| നം. ഏലായുടെ പേര് | ഉണ്ടായിരുന്ന വിസ്തീർണം (ഹെക്ടർ) | നിലവിലുള്ള വിസ്തീർണം (ഹെക്ടർ) |
|---|---|---|
| 1. കാരിക്കുഴി ഏല | 240.4 | 22.66 |
| 2. ചിറവയൽ | 2.4 | ഇല്ല |
| 3. കാഞ്ഞിരക്കാട് വയൽ | 1.00 | – |
| 4. താന്നോലിൽ ഏല | 1.0 | – |
| 5. അടീക്കലത്തു വയൽ | 0.5 | – |
| 6. കുന്നത്തു വയൽ | 3.5 | 3 |
| 7. പന്ത്രണ്ടു മുറി വയൽ | 1.5 | ഇല്ല |
| 8. മണക്കാട് വയൽ | 1.0 | – |
| 9. ഈഴാംപാതുക്കൽ വയൽ | 3.0 | – |
| 10 കട്ടിപ്പണവയൽ | 2.0 | 0.8 |
| 11. മലയാറ്റു കിഴക്കേ വയൽ | 0.5 | ഇല്ല |
| 12. കരിവയൽ | 2.4 | 0.2 |
| 13. പുറത്തേ വയൽ | 0.5 | ഇല്ല |
| 14. പോളേ വയൽ | 0.2 | – |
| 15. ഏണേപ്പള്ളി വയൽ | 1.9 | – |
| 16. കാടൻ വയൽ | 0.4 | – |
| 17. പെരുമന വയൽ | 2.5 | – |
| 18. പുത്തൻവയൽ | 0.3 | – |
| ആകെ. | 265 | 26.66 |

അവലംബം: പ്രാഥമിക, ദ്വിതീയ സ്ഥിതിവിവരക്കണക്ക്

# ഭൂവിനിയോഗം

പഞ്ചായത്തിന്റെ ആകെ വിസ്തീർണം 933.96 ഹെക്ടറാണ് (9.90 $km^2$). ഇതിൽ 26. 66 ഹെക്ടർ നിലവും 907.3 ഹെക്ടർ കരയുമാണുള്ളത്. ഈ ഗ്രാമത്തിൽ പൊതുവേ കാണുന്നത് മണൽ മണ്ണാണ്. എന്നാൽ പഞ്ചായത്തിന്റെ തെക്ക് പടിഞ്ഞാറ് കൊല്ലം തോടിന്റെ ഇരുകരയിലുള്ള കുറേ ഭാഗത്ത് അലുവിൽ (എക്കൽ മണ്ണ്) മണ്ണും കാണപ്പെടുന്നു. ജലസംഭരണ ശേഷി ഈ മണ്ണിൽ വളരെ കുറവാണ്. നൈട്രജൻ (പാക്യജനകം), പൊട്ടാഷ് (ക്ഷാരം) ഇവ നമ്മുടെ മണ്ണിൽ പൊതുവെ കുറവായും ഫോസ്ഫറസ് (ഭാവകം) ഇവ മദ്ധ്യമമായും കാണുന്നു. ജൈവപദാർത്ഥങ്ങളുടെ അഭാവം പൂർണമായും ഈ മണ്ണിൽ കാണപ്പെടുന്നു. രാസപ്രതികരണത്തെ സംബന്ധിച്ചിടത്തോളം ഈ മണ്ണ് നല്ല അമ്ലത്വം ഉള്ളതാണ്. പട്ടിക രണ്ടിൽ വിശദാംശം കൊടുത്തിട്ടുണ്ട്.

## പട്ടിക 2
### മണ്ണിനെ സംബന്ധിച്ച സ്ഥിതിവിവര പട്ടിക

| മൺതരം | % | ജൈവാംശം (%) | ഭാവകം kg/Hr | ക്ഷാരം, kg/Hr | P.H. അമ്ലത്വം |
|---|---|---|---|---|---|
| 1. മണൽ മണ്ണ് | 96 | 0.15 മുതൽ 0.60 | 31.1 | 154 മുതൽ 198 | 5 മുതൽ 5.6 |
| 2. എക്കൽ മണ്ണ് | 4 | 1.20 മുതൽ 1.5 | 40 | 220 മുതൽ 330 | 5.3 മുതൽ 5.5 |

**അവലംബം:** പ്രാഥമിക, ദ്വിതീയ സ്ഥിതിവിവരക്കണക്ക് (കൃഷിഭവൻ രേഖകൾ)

മണ്ണിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് ജലസംഭരണ ശേഷിയും ജനനിർഗമനശേഷിയും മാത്രമല്ല വായു സഞ്ചാര യോഗ്യമാക്കുകയും ജൈവാംശത്തിന്റെ ലഭ്യത ഉറപ്പുവരുത്തേണ്ടതുമാണ്. ഇതോടൊപ്പം പുളിരസം (അമ്ലത്വം) മാറ്റേണ്ടതാണ്. അതുപോലെ തന്നെ സൂക്ഷ്മ ജീവികളുടെ പ്രവർത്തനം ഉറപ്പുവരുത്തുകയും സസ്യപോഷക മൂലകങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

കരഭൂമിയിൽ 690 ഹെക്ടറോളം തെങ്ങുകൃഷിയും അതിനോടനുബന്ധിച്ചുള്ള ഇടവിള കൃഷികളുമാണുള്ളത്. മുൻകാലങ്ങളെ അപേക്ഷിച്ച് നാളീകേരത്തിന്റെ ഉത്പാദന ക്ഷമത ഗണ്യമായി കുറയുകയും ഇടവിള കൃഷിയിലുള്ള താല്പര്യം വളരെയേറെ കുറയുകയും ചെയ്തിട്ടുണ്ട്. ഇടവിള കൃഷിയിൽ നിന്ന് കർഷകർ അകന്നു പോകുവാൻ നിരവധി കാരണങ്ങൾ ഉണ്ടെന്ന് ബോധ്യമാകുന്നു. തെങ്ങിനെ ബാധിക്കുന്ന രോഗങ്ങളായ കാറ്റ് വീഴ്ച, ഓലചീയൽ, നാമ്പുചീയൽ, ജൈവവളത്തിന്റെ അപര്യാപ്തത, ജലസേചന സൗകര്യം ഇല്ലായ്മ, പോഷക മൂലകങ്ങളുടെ അഭാവം, പൊതുവേയുള്ള പരിചരണ കുറവും എടുത്തു പറയേണ്ടവയാണ്.

ഈ ഗ്രാമത്തിൽ കാർഷികോത്പാദന ചരിത്രത്തിലൂടെ കണ്ണോടിക്കുമ്പോൾ വാഴ, ഢേചന, ചേമ്പ്, കാച്ചിൽ, നനകിഴങ്ങ് ചെറുകിഴങ്ങ്, കൂവകിഴങ്ങ്, കൂര



വ്, മരച്ചീനി, മധുരക്കിഴങ്ങ് തുടങ്ങിയ കിഴങ്ങുവർഗ വിളകളും സമൃദ്ധമായതോതിൽ കൃഷിചെയ്തു വരുന്നുവെന്ന് കാണാൻ കഴിയും. ഇന്ന് നാം നോക്കി കാണുമ്പോൾ പൂർണമായി തന്നെയോ ഭാഗികമായോ ഈ ഇടവിള കൃഷികളെല്ലാം ഇല്ലാതായിരിക്കുന്നു. ഇതിന്റെ തെളിവായുള്ള സ്ഥിതിവിവരക്കണക്ക് പട്ടിക(3) ആയി ചേർത്തിരിക്കുന്നു.

### പട്ടിക –3

| വിള | മുൻകാല കൃഷി | | നിലവിലുള്ള കൃഷി | |
|---|---|---|---|---|
| | വി.ഹെ. | ശരാശരി | വി.ഹെ. | ശരാശരി |
| 1. നെല്ല് | 265 | 2100 കി.ഹെ | 26.66 | 2350 കി.ഹെ |
| 2. എള്ള് | 132 | 265 കി.ഹെ | 0.25 | 250 കി.ഹെ |
| 3. തെങ്ങ് | 451.26 | 5560 നട്ട്സ് | 690 | 4580 നട്ട്സ് |
| 4. വാഴ | 15 | 8 ടൺ/ഹെ | 8.7 | 6.5 ടൺ |
| 5.കിഴങ്ങു വർഗങ്ങൾ | 9 | 15.8 ടൺ | 4 | 12.5 – |
| 6. കുരുമുളക് | 5 | 250 കി.ഹെ | 2.5 | 122 കി.ഹെ |
| 7. മരച്ചീനി | 125 | 18 ടൺ | 2 | 14 ടൺ |
| 8. പയറു വർഗങ്ങൾ | 140 | 350 കി.ഹെ | 25 | 250 കി.ഹെ |
| 9. പച്ചക്കറി | 5 | 5 ടൺ/ഹെ. | 0.5 | 1.25 ടൺ/ഹെ. |
| 10. ഇഞ്ചി | 6 | 2650 കി.ഹെ. | 0.5 | 1750 കി.ഹെ. |

### പട്ടിക (4)
### കാർഷിക വിളകളുടെ വിവരങ്ങൾ

| വിള | വിസ്തീർണം ഹെക്ടർ | തരിശു ഹെക്ടർ |
|---|---|---|
| 1. നെല്ല് (ഒന്നാംവിള) | 15.02 | 7.64 |
| 2. നെല്ല് (രണ്ടാംവിള) | 20.02 | 2.00 |
| 3. പയർ | 2.00 | 20.66 |

### പട്ടിക (5)
### കാരിക്കുഴി ഏലായിൽ ചെയ്യാവുന്ന കാർഷിക വിളകൾ

| വിളയുടെ പേര് | സീസൺ മാസം ആന്റ് വിസ്തീ.ഹെ. | | |
|---|---|---|---|
| | ഒന്നാംവിള മേയ് – ആഗസ്റ്റ് | രണ്ടാം വിള ആഗസ്റ്റ് – നവംബർ | മൂന്നാം വിള നവംബർ– ഏപ്രിൽ |
| 1. നെല്ല് | 22.66 | 22.66 | ഇല്ല |
| 2. പയർ | ഇല്ല | ഇല്ല | 10.660 |
| 3. എള്ള് | ഇല്ല | ഇല്ല | 10.000 |
| 4. മധുരക്കിഴങ്ങ്/ ചീവ കിഴങ്ങ് | ഇല്ല | ഇല്ല | 2.000 |

നെൽകൃഷി ഉത്പ്പാദനം നാടൻവിത്തിനങ്ങൾക്ക്. ഹെക്ടറിന് 1600 മുതൽ 1850 കിലോഗ്രാമും അത്യുൽപ്പാദന ശേഷിയുള്ളവയ്ക്ക് ഹെക്ടറിന് 2000 മുതൽ 3500 കിലോ ഗ്രാം വരെയും ആയിരുന്നു. നാടൻ ഇനങ്ങളായ ഇരുപത്. പത്തൊൻപത്, പൊന്നി, തവളകണ്ണൻ എന്നിവയാണ് കൃഷിചെയ്തു വന്നിരുന്നത്. കൃഷി ഭവനിലൂടെ വിതരണം ചെയ്യുന്ന അത്യുൽപ്പാദന ശേഷിയുള്ള ജ്യോതി, കാഞ്ചന, പവിഴം, ജയ, ചുവന്ന ത്രിവേണി എന്നിവയാണ് പ്രധാനമായും ഉപയോഗിക്കുന്നത്. കാരിക്കുഴി ഏലായിലെ ഇപ്പോഴത്തെ നെൽകൃഷിയെ സംബന്ധിച്ച വിവരങ്ങൾ പട്ടിക– 4ൽ കാണാം. വിള പരിവർത്തന രീതികൾ മുൻകാലങ്ങളിൽ നടപ്പിലാക്കിയിരുന്നതുപോലെ ഇപ്പോൾ ഇല്ല. രണ്ടാം വിള നെൽകൃഷിക്കു ശേഷം മിക്കവയലുകളും പലപ്പോഴും തരിശിടുകയാണ് പതിവ്. ഇത് മണ്ണിന്റെ ഗുണമേന്മ നഷ്ടപ്പെടുത്തുന്നതിനും, ഉത്പാദനം കുറയുന്നതിനും ഇടവരുത്തുന്നു. മൂന്നാംവിള സമയത്ത് ഈർപ്പത്തിന്റെ ലഭ്യത കണക്കിലെടുത്ത് പയർ, എള്ള്, മധുരക്കിഴങ്ങ്, ചീവകിഴങ്ങ് എന്നിവ ഇവിടെ കൃഷി ചെയ്യാവുന്നതാണ്. വിശദാംശം പട്ടിക –5ൽ കാണാം.

## കരകൃഷി

പഞ്ചായത്തിൽ 690 ഹെക്ടർ തെങ്ങുകൃഷിയുണ്ട് കേന്ദ്ര നാളീകേര ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ അടുത്ത കാലത്തു നടത്തിയ പഠനത്തിൽ ഇവയിൽ 55% രോഗബാധിതമാണെന്ന് തെളിഞ്ഞിട്ടുണ്ട്. പ്രധാനമായും ഓല ചീയൽ, മണ്ടചീയൽ, കാറ്റുവീഴ്ച, ചെന്നീരൊലിപ്പ്, ഓല മഞ്ഞളിപ്പ് എന്നിവയാണ്. ചെമ്പൻചെല്ലി, കൊമ്പൻ ചെല്ലി, ഓലപ്പുഴു എന്നിവയാണ് പ്രധാനകീടാക്രമണങ്ങൾ. തെങ്ങിന്റെ വാർഷിക ഉത്പാദന ക്ഷമത ആണ്ടിൽ തെങ്ങൊന്നിന് 24 തേങ്ങയാണ്. ഇതു സംസ്ഥാന ശരാ



ശരിയായ 31–ൽ നിന്ന് കുറവാണ്. തീരപ്രദേശങ്ങളിലും പുഴയോര പ്രദേശങ്ങളിലും താരതമ്യേന ലഭിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ കിഴക്ക്, വടക്ക്, പടിഞ്ഞാറ് മേഖലകളിൽ വിളവ് വളരെ കുറവും മദ്ധ്യഭാഗത്ത് ശരാശരി വിളവുമാണ് ലഭിക്കുന്നത്. രോഗ, കീടബാധ, ജലസേചന ജലനിർഗ്ഗമനം എന്നിവയുടെ അപര്യാപ്തത, പരിചരണ മുറകളിലെ കൃത്യനിഷ്ഠ ഇല്ലായ്മ, വിത്ത് തെരഞ്ഞെടുക്കുന്നതിലെ സൂക്ഷ്മത കുറവ്, വളപ്രയോഗത്തിലെ അശാസ്ത്രീയത (ജൈവവളത്തേക്കാൾ കൂടുതൽ പ്രാമുഖ്യം രാസവളത്തിന് നൽകുന്ന പ്രവണത) എന്നിവയാണ്. ഇവയുടെ ഉത്പാദനകുറവിലെ പ്രധാന കാരണങ്ങൾ.

## ഇടവിള

നമ്മുടെ ഗ്രാമത്തിൽ മുൻകാലങ്ങളിൽ കൃഷിചെയ്തതും ഇപ്പോൾ ഭാഗികമായോ, പൂർണമായോ നിന്നുപോയതുമായ വാഴ, ചേന, ചേമ്പ്, കാച്ചിൽ, നനകിഴങ്ങ്, ചീവ കിഴങ്ങ്, കൂവ കിഴങ്ങ്, കൂരവ്, മരച്ചീനി, മധുരക്കിഴങ്ങ്, പയർ, മുതിര, ഉഴുന്ന് മുതലായ ഇടവിള കൃഷികൾ പുനരുജ്ജീവിപ്പിക്കുകയും അതിനാവശ്യമായ പദ്ധതികൾക്കു രൂപം കൊടുക്കേണ്ടതുമാണ്. ഇതിന് അനുയോജ്യമായ ഭൂപ്രകൃതിയും കാലാവസ്ഥയും ഇവിടെ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. വിശദാംശം പട്ടിക –6 കാണുക.

## കാർഷിക രംഗത്തെ സഹായിക്കുന്ന ഘടകങ്ങൾ

### 1. പ്രാഥമിക സഹകരണ സംഘങ്ങൾ

നമ്മുടെ ഗ്രാമത്തിൽ സർവ്വീസ് സഹകരണ സംഘം വാളത്തുംഗൽ, പള്ളിമുക്ക്, മയ്യനാട്, കൂട്ടിക്കട, റീജണൽ സഹകരണ ബാങ്ക് മയ്യനാട് എന്നീ

**പട്ടിക 6**

**ഗ്രാമത്തിൽ ചെയ്യാവുന്ന ഇടവിളകൃഷികൾ**

| വിളകളുടെ പേര് | സീസൺ മാസം | യൂണിറ്റ് | വിസ്തീർണം (ഹെക്ടർ) |
|---|---|---|---|
| 1. വാഴ | ഡിസം.–ജനു. | 10 കന്നു വീതം12500 യൂണിറ്റ് | 125 |
| 2. മരച്ചീനി | സെപ്റ്റം.– മാർച്ച് | 2500 യൂണിറ്റ് | 120 |
| 3. ചേന | ഏപ്രിൽ–മേയ് | 1 സെന്റ് വീതമുള്ള 1500 യൂണിറ്റ് | |
| 4. ചേമ്പ് | എപ്രിൽ– മേയ് | 2 സെന്റ് വീതമുള്ള 700 യൂണിറ്റ് | 27 |
| 5. കാച്ചിൽ | ഏപ്രിൽ–മേയ് | 5 സെന്റ് വീതമുള്ള 750 | |
| 6. നനകിഴങ്ങ് | | ” | |
| 7. കൂവകിഴങ്ങ് | മേയ് | 1 സെന്റ് X 500 യൂണിറ്റ് | 2 |
| 8. കൂരവ് | ജൂൺ–ജൂലൈ | 1 സെൻറ് X 1000 യൂണിറ്റ് | 4 |
| 9. പയർ | ജൂൺ–ജൂലൈ | 2 സെന്റ് X 3000 ” | 48 |
| 10 മുതിര | നവം. ഡിസം. | 2 സെന്റ് X 3000 യൂണിറ്റ് | 24 |
| 11. പച്ചക്കറി | | 1 സെന്റ് X 4500 ” | |
| 12. ഇഞ്ചി | ഫെബ്രു.– മാർച്ച് | 0.25 X 750 യൂണിറ്റ് | 5 |
| 13. മഞ്ഞൾ | നവം–ഡിസം. | – | |
| 14. കുരുമുളക് | ജൂൺ–ജൂലൈ | 5 വള്ളിവീതം 3000 വീടുകൾ | 15 |
| 15. കപ്പയ്ക്ക | ജൂൺ–ജൂലൈ | 6000 തൈകൾ | 6000 എണ്ണം |
| 16. പഴവർഗ വിളകൾ (സപ്പോട്ട ഒട്ടുമാവ്) | | 15000 എണ്ണം | 15000 എണ്ണം |
| 17. തേൻവരിക്ക,നെല്ലി ഇലിമ്പി തുടങ്ങിയവ | ” | ” | ” |
| 18. കൈതച്ചക്ക, കശുമാവ് ലയേർസ് | ” | 10 സെന്റിൽ 1500 എണ്ണം | 6 ഹെക്ടർ |
| 19 വെറ്റില | മേയ് –ജൂൺ | 10 സെന്റിൽ 10 യൂണിറ്റ് | 0.04 |
| 20 മുരിങ്ങ | ” | 7500 എണ്ണം | |



സഹകരണ സംഘങ്ങളാണ് പ്രവർത്തിച്ചു വരുന്നത്. അടിസ്ഥാനപരമായി കാർഷിക മേഖലയെ പ്രോത്സാഹിപ്പിച്ച് അഭിവൃദ്ധിപ്പെടുത്തുകയാണ് ലക്ഷ്യം. ആദ്യകാലങ്ങളിൽ ഈ ലക്ഷ്യം ഏറെകുറെ നടപ്പിലാക്കി എങ്കിലും നിർഭാഗ്യവശാൽ ഇന്നീലക്ഷ്യം മറന്നുള്ള ഒരു പ്രവർത്തനമാണ് നടത്തുന്നത്. കാർഷിക ആവശ്യങ്ങൾക്കു ബാങ്കിൽ നിന്നും വായ്പ അനുവദിക്കുന്നുവെങ്കിലും കർഷകർ കാർഷിക അഭിവൃദ്ധിക്കുവേണ്ടി മേൽതുക ഉപയോഗിക്കുന്നില്ല. ഈ കാര്യങ്ങൾ ബോർഡു മെമ്പറന്മാരും ബാങ്കും വേണ്ടത്ര ജാഗ്രത പുലർത്തികാണുന്നില്ല.

കാർഷിക വികസന രംഗത്തെ ഓരോ വിളകളുടേയും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനു ലക്ഷ്യമാക്കിയുള്ള പദ്ധതികൾക്ക് രൂപം കൊടുക്കുവാനോ, നടപ്പിലാക്കുവാനോ മേൽ പറഞ്ഞ സ്ഥാപനങ്ങൾ മുൻകൈ എടുത്തുകാണുന്നില്ല. ഇത് കാർഷിക മേഖലയിലുള്ള മുരടിപ്പിന്റെ കാരണങ്ങളിൽ ഒന്നാണ്. കാർഷിക വികസന രംഗത്ത് വായ്പ്പകൾ അനുവദിക്കുമ്പോൾ ഉത്പാദനോപാധികളായ വിത്ത്, നടീൽ വസ്തുക്കൾ വളം, കീടനാശിനി, കാർഷികോപകരണങ്ങൾ എന്നിവ സാധനങ്ങളായി വിതരണം ചെയ്യുകയും കൂലിയിനത്തിലുള്ള തുക മാത്രം പണമായി നൽകുകയും ചെയ്താൽ കാർഷിക ഉത്പാദനത്തിൽ ബാങ്കിന് ഫലപ്രദമായി ഇടപെടാൻ കഴിയും. ഇതിനനുസരണമായി സഹകാരികളുടെ ബോധന നിലവാരം മാറ്റേണ്ടതുണ്ട്.

നമ്മുടെ ഗ്രാമത്തിൽ കൂടി പ്രവർത്തനമേഖലയുള്ള മറ്റു സ്ഥാപനങ്ങളാണ് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ. മയ്യനാട്, ഇന്ത്യൻ ബാങ്ക് മയ്യനാട്, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ പള്ളിമുക്ക് (ഇരവിപുരം), ഡിസ്ട്രിക്ട് കോപ്പറേറ്റീവ് ബാങ്ക് പള്ളിമുക്ക്, അഗ്രിക്കൾച്ചറൽ ഡവലപ്മെന്റ് ബാങ്ക് കൊല്ലം. കൃഷിക്കാർക്ക് ജലസേചനാവശ്യമായി പമ്പുസെറ്റ് ഉൾപ്പെടെയുള്ള കാർഷിക വായ്പകൾ നൽകുന്നതിന് പൊതുവേ ഇവ വിമുഖത കാട്ടുന്നുവെങ്കിലും ഇന്ത്യൻ ബാങ്ക് മയ്യനാടിന്റെ സേവനം നാമമാത്രമായെങ്കിലും ലഭിക്കുന്നുണ്ട്.

താഴെ പറയുന്ന പട്ടിക (7) ൽ ബാങ്കുകളുടെ പ്രവർത്തനങ്ങൾ നോക്കി കാണാം.

ടി ബാങ്കുകൾ കാർഷികാവശ്യങ്ങൾക്കു ചെലവാക്കിയതായി കാണുന്നുണ്ടെങ്കിലും കാർഷിക മേഖലയിൽ അവകാര്യ പ്രസക്തമായ പ്രതിഫലനം ഉളവാക്കിയിട്ടില്ല.

## കൃഷിഭവൻ

നമ്മുടെ ഗ്രാമത്തിൽ കാർഷികഭിവൃത്തിക്കുവേണ്ടി സർക്കാർ തലത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനമാണ് കൃഷി ഭവൻ. കഴിഞ്ഞ 9 വർഷങ്ങളായി കാർഷിക മേഖലയിൽ പല വികസന പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ഉത്പാദന രംഗത്ത് ആനുപാതികമായ വർദ്ധനവ് ഉണ്ടാക്കുവാൻ ഈ സ്ഥാപനത്തിന് കഴിഞ്ഞിട്ടില്ല എന്നാണ് മനസിലാക്കുന്നത്. കാർഷികോത്പാദന ഉപാധികളായ വിത്തു

### പട്ടിക (7)
### ബാങ്കുകളെ സംബന്ധിച്ച വിവരങ്ങൾ

| ബാങ്കിന്റെ പേര് | 1995– 1996 | |
|---|---|---|
| | പമ്പ്സെറ്റ്/കിണർ (തുക) | മറ്റ് കാർഷിക വിളകൾക്ക് (തുക) |
| 1. സർവ്വീസ് സഹകരണ ബാങ്ക് വാളത്തുംഗൽ | 5,000 | 26,00,000 |
| 2. സർവ്വീസ് സഹകരണ ബാങ്ക് മയ്യനാട് (കൂട്ടിക്കട) | 15,500 | 25,00,000 |
| 3. റീജിയണൽ സഹകരണ ബാങ്ക് മയ്യനാട് | ഇല്ല | 80,00,000 |
| 4. സർവ്വീസ് സഹകരണ ബാങ്ക് പള്ളിമുക്ക് | 52,000 | 26,26,000 |
| 5. ജില്ലാ സഹകരണ ബാങ്ക് പള്ളിമുക്ക് | 2,47,880 | 2,57,145 |
| 6. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ പള്ളിമുക്ക് (ഇരവിപുരം) | 38, 500 | ഇല്ല |
| 7. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, മയ്യനാട് | 28,500 | 17,00,000 |
| 8. ഇന്ത്യൻ ബാങ്ക് മയ്യനാട് | 75,000 | 12,50,000 |



കൾ, നടീൽ വസ്തുക്കൾ കീട–കുമിൾനാശിനികൾ, വളങ്ങൾ, കാർഷികോപകരണങ്ങൾ മുതലായവ യഥാസമയം ആവശ്യാനുസരണം നൽകുവാൻ കഴിയുന്നില്ല. കൂടാതെ സസ്യസംരക്ഷണ ഉപാധികൾ കർഷകന് ഉപയോഗ്യമല്ല എന്നുള്ളതാണ് മനസിലാക്കുവാൻ കഴിയുന്നത്. കഴിഞ്ഞ 2 വർഷം ഈ സ്ഥാപനത്തിലൂടെ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ പട്ടിക(8)യിൽ കൊടുത്തിരിക്കുന്നു.

ഗ്രാമങ്ങളിലേക്ക് കൃഷിഭവനുകൾ കടന്നു വന്നത് കാർഷിക അഭിവൃദ്ധിക്ക് സഹായകമാണ്. എങ്കിലും പ്രായോഗിക തലത്തിൽ പ്രതീക്ഷയ്ക്കൊത്തുയരുവാൻ ഇന്നും കഴിഞ്ഞിട്ടില്ല. ഓരോ പ്രദേശത്തുമുള്ള കർഷക ജനതയുടെ താൽപ്പര്യവും ഭാതിക സാഹചര്യവും മനസിലാക്കാതെ മുകൾതലത്തിൽ നിന്ന് യാന്ത്രികമായി പദ്ധതികളും പരിപാടികളും ആവിഷ്കരിക്കുന്ന സ്ഥിതി ഇന്നും തുടരുന്നു. സമീപകാ

## പട്ടിക (8)
## പദ്ധതികളുടെ വിശദാംശങ്ങൾ

| പദ്ധതിയുടെ പേര് | നടപ്പിലാക്കിയ | എണ്ണം – വിസ്തീർണം– തുക– അളവ് |
|---|---|---|
| 1. സമഗ്രനാളീകേര വികസനം | 1994–95 | 1995–96 |
| പമ്പ്സെറ്റ് | 49 എണ്ണം | 11 |
| കിണർ | 33 | 11 |
| സ്പ്രേയർ | ഇല്ല | 3 |
| കാറ്റുവീഴ്ച രോഗം വന്ന തെങ്ങുകൾ വെട്ടിമാറ്റൽ | 600 | ഇല്ല |
| തെങ്ങിൻവള വിതരണം | ഇല്ല | 33,375 കി.ഗ്രാം |
| 2. നെൽകൃഷി ഉൽപാദക ബോണസ് | ” | 5000 രൂപ |
| 3. കുരുമുളക് കൃഷി വികസന പദ്ധതി (സബ്സിഡി വിതരണം) | ” | 10,000 ” |
| 4. കിഴങ്ങ് വർഗ വികസനം | 10 കിറ്റ് – 750 രൂപ | ഇല്ല |
| 5. പ്ര \ക ഘടക പദ്ധതി | | |
| കിണർ (ആക്കോലിൽ കോളനി) | 6000 രൂപ | ഇല്ല |
| വളം വിതരണം | 204കി.ഗ്രാം | 204 കി.ഗ്രാം |
| നടീൽ വസ്തുക്കൾ (വേരുപിടിപ്പിച്ച കുരുമുളക് വള്ളി) | ഇല്ല | 1350 എണ്ണം |
| 6. നടീൽ വസ്തുക്കൾ വിതരണം | | |
| തെങ്ങിൻ തൈ വിതരണം | 1090 എണ്ണം | 835 എണ്ണം |
| കുരുമുളക് തൈ വിതരണം | ഇല്ല | 3000 ” |
| ഗ്രാമ്പൂ ജാതി തൈ വിതരണം | ” | 580 ” |
| കമുകിൻ തൈ വിതരണം | ” | 180 ” |
| സർവ്വ സുഗന്ധി തൈ വിതരണം | ” | 200 ” |
| ഏത്തവാഴ വിത്ത് വിതരണം | ” | 410 ” |
| ഒട്ടുമാവ് തൈ വിതരണം | 120 | ഇല്ല |
| ഒട്ടു പ്ലാവ് തൈ വിതരണം | 105 | ” |
| നെൽവിത്ത് വിതരണം | 810 കി. ഗ്രാം | 100 കി.ഗ്രാം |
| 7. പച്ചക്കറി വിത്ത് വിതരണം | 700 കിറ്റ് | 505 കിറ്റ് |
| 8. പയർ വിത്ത് വിതരണം | 144 കി.ഗ്രാം. | 44 കി.ഗ്രാം |



ലത്ത് ചിങ്ങം ഒന്നിന് കേരളം കർഷകദിനമായി ആച രിച്ചു. എന്നാൽ നവംബർ ഒന്നിന് കൃഷിവകുപ്പ് വീണ്ടും കർഷകദിനം ആചരിച്ചുകൊണ്ട് പരിപാടികൾ ആവിഷ്കരിച്ചു. ജനകീയ ആസൂത്രണസമിതി സംസ്ഥാന തലത്തിൽ എല്ലാ വകുപ്പുകളേയും ജനങ്ങളേയും ഏകോപിച്ചുകൊണ്ട് പുനരർപ്പണ ദിനമായി ആചരിച്ച ദിവസം തന്നെയാണ് കൃഷിവകുപ്പ് ഈ ആവർത്തന പ്രഹസന പരിപാടി നടത്തിയത്. ഇതിന്റെ ഫലമായി നമ്മുടെ ഗ്രാമത്തിൽ കാർഷികാഭിവൃദ്ധിക്ക് സഹായകമാകുന്നതും 2.25 കിലോമീറ്റർ വരുന്നതുമായ കരിവയലിൽ തോട് പുനഃരുദ്ധാരണ യജ്ഞത്തിൽ കൃഷി വകുപ്പിന് സഹകരിക്കാൻ കഴിഞ്ഞില്ല. വമ്പിച്ച ജനപങ്കാളിത്തത്തോടെ പുനരർപ്പണ ദിനത്തിൽ തോടുവൃത്തിയാക്കൽ വിജയകരമായി പര്യവസാനിച്ചപ്പോൾ, കൃഷിഭവനിൽ നടന്ന പരിപാടി കേവലം ഔപചാരിക ചടങ്ങായി അധഃപതിച്ചു. സംസ്ഥാനത്തുടനീളം ഇത്തരം പ്രതിബന്ധങ്ങൾ ഉണ്ടായതായാണ് മനസിലാകുന്നത്. ഇത് ആരോഗ്യകരമല്ല.

## നിർദ്ദേശങ്ങളും പരിഹാരങ്ങളും

### 1. നെല്ല്

ഇരവിപുരം ഗ്രാമത്തിൽ 265 ഹെക്ടർ നെൽപ്പാടം ഉണ്ടായിരുന്നത് ഇന്ന് 26.66 ഹെക്ടറായി ചുരുങ്ങിയിരിക്കുന്നു. ഈ അവശേഷിക്കുന്ന പാടമെങ്കിലും സംരക്ഷിക്കപ്പെടേണ്ടതാണ്. എന്നാൽ അവശേഷിക്കുന്ന നിലം, നികത്തൽ പ്രക്രിയക്കു വിധേയമായി കൊണ്ടിരിക്കുകയാണ്. നിലം നികത്തൽ നിരോധന നിയമം ഫലപ്രദമായി ഏറ്റെടുത്തു നടത്തേണ്ടതാവശ്യമാണ്. ഇതിനാവശ്യമായ നിരോധനപ്രഖ്യാപനം പ്രസിദ്ധീകരിച്ചും നോട്ടീസ് നടത്തിയുമുള്ള നിയമ നടപടികൾ സ്വീകരിച്ച് അവശേഷിക്കുന്ന പാടം പഞ്ചായത്തിനാൽ സംരക്ഷിക്കപ്പെടേണ്ടതാണ്.

ഗ്രാമത്തിലെ ഏറ്റവും വലിയ പാടശേഖരമായി അവശേഷിക്കുന്ന കാരിക്കുഴി ഏലായിൽ ജലസേചനവ വകുപ്പ് നിർമ്മിച്ച ചപ്പാത്തും, ചീർപ്പും, ജല നിർഗമനത്തിനും ഓരു വെള്ളം തടയുന്നതിനും പര്യാപ്തമല്ല. ഇതിന്റെ നിർമ്മാണം തികച്ചും അശാസ്ത്രീയമായതാണ്. ഇതിന് കാരണം ഇതു ഉപയോഗപ്രദമാക്കുന്നതിന് ചീർപ്പുകൾ പുനഃരുദ്ധരിക്കുകയും ചപ്പാത്ത് പൊളിച്ച് ജലനിർഗമന വ്യാപ്തികൂട്ടി പുതുക്കി പണിയണം.

നെൽകൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിന് കൂട്ടായ്മ ആവശ്യമാണ്. ഇതിന് കൂട്ടുകൃഷി സമ്പ്രദായം അവലംബിക്കാം. ഇപ്പോൾ ഈ സമ്പ്രദായം പാടശേഖര അടിസ്ഥാനത്തിൽ ഉണ്ടെങ്കിൽ തന്നെയും, അതിൽ നിന്നും വ്യത്യസ്തമായി കർഷകരോടൊപ്പം കർഷക തൊഴിലാളികളെകൂടി ഉൾപ്പെടുത്തി പാടശേഖര കമ്മിറ്റി തന്നെ പുനഃസംഘടിപ്പിക്കേണ്ടതാണ്. വിളവിറക്കി കൊയ്ത്തു വരെയുള്ള ചിലവിന്റെ ഒരു പങ്ക് തൊഴിലാളികൂടി വഹിക്കണം. തൊഴിൽ വേതനത്തോടൊപ്പം അധികം ഉത്പാദനത്തിന്റെയും മുടക്കു മുതലിന്റേയും ആനുപാതികമായിട്ടുള്ള വിഹിതം കൂടി തൊഴിലാളിക്കു ലഭ്യമാക്കണം. അതോടൊപ്പം ഭൂ ഉടമകളുടെ ഉടമസ്ഥാവകാശത്തിനോ, അതിർവരമ്പുകൾക്കോ ലംഘനം ഉണ്ടാകാനും പാടില്ല. കർഷകനും കർഷകതൊഴിലാളിയും തമ്മിലുള്ള വൈകാരിക ബന്ധം ശക്തിപ്പെടുകയും തദ്വാരാ ഉത്പാദനത്തെ വർദ്ധിപ്പിക്കുകയും ചെയ്യുക എന്നതാണ് ഈ പുതിയ സംവിധാനത്തിന്റെ മേന്മ. ഈ പാടശേഖരത്തിൽ രണ്ടു വിള നെൽകൃഷിയും മൂന്നാം വിളയായി ഈർപ്പം കൂടിയ സ്ഥലങ്ങളിൽ പട്ടിക 5 ൽ പറഞ്ഞിട്ടുള്ളതു പോലെ പയറും ഈർപ്പം കുറഞ്ഞ സ്ഥലങ്ങളിൽ എള്ള്, മധുരക്കിഴങ്ങ്, ചീവ കിഴങ്ങ് തുടങ്ങിയവ കൃഷിചെയ്യുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകണം. ഈ വിധത്തിൽ പഞ്ചായത്തിൽ ചിതറിക്കിടക്കുന്ന മറ്റു ഏലാകളായ കുന്നത്തുവയൽ അടീക്കലത്തു വയൽ തുടങ്ങിയവയിലും ഇത്തരം പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.

### 2. തെങ്ങ്

തെങ്ങ് കൃഷിയിലെ സങ്കീർണമായ പ്രശ്നം രോഗ കീടബാധയാൽ നശിച്ചുകൊണ്ടിരിക്കുന്ന തെങ്ങുകളെ പുനരുജ്ജീവിപ്പിക്കുക എന്നതാണ്. വള പ്രയോഗം (പ്രത്യേകിച്ച് ജൈവവളം) കാര്യക്ഷമമാക്കുക, ജലസേചന സൗകര്യം വർദ്ധിപ്പിക്കുക എന്നീ നടപടികളും ആവശ്യമാണ്. ചതുപ്പ് സ്ഥലങ്ങളിൽ ഉത്പാദന ക്ഷമത ഇല്ലാതെ നിൽക്കുന്ന തെങ്ങിൻ തോട്ടങ്ങൾ മണ്ണിട്ടു നികത്തി, വെള്ളം വാർന്നു പോകാൻ സംവിധാനം ഉണ്ടാക്കണം. അത്യുൽപ്പാദന ശേഷിയും നിലനിൽപ്പുള്ളതുമായ നടീൽ വസ്തുക്കൾ ലഭ്യമാക്കുകയും വേണം.

തെങ്ങിന്റെ സസ്യസംരക്ഷണവും, കൊത്തും കിളയും മറ്റു പരിചരണമുറകളും നടത്താൻ ഇന്നു തൊഴിലാളികളുടെ ദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്. ഈ പോരായ്മ പരിഹരിക്കാൻ പഞ്ചായത്തിൽ ഒന്നിലധികം തൊഴിൽ സംഘങ്ങളെ (ഏജൻസി) സംഘടിപ്പിക്കാവുന്നതാണ്. ഇവയിലൂടെ മേൽപ്പറഞ്ഞ കാർഷിക പ്രവർത്തനം ന്യായമായ നിരക്കിൽ കൃഷി ഉടമകൾക്കു ലഭ്യമാകും. കൂടാതെ, സമയബന്ധിതമായി ഇത്തരം പരിചരണ മുറകൾ പഞ്ചായത്തിലൊട്ടാകെ നടപ്പാക്കാനും കഴിയും. കുറഞ്ഞ വിസ്തീർണ



പരിധിയുള്ള ഭൂ ഉടമകളായ ഈ ഗ്രാമത്തിലെ കർഷകർക്ക് ലാഭകരമായി കൃഷി അഭിവൃദ്ധിപ്പെടുത്താൻ ഈ പദ്ധതിയിലൂടെ കഴിയും.

## 3. ഇടവിളകൾ

**വാഴ:** ഗ്രാമത്തിൽ ഏത്തൻ, മൊന്തൻ, പൂവൻ, പാളയം കോടൻ, കൂമ്പില്ലാകണ്ണൻ, ഞാലിപ്പൂവൻ എന്നിവ കൃഷി ചെയ്യാവുന്നതാണ്. ഇത് മൂന്നു വിധത്തിൽ പ്രോത്സാഹിപ്പിക്കാം.

1. സ്വകാര്യ വ്യക്തികൾക്കു അവയുടെ ഭൂവിസ്തൃതിയനുസരിച്ച് പത്തു കന്നുകൾ അടങ്ങുന്ന യൂണിറ്റോ അതിന്റെ ഗുണിതങ്ങളോ. കൃഷി ചെയ്യാവുന്നതാണ്.

2. ഒന്നോ അധിലധികമോ വസ്തു ഉടമകളും വ്യക്തികളും ചേർന്ന് കൂട്ടായ്മയുടെ അടിസ്ഥാനത്തിൽ വിപുലമായ രീതിയിൽ ഭൂവിസ്തൃതിയനുസരിച്ച് കൃഷി വിപുലപ്പെടുത്തി ഉത്പ്പാദനം വർദ്ധിപ്പിക്കാവുന്നതാണ്. ഇപ്പോൾ ഇത്തരത്തിൽ ഒരു കൃഷി സമ്പ്രദായം വാളത്തുംഗൽ സി വാർഡിൽ വാളോറം കാവിന് സമീപം പ്രവർത്തിക്കുന്നുണ്ട്.

3. ഗ്രാമത്തിലെ സഹകരണ സംഘങ്ങൾ മുഖേന 5 വാഴകന്നുകൾ അടങ്ങുന്ന കിറ്റുകളും അതിനാവശ്യമായ സസ്യസംരക്ഷണ മരുന്നും വളവും, നിർദ്ദേശങ്ങൾ അടങ്ങുന്ന ലഘുലേഖയും സഹിതം 50% സബ് സിഡിയും കർഷകർക്കു ലഭ്യമാക്കണം. ഇത്തരുണത്തിൽ ഒരു വാർഡിൽ കുറഞ്ഞത് 200 കിറ്റെങ്കിലും വിതരണം ചെയ്യണം. ഇതിനാവശ്യമായ പദ്ധതികൾ സഹകരണ സംഘങ്ങൾ മുഖേന ആവിഷ്കരിക്കേണ്ടതാണ്.

പട്ടിക (6)ൽ പരാമർശിച്ചിട്ടുള്ളതുപോലെ ഇടവിള കൃഷികളായ മരച്ചീനി ചേന, ചേമ്പ്, കാച്ചിൽ, നനകിഴങ്ങ്, കൂവകിഴങ്ങ്, കുരുമുളക്, കൂരവ്, പയർ, മുതിര, പച്ചക്കറി, ഇഞ്ചി, മഞ്ഞൾ, പഴവർഗ്ഗങ്ങൾ, വെറ്റില, കൈതച്ചക്ക മുതലായ കൃഷികൾ വികസിപ്പിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കണം.

## 4. അലങ്കാരച്ചെടി

അലങ്കാര പുഷ്പങ്ങളായ ആന്തൂറിയം, ഓർക്കിഡ്, കുറ്റിമുല്ല എന്നിവയുടെ കാർഷിക വൃത്തിക്കും വിപണനത്തിനും വേണ്ടി ഒരു പദ്ധതിക്ക് രൂപം നൽകണം.

## 5. ഔഷധച്ചെടികൾ

ആയുർവ്വേദത്തിന്റെ പ്രസക്തി വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഇക്കാലത്ത് ഔഷധച്ചെടികളുടെ കൃഷി കൂടുതൽ പ്രാധാന്യമർഹിക്കുന്നു. ഇതിനാവശ്യമായ യൂണിറ്റ് നമ്മുടെ ഗ്രാമത്തിൽ ഉണ്ടാകാൻ വേണ്ട പദ്ധതിക്ക് രൂപം നൽകണം.

## 6. കൂൺകൃഷി

കൂൺകൃഷിയും അതിന്റെ സംസ്കരണവും പ്രചരിപ്പിക്കുന്നതിന് ആവശ്യമായ പദ്ധതിക്ക് രൂപം നൽകണം.

## 7. പച്ചക്കറി കൃഷി

നമ്മുടെ ഗ്രാമത്തിന്റെ ഘടനയും കൃഷിഭൂമിയുടെ ഗുണനിലവാരവും കണക്കിലെടുത്ത് ശാസ്ത്രീയമായ രീതിയിൽ പച്ചക്കറി കൃഷി സംവിധാനം ചെയ്യണം. കൃഷി സ്ഥലത്തെ പൊതുവേ മൂന്നായി തരം തിരിക്കാം.

1) സ്വകാര്യ കൃഷി

2) പൊതു സ്ഥലകൃഷി

3) കൂട്ടുകൃഷി

മേൽപ്പറഞ്ഞ മൂന്നുതരം പച്ചക്കറി കൃഷിക്കും ഫലപ്രദമായ സ്കീമുകൾ ആവിഷ്കരിക്കണം. എല്ലാ പ്രദേശത്തും എല്ലായിനം പച്ചക്കറിയും ഒരേപോലെ കൃഷിചെയ്യാൻ ശ്രമിക്കുന്ന ഇന്നത്തെ രീതി പൊതുവേ പരാജയമായിട്ടാണ് കാണുന്നത്. അതിനാൽ നമ്മുടെ ഗ്രാമത്തിന്റെ സവിശേഷതകൾ കണക്കിലെടുത്ത് ഗ്രാമത്തെ പലമേഖലകളായി ആദ്യം തരം തിരിക്കണം. ഓരോ മേഖലയിലും നാലോ അഞ്ചോ ഇനത്തിൽ കൂടാതെയുള്ള പച്ചക്കറി വിത്തുകൾ നൽകാൻ പദ്ധതി വേണം. വ്യത്യസ്ത മേഖലകളിൽ വ്യത്യസ്തയിനം കൃഷി നടത്തുന്നതു വഴി എല്ലാ മേഖലയിൽ നിന്നും ഒട്ടുമിക്ക പച്ചക്കറികളും പഞ്ചായത്തിൽ ലഭ്യമാകുന്ന സ്ഥിതിയുണ്ടാകും. ഉദാഹരണമായി പച്ച മുളക്, വെണ്ട, വഴുതന എന്നിവ മാത്രം ചെയ്യുന്ന ഒരു മേഖലയും പാവൽ, പടവൽ, ചീര, ഇവ മാത്രം കൃഷി ചെയ്യുന്ന ഒരു മേഖലയും തക്കാളി, വെള്ളരി, പയർ എന്നീ കൃഷികൾ മാത്രമായുള്ള മൂന്നാമതൊരു മേഖലയും സൃഷ്ടിക്കാം. ഈ രീതിയിൽ പച്ചക്കറി കൃഷി ആസൂത്രണം ചെയ്താൽ ആവശ്യമായ പരിചരണം കൊടുക്കാനും പ്രതിരോധ ചികിത്സ ഫലപ്രദമായി നടത്തുവാനും കർഷകരെ പ്രാപ്തരാക്കാൻ കഴിയും. വീട്ടാവശ്യത്തിനുള്ളവ കഴിച്ച് അധികം ഉൽപ്പന്നം മാർക്കറ്റിൽ എത്തിച്ച് അതുവഴി ഒരു സ്ഥിര വരുമാനം നേടാനും കഴിയും.

പച്ചക്കറി കൃഷിക്ക് സബ്സിഡിയും പ്രോത്സാഹനവും നൽകേണ്ടതാവശ്യമാണ്. ഇവ രണ്ടും കർഷകർക്ക് ഘട്ടംഘട്ടമായിട്ടാണ് നൽകേണ്ടത്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കു പ്രാരംഭ ചിലവിനായി പ്രോത്സാഹന ധനം നൽകണം. ഇത് ആദ്യഘട്ടത്തിൽ 60% വും പിന്നീട് 40%വും നി



ളപ്പെടുത്താം.

## മുരിങ്ങ

ഏറെ പോഷക ഗുണമുള്ള മുരിങ്ങ വ്യാപകമായി കൃഷിചെയ്യാൻ അനുയോജ്യമായ മണ്ണാണ് ഗ്രാമത്തിലെമ്പാടും ഉള്ളത്. അതിനാൽ വ്യാപകമായ മുരിങ്ങകൃഷിക്കാവശ്യമായ സ്കീമിന് രൂപം നൽകണം. പഞ്ചായത്തിൽ ആകെ ഏതാണ്ട് 7500 മുരിങ്ങയോളം കൃഷി ചെയ്യുംവിധം സ്കീം തയ്യാറാക്കണം. നമ്മുടെ ഗ്രാമത്തിൽ ചെയ്യാവുന്ന പച്ചക്കറി കൃഷികളുടെ ഇനവും മേഖലതിരിച്ചുള്ള വിവരവും പട്ടിക 9 ൽ കൊടുത്തിരിക്കുന്നു.

പട്ടിക (9)

| വാർഡ് | നിർദ്ദേശിക്കുന്ന പച്ചക്കറി ഇനം |
|---|---|
| തെക്കേവിള എ, ബി | പച്ചമുളക്, വെണ്ട, വഴുതന, കോവ |
| തെക്കേവിള സി, ഡി | പാവൽ,പടവൽ, ചീര, വെള്ളരി |
| തെക്കേവിള ഇ, | പച്ചമുളക്, തക്കാളി, |
| കയ്യാലക്കൽ എ, ബി | വെണ്ട, വഴുതന, ചീര. |
| പന്ത്രണ്ടുമുറി, | പാവൽ, പടവലം,ചീര, |
| വാളത്തുംഗൽ എ | പയർ,വെള്ളരി വർഗം |
| വാളത്തുംഗൽ ബി,സി, | പാവൽ, പടവലം, |
| ആക്കോലിൽ, | ചീര, തക്കാളി, വെണ്ട, |
| വടക്കുംഭാഗം | വഴുതന, പയറുവർഗം |
| തെക്കുംഭാഗം എ,ബി, | മുളക് വഴുതന, വെണ്ട |

## കറിവേപ്പ്

നമുക്ക് നിത്യോപയോഗ്യമായ കറിവേപ്പിലക്ക് പോലും മറ്റുള്ളവരെ സമീപിക്കേണ്ട ഒരു സ്ഥിതി വിശേഷമാണ് ഇന്നുള്ളത്. ഈ സ്ഥിതിക്കൊരുമാറ്റം വരുത്തുന്നതിനായി നമ്മുടെ ഗ്രാമത്തിൽ ഗുണമേന്മയേറിയ 10,000 കറിവേപ്പില തൈകൾ വിതരണം ചെയ്യാൻ ഒരു പദ്ധതിക്ക് രൂപം നൽകണം.

## പൂന്തോട്ട പച്ചക്കറി

ഇന്നത്തെ സ്ഥലപരിമിതി കണക്കിലെടുത്ത് മുറ്റത്തെ പൂച്ചട്ടികളിലും മട്ടുപ്പാവിലും (ചട്ടികളിലും, ചാക്കിലും) മണ്ണ് നിറച്ച് പച്ചക്കറിത്തോട്ടം രൂപകല്പന ചെയ്യാം.

## 8. ജൈവ വള ഉല്പാദനം

മണ്ണിലെ ജൈവ വളത്തിന്റെ അഭാവം പരിഹരിക്കുന്നതിനും ജൈവവളം സുലഭമാക്കുന്നതിനും നൂതന സമ്പ്രദായങ്ങളായ മണ്ണിര കമ്പോസ്റ്റ്, ചകിരിച്ചോറ് കമ്പോസ്റ്റ് ,ഉപയോഗ ശൂന്യമായ ചപ്പുചവർ കമ്പോസ്റ്റ്, ചണമ്പ്, ഡയഞ്ച എന്നീ പച്ചില വളങ്ങൾ ഇവയുടെ ഉല്പാദനം ആവശ്യമാണ്. ഇതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തി പദ്ധതി നടപ്പിലാക്കാം.

## 9. കുമ്മായ വിതരണം

ഗ്രാമത്തിലെ മണ്ണിന് പൊതുവേ അമ്ലതമുള്ളതിനാൽ നിലകൃഷിക്കും കരകൃഷിക്കും കുമ്മായ വിതരണം അനിവാര്യമാണ്. ഹെക്ടർ ഒന്നിന് കരകൃഷിയിൽ 250 മുതൽ 300 കി.ഗ്രാം വരെയും നിലത്തിൽ 300 മുതൽ 500 കി.ഗ്രം. വരെയും ശരാശരി അളവിൽ കുമ്മായം ചേർക്കേണ്ടതാണ്. ഇതിനാവശ്യമായ പദ്ധതി വിഭാവനം ചെയ്യണം.

## 10 എലിനശീകരണം

ഗ്രാമത്തിലെ കാർഷിക വിളകളെ പ്രധാനമായും നശിപ്പിക്കുന്ന ഒരു ജീവിയാണ് എലി. കൂടാതെ വീട്ടെലികളും ഇന്ന് ഒരു പ്രധാന പ്രശ്നമായിരിക്കുന്നു. ആയതിനാൽ ഗ്രാമത്തിലെ എല്ലാ വാർഡുകളെയും ഉൾപ്പെടുത്തി ക്യാമ്പയിൻ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത ഒരു ദിവസം കൊണ്ട് തന്നെ വ്യാപകമായ എലിനശീകരണം നടത്തേണ്ടതാണ്.

## 11. കൂട്ടായ്മ -കൃഷിയിൽ

ഗ്രാമത്തിലെ എല്ലാ കാർഷിക വിളകളുടെയും ഉല്പാദന വർദ്ധനവിനെ ലക്ഷ്യമാക്കി കൃഷിയിറക്കുന്നതു മുതൽ വിപണനം വരെയുള്ള കാര്യങ്ങൾ സുഗമമാക്കാൻ ബന്ധപ്പെട്ടവരെയെല്ലാം ഉൾപ്പെടുത്തി കൂട്ടായ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സംഘങ്ങൾക്ക് രൂപം നൽകണം. ഇത് പഞ്ചായത്തിലും വാർഡ് അടിസ്ഥാനത്തിലും വേണ്ടതാണ്.

## 12. വിജ്ഞാന വ്യാപനം

കാർഷിക പദ്ധതികളുടെ വിജയകരമായ നടത്തിപ്പിന് കാലാനുസൃതമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നൂതനമായ സാങ്കേതിക വിദ്യകൾ പകർന്ന് കൊടുക്കുന്നതിനും കുറഞ്ഞത് രണ്ടുമാസത്തിലൊരിക്കൽ വാർഡ് അടിസ്ഥാനത്തിൽ ചർച്ചാ ക്ലാസുകൾ സംഘടിപ്പിക്കേണ്ടതാണ്. ഇതിന് കൃഷി ഉദ്യോഗസ്ഥന്മാർക്ക് പുറമേ അനുഭവ സമ്പന്നരായ കർഷകരേയും സന്നദ്ധപ്രവർത്തകരേയും ഉൾപ്പെടുത്തേണ്ടതാണ്.

## 13. യന്ത്രവത്കരണം



കാർഷിക മേഖലയിൽ ഇന്ന് നേരിടുന്ന കാർഷിക ദൗർലഭ്യവും കാര്യക്ഷമത കുറവും ഈ രംഗത്തെ പൊതുവേ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. അതുകൊണ്ട് ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ നേട്ടങ്ങളായ മെതിയന്ത്രം, കൊയ്ത്തു യന്ത്രം, പാറ്റുയന്ത്രം, തേങ്ങായിടീൽ യന്ത്രം തുടങ്ങിയവ ആവശ്യാനുസരണം ലഭ്യമാക്കണം. ട്രാക്ടർ, ട്രില്ലർ എന്നീ യന്ത്രങ്ങൾ കൃഷിഭവനിലൂടെ പാടശേഖര കമ്മിറ്റികൾക്കും സഹകരണ സംഘങ്ങൾക്കും 50% സബ് സിഡിയും നൽകുന്ന ഒരു പദ്ധതി നിലവിലുണ്ട്. കൂടാതെ വ്യക്തികൾക്ക് 30,000 രൂപ സബ്സിഡി നിരക്കിൽ മിനിട്രാക്ടർ നൽകുന്ന പദ്ധതിയും നടപ്പിലുണ്ട്. ഇതുപോലെ മേൽപറഞ്ഞ യന്ത്രസാമഗ്രികൾക്കും സബ്സിഡി അനുവദിച്ച് പദ്ധതി നടപ്പിലാക്കാവുന്നതാണ്.

## 14. വിപണനം

കാർഷികോല്പന്നങ്ങളുടെ വിപണനം സുഗമമാക്കുന്നതിന് കുറഞ്ഞത് 5 പ്രധാന മൊത്ത വിതരണകേന്ദ്രങ്ങളും കുറഞ്ഞത് 10 ചില്ലറ വില്പന കേന്ദ്രങ്ങളും അടങ്ങുന്ന ശൃംഖല തീർക്കേണ്ടതാണ്. ഇതിന് അനുബന്ധമായി ഉന്തുവണ്ടിയിലൂടെയും തലച്ചുമടിലൂടെയും വിപണനം നടത്താവുന്നതാണ്. ഇത് സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ ഉറപ്പുവരുത്തുന്നു. ഉല്പന്നങ്ങളുടെ ക്രയവിക്രയത്തിന് ഈ ശൃംഖല പ്രയോജന പ്രദമാകുന്ന വിധം വിപണന മേഖല കാലാനുസൃതമായി വിപുലീകരിക്കേണ്ടതാണ്.

# ജലസേചനം

പ്രധാനമായും പ്രകൃതിയെ ആശ്രയിച്ച് കൃഷി ചെയ്യുന്ന ഗ്രാമമാണ് ഇരവിപുരം. അതായത് ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ലഭിക്കുന്ന തെക്കുകിഴക്കൻ മൺസൂണും സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ ലഭിക്കുന്ന വടക്കു പടിഞ്ഞാറൻ മൺസൂണും ആധാരമാക്കിയാണ് ഇവിടുത്തെ കാർഷിക വൃത്തി. കഴിഞ്ഞ 5 വർഷത്തിൽ ലഭ്യമായ മഴയുടെ വിവരപ്പട്ടിക (10)ൽ ചേർക്കുന്നു.

"സമീപ കാലത്തായി മൺസൂൺ കാലങ്ങളിൽ ഉണ്ടായ വ്യതിയാനം കാർഷിക മേഖലയിലെ താള ക്രമങ്ങളെ ഒട്ടാകെ തകിടം മറിച്ചിട്ടുണ്ട്.

ഗ്രാമത്തിൽ 7 തോടുകളും 7 കൈത്തോടുകളും, 7 കുളങ്ങളും നിലവിലുണ്ട്. തോടുകളുടെ നീരൊഴുക്കുകൾ കാലത്തിന്റെ ഗതിയിൽ ക്ഷയിച്ചുകൊണ്ടേയിരിക്കുന്നു. കൂടാതെ കുളങ്ങൾ നികത്താനുള്ള പ്രവണതയും ഏറിവരുന്നു. പ്രധാന തോടായ കരിവയൽ തോടിന്റെ ദൈർഘ്യം 2.25 കി.മീറ്ററാണ്. ഈ തോടാണ് ഗ്രാമത്തിന്റെ അവശേഷിക്കുന്ന ഏലആയ കാരിക്കുഴി ഏലായെ ജലസേചന യോഗ്യമാക്കുന്നത്.

തോടുകളുടെ സംരക്ഷണമില്ലായ്മയാണ് നീരൊഴുക്ക് കുറഞ്ഞുവരാനുള്ള പ്രധാന കാരണങ്ങളിലൊന്ന്. അതിനാൽ തോടുസംരക്ഷണം ഒമ്പതാം പദ്ധതിയിൽ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. തോടുകൾ കാലാകാലങ്ങളിൽ പുനരുദ്ധരിച്ച് ജലസേചന യോഗ്യമാക്കുന്ന പ്രക്രിയ ഇവിടെ വർഷങ്ങളായി നിലച്ചമട്ടാണ്. ആയതിനാൽ തോടിന്റെ നീരൊഴുക്കും ജല നിർഗമന മാർഗങ്ങളും ഫലത്തിൽ അടയപ്പെട്ടിരിക്കുകയാണ്. ഈ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് നവംബർ 1ന്റെ പുനരർപ്പണ ദിനത്തിൽ കരിവയൽ തോട് പുനരുദ്ധരിച്ച് ജല നിർഗമന യോഗ്യമാക്കിയത്. ഇതിന് പൂർണമായി 247 പേരുടെയും പരോക്ഷമായി 110 പേരുടേയും അടക്കം 357 പേരുടെ മനുഷ്യാദ്ധ്വാനം ഉപയോഗിക്കപ്പെട്ടു. ഏതാണ്ട് ഒരു ലക്ഷത്തിനടുത്ത് ചിലവ് വരുന്ന ഈ പ്രവർത്തനത്തിന് കേവലം 178.50 രൂപ മാത്രമാണ് പഞ്ചായത്തിന് ചിലവിടേണ്ടിവന്നത്. ആശാവഹമായ ഫലമുളവാക്കിയ ഈ പ്രവർത്തനം സംസ്ഥാനമൊട്ടാകെ തന്നെ ശ്രദ്ധിക്കപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ മറ്റുതോ

### പട്ടിക–10

### മഴയുടെ അളവ് (മി.മീ.)

| വർഷം | ജനു. | ഫെ. | മാർ. | ഏപ്രി. | മേയ് | ജൂൺ | ജൂ. | ആഗ. | സെപ്റ്റ | ഒക്ടോ. | നവ. | ഡിസ. | ആകെ. |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1991 | 4.6 | 1.6 | 36.4 | 123.8 | 141.60 | 1045.3 | 507.6 | 34.5 | 12.4 | 390.6 | 211.2 | 308 | 2552.40 |
| 1992 | 2.4 | 6.8 | ഇല്ല | 48.6 | 410.0 | 607.4 | 496.2 | 249.4 | 276.2 | 361.2 | 337.8 | 1.8 | 2797.80 |
| 1993 | ഇല്ല | 25.0 | 16.6 | 82.6 | 278.2 | 667.7 | 538.0 | 125.6 | 210.8 | 602.2 | 394.60 | 60.2 | 3001.50 |
| 1994 | 53.4 | 60.0 | 82.0 | 73.20 | 294.0 | 379.6 | 543.0 | 273.9 | 232.2 | 387.6 | 100.0 | 11.6 | 2260.05 |
| 1995 | ഇല്ല | 20.82 | 96.0 | 210.24 | 14.0 | 217.9 | 265.2 | 154.0 | 115.0 | 194.4 | 327.6 | ഇല്ല | 1626.12 |



ടുകളും കൈത്തോടുകളും കുളങ്ങളും പുനരുദ്ധരിച്ച് ഫലപ്രദമായ ജലസേചന മാർഗങ്ങളായി നില നിർത്തേണ്ടത് ആവശ്യമാണ്.

2. കരിവയൽ തോട് പരവൂർ കായലിൽ സന്ധിക്കുന്ന ഭാഗത്ത് ചപ്പാത്തിലൂടെ ഓരുജലം കാരിക്കുഴി ഏലായിലേക്ക് പ്രവഹിച്ച് വിളകൾക്ക് വൻ നാശം വിതയ്ക്കുന്നു. ഇത് കാരിക്കുഴി ഏലായിലെ കർഷകരെ രൂക്ഷമായി ബാധിക്കുന്ന ഒരു പ്രശ്നമാണ്. ആയതിനാൽ പല കർഷകരും മൂന്നു തവണ കൃഷിചെയ്യേണ്ട നിലത്തിൽ ഒരു തവണ മാത്രം കൃഷിയിറക്കി വിമുഖത കാണിക്കുന്നു. ഈ പ്രശ്നത്തിന്റെ ഗൗരവ സ്വഭാവം കണക്കിലെടുത്ത് ഓരു ജലത്തെ കൃഷി സ്ഥലത്ത് പ്രവേശിപ്പിക്കാതെ ഗതിമാറ്റി തിരിച്ചു വിട്ട് അനുയോജ്യമെങ്കിൽ പരീക്ഷണാർത്ഥം സമീപ പ്രദേശത്ത് ഓരു ജല മത്സ്യകൃഷി വികസിപ്പിക്കുന്നതിനുള്ള സാദ്ധ്യത ആരായാവുന്നതാണ്.

3. കൃഷിഭവൻ വഴി ഇന്ന് നടപ്പിലാക്കി വരുന്ന ജലസേചന (പമ്പ് സെറ്റ്, കിണർ) ത്തിനുള്ള വായ്പാ പദ്ധതിയിലെ വിസ്തീർണ്ണ പരിധി പഞ്ചായത്തിന്റെ പ്രത്യേക സ്വഭാവം കണക്കിലെടുത്ത് പത്ത് സെന്റ് വരെ ഭൂമിയുള്ളവർക്കെങ്കിലും ഇതിന്റെ സബ്സിഡി ആനുകൂല്യം ലഭ്യമാക്കണം. കൂടാതെ പത്ത് സെന്റിൽ താഴെയുള്ളവർക്കായി മൂന്നോ നാലോ വീട്ടുകാർക്ക് ജലസേചനം നടത്തുന്നതിനായി സബ്സിഡി ഇനത്തിൽ ഒരു ഗ്രൂപ്പ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കാവുന്നതാണ്. ജലസേചനത്തിന് ഉപയോഗിക്കുന്ന വൈദ്യുതി പൂർണ്ണമായും സൗജന്യമാക്കേണ്ടതുമാണ്.

## ദേശീയ ജലപാത

ജലഗതാഗതത്തിന് വേണ്ടി നിർമ്മിച്ചതാണ് കൊല്ലം തോട്. എന്നാൽ ഇന്നത് മലീമസമായിക്കിടക്കുകയാണ്. ഇതുമൂലം കൊതുകു പെരുകി പലരോഗങ്ങൾക്കും ജനങ്ങൾ വിധേയമായികൊണ്ടിരിക്കുന്നു. ഈ തോട് വൃത്തിയാക്കി ജലഗതാഗത്തിന് യോഗ്യമാക്കണമെന്ന് ജനങ്ങൾ ഗ്രാമസഭകളിൽ ശക്തമായ ആവശ്യം ഉയർത്തിയിരിക്കുകയാണ്. ഇതിനായി മനുഷ്യാദ്ധ്വാനം സംഭാവന ചെയ്യാൻ തയ്യാറാണെന്നുള്ള വാഗ്ദാനം തീരദേശ പ്രദേശങ്ങളിലെ ജനങ്ങൾ ഗ്രാമസഭകളിൽ നൽകിയിട്ടുണ്ട്.

കൊല്ലം തോട് ഇരവിപുരം, മയ്യനാട് പഞ്ചായത്തു പ്രദേശങ്ങളിലൂടെയും കൊല്ലം, പരവൂർ മുനിസിപ്പൽ പ്രദേശങ്ങളിലൂടെയുമാണ് കടന്നു പോകുന്നത്. അതിനാൽ കൊല്ലം തോട് വൃത്തിയാക്കി ദേശീയ ജലപാതയാക്കാനുള്ള മാസ്റ്റർ പ്ലാൻ ജില്ലാ പഞ്ചായത്തിന്റെ മുൻകൈയോടുകൂടി ഇരവിപുരം മയ്യനാട് പഞ്ചായത്തുകളേയും കൊല്ലം പരവൂർ മുനിസിപ്പാലിറ്റിരകളേയും കൂട്ടിയോജിപ്പിച്ചുകൊണ്ടും നടത്തേണ്ടതാണ്. ജില്ലാ പഞ്ചായത്ത് സമിതിയും മുഖത്തല ബ്ലോക്ക് പഞ്ചായത്ത് സമിതിയും ഇക്കാര്യത്തിൽ പ്രത്യേക താത്പര്യം എടുക്കണമെന്ന് ഗ്രാമസഭകളിൽ നിന്നും ശക്തമായ ആവശ്യം ഉയർന്നിട്ടുണ്ട്. മുൻഗണനാക്രമത്തിൽ പ്രഥമ പരിഗണന ഇതിന് നൽകണം.

## മണ്ണ്-ജല സംരക്ഷണം

നമ്മുടെ ഗ്രാമത്തിലെ മണ്ണു-ജല സംരക്ഷണത്തിൽ ഒരു പ്രധാന പങ്കുവഹിച്ചിരുന്നത് കാവുകളായിരുന്നു. വാളേറാൻകാവ്, ആദിക്കാട് കാവ്, വടക്കേവീട്ടിൽ കാവ്, പടിഞ്ഞാറ്റേവീട്ടിൽ കാവ്, അമ്പൂകാവ്, ഇലഞ്ഞിക്കൽ കാവ്, കുളങ്ങരക്കാവ്, തോട്ടുപാകാവ്, കോട്ടയടിയിൽ കാവ്, കരീലക്കാവ്, കളരിക്കാവ് തുടങ്ങി അനേകം കാവുകൾ ഈ ഗ്രാമത്തിൽ ഉണ്ടായിരുന്നു. കൂടാതെ പുത്തൻകുളം, തച്ചൻവീട്ടിൽ കുളം, തമ്പുരാൻ വെളികുളം, കുളങ്ങരകുളം ചെട്ടികുളം, കുറുപ്പിനഴികത്തു കുളം, വടക്കുംഭാഗം വട്ടത്തോപ്പ് കുളം വെളിയിൽ കുളങ്ങരക്കുളം, ഭരണിക്കാവ് ക്ഷേത്രക്കുളം, ചായക്കട മുക്കിനും പുത്തൻ നടക്കും മദ്ധ്യയുള്ള കുളം എന്നീ കുളങ്ങളും ഉണ്ടായിരുന്നു. ഇതിൽ കുറുപ്പിനഴികത്തു കുളം നികത്തിയാണ് ഇരവിപുരം പഞ്ചായത്തു ആഫീസ് സ്ഥാപിക്കപ്പെട്ടത്. പിന്നീട് വെളിയിൽ കുളങ്ങരക്കുളം, വട്ടത്തോപ്പ് കുളം എന്നി പൂർണ്ണമായും മറ്റുള്ളവ ഭാഗികമായും നികത്തപ്പെട്ടു. ഈ പ്രക്രിയയുടെ ഭാഗമായി ജല സ്രോതസ്സുകളാണ് നമുക്ക് നഷ്ടപ്പെട്ടത്. ഇതുപോലെ തന്നെ കാവുകളിൽ ഭൂരിഭാഗവും നിലനിൽക്കുകയും ചെയ്യുന്നു. അവശേഷിക്കുന്ന കുളങ്ങളും കാവുകളും സംരക്ഷിക്കപ്പെടേണ്ടത് അനിവാര്യമാണ്. മണ്ണൊലിപ്പിന്റെ പ്രത്യാഘാതവും ഈ ഗ്രാമത്തിൽ മേൽപ്പറഞ്ഞ പ്രക്രിയയുടെ ഫലമായി അനുഭവപ്പെടുന്നു. ഇത് ഏറ്റവും കൂടുതലായി അനുഭവപ്പെടുന്നത് വാളത്തുംഗൽ കാഞ്ഞിരക്കാട് ഭാഗത്താണ്. മണ്ണൊലിപ്പ് ഉണ്ടാകാൻ സാദ്ധ്യതയുള്ള ഇത്തരം പ്രദേശങ്ങളെ തട്ടുകളായി വിഭജിച്ച് തീറ്റപ്പുൽ, കൈതച്ചക്ക, തേക്ക്, പുളിമരം പോലുള്ള ഫല വൃക്ഷങ്ങൾ എന്നിവ നട്ടുപിടിപ്പിക്കേണ്ടതാണ്.





അഞ്ച് - രണ്ട്

# മൃഗപരിപാലനം മത്സ്യബന്ധനം

സംസ്ഥാനത്തെ കന്നുകാലി സമ്പത്തിന്റെ 94 ശതമാനം ഗ്രാമപ്രദേശങ്ങളിലാണ് കേന്ദ്രീകരിച്ചിരിക്കുന്നത്. കന്നുകാലി ഉടമകളിൽ ബഹുഭൂരിപക്ഷവും ചെറുകിട കർഷകരും കർഷക തൊഴിലാളികളുമാണ്.

ഇരവിപുരം പഞ്ചായത്തിൽ 1950 കളിൽ കൃഷിക്കും മൃഗസംരക്ഷണ പ്രവർത്തനങ്ങൾക്കും ജനജീവിതത്തിൽ കാര്യമായ സ്ഥാനം ഉണ്ടായിരുന്നു. ഈ കാലത്ത് മിക്ക വിടുകളിലും ഉത്പ്പാദന ക്ഷമത കുറഞ്ഞ നാടൻ പശുക്കളെ വളർത്തിയിരുന്നു. പശു വളർത്തൽ ഒരു തൊഴിലായി അംഗീകരിച്ചിരുന്നില്ല. എന്നാൽ ക്രിത്രിമ ബീജ സങ്കലനം വഴി ഉത്പ്പാദന ക്ഷമത കൂടിയ പശുക്കളെ ഉത്പ്പാദിപ്പിക്കാൻ 1960 കളിൽ തുടങ്ങിയതോടെ പശു വളർത്തൽ ആദായകരമായി ഒരു ജീവിതമാർഗമായ അംഗീകരിക്കപ്പെട്ടു.

1992 ലെ കണക്കുകൾ പ്രകാരം ഇരവിപുരം പഞ്ചായത്തിൽ 1508 സങ്കരയിന പശുക്കൾ, 299 നാടൻ പശുക്കൾ, 317 എരുമകൾ, 5000 കോഴി, 1000 ആട്, മുയൽ താറാവ് എന്നിവയേയും സംരക്ഷിച്ചു പോരുന്നു. വീട് കാവലിനും ഓമനിച്ച് വളർത്തുന്നതിനും പട്ടി, പൂച്ച എന്നിവയേയും സംരക്ഷിച്ചു പോരുന്നു. പന്നി വളർത്തലിനോട് പഞ്ചായത്തിലെ കർഷകർക്ക് വിമുഖതയാണ് ഉള്ളത്.

## സാദ്ധ്യതകൾ

1.പോഷക പ്രധാനമായ പാൽ, മുട്ട, മാംസം എന്നിവയുടെ ഉത്പ്പാദനം

2. വ്യാവസായിക ആവശ്യത്തിനുള്ള തുകൽ, എല്ല്, ജലാറ്റിൻ, ഓസീൻ കൊഴുപ്പ് എന്നിവയുടെ ഉത്പ്പാദനം.

3. ഔഷധ വ്യവസായം, ഹോർമോൺ, വാക്സിൻ, എൻസൈമുകൾ.

4. പരീക്ഷണ ശാലക്കു വേണ്ട മൃഗങ്ങൾ

5. കാർഷിക മേഖലക്ക് ആവശ്യമായ ജൈവ വളം നിലം ഒരുക്കുന്നതിനും ഭാരം വലിക്കുന്നതിനുമുള്ള മൃഗ ശക്തി.

6. ഊർജ്ജ സ്രോതസ് (ബയോഗ്യാസ്)

7. പേവിഷബാധ നിർമ്മാർജ്ജനം, മാംസ പരിശോധനയിലൂടെ ശുദ്ധമായ മാംസ ഉത്പ്പാദനം തുടങ്ങിയ പൊതുജനാരോഗ്യ സംബന്ധിയായ സേവനങ്ങൾ

8. തൊഴിൽ സാധ്യതകൾ, വരുമാന വർദ്ധനവ്

9. ഈ മേഖലയിൽ 60 % അദ്ധ്വാനവും സ്ത്രീകൾ നിർവ്വഹിച്ചിരുന്നു.

ഇരവിപുരം പഞ്ചായത്തിലെ മൃഗസംരക്ഷണ മേഖല

മൃഗ സംരക്ഷണ പ്രവർത്തനങ്ങൾ മുൻകാലങ്ങളിൽ വളരെ സജീവമായിരുന്നു. പ്രത്യേകിച്ചും പശു, എരുമ എന്നിവയുടെ പരിപാലനം കൊല്ലം മുനിസിപ്പാലിറ്റിയുമായുള്ള സാമീപ്യംകൊണ്ട് ഉൽപ്പന്നങ്ങളുടെ വിപണനം ഒരു പ്രശ്നമായിരുന്നില്ല. നെൽകൃഷിയുമായി ബന്ധപ്പെട്ട് ഉഴവ് കാളകളെയും വണ്ടിക്കാളകളെയും ഉപയോഗിച്ചിരുന്നു. പശു വളർത്തൽ, ജീവിത മാർഗമായി അംഗീകരിച്ചിരുന്നു. മാംസോത്പാദനത്തിനായി പ്രത്യേക സംരക്ഷണ രീതികളൊന്നും അവലംബിച്ചിരുന്നില്ല. വർദ്ധിച്ച തീറ്റച്ചെലവും ചികിത്സാ ചെലവും മൂലം കന്നുകാലി വളർത്തിലിൽ നിന്നും ആളുകൾ പിന്തിരിയുന്നതായും കാണുന്നു. പാലിന് മതിയായ വില ലഭിക്കാത്താതും ഇതിന് കാരണമാണ്. തീറ്റപ്പുൽ, വൈക്കോൽ എന്നിവയുടെ ദൗർലഭ്യവും അനിയന്ത്രിത വിലയും പശുവളർത്തൽ ലാഭകരമല്ലാതാക്കുന്നു. കൂടാതെ ചികിത്സയ്ക്ക് നല്ല തുക ചിലവാകുന്നുമുണ്ട്. മരുന്നുകളുടെ വിലക്കയറ്റം ഇതിന് കാരണമാണ്. ഏറ്റവും കൂടു



തൽ ദോഷകരമായ ഒരസുഖമാണ് അകിടുവീക്കം. ഈ രോഗത്തിന് ചികിത്സ പലപ്പോഴും ഫലപ്രദമല്ലാതാകുന്നത് കർഷകന് തീരാ നഷ്ടമാകുന്നു.

**പട്ടിക 1**

**സെൻസസ് വിവരപ്പട്ടിക**

| മൃഗങ്ങളുടെ ഇനം | 1947 | 1987 | 1992 |
|---|---|---|---|
| 1 പശു സങ്കരയിനം | ഇല്ല | 894 | 1508 |
| 2 നാടൻ | 2010 | 484 | 291 |
| 3. എരുമ | ലഭ്യമല്ല | 186 | 317 |
| 4. കാള | ലഭ്യമല്ല | 200 | 146 |
| 5. ആട് | 450 | 630 | 1000 |
| 6. കോഴി | ലഭ്യമല്ല | 3500 | 5000 |

**പട്ടിക 2**

**ജനന രജിസ്റ്റർ 1990–95**

| ഇനം | ജനിച്ച കുട്ടികളുടെ എണ്ണം | |
|---|---|---|
| പശു | ആൺ | പെൺ |
| പശു | 1499 | 1546 |

**പട്ടിക 3**

ക്രത്രിമ ബീജസങ്കലന വിവരങ്ങൾ

| വളർത്തു മൃഗം | ആകെ എണ്ണം | കൃത്രിമ ബീജസങ്കലനത്തിലൂടെ ലഭിക്കുന്ന കുട്ടികൾ |
|---|---|---|
| 1 പശു | 8990 | 3045 |

**പട്ടിക 4**

**രോഗ വിവരങ്ങൾ**

| ഇനം | എണ്ണം |
|---|---|
| കന്നുകാലി | 3930 |
| ആട് | 490 |
| കോഴി | 390 |
| മറ്റുള്ളവ | 104 |

**പട്ടിക – 5**

| രോഗം | പശു | ആട് | കോഴി | പട്ടി |
|---|---|---|---|---|
| 1 കോഴിവസന്ത | 1536 | | | |
| 2.കുളമ്പു രോഗം | 2430 | 500 | | |
| 3.അടപ്പൻ | | 50 | | |
| 4.കോഴിവസന്ത | | | 20090 | |
| 5.കോഴിവസൂരി | | | 1753 | |
| 6.പേവിഷബാധ | | | | 500 |

## പഞ്ചായത്തിലെ മൃഗസംരക്ഷണ സ്ഥാപനങ്ങൾ

| | | |
|---|---|---|
| 1. മൃഗാശുപത്രി1 | തെക്കേവിള–സി | (3–ാംവാർഡ്) |
| 2.സബ് സെന്റർ 1 | വാളത്തുംഗൽ | 10–ാം വാർഡ് |

## മൃഗാശുപത്രിയിലെ സേവന സൗകര്യങ്ങൾ

ഈ ഗ്രാമത്തിൽ 31–7–1996 ൽ തെക്കേവിള സി വാർഡിൽ ഒരു വെറ്റിനറി ഡിസ്പെൻസറി ആരംഭിച്ചു. അതിനു മുമ്പ് പോളയത്തോട്, വാളത്തുംഗൽ എന്നീ സ്ഥലങ്ങളിൽ ഓരോ സബ് സെന്ററുകൾ പ്രവർത്തിച്ചിരുന്നു. കൃത്രിമ ബീജ സങ്കലനം മുഖ്യമായി ലക്ഷ്യമിട്ടിട്ടുള്ള ഈ സ്ഥാപനങ്ങളിൽ വെറ്റിനറി ഡോക്ടറുടെ അഭാവം ഒരു പോരായ്മ ആയിരുന്നു. ഇരവിപുരം മൃഗാശുപത്രിയിൽ ഒരു വെറ്റിനറി സർജൻ ഒരു ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഒരു അറ്റന്റർ ഒരു പാർടൈം സ്വീപ്പർ എന്നീ തസ്തികളുണ്ട്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ ആശുപത്രി വേണ്ടത്ര സൗകര്യം ഇല്ലാത്തതും പഞ്ചായത്തിലെ ജനങ്ങൾക്ക് പ്രയോജനമില്ലാത്ത ഒരു സ്ഥലത്തുമാണ് പ്രവർത്തിക്കുന്നത്. ഇപ്പോൾ ഈ ആശുപത്രിയിൽ നിന്നും ചികിത്സ, ഓപ്പറേഷൻ, കൃത്രിമ ബീജാദാനം, വന്ധ്യതാ നിവാരണം പേ വിഷബാധയ്ക്കെതിരെയുള്ള കുത്തിവയ്പ് മറ്റു പ്രതിരോധ കുത്തി വയ്പുകൾ വിജ്ഞാന വ്യാപനം എന്നിവ നടത്തിവരുന്നു.

സ്വന്തമായ കെട്ടിടം ആധുനിക സൗകര്യങ്ങളോടു കൂടി പഞ്ചായത്തിലെ കർഷകർക്കു പ്രയോജനപ്രദമായ സ്ഥലത്തു മാറ്റി സ്ഥാപിക്കേണ്ടതാണ്. ലബോറട്ടറി ഓപ്പറേഷൻ തിയേറ്റർ, റഫ്രിജറേറ്റർ, സ്റ്റെറിലൈസർ മൈക്രോസ് കോപ്പ്, ഫോൺ, വാഹനം, കർഷക പരിശീലന ഹാൾ എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.



## സബ് സെന്റർ: വാളത്തുംഗൽ

വാളത്തുംഗൽ ബി വാർഡിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. ഒരു ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഉള്ള ഈ സ്ഥാപനത്തിൽ കൃത്രിമ ബീജസങ്കലനം പ്രാഥമിക ചികിത്സ പ്രതിരോധകുത്തി വയ്പ്പുകൾ എന്നിവ ലഭ്യമാണ്.

500 കന്നുകലാലികൾക്ക് ഒരു കൃത്യമ ബീജാദാന കേന്ദ്രം എന്ന നിലയിൽ ഒരു സബ് സെന്റർ കൂടി ഈ പഞ്ചായത്തിൽ സ്ഥാപിക്കാവുന്നതാണ്.

## കഴിഞ്ഞ പഞ്ചവത്സര പദ്ധതിക്കാലത്തു നടപ്പിലാക്കിയ സ്കീമുകൾ

1. കന്നുകുട്ടി പരിപാലനം, വാളത്തുഗൽ ക്ഷീരോത്പ്പാദന സഹകരണ സംഘങ്ങളിലൂടെ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കിയിരുന്നു.

2. സബ് സിഡിയോടുകൂടി കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തു.

3. ഐ എച്ച് ഡി പി കോളനികളിൽ കോഴി, ആട്, കിടാരി എന്നിവ സൗജന്യമായി വിതരണം ചെയ്തു.

## അവലോകനം

കഴിഞ്ഞ പഞ്ചവത്സര പദ്ധതിയിലൂടെ ഉണ്ടായ പ്രയോജനങ്ങൾ വളരെ കുറച്ചു കർഷകർക്കുമാത്രമേ ലഭിച്ചിട്ടുള്ളൂ. ഒരു മൃഗാശുപത്രി ഇല്ലാതിരുന്നതിനാലും അനുവദിക്കപ്പെട്ട മൃഗാശുപത്രി തുടങ്ങുന്നതിനുണ്ടായ താമസവും ഇതിന് കാരണങ്ങളാണ്.

## പാൽ ഉത്പ്പാദന രംഗം

പാൽ ഉത്പ്പാദനം ദിനം പ്രതി 6000 ലിറ്റർ. ഒരു വർഷത്തിൽ ഉത്പ്പാദിപ്പിക്കപ്പെടുന്ന പാലിന്റെ മൂല്യം 19 കോടി രൂപ പാൽ വിപണനത്തിന്.

പാൽ വിപണനത്തിന് വാളത്തുംഗലിൽ പ്രവർത്തിക്കുന്ന ഒരു സഹകരണ സംഘം ദിനംപ്രതി 300 ലിറ്റർ പാൽ കൈകാര്യം ചെയ്യുന്നു. ബാക്കിയുള്ള പാൽ വീടുകളിൽ നിന്നും വീടുകളിലേക്കും നഗരത്തിൽ സൈക്കിളിൽ കൊണ്ടു പോയി വിപണനം നടത്തുകയും ചെയ്യുന്നു. കാലിത്തീറ്റയുടേയും കച്ചി, പുൽ എന്നിവയുടേയും വിലക്കയറ്റം പശുവിനുണ്ടാകുന്ന അകിടുവീക്കം തന്മൂലമുണ്ടാകുന്ന ഉത്പ്പാദന നഷ്ടം ചികിത്സാ ചിലവ് എന്നിവയാണ്. ഇപ്പോഴത്തെ പ്രശ്നങ്ങൾ.

ഈ രംഗത്ത് വികസനത്തിന്റെ ആവശ്യങ്ങൾ

1. മൂന്നു വാർഡുകൾക്കു ഒരു പാൽ വിപണന സഹകരണസംഘം, സംഘങ്ങൾ വഴി കാലിത്തീറ്റ, ധാതുവിഹിതം, മീനെണ്ണ തുടങ്ങിയവ ന്യായമായ വിലക്ക് ലഭ്യമാക്കുക. ഏറ്റവും കൂടുതൽ പാൽ സൊസൈറ്റിയിൽ കൊടുക്കുന്ന കർഷകന് അനുയോജ്യമായ അംഗീകാരവും ന്യായമായ വില പാലിന് ലഭ്യമാക്കുകയും ചെയ്യുക. സംഘാംഗങ്ങൾക്ക് മാസ്റ്റർ പോളിസിയുടെ സൗജന്യ നിരക്കിൽ ഇൻഷ്വറൻസ് കന്നുകുട്ടി പരിപാലന പരിപാടിയുടെ പ്രയോജനം എല്ലാ അംഗങ്ങൾക്കും ലഭ്യമാക്കുക. എല്ലാ കന്നുകുട്ടികളുടേയും ജനന നിരക്ക് രജിസ്റ്റർ ചെയ്യുക. അപ്രകാരം രജിസ്റ്റർ ചെയ്ത കുട്ടികൾക്ക് വിരയിളക്കാനുള്ള മരുന്ന്, മീനെണ്ണ, ധാതുവിഹിതം എന്നിവ സബ് സിഡിയോടുകൂടി നൽകി 18 മാസത്തിൽ തന്നെ ചന പിടിക്കാൻ പ്രാപ്തമാകുന്ന പദ്ധതി കണ്ടെത്തണം. എലൈറ്റ് പശു (10 ലിറ്ററിൽ കൂടുതൽ ഉത്പാദനം ഉള്ളവ) ക്കളെ പ്രീമിയം ബുൾസെമൻ ഉപയോഗിച്ച് ക്രിത്രിമ ബീജ സങ്കലനം വഴി ഉത്പാദന ക്ഷമത കൂടിയ പശുക്കളെ ഉത്പാദിപ്പിക്കണം. സഹകരണ അടിസ്ഥാനത്തിൽ മിനി ഡയറി പ്ലാന്റ് (രണ്ട് പശുക്കൾ വീതം ഉള്ള യൂണിറ്റ്) തുടങ്ങുന്നതിന് സാമ്പത്തിക സഹായം ചെയ്യുക. ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് ഒരു വാർഡിൽ 10 വീതം എരുമ വളർത്തൽ പ്രോത്സാഹിപ്പിക്കുക. പഞ്ചായത്തിൽ ഓരോ വർഷവും 5 എരുമ വളർത്തൽ യൂണിറ്റുകൾ തുടങ്ങുന്നതിനു വേണ്ട പദ്ധതി, പാൽ ഉത്പാദനത്തിനായി ആട് വളർത്തൽ പ്രോത്സാഹിപ്പിക്കുക, 3 ആടുകൾ വീതമുള്ള യൂണിറ്റുകൾ എല്ലാ വാർഡുകളിലും സ്ഥാപിക്കുക.

## മാംസം ഉത്പാദനം– ഇന്നത്തെ സ്ഥിതി

നല്ല ശതമാനം ജനങ്ങളും മത്സ്യം,മാംസ്യം എന്നിവ കഴിക്കുന്നവരാണ്. മാട്, ആട്, കോഴി എന്നിവയുടെ ഇറച്ചികൾക്ക് വളരെ ആവശ്യക്കാരുള്ള പഞ്ചായത്താണ്. ഏകദേശം 20 മാടിനെയും 8 ആടിനെയും ദിനംപ്രതി അറുക്കുന്നുണ്ടെന്ന് കണക്കാക്കിയാൽ 6 ലക്ഷം രൂപയുടെ ഇറച്ചി ഒരു വർഷത്തിൽ ചിലവാകുന്നുണ്ട്. ഇതിൽ 90 ശതമാനം കന്നുകാലികളും അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്നവയാണ്. ഇത്രയും ഇറച്ചിക്കാവശ്യമായ് കന്നുകാലികളെ നമ്മുടെ പഞ്ചായത്തിൽ ഉത്പാദിപ്പിക്കുവാൻ പദ്ധതി ഉണ്ടാകണം.

1. മൂരിക്കുട്ടന്മാർക്ക് സബ് സിഡിയോടുകൂടി തീറ്റ വിതരണം

2. മാംസം കൂടുതൽ ഉല്പാദിപ്പിക്കുന്നതിന് വിദേശ ഇനം കന്നുകാലികളെ വളർത്തുന്ന പദ്ധതി.

3. ഇറച്ചിക്ക് വേണ്ടി ആടു വളർത്തൽ പ്രോത്സാഹിപ്പിക്കുക.



4. ശാസ്ത്രീയമായ അറവുശാല ഏതൊരു പഞ്ചായത്തിനും അത്യാന്താപേക്ഷിതമാണ്. മൃഗത്തിൽ നിന്നും മനുഷ്യരിലേക്ക് വ്യാപിക്കുന്ന രോഗങ്ങൾ, ഭക്ഷ്യവിഷബാധ എന്നിവ ഒഴിവാക്കുന്നതിന് പൊതുജനാരോഗ്യ കാഴ്ചപ്പാടിൽ അറവ് ശാലകളും അറവ് രീതികളും ശാസ്ത്രീയമാകണം.

5. അറവു ശാലയിൽ വച്ചു തന്നെ എല്ലാ മൃഗങ്ങളേയും അറക്കുന്നതിന് മുമ്പും പിമ്പുമുള്ള വെറ്റിനറി പരിശോധന നടത്തുക.

6. ഇറച്ചി വിൽപ്പന ശാലകളിൽ ശുചിത്വം ഉറപ്പാക്കുക.

7. ഇറച്ചി കേട് കൂടാതെ സൂക്ഷിക്കുന്നതിന് ആവശ്യമായ സംവിധാനങ്ങൾ വിൽപ്പന ശാലകളിൽ ഉൾപ്പെടുത്തുക. 8. ഈരംഗത്ത് കൂടുതൽ വിജ്ഞാന വ്യാപനം നടത്തണം.

a) ആടുവളത്തൽ (b) പന്നിവളർത്തൽ (C) പോത്തിൻകുട്ടി-കാള പരിപാലനം, (d) മുയൽ, ടർക്കി, താറാവ് വളർത്തൽ എന്നിവയുടെ പ്രോത്സാഹനം, അറവുശാലയിൽ നിന്ന് പാഴായി പോകുന്ന വസ്തുക്കളെ പുനരുപയോഗിച്ച് വിലപിടിപ്പുള്ള ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന പദ്ധതി.

## കാലിത്തീറ്റ ഉത്പ്പാദനം

1. ഇപ്പോൾ ലഭിക്കുന്ന കാലിത്തീറ്റയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള ലാബ് സൗകര്യങ്ങൾ ബ്ലോക്ക് തലത്തിൽ ഏർപ്പെടുത്തണം.

2. കാലിത്തീറ്റ മിശ്രിത യൂണിറ്റുകൾ ബ്ലോക്ക് തലത്തിൽ ഉണ്ടാകണം.

3. കൂട്ടായ്മയിലൂടെ തീറ്റപ്പുൽ കൃഷി ചെയ്യണം.

## ബ്രോയിലർ

ബ്രോയിലർ ഫാമുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. അവയ്ക്ക് ആവശ്യമായ സഹായങ്ങൾ ഏർപ്പെടുത്തണം. കൂടാതെ ബ്രോയ്‌ലർ കർഷകർക്ക് സഹകരണ സംഘങ്ങൾ വഴി ന്യായമായ വില ഉറപ്പ് വരുത്തണം.

## വിപണന സൗകര്യങ്ങൾ

ഇൻഷ്വറൻസ് സൗകര്യങ്ങൾ വർദ്ധിപ്പിക്കുക. ഇറച്ചിക്കോഴി കർഷകരുടെ സഹകരണ സംഘംവഴി വിപണനം നടത്തുക.

1. മുട്ടയുടെ ഉത്പ്പാദനം

ഇപ്പോഴുള്ള കണക്കുകൾ കൂടുതൽ മുട്ട ഉത്പാദനത്തിന് സാധ്യതകൾ തെളിയിക്കുന്നു. 5 കോഴി വീതം ഉള്ള യൂണിറ്റുകളും കോഴിക്കൂടും എല്ലാ വാർഡിലും നൽകണം. പ്രത്യേകിച്ച് ഏറെ സാധ്യതയുള്ള കയ്യാലയ്ക്കൽ, തീരദേശ വാർഡുകളായ തെക്കുംഭാഗം,വടക്കും ഭാഗം എന്നിവിടങ്ങളിൽ മുൻഗണന നൽകണം.

കോഴികൾക്കു വാക്സിനേഷൻ സൗകര്യങ്ങൾ: മൂന്ന് മാസത്തിലൊരിക്കൽ വാക്സിനേഷൻ ക്യാമ്പുകൾ വാർഡ് അടിസ്ഥാനത്തിൽ സംഘടിപ്പിക്കണം.

## ജൈവവളം

പാഴായി പോകുന്ന ചാണകം കോഴിക്കാഷ്ഠം എന്നിവ സംഭരിച്ച് ജൈവവള സമ്പത്ത് കൂട്ടുകയും കൃത്രിമ വളങ്ങളുടെ ഉപയോഗം കുറയ്ക്കുകയും ചെയ്യാം. വളക്കുഴി നിർമ്മിക്കാൻ സാധ്യതയുള്ള എല്ലാ വീട്ടിലും വളക്കുഴി നിർമ്മിക്കണം.

ഊർജ്ജം: ആവശ്യം ഉള്ളിടത്ത് ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കണം.

മൃഗശക്തി: വണ്ടിക്കാളകളുടെ ഉപയോഗത്തിന് വണ്ടിയും കാളയും പ്രോത്സാഹിപ്പിക്കുന്ന പദ്ധതി.

## കർഷക പരിശീലന പരിപാടികൾ

ഒരു സ്ഥിര സംവിധാനമാക്കുന്നതിനുള്ള പരിപാടികൾ

1. വന്ധ്യതാ നിവാരണം, ഇപ്പോൾ നടപ്പിലാക്കി വരുന്ന ഗോ രക്ഷാ ക്യാമ്പുകൾ എന്നിവ വിപുലമായി നടത്തുക.

2. പേ വിഷബാധ നിർമ്മാർജ്ജനം. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കൽ, വളർത്തു നായ്ക്കൾക്ക് പ്രതിരോധ കുത്തിവയ്പ്പ്, നായ്ക്കളെ വളർത്തുന്നതിന് ലൈസൻസ് എന്നിവ നിർബ്ബന്ധമാക്കുക. കുത്തിവയ്പ്പിനുള്ള വാക്സിൻ സബ് സിഡിയോടുകൂടി വിതരണം ചെയ്യണം.

## ഇൻഷ്വറൻസ്

കന്നുകാലി കർഷകർക്ക് ഇൻഷ്വറൻസ് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതിന് പഞ്ചായത്ത് ഇൻഷ്വറൻസ് കമ്പനികളുമായി മാസ്റ്റർ പോളിസി ഏർപ്പെടുത്തുക. ഇൻഷ്വറൻസ് പദ്ധതിയുടെ പ്രയോജനം രോഗബാധ മൂലം ഉല്പാദനം നഷ്ടപ്പെട്ട പശുക്കൾക്കും ലഭിക്കുന്നതിനുള്ള പദ്ധതി.

## നിർദ്ദേശങ്ങൾ

1. മൃഗാശുപത്രി കെട്ടിടം മാറ്റി സ്ഥാപിക്കൽ. സ്വന്തമായ കെട്ടിടം, ആധുനിക സൗകര്യങ്ങൾ, വാഹനം, ഫോൺ എന്നിവ ഏർപ്പെടുത്തുക.

2. പാൽ ഉത്പാദനം കൂട്ടുന്നതിന് എലീറ്റ് പശുക്കളെ പ്രീമിയം ബുൾസെമൻ ഉപയോഗിച്ച് കുത്തിവയ്പ്പ്.



3. പാൽ ഉത്പാദനവും വിതരണവും കൂട്ടുന്നതിന് 3 വാർഡുകൾക്ക് ഒരു സൊസൈറ്റി എന്ന നിരക്കിൽ സ്ഥാപിക്കേണ്ടതാണ്.

4. മാംസ ഉത്പാദനത്തിന്– മൂരികുട്ടന്മാരെ വളർത്തുന്ന പദ്ധതി, ശാസ്ത്രീയമായ അറവ് ശാല നിർമ്മാണം, കൃത്യമായ മാംസപരിശോധന.

5. കാലത്തീറ്റ ഉത്പാദനം– മിശ്രിത യൂണിറ്റുകൾ അനിവാര്യം.

6. ബ്രോയിലർ കർഷകർക്ക് സഹായങ്ങൾ.

7. മുട്ട ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് വീട്ടു വളപ്പിലെ കോഴിവളർത്തലിനെ പ്രോത്സാഹിപ്പിക്കണം.

8. ജൈവ വളം കൂടുതൽ ഉപയോഗിക്കുവാൻ വേണ്ട സഹായങ്ങൾ ചെയ്യണം.

9. ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം.

10. കർഷക പരിശീലന പദ്ധതികൾ.

11. വന്ധ്യതാ നിർമ്മാർജ്ജനത്തിനായി ക്യാമ്പുകൾ യഥാസമയത്ത് നടത്തുക.

12. പേവിഷ നിർമ്മാർജ്ജനത്തിനായി നായ്ക്കൾക്ക് ലൈസൻസ് ഏർപ്പെടുത്തുക, അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന നായ്ക്കളെ നശിപ്പിക്കുക, സബ്സിഡിയോടുകൂടി പേവിഷത്തിനെതിരായ കുത്തിവയ്പ്പ് ലഭ്യമാക്കുക.

13. കന്നുകാലി ഇൻഷ്വറൻസ് ലഭ്യമാക്കുക.

14. മൃഗസംരക്ഷണ മേഖലയിൽ മികവ് കാട്ടുന്ന കർഷകർക്ക് അംഗീകാരം.

# മത്സ്യബന്ധനം

ഇരവിപുരം പഞ്ചായത്തിൽ അറബിക്കടലിനോട് ചേർന്നുകിടക്കുന്ന വടക്കുംഭാഗം, തെക്കുംഭാഗം 'എ', 'ബി' എന്നീ വാർഡുകളാണ് മത്സ്യമേഖല. തെക്കുംഭാഗം 'എ', 'ബി' വാർഡുകളേയും തെക്കേവിള 'സി', 'ഡി', വടക്കുംഭാഗം എന്നീ വാർഡുകളെയും പരസ്പരം വേർതിരിച്ചുകൊണ്ട് കൊല്ലംതോട് കടന്നുപോകുന്നു. അഷ്ടമുടി കായലിൽ നിന്നാരംഭിക്കുന്ന കൊല്ലംതോട് മുണ്ടയ്ക്കൽ കച്ചിക്കടവിൽ വച്ചാണ് ഇരവിപുരം അതിർത്തിയിലേക്ക് കടക്കുന്നത്. ഈ തോട് മയ്യനാട് പഞ്ചായത്തിന്റെ അതിർത്തിയിൽ വച്ചാണ് പരവൂർ കായലിൽ ലയിക്കുന്നത്. കൊല്ലംതോട് ലയിച്ചുചേരുന്ന വിളക്കുമരം ജംഗ്ഷനിൽ നിന്ന് കാരിക്കുഴി ഏലായിലേക്ക് ഓരു ജലം കയറുന്ന പ്രവണത നിലവിലുണ്ട്.

നമ്മുടെ ഗ്രാമത്തിന്റെ സമുദ്രമേഖല 4.515 കി. മീറ്റർ ആണ്. കൊല്ലംതോടിന്റെ ദൈർഘ്യം 4.0 കി. മീറ്റർ ആണ്.

ഇതിനൊക്കെ ഉപരിയായി അറബിക്കടലിനെയും കൊല്ലം തോടിനെയും വേർതിരിച്ചുകൊണ്ട് തെക്കുംഭാഗം എ,ബി വാർഡുകളുടെ സീമന്തരേഖയിലൂടെ തീരദേശ റോഡ് മയ്യനാട് ഗ്രാമത്തിലേക്ക് കടന്നുപോകുന്നു. ചരിത്രത്തിന്റെയും കാലത്തിന്റെ ഒരു വഴികാട്ടിയെന്നപോലെ പോർച്ചുഗീസുകാർ സ്ഥാപിച്ച 'ദിശാഗോപുരം' തെക്കുംഭാഗം ബി വാർഡിന്റെ മധ്യത്തായി തങ്കശ്ശേരി ലൈറ്റ് ഹൗസിനു സമാന്തരമായി കടൽയാത്രക്കാർക്കും തൊഴിലാളികൾക്കും വഴി കാട്ടിയായി അവിടെ സ്ഥിതിചെയ്യുന്നു.

1684 ൽ പോർച്ചുഗീസുകാർ സ്ഥാപിച്ച സെന്റ് ജോൺസ് ചർച്ച് കടലിനഭിമുഖമായി ഇവിടെ കാലത്തെ അതിജീവിച്ച് നിലകൊള്ളുന്നു. നിർമ്മാണത്തിലിരിക്കുന്ന തങ്കശ്ശേരി ബ്രേക്ക് വാട്ടർ പദ്ധതി പ്രദേശത്തേക്ക് ഇവിടെനിന്നും 5 കി.മീറ്റർ ദൂരമേയുള്ളു.

ഇരവിപുരം ഗ്രാമത്തിലെ മത്സ്യമേഖലയിൽ പരമ്പരാഗത മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന 1500 പേരും യന്ത്രവത്കൃത മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന 96 പേരുമാണ് ഉള്ളത്. കട്ടമരവും കമ്പാവലയുമാണ് പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഇന്നും മത്സ്യബന്ധനത്തിനായി ഉപയോഗിക്കുന്നത്. തലയിൽ ചുമന്നും, സൈക്കിളിൽ ഇതര പ്രദേശത്തും മത്സ്യം കൊണ്ടുപോയി വിൽപ്പന നടത്തുന്ന 200 ലധികം പേർ ഈ മേഖലയിൽ ഉണ്ട്. ശക്തികുളങ്ങര, നീണ്ടകര പ്രദേശങ്ങളിൽ പോയി യന്ത്രവത്കൃത മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവരും വലനിർമ്മാണത്തിനു പോകുന്നവരുമായി 800 പേരുണ്ട്.

ഈ പ്രദേശത്തെ സ്ത്രീകളുടെ പരമ്പരാഗതമായ കൈത്തൊഴിൽ വല നിർമ്മാണവും റന്തേ നിർമ്മാണവും ആയിരുന്നു. എന്നാൽ മിഷ്യൻ നിർമ്മിത വലകളുടെ വരവോടെ ഈ തൊഴിലുകൾക്ക് മാന്ദ്യം സംഭവിച്ചു.

കാലാവസ്ഥയോ കടലോ ചതിച്ചാൽ പരമ്പരാഗത മത്സ്യത്തൊഴിലാളി കുടുംബം നിത്യപട്ടിണിയിലേക്കും അതിന്റെ ഫലമായുണ്ടാകുന്ന നിരവധി ദുരന്തങ്ങളിലേക്കും എടുത്തെറിയപ്പെടുന്ന കാഴ്ച സർവ്വസാധാരണമാണ്. പഞ്ചായത്തിൽ പണിയെടുക്കുന്ന 2696 പേരിൽ 1591 പേരെ മാത്രമേ ക്ഷേമനിധിയിൽ അംഗങ്ങളായി അംഗീകരിച്ചിട്ടുള്ളു. വല നിർമ്മാണമടക്കം മറ്റ് അനുബന്ധ തൊഴിലാളികളെ കൂടി ഉൾപ്പെടുത്തണം.

മത്സ്യമേഖലയിലെ തൊഴിലാളികളുടെ എണ്ണവും ഓരോ മാസങ്ങളിലും ലഭിക്കുന്ന മത്സ്യങ്ങളുടെ ഇനവും ലഭ്യമാകുന്ന മത്സ്യത്തിന്റെ ഇനം തിരിച്ചുള്ള കണക്കും പട്ടിക 1, 2, 3 എന്ന ക്രമത്തിൽ ചു



വടെ ചേർക്കുന്നു.

## നിർദ്ദേശങ്ങളും പരിഹാരങ്ങളും

പരമ്പരാഗത മത്സ്യതൊഴിലാളികളെ സഹായിക്കാനും ഉൾക്കടലിലെ മത്സ്യസമ്പത്ത് ചൂഷണം ചെയ്യുന്നതിനും വേണ്ടി 'ഔട്ട് ബോർഡ് എൻജിൻ' ഘടിപ്പിച്ച വള്ളങ്ങൾ ഈ പ്രദേശത്തെ കടലിൽ ഇറക്കേണ്ടതുണ്ട്.

ഇവിടെ പിടിക്കുന്നതും ഇതര പ്രദേശങ്ങളിൽ നിന്ന് കൊണ്ടുവരുന്നതുമായ ചെമ്മീൻ, കണവ, ഞണ്ട് തുടങ്ങിയ മത്സ്യങ്ങൾ കേടുകൂടാതെ സൂക്ഷിച്ച് സംസ്ക്കരണം നടത്തി വിവിധ കമ്പിനികളിൽ എത്തിക്കുന്നതിനുവേണ്ടി കോൾഡ് സ്റ്റോറേജും പീലിംഗ് ഷെഡും ആവശ്യമാണ്. ഇതുവഴി 500 തൊഴിലാളികൾക്ക് തൊഴിൽസാധ്യതയുണ്ടാകുകയും ചെയ്യും. ഇതിനനുബന്ധമായി അച്ചാർ കമ്പിനിയും രൂപകൽപ്പന ചെയ്യേണ്ടതാണ്. ഈ പദ്ധതി നിലവിൽവരുന്നതോടുകൂടി അനുബന്ധ തൊഴിൽ ലഭിക്കാനുള്ള അവസരവും ജനങ്ങൾക്കു കൈവരും.

ജൂൺ, ജൂലൈ തുടങ്ങിയ മൺസൂൺ മാസങ്ങളിൽ ധാരാളം മത്സ്യം ലഭിക്കുന്നുണ്ട്. ആവശ്യത്തിലധകം വരുന്ന ഈ മത്സ്യം ഉണക്കി സംസ്കരിക്കുന്നതിനും 'വല്ലാർ പാടത്ത്' സ്ഥാപിച്ചിട്ടുള്ളതുപോലെ മത്സ്യ ഉണക്കുയന്ത്രം സ്ഥാപിക്കണം.

ചെറിയ ഇനം മത്സ്യങ്ങളെ തരംതിരിച്ച് ഉണക്കി സംസ്ക്കരിച്ച് വിപണിയിലെത്തിക്കുന്നതിന് വേണ്ട സംസ്ക്കരണശാലകൾ സ്ഥാപിക്കണം. മുകളിൽ ചൂണ്ടിക്കാണിച്ച പദ്ധതികളിൽ കൂടി 200 ലധികം സ്ത്രീകൾക്കും പുരുഷൻമാർക്കും തൊഴിൽലഭിക്കാൻ സാധ്യതയുണ്ടാകും. ഇവിടെ ഇത്തരത്തിൽ മത്സ്യബന്ധന സംസ്ക്കരണ വിപണകേന്ദ്രം വരുകയാണെങ്കിൽ കേരളത്തിൽ ആകമാനവും തൂത്തുക്കുടി, കന്യാകുമാരി പോലെ കേരളത്തിനു പുറത്തുമുള്ള ഇതരസംസ്ഥാനങ്ങളിലേക്ക് മത്സ്യം വിറ്റഴിക്കാൻ കഴിയും. മത്സ്യം കൊണ്ടുള്ള അച്ചാറുകളും ചമ്മന്തികളും ഇതര ഉത്പന്നങ്ങളും ഉത്പാദിപ്പിക്കുവാനും വ്യാവസായിക സാധ്യത വിപുലീകരിക്കുവാനും കഴിയും.

ഓരുജല മത്സ്യകൃഷി

വടക്കുംഭാഗം വാർഡിന്റെ കിഴക്കുഭാഗത്തായി റവന്യൂരേഖ, ബി.എഫ്.എഫ്.ഡി.എ സർവ്വേരേഖ എന്നിവ പ്രകാരം 20 ഏക്കർ സ്ഥലം ഓരുജല മത്സ്യകൃഷിക്ക് (ചെമ്മീൻ) അനുയോജ്യമായി കണ്ടെത്തിയിരിക്കുന്നു. ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങളുംകൂടി പരിഗണിച്ചാൽ ഏറ്റവും കുറഞ്ഞത് 8 യൂണിറ്റുകൾ ഓരുജല മത്സ്യകൃഷി രംഗത്ത് ഇരവിപുരം പഞ്ചായത്തിൽ ലാഭകരമായി നടപ്പിലാക്കാൻ പറ്റും. ഇതിന് ഓരുജല മത്സ്യ വികസന ഏജൻസികളുടെ സാങ്കേതിക നേതൃത്വം കൂടിയുണ്ടെങ്കിൽ വിജയമാകും.

ശുദ്ധജല മത്സ്യകൃഷി

വാളത്തുംഗൽ എ,ബി,സി, തെക്കേവിള സി, വടക്കുംഭാഗം എന്നീ വാർഡുകളിൽ നിലവിലുള്ള കുളങ്ങൾ പുനരുദ്ധരിപ്പിച്ചും ചതുപ്പുനിലങ്ങൾ കുളങ്ങളാക്കിയും കുറഞ്ഞത് 10 യൂണിറ്റെങ്കിലും ശുദ്ധജല മത്സ്യകൃഷിയ്ക്ക് രൂപം കൊടുക്കാവുന്നതാണ്. ഇതിനെ ഫിഷറീസ് വകുപ്പ് എസ്.എഫ്.എഫ്.ഡി.എ യുമായി ബന്ധപ്പെട്ട് സ്കീമുകൾ ഉണ്ടാക്കേണ്ടുന്നതാണ്.

### പട്ടിക 1
### മത്സ്യമേഖലയിലെ തൊഴിലാളികൾ

| പ്രവർത്തന മേഖല | തൊഴിലാളികളുടെ എണ്ണം | |
|---|---|---|
| | സ്ത്രീ | പുരുഷൻ |
| 1 കടൽ മത്സ്യ ബന്ധനം | – | 1559 |
| 2. കായൽ മത്സ്യബന്ധനം | – | 25 |
| 3. വല നിർമ്മാണം | | |
| മത്സ്യ സംസ്കരണം | 150 | 650 |
| 4. മത്സ്യ വിപണനം | 98 | 114 |
| ആകെ | 248 | 2348 |

പട്ടിക 2

ഓരോ കാലത്തും കിട്ടുന്ന മത്സ്യങ്ങളുടെ ഇനം

| മാസം | ഇനം |
|---|---|
| ജൂൺ, ജൂലൈ | പരവ, കോര, ഉറ്റാൽ |
| ആഗസ്ത്, സെപ്റ്റം. | താട, വെള്ളാക്കണ്ണി, |
| ഒക്ടോ. നവം. ഡിസം. | നെത്തോലി, ചൂര, നെയ്മീൻ, വേളാവ്, കീരിമീൻ ചാള |
| ജനു. ഫെബ്രു. മാർച്ച്. | മണൽക്കൊഞ്ച്, കളിമീൻ. |
| ഏപ്രിൽ, മെയ് | നന്തൽ, മുരൽ, ഞണ്ട് ചാള,, അയല |

### പട്ടിക 4
### കായൽ മത്സ്യങ്ങൾ

1) കണമ്പ 2) കരിമീൻ 3) കുയ്യാവാലി 4) ഞണ്ട് 5) പ്രാച്ചി 6) ഒറന്ത 7) കക്ക 8) കൊഞ്ച



## പട്ടിക –3

## ലഭ്യമായ മത്സ്യത്തിന്റെ ഇനം തിരിച്ച കണക്ക്

| ഇനം | അളവ് ടൺ | പച്ചക്ക് ഭക്ഷണത്തിന് | കയറ്റുമതിക്ക് | ഉണക്ക് ടൺ |
|---|---|---|---|---|
| 1. പരവ | 16 | 9 | ഇല്ല | 7 |
| 2. കോര | 12 | 8 | – | 4 |
| 3. ഉറ്റാൽ | 8 | 7 | – | 1 |
| 4. വെള്ളാക്കണ്ണി | 11 | 11 | – | ഇല്ല |
| 5. താട | 10 | 8 | – | 2 |
| 6. കാരൽ | 10 | 5 | 5 | 5 |
| 7. നെത്തോലി | 36 | 6 | 30 | 30 |
| 8. ചൂര | 18 | 15 | 3 | 3 |
| 9. നെയ്യ്മീൻ | 10 | 10 | – | – |
| 10. വേളാവ് | 6 | 6 | – | – |
| 11. കരിമീൻ ചാള | 5 | 5 | – | – |
| 12. കൊഞ്ച് | 22 | 1 | 21 | – |
| 13. കളിമീൻ | 1 | 1 | – | – |
| 14. നന്ദൽ | 1.5 | 0.5 | 1 | 1 |
| 15. മുരൽ | 1.75 | 1.75 | – | – |
| 16. ഞണ്ട് | 4.25 | 1.25 | 3 | – |
| 17. അയല | 20.5 | 15 | – | 5.5 |
| 18. ചാള | 15 | 5 | 10 | – |
| 19. വാള | 5 | 2 | 3 | – |
| 20. കണവ | 6.75 | 0.75 | 6 | – |
| 21. വങ്കട | 2.25 | 2.25 | – | – |
| 22. പാര | 9 | 7 | – | 2 |
| 23. കോക്കോല | 4.5 | 2 | – | 2.5 |
| 24. കൊഴിചാള | 10.5 | 8 | – | 2.5 |
| 25. മത്തിച്ചാള | 7 | 5 | – | 2 |
| 26. ചീലാവ് | 1.5 | 0.5 | – | 1 |
| 27. തിരണ്ടി | 2.5 | 0.5 | – | 2 |
| 28. സ്രാവ് | 2 | 1 | – | 1 |
| 29. ഉലുവാച്ചി | 4 | 0.5 | – | 3.5 |
| 30. ആവോലി | 3 | 3 | – | – |
| ആകെ | 266 | 148 | 82 | 75 |





# അഞ്ച് – മൂന്ന്

# വിദ്യാഭ്യാസം

## ചരിത്രം

കഴിഞ്ഞ നൂറ്റാണ്ടിന്റെ അന്ത്യത്തിൽ ഇരവിപുരത്ത് പുത്തൻവീട്ടിൽ സായിപ്പിസന്റെ ബംഗ്ലാവിനോടു ചേർന്ന് അദ്ദേഹത്തിന്റെ മുൻകൈയോടെ ഒരു പ്രാഥമിക വിദ്യാലയത്തിനു തുടക്കംകുറിച്ചു. കൊല്ലം തോടിന് തെക്കും ഇരവിപുരം കൊച്ചുപള്ളിക്ക് കിഴക്കുമായിട്ടായിരുന്നു ഈ സ്ഥാപനം. ഈ വിദ്യാലയം പിൽക്കാലത്ത് കൃസ്ത്യൻ മാനേജ്മെന്റിന്റെ നിയന്ത്രണത്തിലുള്ള എസ്.എച്ച്.എൽ.പി സ്കൂളായി മാറി. വാളത്തുംഗൽ ജംഗ്ഷന് തൊട്ടുപടിഞ്ഞാറ് പറങ്കിമാവിൻ കാടുകളുടെ മദ്ധ്യത്തായി സർക്കാർ ഉടമയിൽ മറ്റൊരു പ്രാഥമിക വിദ്യാലയം പിന്നീട് ആരംഭിച്ചു. ഈ വിദ്യാലയത്തെ അന്ന് എം.എം. സ്കൂൾ (മലയാളം മിഡിൽ സ്കൂൾ) എന്നാണ് വിളിച്ചുവന്നത്. ഈ സ്കൂൾ 1954 ൽ വാളത്തുംഗൽ ഗവ. ഹൈസ്ക്കൂളായി ഉയർന്നു. ഇതിനുശേഷം സ്ഥാപിതപായ പള്ളിക്കൂടമാണ് പുത്തൻനടയിൽ സ്ഥിതിചെയ്യുന്ന കൊല്ലൂർവിള എൽ.പി.ബി.എസ്. പിൽക്കാലത്ത് കൊല്ലൂർവിള എൽ.പി.ജി.എസും താന്നിയിലെ സി.വി.എം.എൽ.പി.എസും ഭരണിക്കാവ് പി.കെ.പി.എം എൻ.എസ്.എസ് യുപി എസും തട്ടാമല എൽപിഎസും നമ്മുടെ വിദ്യാഭ്യാസ ഭൂപടത്തിൽ സ്ഥാനംപിടിച്ചു. തുടർന്ന് വാളത്തുംഗൽ ഗേൾസ് ഹൈസ്ക്കൂളും തട്ടാമല ഹൈസ്ക്കൂളും നിലവിൽ വന്നു.

ഇന്നീ ഗ്രാമത്തിൽ സെക്കന്ററി തലംവരെയുള്ള വിദ്യാഭ്യാസത്തിന് ആവശ്യമായ എല്ലാ ഭൗതിക സാഹചര്യങ്ങളും നിലവിലുണ്ട്. സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ താന്നിയിൽ ഒരു ഡേ കെയർ നഴ്സറി സ്കൂളും ഉണ്ട്. 15 അൺ എയിഡഡ് വിദ്യാലയങ്ങൾ സമാന്തര വിദ്യാഭ്യാസത്തിന്റെ ഭാഗമെന്നോണം രൂപംകൊണ്ടിരിക്കുന്നു.

തൊഴിലധിഷ്ഠിത വിദ്യാഭ്യാസരംഗത്ത് സ്വകാര്യ മേഖലയിൽ മാലിക് ദിനാർ ഐ.റ്റി.സി യും ഇരവിപുരം സി.എസ്.എസ്. ഐ.റ്റി.സി യും നിലവിലുണ്ട്.

### എച്ച്.എസ്.എസ് വാളത്തുംഗൽ

ഈ ഗ്രാമത്തിലെ ആദ്യഹൈസ്ക്കൂളായ വാളത്തുംഗൽ ഗവൺമെന്റ് ഹൈസ്ക്കൂൾ 1990 ൽ ഹൈയർ സെക്കൻണ്ടറി സ്കൂളായി മാറി. കഴിഞ്ഞ നൂറ്റാണ്ടിന്റെ അന്ത്യത്തിൽ എം.എം. സ്കൂൾ എന്ന പേരിൽ ആരംഭിച്ച പള്ളിക്കൂടത്തിന്റെ ഉയർച്ചയാണിത്.

കൊല്ലം, മയ്യനാട്, പരവൂർ, കോട്ടപ്പുറം എന്നീ സ്ഥലങ്ങളിലേക്ക് കാൽനടയായി പോയി വിദ്യ അഭ്യസിക്കേണ്ടിവന്ന കാലമായിരുന്നു അത്. നവോത്ഥാന പ്രസ്ഥാനങ്ങൾ സമൂഹത്തിൽ വരുത്തിയ സ്വാധീനവും വിദേശികളുടെ വരവോടെ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനു ലഭിച്ച പ്രചാരവും ഈ സ്കൂൾ ആരംഭിക്കുവാൻ പ്രചോദനമായി. ഇതിനായി മുന്നിട്ടിറങ്ങിയ ചില ഭൂവുടമകളും നാട്ടുകാരും ചേർന്നാണ് ഈ സ്കൂൾ സ്ഥാപിച്ചത്. പറങ്കിമാവിൻ കാടിന്റെ ഒരു ഭാഗം വെട്ടിത്തെളിച്ച് നാട്ടുകാരിൽ നിന്ന് സമാഹരിച്ച സാധനസാമഗ്രികൾ ഉപയോഗിച്ചാണ് സ്കൂൾ പണിതത്. സ്കൂളിന്റെ സ്ഥാപനത്തോടെ വിദ്യാഭ്യാസത്തോടു താൽപ്പര്യം കാട്ടാതിരുന്നവർപോ



ലും കുട്ടികളെ സ്കൂളിലേക്ക് അയക്കാൻ സന്നദ്ധരായി. തുടർന്ന് ഉന്നത വിദ്യാഭ്യാസത്തിലേക്ക് എത്തുക എന്ന ചിന്ത നാട്ടുകാരിൽ നാമ്പിട്ടു. നാമമാത്രമായെങ്കിലും ചിലർ സർക്കാർ ഉദ്യോഗങ്ങളിലേക്ക് എത്തിച്ചേരാൻ ഇടയായി.

സെക്കൻണ്ടറിതല വിദ്യാഭ്യാസത്തിന് വിദൂര സ്ഥലങ്ങളെ ആശ്രയിക്കേണ്ട സ്ഥിതി തുടർന്നും നിലനിന്നു. ഇതാണ് ഒരു ഹൈസ്ക്കൂളിന്റെ ആവശ്യകതയിലേക്ക് ഇരവിപുരത്തുകാരെ ചിന്തിപ്പിക്കാൻ പ്രേരിപ്പിച്ചത്. അമ്പതുകളുടെ ആരംഭത്തിൽ ഈ ചിന്ത ശക്തിപ്പെട്ടു. തൽഫലമായി ഇരവിപുരം സെന്റ് ജോൺസ് യു.പി.എസ്.ഹൈസ്ക്കൂളായി ഉയർത്താനുള്ള തീരുമാനം സർക്കാർ തലത്തിലുണ്ടായി. എന്നാൽ സ്കൂൾ നടത്തിപ്പുകാരായ കന്യാസ്ത്രീകൾ ഹൈസ്ക്കൂൾ തലത്തിൽ ആൺകുട്ടികളെ പഠിപ്പിക്കാൻ വിമുഖതകാട്ടി. പെൺകുട്ടികളെ മാത്രം പഠിപ്പിക്കുന്ന ഹൈസ്ക്കൂളായി ഈ സ്കൂളിനെ ഉയർത്തണമെന്ന് അവർ ആവശ്യപ്പെട്ടു. സർക്കാർ ഈ ആവശ്യം നിരാകരിച്ചു. ഈ പശ്ചാത്തലത്തിലാണ് ഇരവിപുരത്ത് വരാനിരുന്ന ഹൈസ്ക്കൂൾ വാളത്തുംഗൽ എം.എം. സ്കൂളിൽ സ്ഥാപിക്കപ്പെട്ടത്. 1954 ൽ വാളത്തുംഗൽ സ്കൂൾ ഹൈസ്ക്കൂളായി ഉയർന്നു. ആദ്യ ഹെഡ്മാസ്റ്റർ അനന്തപത്മനാഭ അയ്യർ ആയിരുന്നു.

ഗവൺമെന്റ് ഹൈസ്ക്കൂൾ സ്ഥാപിതമായതോടെ ഉമയനല്ലൂർ, തട്ടാമല, മയ്യനാട്, പള്ളിമുക്ക്, ഭരണിക്കാവ്, താന്നി, കാക്കത്തോപ്പ്, ഇരവിപുരം എന്നിവിടങ്ങളിൽ നിന്ന് കുട്ടികൾ പഠനത്തിനായി ഈ സ്കൂളിലേക്ക് വരാൻ തുടങ്ങി. എഴുപതുവരെയുള്ള കാലം ഈ സ്കൂളിന്റെ വളർച്ചയുടെ കാലമായിരുന്നു. പഠനകാര്യത്തിലും കായികകലാരംഗങ്ങളിലും ഉന്നതനിലവാരം പുലർത്താൻ ഈ സ്കൂളിനു കഴിഞ്ഞു. പ്രഗത്ഭമതികളായ നിരവധി അദ്ധ്യാപകരുടെ സേവനം ഇക്കാലത്ത് സ്കൂളിന്റെ ഉയർച്ചയ്ക്ക് സഹായകമായി. 3000 ൽ അധികം കുട്ടികൾ ഇവിടെ പഠിച്ചുവന്നിരുന്നു. പിൽക്കാലത്ത് ജീവിതത്തിന്റെ നാനാരംഗങ്ങളിൽ പ്രഗത്ഭമതികളായി തീർന്ന നിരവധിപേർ ഈ കലാലയത്തിന്റെ സന്തതികളാണ്.

സാമൂഹ്യമാറ്റത്തിനു നിദാനമായ നിരവധി കാര്യങ്ങൾക്കു ഇവിടുത്തെ വിദ്യാർത്ഥികൾ തുടക്കമിട്ടിട്ടുണ്ട്. കേരളത്തെ പിടിച്ചുകുലുക്കിയ ഭക്ഷ്യസമരത്തിലും വിദ്യാർത്ഥികളുടെ ആധിക്യത്തെ തുടർന്ന് പുതിയ ഷെഡ് നിർമ്മിക്കുന്നതിനും പിന്നീട് ഇരുനിലക്കെട്ടിടമായി ഉയർത്തുന്നതിലും കൊല്ലം–മയ്യനാട്ട്രാൻസ്പോർട്ട് ആരംഭിക്കുന്നതിലും വിദ്യാർത്ഥികളുടെ ജനാധിപത്യവേദി ഒരുക്കുന്നതിനും സ്തുത്യർഹമായ പങ്കാണ് ഈ കലാലയത്തിലെ വിദ്യാർത്ഥികൾ വഹിച്ചിട്ടുള്ളത്.

എഴുപതുകൾക്കു ശേഷം പഠന-പഠനേതര കാര്യങ്ങളിൽ പുറകോട്ടടി ആരംഭിച്ചു. അത് ഇന്നും തുടരുകയാണ് വിശദാംശം അനുബന്ധ പട്ടികകളിൽ കാണാം. 3000 ത്തിലധികം കുട്ടികൾ പഠിച്ചിരുന്ന ഈ സ്കൂളിൽ ഇന്നത് 900 മാത്രമാണ്.

പെൺകുട്ടികൾക്കായി പ്രത്യേകം സ്കൂൾ ആരംഭിച്ചതും തട്ടാമലയിൽ ഹൈസ്ക്കൂൾ വന്നതും ഇരവിപുരം സെന്റ് ജോൺസ്സ്കൂൾ ഹൈസ്ക്കൂളാക്കിയതും ഇവിടെ കുട്ടികൾ കുറയാനുള്ള കാരണങ്ങളിൽ ഒന്നാണ്. ഇടത്തരം–മേൽത്തട്ട് വിഭാഗങ്ങളിലെ കുട്ടികൾ പട്ടണപ്രദേശങ്ങളിലെ മെച്ചപ്പെട്ട വിദ്യാലയങ്ങളിലേക്ക് ചേക്കേറിയതും മറ്റൊരു കാരണമാണ്. പഠനത്തിനാവശ്യമായ ഭൗതികസാഹചര്യങ്ങളെല്ലാം ഇവിടെ നിലവിലുണ്ട്. എങ്കിലും നിലവാരത്തകർച്ചയെ അഭിമുഖീകരിക്കുകയാണ്. കഴിഞ്ഞ അഞ്ചുവർഷമായി എസ്.എസ്.എൽ.സി വിജയശതമാനം 25 ശതമാനത്തിൽ താഴെയാണ്. വിശാലമായ കളിസ്ഥലം ഈ സ്കൂളിന്റെ പ്രത്യേകതയാണെങ്കിലും ഇവിടെ ഒരു കായികാദ്ധ്യാപകൻപോലുമില്ല. ഇതിന് അടിയന്തിര പരിഹാരം ഉണ്ടാകേണ്ടതാണ്. ഒഴിവുള്ള അദ്ധ്യാപകരുടെ തസ്തികകളിൽ അതതു വിഷയം പഠിപ്പിക്കുന്ന അദ്ധ്യാപകരെ നിയമിക്കേണ്ടതാണ്. പി.ടി.എ പ്രവർത്തനം മുൻകാലങ്ങളെ അപേക്ഷിച്ച് മെച്ചപ്പെട്ടുവരുന്നുണ്ട്. പി.ടി.എ കാര്യമായി ശ്രദ്ധിച്ചാൽ കൂടുതൽ പുരോഗതി കൈവരിക്കാൻ കഴിയും.

## ഗവൺമെന്റ് ഹൈസ്ക്കൂൾ വാളത്തുംഗൽ (ഗേൾസ്)

ബോയിസ് ഹൈസ്ക്കൂളിൽ നിന്നും വേറിട്ടുവന്ന് രൂപംകൊണ്ടതാണ് വാളത്തുംഗൽ ഗേൾസ് ഹൈസ്ക്കൂൾ. ഭൗതിക സാഹചര്യങ്ങൾ വേണ്ടത്ര നിലവിലില്ല. ക്ലാസ് മുറികളുടെ അഭാവം മൂന്നുനില കെട്ടിടത്തിന്റെ പണിപൂർത്തീകരിക്കുന്നതോടെപരിഹരിക്കപ്പെടും. ആവശ്യത്തിനു ഫർണിച്ചറുകൾ ഇല്ല. പെൺകുട്ടികൾ പഠിക്കുന്ന സ്ഥാപനം എന്ന നിലയിൽ പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കാനുള്ള സൗകര്യങ്ങൾ ഇവിടെ വേണ്ടത്രയില്ല. ചുറ്റുമതിൽ ഭാഗികമായിട്ടേ ഉള്ളു. ഇത് പൂർത്തിയാക്കേണ്ടതുണ്ട്. എസ്.എസ്.എൽ.സി വിജയശതമാനം 40 നു താഴെയായി നിലനിൽക്കുന്നു. പി.ടി.എ.പ്രവർത്തനം മെച്ചപ്പെട്ടതാണ്.

(വിശദാംശങ്ങൾ അനുബന്ധ പട്ടികയിൽ കാണുക)



## വി.എച്ച്.എസ്.എസ് ഇരവിപുരം

### (തട്ടാമല)

നമ്മുടെ ഗ്രാമത്തിലെ ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന വിദ്യാലയമാണിത്. 2100 ൽപ്പരം കുട്ടികൾ ഇവിടെ പഠിക്കുന്നു. പഠനത്തിനാവശ്യമായ ഭൗതികസാഹചര്യങ്ങൾ വേണ്ടത്ര ഇല്ല. ലാബ്റട്ടറി സൗകര്യം തൃപ്തികരമല്ല. കളിസ്ഥലം വേണ്ടത്ര ഇല്ല. ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കേണ്ടതാണ്. എസ്.എസ്.എൽ.സി വിജയശതമാനം 26 ശതമാനത്തിൽ എത്തിനിൽക്കുന്നു. പി.ടി.എ കാര്യക്ഷമമാക്കേണ്ടതുണ്ട്. വിശദാംശങ്ങൾ അനുബന്ധ പട്ടികയിൽ കാണാം.

## സെന്റ് ജോൺസ് എച്ച്.എസ്

കൊല്ലം കത്തോലിക്കാ മാനേജ്മെന്റിന്റെ കീഴിലുള്ളതാണ് ഈ വിദ്യാലയം. 1982 ലാണ് ഇത് ഹൈസ്ക്കൂളായത്. 1700 ഓളം കുട്ടികൾ ഈ സ്കൂളിൽ പഠിക്കുന്നുണ്ട്. സ്ഥലപരിമിതി മൂലം കുട്ടികൾ ക്ലാസിൽ തിങ്ങിനിറഞ്ഞാണ് ഇരിക്കുന്നത്. ചില ക്ലാസുകളിൽ 70 ൽ അധികം കുട്ടികളുണ്ട്. പഠനത്തിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഏറെക്കുറെ തൃപ്തികരമായ നിലയിലുണ്ട്.

വിദ്യാഭ്യാസ ചട്ടം അനുശാസിക്കുന്ന രീതിയിലുള്ള കളിസ്ഥലം പ്രായോഗികതലത്തിൽ ഈ സ്കൂളിൽ ഇല്ല. ഇത് കുട്ടികളുടെ കായിക വികസനത്തിന് വിലങ്ങുതടിയായി നിൽക്കുന്നു. സ്ഥലപരിപിതിയുള്ള സ്കൂൾ ഗ്രൗണ്ടിൽ പുതുതായി അനധികൃത-അംഗീകാരമില്ലാത്ത ഒരു വിദ്യാലയംകൂടി അടുത്തകാലത്ത് പ്രവർത്തനം ആരംഭിച്ചിരിക്കുകയാണ്.

ഹൈസ്ക്കൂളിന്റെയും സ്റ്റാഫ് റൂമിന്റെയും മദ്ധ്യത്തായി 'കോസ്റ്റൽ അർബൻ ബാങ്കി'ന്റെ ബ്രാഞ്ചിനായി പുതിയ കെട്ടിടം നിർമ്മിച്ച് പ്രവർത്തനം ആരംഭിച്ചിരിക്കുകയാണ്. സ്കൂൾ സൗകര്യങ്ങളെ സംബന്ധിച്ച് വിദ്യാഭ്യാസ ചട്ടങ്ങളിൽ അനുശാസിക്കുന്ന നിയമങ്ങൾക്കെതിരാണിത്. ഇതിനെതിരായി ഗ്രാമസഭകളിൽ നിന്നും രൂക്ഷമായ പരാതി ഉണ്ടായിട്ടുണ്ട്. വിദ്യാഭ്യാസ രംഗത്ത് കഴിഞ്ഞകാലങ്ങളിൽ മഹത്തായ സംഭാവനകൾ നൽകിയ പാരമ്പര്യമാണ് ഈ മാനേജ്മെന്റിനുള്ളത്. തങ്ങളുടെ മുൻകാല പാരമ്പര്യങ്ങൾക്കു മങ്ങലേൽപ്പിക്കുന്നതാണ് ഇക്കാലത്ത് സ്വീകരിച്ച സമീപനങ്ങൾ. ലബോറട്ടറി സൗകര്യം വേണ്ടത്ര തൃപ്തികരമല്ല. ഗ്രാമത്തിന്റെ വിവിധ ഭാഗത്തിൽ നിന്നും കുട്ടികൾ ഇവിടെ എത്തുന്നുണ്ട്. മിക്ക ക്ലാസുകളിലും കുട്ടികളുടെ എണ്ണം 70 ന് മേലാണ്. സുഗമമായ പഠനത്തിന് ഇത് സഹായകരമല്ല. പരിഹാരത്തിനായി താഴെപ്പറയുന്ന നിർദ്ദേശം മുന്നോട്ടു വയ്ക്കുന്നു.

1. കുട്ടികളുടെ എണ്ണം ഓരോ ക്ലാസിലും 50 ആയി നിജപ്പെടുത്തണം.

2. എസ്.എച്ച്.എൽ.പി.എസിൽ നിന്നും പ്രമോഷൻ ലഭിച്ചുവരുന്ന മുഴുവൻ കുട്ടികൾക്കും ഇവിടെ മറ്റ് നിബന്ധനകളെന്നും ബാധകമാക്കാതെ അഡ്മിഷൻ കൊടുക്കേണ്ടതാണ്.

3. 50 ൽ കുറവാണ് കുട്ടികളെങ്കിൽ ഒഴിവുള്ള സീറ്റിലേക്ക് ഒരു മത്സര പരീക്ഷ നടത്തി പുറമേ നിന്ന് വരുന്നവരെ എടുക്കാവുന്നതാണ്.

എസ്.എസ്.എൽ.സിവിജയം ആരംഭത്തിൽ 75 ശതമാനത്തിൽ അധികമായിരുന്നു. അതു ക്രമേണ കുറഞ്ഞ് ഇന്നത് 48 ശതമാനത്തിൽ നിലനിൽക്കുന്നു. മേൽപ്പറഞ്ഞ നിർദ്ദേശങ്ങളിലൂടെയും പി.ടി.എ പ്രവർത്തനം കാര്യക്ഷമമാക്കിയും ഇതിന് പരിഹാരം കണ്ടെത്താവുന്നതാണ്. പി.ടി.എ യോഗങ്ങളിൽ സജീവ പങ്കാളിത്തം ദൃശ്യമാണ്. ഇക്കാര്യത്തിൽ ഏറെ താത്പര്യം പ്രകടിപ്പിക്കുന്നത് കുട്ടികളുടെ അമ്മമാരാണ്. വിദ്യാലയത്തെ സംബന്ധിച്ച സ്ഥിതിവിവര കണക്കുകൾ അനുബന്ധ പട്ടികയിൽ കൊടുത്തിട്ടുണ്ട്.

## പി.കെ.പി.എം. എൻ.എസ്.എസ്.യു.പി.എസ് ഒരണിക്കാവ്

പഞ്ചായത്തിലെ ഏക അപ്പർ പ്രൈമറി വിദ്യാലയമാണിത്. എയിഡഡ് വിദ്യാലയമാണിത്. യു.പി തലത്തിൽ കൊല്ലം വിദ്യാഭ്യാസ ഉപജില്ലയിലെ ഏറ്റവും വലിയ വിദ്യാലയമാണ്. ഒഴിഞ്ഞ സ്കൂൾ കെട്ടിടങ്ങളും ശോഷിച്ച ക്ലാസ് മുറികളും ഇവിടുത്തെ പ്രത്യേകതയാണ്. കുട്ടികൾ കുറഞ്ഞുവരുന്നത് ഈ വിദ്യാലയത്തെ പ്രതിസന്ധിയിലേക്ക് തള്ളിവിടുന്നു. വിശദാംശങ്ങൾ അനുബന്ധ പട്ടികയിൽ കാണാം. പി.ടി.എയുടെ ശ്രദ്ധ കൂടുതലായി പതിയേണ്ടതുണ്ട്.

## എൽ.പി.ബി.എസ് കൊല്ലൂർവിള

### (പുത്തൻനട)

ഗ്രാമത്തിലെ ഈ വിദ്യാലയത്തിന് 80 വർഷത്തിലേറെ പഴക്കമുണ്ട്. ഇതൊരു സർക്കാർ അധീനതയിലുള്ള സ്കൂളാണ്. കേരളത്തിലെ മുൻ ചീഫ് സെക്രട്ടറി ശ്രീചന്ദ്രഭാനു ഉൾപ്പെടെ പല പ്രമുഖരും ഈ വിദ്യാലയത്തിലെ പൂർവ്വവിദ്യാർത്ഥികളാണ്. പഠനനിലവാരം ശരാശരിയാണ്. പഠനോപകരണങ്ങൾ



വേണ്ടത്ര ഇല്ല. പി.ടി.എ യുടെ അടിയന്തിര ശ്രദ്ധ പതിയേണ്ട സ്ഥാപനമാണ്.

## എൽ.പി.ജി.എസ്. കൊല്ലൂർവിള (കാവൽപ്പുര)

ഏറെപഴക്കംചെന്ന വിദ്യാലയങ്ങളിൽ ഒന്നാണിത്. പഠനസൗകര്യങ്ങൾ വേണ്ടത്ര ഇല്ല. ശുദ്ധജല ദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്. ആവശ്യത്തിന് കളിസ്ഥലം ഇവിടില്ല. മൂന്നു ഷിഫ്റ്റ് സമ്പ്രദായമാണ് നിലനിൽക്കുന്നത്. 409 കുട്ടികൾ മാത്രം പഠിക്കുന്ന ഇവിടെ ഷിഫ്റ്റ് മാറ്റാനുള്ള കെട്ടിടസൗകര്യം ഉണ്ട്. അധികാരികളുടെ ഭാഗത്തുനിന്നും നടപടികൾ ഉണ്ടാകേണ്ടതാണ്. പഠനനിലവാരം മെച്ചമല്ല. സ്കൂൾ അപ്ഗ്രേഡ് ചെയ്യണമെന്ന് ആവശ്യം ഗ്രാമസഭയിൽ നിന്നും വന്നിട്ടുണ്ട്. എന്നാൽ അതിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഇവിടെ ഇല്ല.പി.ടി.എ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണം

## എസ്.എച്ച്.എൽ.പി.എസ് ഇരവിപുരം

കൊല്ലം കത്തോലിക്കാ മാനേജ്മെന്റിന്റെ നിയന്ത്രണത്തിലുള്ളതാണ് ഈ സ്കൂൾ. കഴിഞ്ഞ നൂറ്റാണ്ടിൻെറ അന്ത്യത്തിലാണ് ഈ സ്കൂളിന്റെ ആരംഭം. പഠനത്തിനാവശ്യമായ ഭൗതിക സാഹചര്യങ്ങളെല്ലാം ഇവിടെയുണ്ട്. പഠനനിലവാരം മുൻകാലങ്ങളിൽ മെച്ചമായിരുന്നു. സമീപകാലത്തായി ഈ സ്കൂളും നിലവാരത്തകർച്ചയെ നേരിടുകയാണ്. പി.ടി.എ യോഗങ്ങളിൽ രക്ഷിതാക്കളുടെ വൻപിച്ച പങ്കാളിത്തം ദൃശ്യമാണ്., അമ്മമാരാണ് യോഗങ്ങളിൽ കൂടുതലായി പങ്കെടുക്കാറുള്ളത്. പി.ടി.എ. യോഗങ്ങളിൽ പുരുഷൻമാരുടെ പങ്കാളിത്തം വിരലിലെണ്ണാവുന്നതാണ്. കഴിഞ്ഞ ഒന്നുരണ്ടു വർഷങ്ങളായി കുട്ടികളുടെ കുറവുമൂലം ഡിവിഷൻ കുറഞ്ഞുവരുന്നു. പഠനനിലവാരം ഉയർത്തേണ്ടുന്നതിനെ സംബന്ധിച്ച് ഗ്രാമസഭകളിൽ ശക്തമായ മുറവിളി ഉയർന്നിട്ടുണ്ട്. ഇക്കാര്യത്തിൽ മാനേജ്മെന്റിന്റെ ശക്തമായ ഇടപെടൽ ആവശ്യമാണ്.|

## സി.വി. എം.എൽ.പി.എസ് താന്നി

ഇതൊരു സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനമാണ്. ഒന്നുമുതൽ അഞ്ചുവരെ ക്ലാസുകൾ ഇവിടെ പ്രവർത്തിക്കുന്നു. മൊത്തം കുട്ടികളുടെ എണ്ണം 140 ആണ്. പഠനസൗകര്യങ്ങൾ തൃപ്തികരമല്ല. സ്കൂളിനുചുറ്റ് മതിലുകളില്ല. കുട്ടികൾ കുറയുന്നത് ഈ സ്കൂളിന്റെ നിലനിൽപ്പിന് ഭീഷണിയായി മാറുന്നു. മത്സ്യത്തൊഴിലാളികളുടെയും മറ്റു പിന്നോക്കവിഭാഗം ജനങ്ങളുടെയും കുട്ടികളുടെ ഈ പ്രദേശത്തെ ഏക പഠനാശ്രയ കേന്ദ്രമാണിത്.

## നിർദ്ദേശങ്ങൾ

1. എല്ലാ സകൂളുകളിലും ചുറ്റുമതിൽ വേണം. പൂന്തോട്ടവും വൃക്ഷങ്ങളും സകൂളുകളിൽ നട്ടുപിടിപ്പിക്കണം. കുട്ടികളുടെയും അദ്ധ്യാപകരുടെയും മാനസികോല്ലാസത്തിന് ഇത് ആവശ്യമാണ്.

2. **ലൈബ്രറി:** എല്ലാ ഹൈസ്ക്കൂളിലും ലൈബ്രറികൾ നിലവിലുണ്ട്. ഒരദ്ധ്യാപകനു ചുമതലയുണ്ട്. എന്നാൽ ലൈബ്രറിയുടെ പ്രയോജനം വിദ്യാർത്ഥികൾക്ക് ലഭിക്കുന്നില്ല. ഒന്നിലേറെ അദ്ധ്യാപകരും വിദ്യാർത്ഥി പ്രതിനിധികളും പി.ടി.എയുടെ ഒരു പ്രതിനിധിയും അടങ്ങുന്ന കമ്മിറ്റിയെ അതതു സ്കൂളിലെ ലൈബ്രറിയുടെ ചുമതല ഏൽപ്പിച്ചുകൊണ്ട് പ്രവർത്തനം കാര്യക്ഷമമാക്കണം.

3. **ലബോറട്ടറി:** മെച്ചപ്പെട്ട ഉപകരണങ്ങൾ ലബോറട്ടിയിൽ സജ്ജമാക്കേണ്ടതും അത് വിദ്യാർത്ഥികൾക്കു പ്രയോചനപ്രദമാക്കുകയും വേണം. ഇവിടെയും മേൽപ്പറഞ്ഞതുപോലെ ഒരു കമ്മിറ്റി ആവശ്യമാണ്.

4. **അയൽപക്ക വിദ്യാഭ്യാസം:** നമ്മുടെ ഗ്രാമത്തിലെ എല്ലാ വിദ്യാലയങ്ങളിലെയും കുട്ടികൾ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളിൽപ്പെട്ടവരാണ്. ഇടത്തരം–മേൽത്തട്ട് വിഭാഗത്തിലെ കുട്ടികൾ അധികവും പട്ടണപ്രദേശത്തെ മെച്ചപ്പെട്ട വിദ്യാലയങ്ങളെ ആശ്രയിക്കുകയാണ്. സമൂഹത്തിന്റെ ഉന്നതശ്രേണിയിലുള്ളവരും വിദ്യാഭ്യാസകാര്യത്തിൽ ശ്രദ്ധിക്കുവാൻ പ്രാപ്തിയുള്ളവരും സ്വന്തം ഗ്രാമത്തെയും ജനതയെയും ഉപേക്ഷിച്ച് പട്ടണപ്രദേശങ്ങളിലെ മെച്ചപ്പെട്ട വിദ്യാലയങ്ങൾ നന്നാക്കാനുള്ള 'സാമൂഹ്യ പ്രതിബദ്ധത'യിൽ ഏർപ്പെട്ടിരിക്കുകയാണ്. ശേഷിക്കുന്ന താഴെത്തട്ടിലുള്ളവർക്കാകട്ടെ തങ്ങളുടെ തൊഴിൽപരമായ പ്രത്യേകതകളും മറ്റും കൊണ്ട് ഇക്കാര്യത്തിൽ ഫലപ്രദമായി ഇടപെടാനും കഴിയുന്നില്ല. ഫലം ഉള്ളതുകൊണ്ട് തൃപ്തിപ്പെടാൻ അവർ വിധിക്കപ്പെടുന്നു. കോത്താരി കമ്മിഷൻ ചൂണ്ടിക്കാണിച്ച 'അയൽപക്കവിദ്യാഭ്യാസ'ത്തിന്റെ അന്തസത്തക്ക് നിരക്കുന്നതല്ലിത്. ഇതിന് മാറ്റം ആവശ്യമാണ്. ഗ്രാമത്തിലെ എല്ലാ വിദ്യാലയങ്ങളിലെയും നിലവാരം മെച്ചപ്പെടുത്തുകയും ജനങ്ങളുടെ ബോധനിലവാരത്തിൽ മാറ്റംവരുത്തിയും ഇതിന് പരിഹാരം കണ്ടെത്തണം.

5. **അദ്ധ്യാപകരിലെ അറിവ് തേടാനുള്ള താല്പര്യം:** നമ്മുടെ ഗ്രാമത്തിലെ അദ്ധ്യാപകർ സ്വന്തം അറിവ് വർദ്ധിപ്പിക്കുന്ന കാര്യത്തിൽ എന്തുമാത്രം താത്പര്യം എടക്കുന്നു എന്ന് പരിശോധിക്കാൻ ജനകീയാസൂത്രണ സമിതി പഞ്ചായത്തിലെ 4 ഹൈസ്ക്കൂളുകളിൽ നടത്തിയ സാമ്പിൾ സർവ്വെയുടെ വിശദാംശം അനുബന്ധ പട്ടിക (9) ൽ കാണാം.

ഇതിൽ നിന്നും താഴെപ്പറയുന്ന നിഗമനങ്ങളിൽ നമുക്ക് എത്തിച്ചേരാം.

1. അദ്ധ്യാപകരിൽ '2' പേർ ഒഴികെ എല്ലാവരും സ്ഥിരമായി പത്രം വായിക്കുന്നവരാണ്.

2. സർവ്വെയിൽ പങ്കാളികളായ 151 പേരിൽ 36 പേർ ഇംഗ്ലീഷ് പത്രം വായിക്കുന്നവരാണ്.

3. 151 പേരിൽ ഗ്രന്ഥശാലയിൽ അംഗത്വം ഉള്ളത് 25 പേർക്ക് മാത്രമാണ്. വാളത്തുംഗൽ ഗേൾസ് ഹൈസ്ക്കൂളിലെ അപ്പർ പ്രൈമറി വിഭാഗം, വാളത്തുംഗൽ എച്ച്.എസ്.എസ്, ഇരവിപുരം സെന്റ് ജോൺസ് ഹൈസ്ക്കൂൾ എന്നീ സ്ഥാപനങ്ങളിലെ ഹൈസ്ക്കൂൾ വിഭാഗത്തിൽപ്പെട്ടവർ ആരും ഗ്രന്ഥശാലകളിൽ അംഗങ്ങളല്ല.

പ്രസിദ്ധീകരണങ്ങൾ വായിക്കുന്ന കാര്യത്തിലും ഗ്രന്ഥശാലായിലെ അംഗത്വം സംബന്ധിച്ച ചോദ്യാവലിയ്ക്കും 'ബാധകമല്ല' എന്ന മറുപടിയാണ് ഒരദ്ധ്യാപിക നൽകിയത്. 'ഒരു നല്ല അദ്ധ്യാപകൻ ഒരു നല്ല വിദ്യാർത്ഥി കൂടിയായിരിക്കണം' എന്ന മഹാത്തായ ആശയം ഇവർക്ക് ബാധകമല്ലെന്ന് തോന്നുന്നു.

## പരിഹാരം

(1). ഹെഡ്മാസ്റ്റർ തങ്ങളുടെ വിദ്യാലയത്തിലെ അദ്ധ്യാപകരെ ആവശ്യാനുസരണം പുസ്തകങ്ങൾ ലഭിയ്ക്കുന്ന നമ്മുടെ ഗ്രാമത്തിലേയോ പട്ടണത്തിലേയോ ലൈബ്രറിയിൽ അംഗത്വമെടുക്കാൻ അടിയന്തിരമായി പ്രേരിപ്പിക്കേണ്ടതാണ്. അവരുടെ അംഗത്വം സംബന്ധിച്ച വിശദവിവരം ഗ്രാമപഞ്ചായത്തിൽ എല്ലാവർഷവും കൃത്യമായി റിപ്പോർട്ട് ചെയ്യേണ്ടുന്നതാണ്.

(2). അദ്ധ്യാപകർക്കായി പഞ്ചായത്ത് തലത്തിൽ ഇൻസർവ്വീസ് കോഴ്സുകളും ചർച്ചാക്ലാസുകളും ഫലപ്രദമായ രീതിയിൽ സംഘടിപ്പിക്കണം. ഇതിന് വിദഗ്ദ്ധരെയും സംഘാടകരെയും ചേർത്ത് ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. പ്രഥമ അദ്ധ്യാപകൻ ഓരോ അദ്ധ്യാപകന്റെയും 4 ക്ലാസ്സെങ്കിലും വർഷത്തിൽ മോണിറ്ററിംഗിന് വിധേയമാക്കണം.

**6. കുട്ടികളെ അക്ഷരം പഠിപ്പിക്കാനുള്ള പദ്ധതി:** നമ്മുടെ എൽ.പി. സ്കൂളുകളിൽ അക്ഷരം പോലും അറിഞ്ഞുകൂടാത്ത ധാരാളം കുട്ടികൾ നിലവിലുണ്ട്. ഇവരുടെ നിലവാരം നിശ്ചയിച്ച് പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം പരിശീലനം നൽകണം. ഇതിനായി പഞ്ചായത്ത് മെമ്പറുടെ നേതൃത്വത്തിൽ പി.ടി.എയുടെ നിയന്ത്രണത്തോടെ ഒരു കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിക്കണം. നിർദ്ധനനായ വിദ്യാർത്ഥികൾക്ക് പാഠപുസ്തകങ്ങൾ സൗജന്യമായോ സൗജന്യനിരക്കിലോ നൽകണം

**7. സ്കൂളുകളുടെ കോ-ഓർഡിനേഷൻ കമ്മിറ്റി:** പഞ്ചായത്തിലെ സർക്കാർ-എയ്ഡഡ് സ്കൂളുകൾ ചേർത്ത് ഒരു കോർഡിനേഷൻ കമ്മിറ്റി രൂപീകരിക്കുകയും വിദ്യാഭ്യാസ നിലവാരം 3 മാസത്തിലൊരിക്കൽ ചർച്ച ചെയ്യുകയും പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയും എല്ലാ സാധ്യതകളും പരസ്പരം ഉപയോഗിക്കുകയും ചെയ്യണം. 2 വർഷം തുടർച്ചയായി എസ്.എസ്.എൽ.സി പരീക്ഷാ ഫലത്തിൽ പുരോഗതി ഉണ്ടാക്കുന്ന സർക്കാർ സ്കൂളുകൾക്ക് പ്രത്യേക അവാർഡ് നൽകണം.

**8. മോഡൽ പ്രീപ്രൈമറി:** വാളത്തുംഗൽ ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ പ്രവർത്തിക്കുന്ന പ്രീപ്രൈമറി സ്കൂൾ എല്ലാ സൗകര്യങ്ങളോടും കൂടിയ ഒരു മോഡൽ പ്രീപ്രൈമറി ആയി ഉയർത്തുക.

**9. പുതിയ തൊഴിൽ പരിശീലന പദ്ധതി:** 9-ാം പദ്ധതിയുമായി ബന്ധപ്പെട്ട് കൃഷി, വ്യവസായം തുടങ്ങിയവ പഞ്ചായത്തിൽ നടപ്പിലാക്കുകയാണ്. അപ്പോൾ വിദഗ്ദ്ധൻമാരുടെ സേവനം ആവശ്യമായി വരും. പത്താം ക്ലാസ് കഴിഞ്ഞ കുട്ടികളെ മെറിറ്റിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് ഇവർക്ക് ഈ രംഗങ്ങളിൽ പരിശീലനം നൽകണം. ഇതിനായി പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കണം. അവിടെ ചേരുന്ന വിദ്യാർത്ഥികൾ പ്രാക്ടിക്കലിന്റെ ഭാഗമായി അതാത് രംഗത്തുള്ള വികസന പ്രവർത്തനത്തിൽ പങ്കാളിയാകണം. ഈ കോഴ്സ് പാസായി വരുന്നവരെ പഞ്ചായത്തിൽത്തന്നെ തൊഴിൽ കൊടുത്തു സംരക്ഷിക്കണം.

## 10. പഞ്ചായത്ത് തല കലാകായിക മത്സരം

ഇന്ന് നിലനിൽക്കുന്ന കുട്ടികളുടെ ഉപ-ജില്ലാ മത്സരങ്ങൾ പഞ്ചായത്ത്-ബ്ലോക്ക്-ജില്ലാ-സംസ്ഥാന നിലവാരത്തിൽ രൂപപ്പെടുത്തണം.

## 11. സായാഹ്ന പരിശീലനകേന്ദ്രം

തീരപ്രദേശത്തെ പിന്നോക്കം നിൽക്കുന്ന പ്രൈമറി ക്ലാസുകളിലെ കുട്ടികളെ പഠിപ്പിക്കുവാനായി 15-ാം വാർഡിൽ ഒരു സായാഹ്ന പഠന കേന്ദ്രം ആരംഭിക്കേണ്ടതാണ്. ഈ കേന്ദ്രം പ്രാദേശികമായി വിഭവ സമാഹരണം നടത്തി ആരംഭിക്കണം. ഇതിന്റെ നടത്തിപ്പിനായി അവിടെയുള്ള അദ്ധ്യാപകരും വാർഡു മെമ്പറും ചേർന്ന ഒരു കമ്മിറ്റി രൂപീകരണിക്കണം.



## പട്ടിക 1

| അംഗീകൃത സ്കൂളുകളിലെ അദ്ധ്യാപക-വിദ്യാർത്ഥികളുടെ എണ്ണം | | | | | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | സ്കൂളിന്റെ പേര് | മാനേജ്മെന്റ് | വിദ്യാർത്ഥികൾ | | | അദ്ധ്യാപകരുടെ എണ്ണം |
| | | | ആൺ | പെൺ | ആകെ | |
| 1 | ഗവ. എച്ച്. എസ്. എസ് വാളത്തുഗൽ | സർക്കാർ | 880 | ഇല്ല | 880 | 32 |
| 2 | ഗവ. ഗേൾസ് ഹൈസ്കൂൾ വാളത്തുംഗൽ | സർക്കാർ | ഇല്ല | 987 | 987 | 42 |
| 3 | ഗവ. വി. എച്ച് എസ് ഇരവിപുരം | സർക്കാർ | 1113 | 1034 | 2147 | 79 |
| 4 | സെന്റ് ജോർജ്ജ് എച്ച്. എസ്. ഇരവിപുരം | എയിഡഡ് | 903 | 858 | 1761 | 36 |
| 5 | എൽപിബി എസ് കൊല്ലൂർവിള | സർക്കാർ | 131 | 102 | 233 | 8 |
| 6 | എൽ പി ജി എസ് കൊല്ലൂർവിള | സർക്കാർ | 244 | 165 | 409 | 14 |
| 7 | ഗവ. എൽ.പി. എസ്. വാളത്തുംഗൽ | സർക്കാർ | 209 | 233 | 442 | 12 |
| 8 | എസ് എച്ച് എൽപി എസ് ഇരവിപുരം | എയിഡഡ് | 439 | 431 | 870 | 14 |
| 9 | പി.കെ. പി എം എൻ എസ് എസ് യുപി എസ് ഭരണിക്കാവ് | എയിഡഡ് | 281 | 236 | 517 | 22 |
| 10 | സി.വി.കെ. എം. എൽ. പി. എസ്. താന്നി | എയിഡഡ് | 68 | 72 | 140 | 5 |
| ആകെ | | | 4268 | 4118 | 8386 | 264 |

## പട്ടിക –2

| പഞ്ചായത്തിലെ കുട്ടികളുടെ എണ്ണം ക്ലാസ് തിരിച്ച് പട്ടികയിൽ കാണിക്കുന്നു | | | | | | |
|---|---|---|---|---|---|---|
| | ആകെ കുട്ടികൾ | | | SC/ST വിഭാഗത്തിലെ കുട്ടികൾ | | |
| S.T.D | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| I | 277 | 258 | 535 | 22 | 25 | 47 |
| II | 362 | 282 | 644 | 31 | 33 | 64 |
| III | 361 | 363 | 724 | 30 | 34 | 64 |
| IV | 380 | 330 | 710 | 32 | 28 | 60 |
| V | 448 | 436 | 884 | 32 | 46 | 78 |
| VI | 495 | 442 | 937 | 54 | 47 | 101 |
| VII | 541 | 481 | 1022 | 56 | 30 | 86 |
| VIII | 496 | 541 | 1037 | 38 | 60 | 98 |
| IX | 405 | 529 | 1033 | 45 | 52 | 97 |
| X | 404 | 456 | 860 | 37 | 36 | 73 |

പട്ടിക - 3

# ഭൗതിക സാഹചര്യങ്ങൾ

| സ്കൂളിന്റെ പേര് | കുട്ടികളുടെ എണ്ണം | കക്കൂസ്–മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി | കളിസ്ഥലം | ചുറ്റുമതിൽ സ്ഥലസൗകര്യം തുടങ്ങിയവ |
|---|---|---|---|---|---|---|---|
| 1. ഗവ. എച്ച്. എസ്. എസ്. വാളത്തുംഗൽ | 880 | ഉണ്ട് | ആവശ്യമുണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ചുറ്റുമതിൽ പൂർണമല്ല |
| 2. ഗവ. ഗേൾസ് ഹൈസ്കൂൾ വാളത്തുംഗൽ | 987 | ” | ഉണ്ട് | ” | ” | ” | രണ്ട് വശത്തും മതിലില്ല |
| 3. ഗവ. വി. എച്ച. എസ്. ഇരവിപുരം | 2147 | ആവശ്യമില്ല | ഇനിയും വേണം | ” | ” | ” | ഉണ്ട്. സ്ഥലസൗകര്യം കുറവാണ |
| 4. സെന്റ് ജോർജ്ജ എച്ച്. എസ് ഇരവിപുരം | 1761 | ഉണ്ട് | 2 | പൈപ്പ് | ” | പരിമിതം | ഉണ്ട്. സ്ഥലം ആവശ്യത്തിനില്ല |
| 5. എൽ.പി. ബി. എസ്. കൊല്ലൂർവിള, (പുത്തൻനട) | 233 | ” | ഉണ്ട് | കിണർ | ഇല്ല | കുറവാണ് | ഉണ്ട്. സ്ഥലം കുറവാണ്. |
| 6. എൽ.പി.ജി. എച്ച്. കൊല്ലൂർവിള | 409 | ” | ” | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട്. സ്ഥലം കുറവാണ് |
| 7. ഗവ. എൽ.പി. എസ്. വാളത്തുംഗൽ | 442 | ” | ” | ഉണ്ട് | ഉണ്ട് | കുറവാണ് | ഉണ്ട്. സ്ഥലം കുറവാണ്. |
| 8. എസ്. എച്ച്. എൽ.പി. എസ്. ഇരവിപുരം | 870 | ” | 1 | പൈപ്പ് | ഉണ്ട് | പരിമിതം | മൂന്ന് വശത്തുണ്ട്. സ്ഥലം കുറവ് |
| 9. പി.കെ.പി.എം. എൻ.എസ്.എസ്. യു.പി. എസ്. ഭരണിക്കാവ് | 517 | ” | 2 | കിണർ | ” | പരിമിതം | ഉണ്ട്. സ്ഥലം കുറവ് |
| 10. സിവി.കെ. എം. എൽ.പി.എസ്. താന്നി | 140 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ചുറ്റുമതിലില്ല |

## പട്ടിക 4

### ഇടക്കുവച്ച് പഠനം നിർത്തിപ്പോയ കുട്ടികളുടെ വിവരം

| എൽ പി വിഭാഗം | | | | | | യുപി വിഭാഗം | | | | | | എച്ച്. എസ്. വിഭാഗം | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| SC/ST | | | മറ്റുള്ളവർ | | | SC/ST | | | മറ്റുള്ളവർ | | | SC/ST | | | മറ്റുള്ളവർ | | | ആകെ |
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| 0 | 1 | 1 | 5 | 1 | 6 | 1 | 4 | 5 | 5 | 5 | 10 | 6 | 8 | 14 | 42 | 31 | 71 | 109 |

## പട്ടിക 5

### 3 തലങ്ങളിലായി പഠിക്കുന്ന കുട്ടികളുടെ വിവരം

| എൽ പി വിഭാഗം | | | പഠനം നിർത്തിയവർ | യു.പി.വിഭാഗം | | | പഠനം നിർത്തിയവർ | ഹൈസ്കൂൾ വിഭാഗം | | | പഠനം നിർത്തിയവർ |
|---|---|---|---|---|---|---|---|---|---|---|---|
| ആൺ | പെൺ | ആകെ | | ആൺ | പെൺ | ആകെ | | ആൺ | പെൺ | ആകെ | |
| 1380 | 1233 | 2613 | 7 | 1484 | 1359 | 2843 | 15 | 1404 | 1526 | 2930 | 87 |

## പട്ടിക 6

### അൺ എയിഡഡ് അംഗീകാരമില്ലാത്ത സ്കൂളുകളിലെ കുട്ടികളെ സംബന്ധിച്ച വിവരങ്ങൾ

| എൽ കെ | | | ജി യുകെജി | | | എൽ പി എസ് | | | യുപി എസ് | | |
|---|---|---|---|---|---|---|---|---|---|---|---|
| SC/ST | | | മറ്റുള്ളവർ | | | SC/ST | | | മറ്റുള്ളവർ | | |
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 9 | 8 | 17 | 435 | 383 | 818 | 15 | 10 | 25 | 539 | 422 | 961 |



## പട്ടിക 7

## കഴിഞ്ഞ 5 വർഷങ്ങളിലെ എസ് എസ് എൽ സി വിജയ നിരക്ക്

| സ്കൂളിന്റെ പേര് | എസ് എസ് എൽ സി വിജയ ശതമാനം | | | | |
|---|---|---|---|---|---|
| | 91--92 | 92-93 | 93-94 | 94-95 | 95-96 |
| ഗവ. എച്ച്. എസ്. വാളത്തുംഗൽ | | 21 | 19 | 22 | 16 |
| ഗവ.ഗേൾസ് എച്ച്. എസ്. വാളത്തുംഗൽ | 35 | 34 | 35 | 39 | 33 |
| ബി. എച്ച്. എസ്. എസ്. ഇരവിപുരം | 22 | 21 | 24 | 25 | 26 |
| സെന്റ് ജോൺസ് ഹൈസ്കൂൾ ഇരവിപുരം | 55 | 54 | 56 | 55 | 48 |



## പട്ടിക –8

## സ്കൂളുകളിലെ അക്കാദമിക്ക് സൗകര്യങ്ങൾ

| സ്കൂളിന്റെ പേര് | ലൈബ്രറി | ലാബ് | പഠനോപകരണങ്ങൾ | റേഡിയോ | ടേപ്പ് റിക്കാർഡർ | പി.ടി.എ |
|---|---|---|---|---|---|---|
| 1. ഗവ. എച്ച്. എസ്. എസ്. വാളത്തുംഗൽ | ഉണ്ട് | ഉപയോഗക്കുറവ് | കുറവാണ് | ഇല്ല | ഇല്ല | പ്രവർത്തിക്കുന്നില്ല |
| 2, ഗവ. ഗേൾസ് എച്ച്. എസ്. വാളത്തുംഗൽ | തൃപ്തികരമ്മ | ” | ” | ഉണ്ട് | ഉണ്ട് | ” |
| 3. വി. എച്ച്. എസ്. എസ്. ഇരവിപുരം | പ്രവർത്തിക്കുന്നില്ല | പ്രവർത്തിക്കുന്നില്ല | ” | ഇല്ല | ” | കാര്യക്ഷമമല്ല |
| 4. സെന്റ് ജോൺസ് എച്ച്. എസ്. ഇരവിപുരം | തൃപ്തികരമല്ല | ഉപയോഗക്കുറവ് | ആവശ്യത്തിനില്ല | ഉണ്ട് | ഇല്ല | പ്രവർത്തിക്കുന്നു |
| 5. കൊല്ലൂർവിള എൽ.പി.ബി. എസ്. പുത്തൻനട | പ്രവർത്തിക്കുന്നില്ല | ഇല്ല | കുറവാണ് | ” | ഉണ്ട് | ” |
| 6. കൊല്ലൂർവിള എൽ.പി.ജി. എസ്. കാവൽപ്പുര | പ്രവർത്തിക്കുന്നില്ല | ” | ” | ” | | |
| 7. എൽ.പി. എസ്. വാളത്തുംഗൽ | പ്രവർത്തിക്കുന്നില്ല | | ” | ഉണ്ട് | ” | തൃപ്തികരമല്ല |
| 8. എസ്. എച്ച്. എൽ.പി. എസ്. ഇരവിപുരം | ഇല്ല | പ്രവർത്തിക്കുന്നില്ല | ” | ഇല്ല | ഇല്ല | കാര്യക്ഷമമല്ല |
| 9. പി.കെ. പി.എം. എൻ. എസ്. എസ്. യുപി എസ്.ഭരണിക്കാവ് | പ്രവർത്തിക്കുന്നില്ല | ഉണ്ട് ” | ” | ഇല്ല | ഉണ്ട് | പ്രവർത്തിക്കുന്നു |
| 10സി.വി.എം. എൽ. പി. എസ്. താന്നി | ഇല്ല | ഇല്ല | വളരെ കുറച്ചു മാത്രം | ” | ഇല്ല | തൃപ്തികരമല്ല |

ടെലിവിഷൻ ഒരു സ്കൂളിലും ഇല്ല. സിനിമാ പ്രോജക്ടർ ഗവ. ഗേൾസ് ഹൈസ്കൂൾ വാളത്തുംഗൽ, വി. എച്ച്. എസ്.എസ്. ഇരവിപുരത്തും ഉണ്ട്, പ്രവർത്തിക്കുന്നില്ല. ബ്ലാക്ക് ബോർഡ് എല്ലാ സ്ഥലത്തും ഉണ്ട്. മത്യസംഗമം ഒരിടത്തും കാര്യക്ഷമമല്ല. സൈഡ് പ്രോജക്ടർ ഒരു സ്കൂളിലും പ്രവർത്തിക്കുന്നില്ല.

## പട്ടിക -9

### അദ്ധ്യാപകരുടെ വിജ്ഞാന സമ്പാദന വിവരം

| സ്കൂൾ വിഭാഗം | അദ്ധ്യാപകർ | സ്ഥിരമായി പത്രം വായിക്കാത്തവർ | ഒരു പത്രം വായിക്കുന്നവർ | മൂന്നും അതിൽ കൂടുതൽ പത്രം വായിക്കുന്നവർ | ഇംഗ്ലീഷ് പത്രം വായിക്കുന്നവർ | മറ്റ് ആനുകാലിക പ്രസിദ്ധീകരണങ്ങൾ | ഗ്രന്ഥശാല അംഗത്വമുള്ളവർ | ഗ്രന്ഥശാല സന്ദർശകർ | സാമൂഹ്യ സാംസ്കാരിക പ്രവർത്തനങ്ങൾ | അദ്ധ്യായേതര കാര്യങ്ങൾ |
|---|---|---|---|---|---|---|---|---|---|---|
| **ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ വാളത്തുംഗൽ** | | | | | | | | | | |
| യു.പി.എസ് | 12 | - | 5 | 2 | 2 | 11 | 3 | 6 | 1 | - |
| എച്ച്.എസ് | 14 | - | 4 | 2 | 4 | 11 | - | 8 | 1 | - |
| **ഗവ. ഗേൾസ് ഹൈസ്കൂൾ, വാളത്തുംഗൽ** | | | | | | | | | | |
| യു.പി.എസ് | 17 | 2 | 8 | 1 | 1 | 8 | - | 7 | 2 | 1 |
| എച്ച്.എസ്. | 14 | - | 9 | - | 3 | 5 | 4 | 5 | 1 | - |
| **ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ ഇരവിപുരം** | | | | | | | | | | |
| എച്ച്.എസ് | 35 | - | 11 | 10 | 20 | 9 | 20 | 5 | 17 | - |
| യു.പി.എസ് | 30 | - | 10 | 7 | 20 | 8 | 21 | 8 | 15 | - |
| **സെന്റ് ജോൺസ് ഹൈസ്കൂൾ ഇരവിപുരം** | | | | | | | | | | |
| എച്ച്.എസ് | 14 | - | 10 | 1 | 1 | 11 | 1 | 10 | - | - |
| യു.പി.എസ് | 16 | - | 7 | 1 | 2 | 4 | - | 6 | - | - |
| ആകെ | 152 | 2 | 64 | 24 | 53 | 67 | 49 | 55 | 37 | |





# അഞ്ച് – നാല്

# ആരോഗ്യം കുടിവെള്ളം

## കുടിവെള്ളം

ഇരവിപുരം ഗ്രാമപഞ്ചായത്ത് ജലദൗർലഭ്യമില്ലാത്ത ഒരു ഭൂപ്രദേശമാണ്. എന്നിട്ടും 15 വാർഡുകളിൽ 11 ലും കാര്യമായ കുടിനീർക്ഷാമം അനുഭവപ്പെടുന്നു. ഇതിൽ തെക്കും ഭാഗം 'എ', 'ബി', തെക്കേവിള 'സി' എന്നീ വാർഡുകളിൽ കുടിനീർക്ഷാമം അതിരൂക്ഷമാണ്. പഞ്ചായത്തിലെ 92 ശതമാനം കുടുംബങ്ങൾക്കും സ്വന്തമായി കിണറുകൾ ഉണ്ട്. 15 കുടുംബങ്ങൾക്ക് ഫിൽട്ടർ പോയിന്റ് കിണറുകൾ ഉണ്ട്. സ്വന്തമായി കിണറുകൾ ഉള്ളവരിൽത്തന്നെ 12 ശതമാനംപേർക്ക് സ്വന്തം കിണറുകളിലെ വെള്ളം കുടിനീരിനായി ഉപയോഗിക്കാൻ കഴിയുന്നില്ല. കിണറുകളിലെ ജലത്തിൽ ഓരു കലർന്നതിനാലും ചെളികലർന്നതിനാലുമാണ്. സ്വന്തമായി കിണറുള്ള 12 ശതമാനം പേരും കിണറുകളില്ലാത്ത 8 ശതമാനം പേരും കുടിനീരിനായി അയൽവീടുകളിലെ കിണറുകളെയും പൊതുകിണറുകളെയും പൊതുജലവിതരണ സമ്പ്രദായത്തെയുമാണ് ആശ്രയിക്കുന്നത്. ആധുനിക ജീവിതസൗകര്യങ്ങളുടെ ഭാഗമായി വീടുകൾ മതിൽക്കെട്ടുകൾക്കും വേലികൾക്കും ഉള്ളിലൊതുങ്ങി തുടങ്ങിയതിനാൽ കുടിനീരിനായി അന്യവീടുകളെ ആശ്രയിക്കുന്നത് വിഷമകരമായി.

### പൊതുജലവിതരണ സംവിധാനം

പഞ്ചായത്തിൽ ആകെ 22 പൊതുകിണറുകൾ ഉണ്ട്. ഭൂരിഭാഗം കിണറുകളും ഉപയോഗയോഗ്യമല്ല. ഉപയോഗിച്ചുകൊണ്ടിരിക്കുന്ന പൊതുകിണറുകൾ തന്നെ മതിയായ ശുചിത്വമുള്ളവയല്ല. പൊതുകിണറുകൾ ശുചിയായി സൂക്ഷിക്കുന്നകാര്യത്തിൽ അതാതു പ്രദേശത്തെ ജനങ്ങൾ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല. കുടിനീർക്ഷാമമുള്ള എല്ലാപ്രദേശത്തും പൊതുകിണർ സ്ഥാപിക്കുക എന്നത് പ്രായോഗികമല്ല. കാരണം എല്ലാ പ്രദേശങ്ങളിലും ശുദ്ധമായ കുടിനീർ ലഭിക്കുകയില്ല എന്നതുതന്നെ. ഉദാഹരണമായി കൊല്ലംതോടിന്റെ ഇരുവശങ്ങളിലും കടലോരപ്രദേശങ്ങളിലും മിക്ക കിണറുകളിൽ നിന്നും ലഭിക്കുന്നത് ഓരുകലർന്ന ഉപയോഗയോഗ്യമല്ലാത്ത കുടിനീരാണ്. അതുപോലെതന്നെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ചതുപ്പ് സ്വഭാവമുള്ള 18 ചതുപ്പു പ്രദേശങ്ങളുണ്ട്. ഇവയിൽ 8 പ്രദേശങ്ങളിൽ കിണർ കുഴിച്ചാൽ ലഭിക്കുന്നത് ചെളികലർന്ന പശിമയുള്ള വെള്ളമാണ്. കൃഷിപ്പട്ടിക (1) ൽ ഈ പ്രദേശങ്ങളുടെ വിവരം നൽകിയിട്ടുണ്ട്. പൊതുകിണർ സ്ഥാപിച്ച് കുടിനീർ ക്ഷാമം പരിഹരിക്കുക എന്നത് ചതുപ്പ് പ്രദേശങ്ങളിൽ പ്രായോഗികമല്ല. എങ്കിലും കിണറുകൾ കുഴിച്ചാൽ ശുദ്ധജലം ലഭിക്കാനിടയില്ലാത്ത പ്രദേശങ്ങൾക്ക് അടുത്ത് കുടിനീർ ലഭിക്കാൻ സാദ്ധ്യതയുള്ള പ്രദേശങ്ങളുണ്ട്. അങ്ങനെയുള്ള പ്രദേശങ്ങളിൽ പൊതുകിണറുകൾ സ്ഥാപിക്കാവുന്നതാണ്. ഇതോടൊപ്പംതന്നെ ഉപയോഗക്ഷമമല്ലാതെ ഇടിഞ്ഞുപൊളിഞ്ഞുകിടക്കുന്ന പൊതുകിണറുകളുടെ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തനക്ഷമമാക്കേണ്ടതുണ്ട്.

### കുഴൽക്കിണർ

മത്സ്യത്തൊഴിലാളി മേഖലയായ തെക്കുംഭാഗം 'ബി' വാർഡിൽ 1960 ൽ ഹാൻഡ് പമ്പോടെ സ്ഥാപിച്ച കുഴൽക്കിണറാണ് ഇരവിപുരത്തെ ശുദ്ധജലവിതരണ സംവിധാനത്തിലെ ആദ്യത്തെ കണ്ണി. ഈ കിണർ സ്ഥാപിക്കുന്നതിലേക്ക് 'കൊട്ടിയം സായി'പ്പെന്ന ആൾ 10 സെന്റ് സ്ഥലം സർക്കാരിന് വിട്ടുകൊടുത്തിരുന്നു. 200 ഓളം കുടുംബങ്ങൾക്ക് ശുദ്ധജലവിതരണം നടത്തിയിരുന്ന ഈ കിണർ 1967 ൽ കാറ്റാടി യന്ത്രക്കിണറായി രൂപപ്പെടുത്തി. കാറ്റുള്ളപ്പോൾ സ്വയം പ്രവർത്തിച്ച് ശുദ്ധജലം നൽകിയിരുന്ന ഈ യന്ത്രം കാറ്റിന്റെ ലഭ്യത, ചുറ്റും വളർന്ന തെങ്ങോലകളാൽ തടയപ്പെട്ടതിന്റെ ഫലമായി നിശ്ചലമായി. 300 മീറ്റർ താഴ്ചയിൽ നിന്നും കാറ്റാടിയ



ന്ത്രം വലിച്ചെടുക്കുന്ന ജലം സംഭരിച്ചു സൂക്ഷിക്കുന്നതിനായി 36,000 ലിറ്റർ ശേഖരണശേഷിയുള്ള ഒരു ടാങ്കും കിണറിന് സമീപത്ത് സ്ഥാപിച്ചിട്ടുണ്ട്. കാറ്റാടിയന്ത്രം തകരാറിലായതിനു ശേഷം റോട്ടറി ക്ലബിന്റെ സഹായത്തോടെ ഒരു പമ്പ്സെറ്റ് ഘടിപ്പിച്ചു ജലം സംഭരിച്ച് വിതരണം നടത്തിയിരുന്നു. പമ്പ്സെറ്റ് പ്രവർത്തിപ്പിക്കുന്നതിന് ഉപയോഗിച്ചിരുന്ന കറണ്ട് ചെലവ് വഹിച്ചിരുന്നതും പരിസരവാസികളായിരുന്നു. പമ്പ്സെറ്റ് കേടായ സാഹചര്യത്തിൽ 200–ഓളം കുടുംബങ്ങളിലെ കുടിനീർ പ്രശ്നം വഴിമുട്ടിനിൽക്കുകയാണ്. കുഴൽക്കിണർ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിനുവേണ്ടി ഉദാരമതിയായ ഒരു വ്യക്തി ദാനംചെയ്ത 10 സെന്റ് സ്ഥലവും ചിലർ കൈവശപ്പെടുത്തിയിരിക്കുന്നു.

കടലോരപ്രദേശമായ താന്നിയിൽ 1964 ൽ മറ്റൊരു കുഴൽക്കിണർ സ്ഥാപിച്ച് 100–ഓളം കുടുംബങ്ങൾക്ക് ജലവിതരണം സാദ്ധ്യമാക്കിയിരുന്നു. മുറിയാത്ത ജലപ്രവാഹംപോലെ ജലം ലഭ്യമാക്കിക്കൊണ്ട് വർഷങ്ങളോളം പ്രവർത്തിച്ചിരുന്ന ഈ കുഴിൽക്കിണറും ഇന്ന് നിശ്ചലമാണ്.

വടക്കുംഭാഗം വാർഡിൽ തോപ്പിൽ ഭാഗത്ത് ഒരു കുഴൽക്കിണർ റൂറൽ വാട്ടർ സപ്ളൈ സ്കീമിൽപ്പെടുത്തി സ്ഥാപിച്ചിട്ടുണ്ട്. ഈ കിണറിൽ നിന്നും ലഭിക്കുന്ന ജലം സംഭരിച്ച് വിതരണം നടത്തുന്നതിനായി ഇരവിപുരം പള്ളി പുരയിടത്തിൽ 96,000 ലിറ്റർ ശേഖരണശേഷിയുള്ള ഒരു ജലസംഭരണിയും സ്ഥാപിച്ചിട്ടുണ്ട്. ഇതിൽ നിന്നും ഇരവിപുരം ജംഗ്ഷനും പരിസരപ്രദേശങ്ങളിലും കാക്കത്തോപ്പ്, താന്നി, ഇടക്കുന്നം ലക്ഷംവീട് കോളനി പ്രദേശങ്ങളിലുമായി 15 കി.മീറ്റർ നീളത്തിൽ പൈപ്പ്ലൈനുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ ലൈനുകളിൽ 48 ടാപ്പുകൾ സ്ഥാപിച്ചിട്ടുണ്ടായിരുന്നുവെങ്കിലും ഗുണനിലവാരമില്ലാത്ത ടാപ്പുകൾ ആയിരുന്നതിനാലും യഥാസമയം അറ്റകുറ്റപ്പണികൾ നടത്താതിരുന്നതിനാലും പകുതിയിലധികം ടാപ്പുകൾ ഇന്ന് പ്രവർത്തനരഹിതമാണ്. ഈ സ്കീമിൽ നിന്നും 18 കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഈ പദ്ധതിക്കു വേണ്ടി നിർമ്മിച്ചിട്ടുള്ള ജലസംഭരണി കാര്യക്ഷമമല്ലാത്തതിനാൽ കുഴൽകിണർ വഴി ശേഖരിക്കുന്ന വെള്ളം സംഭരിച്ച് വിതരണം ചെയ്യാൻ കഴിയുന്നില്ല. പമ്പ് ചെയ്യുമ്പോൾ മാത്രം ജലവിതരണം സാദ്ധ്യമാകുന്നതിനാൽ ഈ കുഴൽകിണർ വഴിയുള്ള ജലവിതരണം ഭാഗികമാണ്. ഈ ഭാഗിക ജലവിതരണ പ്രക്രിയതന്നെ കൂടുതൽ ദുസ്സഹമാക്കുന്ന മറ്റൊരു പ്രശ്നം ജനങ്ങൾ ഉയർത്തിക്കാട്ടുന്നുണ്ട്. ഗാർഹിക കണക്ഷനുകൾ നൽകിയിട്ടുള്ളവരിൽ പലരും സ്വന്തമായി ടാങ്കുകൾ നിർമ്മിച്ച് ജലം സംഭരിക്കുന്നതിനാൽ മിക്ക ടാപ്പുകളിൽ നിന്നും വേണ്ടത്ര അളവിൽ ജലം ലഭ്യമാകാത്തതാണ് ഈ പ്രശ്നം. ഏതു നിമിഷവും നിലംപതിക്കാവുന്ന അവസ്ഥയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന ജലസംഭരണി അറ്റകുറ്റപ്പണികൾ നടത്തി കാര്യക്ഷമമാക്കേണ്ടതുണ്ട്.

## ഫിൽട്ടർ പോയിന്റ് കിണർ

വടക്കുംഭാഗം ലക്ഷംവീട് കോളനിയിൽ ഒരു ഫിൽട്ടർ പോയിന്റ് കിണർ സ്ഥാപിച്ചിട്ടുണ്ട്. ഹാൻഡ് പമ്പ് ഉപയോഗിച്ച് 500 ലിറ്റർ വെള്ളം പമ്പ് ചെയ്യാവുന്ന ഈ കിണർ 30–ഓളംകുടുംബങ്ങൾക്ക് കുടിനീർ നൽകിയിരുന്നു. ആദ്യമൊക്കെ ശുദ്ധമായ കുടിനീർ ചുരത്തിക്കൊടുത്ത ഈ കിണർ തുടർന്ന് നൽകിയത് പശപ്പ് കലർന്ന ഉപയോഗ്യയോഗ്യമല്ലാത്ത വെള്ളമാണ്. എല്ലാവരാലും ഉപേക്ഷിക്കപ്പെട്ട ഈ കിണർ ഇന്ന് സാങ്കേതിക തകരാറിലുമാണ്.

ആറാം വാർഡിൽ ചകിരിക്കട മുക്കിനു സമീപം റോട്ടറി ക്ലബ്ബിന്റെ സഹായത്തോടെ സ്ഥാപിച്ച മറ്റൊരു ഫിൽട്ടർ പോയിന്റ് കിണറുണ്ട്. 40–ഓളം കുടുംബങ്ങൾക്ക് ശുദ്ധജലവിതരണം സാദ്ധ്യമാക്കിയിരുന്ന ഈ കിണറും ഇപ്പോൾ നിശ്ചലമാണ്. വാളത്തുംഗൽ സി വാർഡിലെ ജയന്തി കോളനിയിൽ സ്ഥാപിച്ച ഫിൽറ്റർ പോയിന്റ് പമ്പും ഇപ്പോൾ പ്രവർത്തന ക്ഷമമല്ല. സ്ഥലപരിമിതിയുള്ളിടത്തും ജനങ്ങൾ തിങ്ങിപ്പാർക്കുന്ന, കക്കൂസുകൾ ഏറ്റവും അടുത്തടുത്ത് ഉള്ള പ്രദേശങ്ങൾക്കും കിണറിനേക്കാൾ ഏറെ ആഴത്തിൽ നിന്നും ജലംസംഭരിക്കുന്ന ഈ കിണറുകൾ അഭികാമ്യമാണ്. 10,000–ഓളംരൂപ ഒരു കിണറിനു വേണ്ടിവരുമെന്നുള്ളതിനാൽ സാധാരണ ജനവിഭാഗത്തിന് ഫിൽട്ടർ പോയിന്റ് കിണർ അപ്രാപ്യമാണ്. പഞ്ചായത്തിൽ നിലവിലുള്ള പൊതു ജലവിതരണ സംവിധാനം: പട്ടിക 1 ൽ കൊടുത്തിരിക്കുന്നു.

## ലോകബാങ്ക് പദ്ധതി:

പ്രദേശത്തെ ജനങ്ങൾ ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന ഒരു പദ്ധതിയാണ് ലോകബാങ്കിന്റെ സഹായത്തോടെ കേരള വാട്ടർ അതോറിറ്റി കമ്മിഷൻ ചെയ്യാനിരിക്കുന്നത്. അർബൻ വാട്ടർ സപ്ളൈ സ്കീമിൽപ്പെടുത്തി ഇരവിപുരം, വടക്കേവിള പഞ്ചായത്തുകളിൽ ശുദ്ധജലം വിതരണം നടത്തുന്നതിനായി 20 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഒരു ജലസംഭരണി വടക്കേവിള പഞ്ചായത്തിൽ പഴയാറ്റിൻകുഴിയിൽ നിർമ്മിച്ചിരിക്കുന്നു. ഈ സംഭരണിയിൽ നിന്നും ഇരവിപുരം പഞ്ചായത്തിൽ ജലവിതരണം നടത്തുന്നതിനായി 35.5 കി.മീറ്റർ നീളത്തിൽ പൈപ്പ് ലൈനുകൾ സ്ഥാപിച്ചിട്ടുണ്ട്. ഈ


...എന്നിട്ടും കുടിനീരകലെ !
ലോകബാങ്ക് ജലവിതരണ പദ്ധതി - രൂപരേഖ
N
ജലസംഭരണി
അനുബന്ധം - I
KERALA WATER AND WASTE WATER AUTHORITY
SCALE
PLATE NO



ലൈനുകൾ പഞ്ചായത്തിന്റെ എല്ലാ പ്രദേശങ്ങളിലും, പ്രത്യേകിച്ച് ശുദ്ധജലക്ഷാമം രൂക്ഷമായ പ്രദേശങ്ങളെ പൂർണ്ണമായും ഉൾക്കൊള്ളിച്ചുകൊണ്ട് സ്ഥാപിച്ചിട്ടില്ലയെന്നു കാണാം. ലൈനുകളിൽ 75 ടാപ്പുകളുടെ സ്ഥാനം നിർണ്ണയിച്ചിട്ടുണ്ട്. അവയിൽ പലതും ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെടുത്താവുന്നയിടങ്ങളിലല്ല സ്ഥാപിച്ചിട്ടുള്ളത്. ഈ പദ്ധതി പ്രകാരം ഇട്ടിട്ടുള്ള പൈപ്പ് ലൈനുകൾ 7 റെയിൽവേ ലൈനുകൾക്കും 9 കലുങ്ങുകൾക്കും അപ്പുറവും ഇപ്പുറവുമായി പരസ്പരം ബന്ധിക്കാതെ കിടക്കുന്നു. മണ്ണിനടിയിൽ സ്ഥാപിച്ചിട്ടുള്ള പൈപ്പുകൾ ഗുണനിലവാരമില്ലാത്തതാണെന്ന് പഠനപര്യടന റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. ഈ പദ്ധതി കാര്യക്ഷമമാക്കി കമ്മിഷൻ ചെയ്താൽ നമ്മുടെ ഗ്രാമത്തിലെ കുടിനീർക്ഷാമത്തിന് ഒരു പരിധിവരെ പരിഹാരം ഉണ്ടാകും. ഈ പദ്ധതിയുടെ വിശദാംശം അനുബന്ധം 1 ൽ കൊടുത്തിരിക്കുന്നു.

കുടിവെള്ളത്തിനായി ഇന്ന് ആരുംതന്നെ കുളങ്ങളെയും തോടുകളേയും ആശ്രയിക്കുന്നില്ല എങ്കിൽക്കൂടി ഗ്രാമസമൃദ്ധിക്ക് പ്രകൃതി കനിഞ്ഞു നൽകിയിട്ടുള്ള ഈ ജലസ്രോതസ്സുകളെക്കുറിച്ച് പറയാതെ കടന്നുപോകുന്നത് ശരിയല്ല. കണ്ണാടിപോലെ തെളിനീർ പ്രവാഹമായി കടന്നുപോയിരുന്ന എത്ര തോടുകളും കൈത്തോടുകളും തെളിനീർ കെട്ടിനിന്നിരുന്നു കുളങ്ങളും ഇന്ന് വിസ്മൃതിയിലാണ്ടുപോയിരിക്കുന്നു. ഇന്ന് 8 കുളങ്ങളും 7 തോടുകളും 7 കൈത്തോടുകളുമാണ് അവശേഷിക്കുന്നത്. ആധുനികത ഇവറ്റകളെ അഴുക്കാചാലാക്കിയിരിക്കുന്നു. കുളങ്ങളും തോടുകളും ചതുപ്പുകളും നികത്തിയെടുത്ത് നാം കൊണ്ടുവന്ന കോൺക്രീറ്റ് സംസ്കാരം നമ്മുടെ കിണറുകളെയും മറ്റു ജലസ്രോതസ്സുകളെയും ദരിദ്രമാക്കിക്കൊണ്ടിരിക്കുന്നു. ജീവിത സാഹചര്യങ്ങളിൽ ഉണ്ടായ മാറ്റങ്ങളും കാലാവസ്ഥാ മാറ്റങ്ങളും നഷ്ടപ്പെടുത്തിയ നീരൊഴുക്കുകൾ പുനർജ്ജീവിപ്പിച്ച് നമ്മുടെ ജലസ്രോതസ്സുകളെ സമ്പുഷ്ടമാക്കാൻ നിലവിലുള്ള കുളങ്ങളും തോടുകളും നിലനിർത്തേണ്ടിയിരിക്കുന്നു.

# ആരോഗ്യം

ഇരവിപുരം പഞ്ചായത്തിന്റെ ഭൂവിസ്തൃതി 9.90 ച.കി ആണ്. 9832 വീടുകളിലായി 9930 കുടുംബങ്ങൾ അധിവസിക്കുന്നു. പൊതുമരണ നിരക്ക് സംസ്ഥാന ശരാശരിയേക്കാൾ കൂടുതലും (9.42) ജനനനിരക്ക് കുറവുമാണ്. ലഭ്യമായ കണക്കുകൾ പരിശോധിച്ചാൽ ശിശുമരണവും മാതൃമരണവും സംസ്ഥാന നിരക്കിനേക്കാൾ വളരെയേറെ കുറവാണെന്ന് കാണുന്നു. 1995 ലാകട്ടെ ശിശുമരണവും മാതൃമരണവും നടന്നിട്ടില്ല എന്നത് ഏറെ ശ്രദ്ധേയമാണ്. ജനസാന്ദ്രത കൂടിയ ഈ പഞ്ചായത്തിൽ 27559 സ്ത്രീകളും 27213 പുരുഷൻമാരുമുണ്ട്. പുരുഷൻമാരേക്കാൾ 1 ശതമാനത്തോളം സ്ത്രീകൾ കൂടുതലാണ്. ജനസംഖ്യ പ്രായംതിരിച്ച്- പട്ടിക 2 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 2

**ജനസംഖ്യ പ്രായം തിരിച്ച്**

| ആകെ ജനസംഖ്യ | 1ന് താഴെ പ്രായം ഉള്ളവർ | 1ന് മുകളിൽ 5വരെ | 5ന് മുകളിൽ 12 വരെ | 12ന് മുകളിൽ 60വരെ | 60ന് മുകളിൽ |
|---|---|---|---|---|---|
| 54772 | 780 | 3860 | 2960 | 44676 | 2496 |

## വികലാംഗർ

ഈ പ്രദേശത്ത് 305 വികലാംഗരുണ്ട്. ഇവരിൽ 50 പേർ മന്ദബുദ്ധികളും 80 പേർ തീരെ ചലനശേഷി നഷ്ടപ്പെട്ടവരുമാണ്. ഇവർക്ക് പ്രത്യേക പരിഗണന നൽകേണ്ടതുണ്ട്. ആകെയുള്ള 305 വികലാംഗരിൽ 242 പേരുടെയുംസാമ്പത്തികസ്ഥിതി വളരെ ദയനീയമാണ്. വികലാംഗരുടെ സ്ഥിതിവിവര കണക്ക് പട്ടിക 3 ൽ കൊടുത്തിരിക്കുന്നു.

"കഠിനമായ സൂര്യരശ്മി മുതുകിൽ ഏറ്റുകൊണ്ട് കുനിഞ്ഞ് നിന്ന് വേല ചെയ്യുന്ന ഗ്രാമീണരുമായി നാം താദാത്മ്യം പ്രാപിക്കുകയും അവർ കുളിക്കാനും മുണ്ട് നനയ്ക്കാനും പാത്രം തേയ്ക്കാനും അവരുടെ കന്നുകാലികൾ കുടിക്കാനും കിടന്ന് മറിയാനും ഉപയോഗിക്കുന്ന നീരുറവകളിലെ വെള്ളം നാം കുടിക്കാൻ ഇഷ്ടപ്പെടുന്നതെങ്ങനെയാണെന്ന് ആലോചിക്കുകയും വേണം. ആ ഒരു സ്ഥിതിയുണ്ടാകുമ്പോൾ മാത്രമേ ജനസാമാന്യത്തെ പ്രതിനിധാനം ചെയ്യുകയുള്ളൂ"

– ഗാന്ധിജി



നം ഒട്ടും കാര്യക്ഷമമല്ല. ആരോഗ്യ വിഷയങ്ങളെ സംബന്ധിച്ച അടിസ്ഥാനവിവരങ്ങൾ ശേഖരിച്ച് സൂക്ഷിക്കേണ്ട സ്ഥലത്തെ പ്രൈമറി ഹെൽത്ത് സെൻ്ററിൽ നിന്നും മതിയായ രേഖകൾ ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ സ്ഥലത്തെ ഇ.എസ്.ഐ ഡിസ്പെൻസറിയിൽ നിന്നും ഹോമിയോ ഡിസ്പെൻസറിയിൽ നിന്നും മറ്റ് സ്വകാര്യ ആരോഗ്യ സ്ഥാപനങ്ങളിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് ആരോഗ്യസ്ഥിതിയെ കുറിച്ച് വിശകലനം നടത്തിയിട്ടുണ്ട്. ആരോഗ്യ സർവ്വെ നടത്തിയതിൽ അനീമിയ, രക്തസമ്മർദ്ദം, പ്രമേഹം, ആസ്ത്മ, ക്ഷയം എന്നീ രോഗങ്ങൾ കൂടുതൽ പേരിലും ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. 50 വയസിനു മേൽ പ്രായമുള്ളവരിലധികം പേരും രക്ത സമ്മർദ്ദം, പ്രമേഹം, ആസ്ത്മ എന്നിവയാൽ കഷ്ടപ്പെടുന്നവരാണെന്ന് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. പ്രദേശത്താകെ 4 കുഷ്ഠരോഗികൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. ക്യാൻസർ രോഗികളുടെ എണ്ണവും കുറവല്ല. ഇവരിൽ ഗർഭാശയ ക്യാൻസർ ബാധിച്ച സ്ത്രീകളാണ് ഏറ്റവും കൂടുതൽ എന്നത് ശ്രദ്ധിക്കേണ്ടതാണ്. കുട്ടികളിലും മുലയൂട്ടുന്ന അമ്മമാരിലും ഗർഭിണികളിലും വ്യാപകമായി വിളർച്ച അനുഭവപ്പെടുന്നു. കുട്ടികളിൽ ഏറ്റവും കൂടുതലായി കാണപ്പെടുന്നത് വിരശല്യമാണ്. ചിക്കൻപോക്സും അഞ്ചാംപനിയും മഞ്ഞപ്പിത്തവും ചെങ്കണ്ണ് രോഗങ്ങളും വേനൽ സീസണിലെ രോഗങ്ങളായയെത്തുന്നു.

കശുവണ്ടി തൊഴിലാളികളിൽ കണ്ടുവരുന്ന ത്വക്കുരോഗവും ആസ്ത്മയും നട്ടെല്ല് സംബന്ധമായ അസുഖങ്ങളും തൊഴിൽപരമായി ലഭിക്കുന്നതായി കണക്കാക്കപ്പെടുന്നു. കൈയുറകൾ ധരിക്കാതെ മണിക്കൂറുകളോളം നിലത്തിരുന്നു പണിയെടുക്കുന്നതും ഫാക്ടറികളിലെ താഴ്ന്ന് പറക്കുന്ന പുക ശ്വസിക്കുന്നതും രോഗകാരണങ്ങളാണ്. ഓട്ടുകമ്പനി തൊഴിലാളികളിലും മറ്റും കണ്ടുവരുന്ന വാതസംബന്ധിയായ അസുഖങ്ങളും ഒരളവിൽ തൊഴിൽജന്യമാണെന്ന് പറയാവുന്നതാണ്. ശരിയായ സാനിട്ടേഷൻ സൗകര്യമില്ലാത്ത കടലോര പ്രദേശങ്ങളിലും കോളനി പ്രദേശങ്ങളിലും കുട്ടികളിലും മുതിർന്നവരിലും കണ്ടുവരുന്ന ത്വക്കുരോഗങ്ങളും വിരശല്യവും പരിസരജന്യമായി ഉണ്ടാകുന്നതാണ്. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ ആഴം കുറഞ്ഞ കിണറുകൾക്ക് സമീപം ടാങ്കുകളില്ലാത്ത കക്കൂസുകൾ നിർമ്മിച്ച് ഉപയോഗിക്കുന്നതിനാൽ വർഷകാലത്ത് കക്കൂസുകളിലെ വിസർജ്ജ്യങ്ങൾ കിണറുകളിൽ ഒഴുകിയെത്തി വയറുസംബന്ധമായ രോഗങ്ങൾ ഉണ്ടാക്കുന്നു. രോഗലക്ഷണങ്ങൾ കണ്ടുതുടങ്ങിയാലും യഥാസമയം ചികിത്സ തേടാതെ രോഗം മറ്റുള്ളവർക്ക് പകർന്നുകൊടുക്കുന്നവരും കുറ

**പട്ടിക 3**
**വികലാംഗ സർവ്വേ**

| | | |
|---|---|---|
| | പുരുഷന്മാർ | 197 |
| | സ്ത്രീകൾ | 108 |
| | ആകെ വികലാംഗർ | 305 |
| പ്രായപരിധി | 1–6 വയസ്സ് | 10 |
| | 7–15 വയസ്സ് | 49 |
| | 16–30 വയസ്സ് | 114 |
| | 31–60 വയസ്സ് | 103 |
| | 60 ന് മേൽ | 29 |
| തൊഴിൽ | സർക്കാർ | 6 |
| | അർദ്ധസർക്കാർ | 3 |
| | സ്വയം തൊഴിൽ | 1 |
| | കച്ചവടം | 3 |
| | മറ്റ് തൊഴിൽ | 10 |
| | പഠിക്കുന്നവർ | 40 |
| | തൊഴിലില്ലാത്തവർ | 162 |
| | തൊഴിൽചെയ്യാൻ പറ്റാത്തവർ | 80 |
| വിദ്യാഭ്യാസം | പ്രൈമറി | 58 |
| | അപ്പർ പ്രൈമറി | 42 |
| | ഹൈസ്കൂൾ | 66 |
| | കോളേജ് | 31 |
| | ഇല്ലാത്തവർ | 108 |
| വൈകല്യം | അന്ധർ | 20 |
| | ബധിരർ/മൂകർ | 22 |
| | മന്ദബുദ്ധി | 50 |
| | ചലനവൈകല്യം | 213 |

അവലംബം: പ്രാഥമിക-ദ്വിതീയ സ്ഥിതി

## രോഗവിവരങ്ങൾ

സംസ്ഥാന ശരാശരിയേക്കാൾ മരണനിരക്ക് കൂടുതലുള്ള തൊഴിലാളി പ്രാമുഖ്യമുള്ള ഈ പ്രദേശത്തെ ഔദ്യോഗിക പൊതുജനാരോഗ്യ സംവിധാ



വല്ല. മത്സ്യബന്ധന മേഖലയിൽ കടലിൽ വെച്ച് കൈകാലുകൾ ഉളുക്കിയും കുഴകൾ തിരിഞ്ഞും മറ്റും പരിക്ക് പറ്റുന്നവർ ഇന്ന് ആയുർവ്വേദ ചികിത്സയ്ക്ക് മറ്റ് പ്രദേശങ്ങളെയാണ് ആശ്രയിക്കുന്നത്.

## പോഷകാഹാര വിതരണം

പോഷകാഹാര വിതരണ പ്രക്രിയ തീർത്തും അപര്യാപ്തമാണെന്ന് എടുത്തുപറയേണ്ടതാണ്. ഈ പ്രദേശത്ത് ജനിക്കുന്ന ഒരു കുട്ടിയുടെ ശരാശരി തൂക്കം രണ്ടര കി.ഗ്രാമാണ്. ഇവിടെ അങ്കണവാടികൾ ഒന്നുംതന്നെ ഇല്ലാത്തത് ശിശുക്ഷേമരംഗത്തെ ഒരു പോരായ്മയായിത്തന്നെ കാണേണ്ടിയിരിക്കുന്നു. പേരിന് ഒരു ബാലവാടി വാളത്തുംഗൽ 'ബി' യിൽ പ്രവർത്തിക്കുന്നു. സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ ബാലവാടിയിൽ എത്തിച്ചേരുന്ന ശിശുക്കളുടെ എണ്ണക്കുറവ് അതിന്റെ അപര്യാപ്തത ചൂണ്ടിക്കാണിക്കുന്നു. ആവശ്യത്തിന് കളി ഉപകരണങ്ങളും മറ്റും ഇല്ലാത്തതും മഴപെയ്താൽ വെള്ളം കെട്ടിനിൽക്കുന്ന റോഡും പരിസരവും ബാലവാടിയിലെ പ്രശ്നങ്ങളാണ്. ഈ ബാലവാടി ഉൾപ്പെടെ 9 ഫീഡിംഗ് സെൻററുകൾ മാത്രമാണ് ഈ പ്രദേശത്ത് പോഷകാഹാര വിതരണത്തിനായി പ്രവർത്തിച്ചുവരുന്നത്. പോഷകാഹാര വിതരണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ള കൺവീനർമാർ അവരവരുടെ വീടുകളിൽ വച്ചുതന്നെ വിതരണം നടത്തുന്നത് ശരിയായ ശുചിത്വപാലനത്തിന് നന്നല്ല. ഫീഡിംഗ് സെൻറുകളിൽ പാചക പാത്രങ്ങൾ വിതരണം ചെയ്തിട്ടില്ല എന്നതും പാചകത്തിന് വേണ്ടിവരുന്ന ഇന്ധന ചെലവുകൾ യഥാസമയം വിതരണം ചെയ്യുന്നില്ല എന്നതും ആക്ഷേപമായി ഉയർന്നുവരുന്നു. ഇക്കാരണത്താൽത്തന്നെ വിതരണ സമയത്തിൽ കൃത്യത പാലിക്കപ്പെടുന്നില്ല. ഫീഡിംഗ് സെൻറുകളുടെ വിശദവിവരം പട്ടിക 4ൽ കൊടുത്തിരിക്കുന്നു.

പട്ടിക 4

**ഫീഡിംഗ് സെൻററുകൾ**

| വാർഡ് | | 1 | 4 | 7 | 8 | 16 | 13 | 14 1 | 15 2 |
|---|---|---|---|---|---|---|---|---|---|
| കൺവീനർ | കുഞ്ഞുബീവി | സാവിത്രി | കദീജ്ജാ ബീവി | ഹംസത്ത് | ശാന്ത | വസന്ത കുമാരി | ക്ലമന്റീന | സീനത്ത് | ബെറ്റ്സി |
| ഗുണഭോക്താക്കളുടെ എണ്ണം | 85 | 100 | 100 | 100 | 70 | 100 | 100 | 100 | 85 |

## ആരോഗ്യ സ്ഥാപനങ്ങൾ:

അലോപ്പതി ചികിത്സ ലഭിക്കുന്ന ഒരു പ്രൈമറി ഹെൽത്ത് സെൻററും അതിന്റെ കീഴിൽ പ്രവർത്തിക്കുന്ന 6 സബ് സെന്ററുകളും ഹോമിയോ ചികിത്സ ലഭിക്കുന്ന ഒരു ഹോമിയോ ഡിസ്പൻസറിയും അലോപ്പതി വിഭാഗത്തിലും ആയുർവ്വേദ വിഭാഗത്തിലും ചികിത്സ ലഭിക്കുന്ന ഇ.എസ്.ഐ ഡിസ്പൻസറിയും അടങ്ങുന്നതാണ് പഞ്ചായത്തിലെ ഔദ്യോഗിക ആരോഗ്യപരിപാലന സംവിധാനം. സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ പട്ടിക 5 ൽ കൊടുത്തിരിക്കുന്നു.

തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ഈ പ്രദേശത്ത് രോഗികളെ കിടത്തിചികിത്സിക്കാവുന്ന പൊതുആരോഗ്യകേന്ദ്രം ഇല്ല എന്നത് ഏറെ പരിതാപകരമാണ്. പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റെയും സബ് സെന്ററുകളുടെയും പ്രവർത്തനം കാര്യക്ഷമമല്ല. പി.എച്ച്. സെന്ററും സബ് സെന്ററുകളും സ്ഥാപിച്ചിരിക്കുന്നത് എല്ലാ വാർഡുകളിലേയും ജനങ്ങൾക്ക് പ്രയോജനപ്പെടുത്താവുന്ന രീതിയിലല്ല എന്നു കാണാം. എല്ലാ വാർഡുകാർക്കും സബ് സെന്ററുകൾ അനുവദിക്കപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിൽ മെയിൻ സെന്ററിൽ തന്നെ ഒരു സബ് സെന്റർ പ്രവർത്തിക്കുന്നത് ആക്ഷേപത്തിനിട നൽകിയിട്ടുണ്ട്. രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഇല്ലാത്തതും ഡോക്ടറുടെ സേവനം മുഴുവൻ സമയം ലഭിക്കാത്തതും മരുന്നുകളുടെ ദൗർലഭ്യവും ഹെൽത്ത് സെന്ററിന്റെ അപാകതകളായി ഉയർത്തിക്കാട്ടുന്നു. എല്ലാ ഭാഗത്തേയും ജനങ്ങൾക്ക് പ്രയോജനപ്പെടുത്താവുന്ന സ്ഥലത്തല്ല ഹെൽത്ത് സെന്റർ പ്രവർത്തിക്കുന്നതെന്നും കാണാവുന്നതാണ്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളികൾക്കും ലക്ഷം വീട് കോളനി നിവാസികൾക്കും പ്രൈമറി ഹെൽത്ത് സെന്ററുകളുടെ പ്രയോജനം ലഭിക്കത്തക്കവിധത്തിൽ പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു.

വെൺപാലക്കരയിൽ പ്രവർത്തിക്കുന്ന ഹോമിയോ ഡിസ്പൻസറി പ്രതിവർഷം അൻപതിനായിരത്തിലേറെ രോഗികൾക്ക് ചികിത്സ നൽകുന്നുണ്ട്. ഈ സ്ഥാപനം പഞ്ചായത്തിന്റെ കിഴക്കേ അതിർത്തിയിലായതിനാൽ ഇതിന്റെ സേവനം കൂടുതൽ പ്രയോജനപ്പെടുത്തുന്നത് മയ്യനാട് പഞ്ചായത്തുകാരാണ്. ഈ ഡിസ്പൻസറിക്ക് വേണ്ടി ഒരുവർഷത്തേക്ക് അനുവദിക്കപ്പെടുന്ന മരുന്നുകൾ മൂന്നുമാസത്തെ വിതരണത്തിന് തികയുന്നില്ല എന്ന പരാതി നിലനിൽക്കുന്നു. വ്യക്തികളുടെ സഹായത്തോടെ സംഘടിപ്പിച്ചെടുക്കുന്ന മരുന്നുകൾ ഉപയോഗിച്ചാണ് ഈ ആശുപത്രിയുടെ പ്രവർത്തനം നടത്തിക്കൊണ്ടു പോ



കുന്നത് എന്നത് അഭിനന്ദനാർഹമാണ്. ഈ ഡിസ്പൻസറി 25 കിടക്കകൾ ഉള്ള ആശുപത്രിയായി ഉയർത്തുന്നതിലേക്ക് പരിസരവാസികൾ കെട്ടിടം പണിതു നൽകിയിരിക്കുകയാണ്. ഹോമിയോ ആശുപത്രിയിലെ മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ ആരോഗ്യ പരിപാലന ക്ലാസുകളും മെഡിക്കൽ ക്യാമ്പുകളും നടന്നിട്ടുള്ളതായി റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. നവംബർ 1 ന് പുനരർപ്പണ ദിനമായി പ്രഖ്യാപിച്ച് നാം നടത്തിയ കരിവയൽ തോടിന്റെ പുനരുദ്ധാരണ പ്രവർത്തനത്തിൽ സഹകരിച്ച് ഫസ്റ്റ് എയിഡ് ക്ലിനിക്കും മെഡിക്കൽ ക്യാമ്പും സംഘടിപ്പിച്ച് മാതൃകകാട്ടിയിട്ടുണ്ട്.

ഇ.എസ്.ഐ ആനുകൂല്യമുള്ള നമ്മുടെ പ്രദേശത്തെ തൊഴിലാളികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ആശ്രയം നമ്മുടെ പഞ്ചായത്തിൽ പോളയത്തോട്ടിൽ പ്രവർത്തിക്കുന്ന ഇ.എസ്.ഐ ഡിസ്പൻസറിയാണ്. ആയുർവ്വേദ ചികിത്സയും അലോപ്പതി ചികിത്സയും ലഭിക്കുന്ന ഒരുസ്ഥാപനമാണിത്. ഇൻഷ്വർ ചെയ്ത തൊഴിലാളി എന്ന നിലയിൽ രോഗിക്ക് ആവശ്യമുള്ള മരുന്നുകൾ കൊടുക്കാൻ ബാദ്ധ്യതയുള്ള ഇ.എസ്.ഐ യിൽ നിന്നും മരുന്നിന് പകരം പുറമെ നിന്ന് മരുന്നു വാങ്ങാനുള്ള കുറിപ്പുകളാണ് ലഭിക്കുന്നത്. പുറമെ നിന്ന് മരുന്നു വാങ്ങിയാൽത്തന്നെ അതു റീ ഇംപേഴ്സ് ചെയ്തു കിട്ടുന്നതിന് 2 വർഷത്തിൽ കൂടുതൽ കാത്തിരിക്കേണ്ടി വരുന്നു. ഇഎസഐയിൽ നിന്നും മെച്ചപ്പെട്ട ചികിത്സയ്ക്കായി മെഡിക്കൽ കോളേജിലേക്ക് പോകേണ്ടിവരുന്ന രോഗികളെ, പുതുതായി ഏർപ്പെടുത്തിയിരിക്കുന്ന നിബന്ധനകൾ ബുദ്ധിമുട്ടിക്കുന്നു. ഇക്കാരണത്താൽ ഇ.എസ്.ഐ യിൽ നിന്നുള്ള പ്രയോജനം തൊഴിലാളികൾക്ക് കാര്യമായി ലഭിക്കുന്നില്ല.

സർക്കാർ സ്ഥാപനങ്ങളെ കൂടാതെ അലോപ്പതി ചികിത്സ ലഭിക്കുന്ന 3 ആശുപത്രികളും ഒരു

പട്ടിക 5

**ആരോഗ്യപരിപാലന കേന്ദ്രങ്ങൾ**

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ചികിത്സാ വിഭാഗം | പ്രവർത്തിക്കുന്ന സ്ഥലം | സ്വന്തം/ വാടക | ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|---|
| 1 | പ്രൈമറി ഹെൽത്ത് സെന്റർ | അലോപതി | വാളത്തുംഗൽ ബി | വാടക | 8 |
| 2 | സബ്സെന്റർ | ,, | വാളത്തുംഗൽ ബി (ഹെൽത്ത് സെന്ററിൽ) | ,, | 2 |
| 3 | ,, | ,, | വാളത്തുംഗൽ എ (ഒട്ടത്തിൽ) | സ്വന്തം | 2 |
| 4 | ,, | ,, | വടക്കുംഭാഗം (മാർക്കററിന് സമീപം) | ,, | 2 |
| 5 | ,, | ,, | തെക്കേവിള സി (തുണ്ടിൽ) | വാടക | 2 |
| 6 | ,, | ,, | തെക്കുംഭാഗം ബി (പാലക്കടവ്) | ,, | 2 |
| 7 | ,, | ,, | വാർഡ് 7 (ശിശുവിഹാറിൽ) | ,, | 2 |
| 8 | ഹോമിയോ ഡിസ്പെൻസറി | ഹോമിയോ (വെൺപാലക്കര) | വാളത്തുംഗൽ ബി | സ്വന്തം | 3 |
| 9 | ഇഎസ്ഐ ഡിസ്പെൻസറി | അലോപ്പതിയും ആയുർവ്വേദവും | പോളയത്തോട് | സ്വന്തം | 32 |



ആയൂർവ്വേദ നഴ്സിംഗ് ഹോമും അലോപ്പതി, ആയൂർവ്വേദം, ഹോമിയോ വിഭാഗങ്ങളിലായി 16 സ്വകാര്യ ഡിസ്പൻസറികളും നമ്മുടെ പ്രദേശത്ത് പ്രവർത്തിക്കുന്നു. ഈ സ്ഥാപനങ്ങളിലായി 75 ജീവനക്കാരുണ്ട്. സർക്കാർ സ്ഥാപനങ്ങളേക്കാൾ കാര്യക്ഷമമായി പ്രവർത്തിക്കുന്ന സ്വകാര്യസ്ഥാപനങ്ങൾ ചികിത്സാരംഗത്ത് മുൻകൈ നേടിയിരിക്കുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന രോഗികൾക്ക് സ്വകാര്യ സ്ഥാപനങ്ങളെ ആശ്രയിക്കാൻ കഴിയാതെ വരുന്നതിനാൽ അത്തരക്കാർക്ക് മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്.

## ആരോഗ്യരക്ഷാ ചെലവുകൾ

നമ്മുടെ പ്രദേശത്ത് ആരോഗ്യരക്ഷയ്ക്ക് വേണ്ടി ചെലവാക്കപ്പെടുന്ന തുക തീരെ അപര്യാപ്തമാണ്. പ്രൈമറി ഹെൽത്ത് സെന്റർ, 6 സബ് സെന്ററുകൾ എന്നീ സ്ഥാപനങ്ങൾക്കായി പ്രതിവർഷം 92,828 രൂപയാണ് ചെലവാക്കുന്നത്.

## വിവിധ ചികിത്സാരീതികൾ

പഴയകാലത്ത് പാരമ്പര്യ ആയൂർവ്വേദ ചികിത്സകർ മാത്രമുണ്ടായിരുന്ന ഈ പ്രദേശത്ത് ഇന്ന് അലോപ്പതി, ആയൂർവ്വേദം, ഹോമിയോ എന്നീ വിഭാഗങ്ങളിലെ ചികിത്സാരീതിയാണ് പ്രധാനമായും കണ്ടുവരുന്നത്. കൂടാതെ ഒരു കാന്ത ചികിത്സാകേന്ദ്രവും ഒരു പാരമ്പര്യ വിഷചികിത്സാ കേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്.

## സാനിട്ടേഷൻ സൗകര്യങ്ങൾ

പ്രദേശത്തെ 47 ശതമാനം കുടുംബങ്ങൾക്ക് സ്ഥിരമായ കക്കൂസുകൾ ഉണ്ട്. താൽക്കാലിക കക്കൂസുകൾ ഉള്ള കുടുംബങ്ങൾ 23 ശതമാനമാണ്. 30 ശതമാനം കുടുംബങ്ങൾക്ക് കക്കൂസുകൾ ഇല്ല. ഇക്കൂട്ടർ കടൽതീരവും കൊല്ലംതോടിന്റെ ഇരുകരകളും പൊതുസ്ഥലങ്ങളും മലമൂത്ര വിസർജ്ജനത്തിനായി ഉപയോഗിക്കുന്നു. പൊട്ടിയൊലിക്കുന്ന താൽക്കാലിക കക്കൂസുകളും കിണറുകൾക്ക് സമീപം സ്ഥാപിച്ചിട്ടുള്ള ടാങ്കുകൾ ഇല്ലാത്ത കക്കൂസുകളും കൊല്ലംതോടിലേക്ക് നേരിട്ട് വിസർജ്ജ്യം തള്ളിവിടുന്ന കക്കൂസുകളും പൊതുജനാരോഗ്യത്തിന് ഭീഷണി ഉയർത്തുന്നു.

## മലിനീകരണ പ്രശ്നങ്ങൾ

വൻതോതിൽ പരിസരമലിനീകരണം നടത്തുന്ന വ്യവസായ സ്ഥാപനങ്ങൾ ഇല്ലെങ്കിലും കശുവണ്ടി ഫാക്ടറികളിലെയും ടൈൽഫാക്ടറികളിലെയും ഉയരംകുറഞ്ഞ ചിമ്മിനികളിൽ നിന്നും പുറംതള്ളുന്ന പുകപടലങ്ങൾ അന്തരീക്ഷ മലിനീകരണം ഉണ്ടാക്കുന്നു. ടാങ്കുകളില്ലാത്ത കക്കൂസുകളിൽ നിന്നും നേരിട്ട് കൊല്ലംതോട്ടിലേക്ക് ഒഴുകിയെത്തുന്ന വിസർജ്ജ്യങ്ങളും വലിച്ചെറിയുന്ന മറ്റു മാലിന്യങ്ങളും മുനിസിപ്പൽ പ്രദേശങ്ങളിലെ ഓടകളിൽ നിന്നും ഒഴുകിയെത്തുന്ന അഴുക്കും നീരൊഴുക്കില്ലാതെ കെട്ടിനിന്ന് കൊല്ലംതോടിനെ മലീമസമാക്കി കൊതുകുകളുടെ ഉൽപ്പാദനകേന്ദ്രമാക്കി മാറ്റുന്നു. അഴുക്കുജലം കെട്ടിക്കിടന്ന് ദുർഗന്ധം വമിപ്പിക്കുന്ന തകർന്ന ഓടകളും ഒഴിക്കില്ലാത്ത തോടുകളും മലിനീകരണ പ്രക്രിയയ്ക്ക് ആക്കം കൂട്ടുന്നു. ശുചീകരണ പ്രക്രിയ കടന്നുചെന്നിട്ടില്ലാത്ത പൊതുമാർക്കറ്റിലെ ഉപയോഗയോഗ്യമല്ലാത്ത മത്സ്യ-മാംസങ്ങളുടെ വിപണനവും പൊതുസ്ഥലങ്ങളിലെ വിസർജ്ജ്യങ്ങളും ചപ്പുചവറുകളും അംഗീകൃതമല്ലാത്ത അറവുശാലകളിലെ അവശിഷ്ടങ്ങളും മറ്റും ഓടകളിലും തോടുകളിലും വലിച്ചെറിയുന്നതും പഞ്ചായത്തിലെവിടെയും സുലഭമായി ലഭിക്കുന്ന വ്യാജച്ചാരായവും പൊതുജനാരോഗ്യത്തിന് വെല്ലുവിളി ഉയർത്തുന്ന ഘടകങ്ങളാണ്.

പഞ്ചായത്തിന്റെ ചുമതലയിൽ നടത്തുന്ന ശുചീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല. എല്ലാ ഭാഗത്തും ശുചീകരണജോലിക്കാരുടെ സേവനം പ്രയോജനപ്പെടുത്തണം. ഒപ്പം പൊതുജനങ്ങളുടെ സഹകരണം ഉറപ്പാക്കുകയും വേണം. പ്രധാന റോഡുകളുടെ ഇരുവശത്തുമുള്ള സ്ഥാപനങ്ങളുടെയും വീടുകളുടെയും പരിസരത്തുള്ള പൊതുസ്ഥലം വൃത്തിഹീനമായി കിടക്കുന്നത് സാധാരണമാണ്. പൊതുസ്ഥല ശുചീകരണബോധത്തിന്റെ കുറവ് ഇത് വ്യക്തമാക്കുന്നു. എന്നാൽ ചില സ്ഥാപനങ്ങളുടെയും വീടുകളുടെയും പരിസരപ്രദേശങ്ങൾ വെടിപ്പായി സൂക്ഷിച്ചിരിക്കുന്നത് മാതൃകയാക്കാവുന്നതാണ്.

ഗ്രാമസഭയിൽ നടന്ന ചർച്ചകളുടെയും ഗ്രാമത്തിൽ നിന്നും ശേഖരിച്ച വിവരങ്ങളുടെയും അടിസ്ഥാനത്തിൽ കുടിവെള്ളത്തിന്റെ പ്രശ്നത്തിലും പൊതുജനാരോഗ്യ രംഗത്തും അടിയന്തിരമായി നടപ്പാക്കേണ്ട കാര്യങ്ങൾ താഴെ പറയുന്നവയാണ്.

1. ശുദ്ധജലം ലഭ്യമാകുന്ന പ്രദേശത്ത് താമസിക്കുന്ന ദുർബല വരുമാന വിഭാഗത്തിൽപ്പെട്ടവർക്കു വേണ്ടി പൊതുകിണറുകൾ നിർമ്മിച്ച് കൊടുക്കേണ്ടതുണ്ട്.

2. ശുദ്ധജലം ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ താമസിക്കുന്നവർക്കായി ശുദ്ധജലം ലഭിക്കുന്ന ഏറ്റവും അടുത്ത പ്രദേശത്ത് ഫിൽട്ടർ പോയിന്റ് കിണറുകളും കുഴൽകിണറുകളും സാങ്കേതിക തകരാറുകൾ ഇല്ലാത്ത വിധത്തിൽ സ്ഥാപിച്ചു നൽകണം.



3. തെക്കുംഭാഗത്ത് വ്യക്തികൾ കൈവശപ്പെടുത്തിയ സ്ഥലം വീണ്ടെടുത്ത് അവിടുത്തെ കാറ്റാടിയന്ത്ര കിണർ കാര്യക്ഷമമാക്കി ജലവിതരണം സാദ്ധ്യമാക്കേണ്ടതാണ്.

4. ഇരവിപുരത്തുള്ള ജലസംഭരണിയുടെ അറ്റകുറ്റപ്പണികൾ നടത്തി കാര്യക്ഷമമാക്കുന്നതോടൊപ്പം ലൈനുകളിൽ സ്ഥാപിച്ചിട്ടുള്ള ടാപ്പുകൾ നന്നാക്കുകയും ടാപ്പുകളുടെ എണ്ണം വർദ്ധിപ്പിക്കുകയും വേണം.

5. ലോകബാങ്കിന്റെ സഹായത്തോടെയുള്ള ജലവിതരണപദ്ധതി കമ്മിഷൻ ചെയ്ത്, ആശുപത്രികൾ, സ്കൂളുകൾ, ചതുപ്പ് പ്രദേശങ്ങൾ തുടങ്ങി ഗ്രാമത്തിന്റെ എല്ലാ ഭാഗത്തേക്കും പൈപ്പുലൈനുകൾ നീട്ടി കുടിവെള്ളം എത്തിക്കണം.

6. ജലവിതരണത്തിനായി ലോകബാങ്കിന്റെ സഹായത്തോടെ സ്ഥാപിച്ചിട്ടുള്ള പൈപ്പുകളുടെ ഗുണനിലവാരം, പദ്ധതി കമ്മിഷൻ ചെയ്യുന്നതിനു മുമ്പ് പരിശോധനാവിധേയമാക്കണം.

7. ഭൂഗർഭ ജലസ്രോതസ് കുറയാതെ നിലനിർത്തുന്നതിന് നിലവിലുള്ള വയലുകളും കുളങ്ങളും തോടുകളും സംരക്ഷിച്ച് നിർത്തുന്നതിനാവശ്യമായ നിയമനടപടി കൈക്കൊള്ളണം.

8. ഒരു ദിവസം 'ക്ലോറിൻ ഡേ' ആയി പ്രഖ്യാപിച്ചുകൊണ്ട് സന്നദ്ധ പ്രവർത്തകരുടെ സഹായത്താൽ (കരിവയൽ പുനരുദ്ധാരണ പ്രവർത്തനംപോലെ) എല്ലാ കിണറുകളും തോടുകളും ഓടകളും ക്ലോറിനേഷൻ നടത്തി അണുമുക്തമാക്കുകയും തുടർന്ന് 2 തവണ ക്ലോറിനേഷൻ നടത്താനുള്ള ക്ലോറിൻ ജനങ്ങൾക്ക് സൗജന്യമായി വിതരണം നടത്തേണ്ടതുമാണ്.

9. മന്ദബുദ്ധികളായിട്ടുള്ളവർക്കും തൊഴിൽ ചെയ്യാനാവാത്ത വിധം വൈകല്യം സംഭവിച്ചവർക്കും പ്രത്യേക പരിഗണന നൽകിക്കൊണ്ടുള്ള വികലാംഗ ക്ഷേമപദ്ധതി നടപ്പിലാക്കേണ്ടതാണ്.

10. പ്രാഥമികാരോഗ്യകേന്ദ്രത്തെ പഞ്ചായത്തിലെ എല്ലാവർക്കും പ്രത്യേകിച്ച് ദുർബലജനവിഭാഗങ്ങൾക്ക് സൗകര്യ പ്രദമായ സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കണം. പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെയും സബ് സെന്ററുകളുടെയും പ്രവർത്തനം കാര്യക്ഷമമാക്കണം. ടി കേന്ദ്രം 25 കിടക്കകളുള്ള ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യുകയും സബ് സെൻറ്റുകളുടെ പ്രവർത്തനം എല്ലാവർഡിലേക്കും വ്യാപിപ്പിക്കുകയും വേണം.

11. സ്ഥലത്തെ ആരോഗ്യപ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും രോഗപ്രതിരോധ നടപടികൾ കൈക്കൊള്ളുന്നതിനും ആരോഗ്യപ്രശ്നങ്ങളിൽ അവബോധം ഉണ്ടാക്കിയെടുക്കുന്നതിനുംവേണ്ടി വർഷത്തിൽ 2 തവണയെങ്കിലും പ്രദേശത്തെ ഔദ്യോഗിക-സ്വകാര്യ സ്ഥാപനങ്ങളിലെ ആരോഗ്യ പ്രവർത്തകരെയും സന്നദ്ധ സംഘടനകളെയും വിളിച്ചുകൂട്ടി ചർച്ചകൾ നടത്തുന്നതിന് പ്രൈമറി ഹെൽത്ത് സെന്ററുകൾ മുൻകൈ എടുക്കേണ്ടതുണ്ട്.

12. സ്വന്തമായി കെട്ടിടമുള്ള ഹോമിയോ ഡിസ്പൻസറി 25 കിടക്കകളുള്ള ആശുപത്രിയായി ഉയർത്തണം. ഇരവിപുരം പഞ്ചായത്തിലെ ജനങ്ങൾക്ക് പ്രയോജനമുണ്ടാകുന്ന നിലയിൽ ഒരു ഹോമിയോ ഡിസ്പൻസറി ഇരവിപുരത്ത് സ്ഥാപിക്കണം.

13. ഇരവിപുരത്ത് തടവ്, തിരുമ്മൽ സൗകര്യമുള്ള ഒരു ആയുർവ്വേദ ആശുപത്രി സ്ഥാപിക്കേണ്ടതാണ്.

14. ഇഎസ്എയിൽ എല്ലാ മാസവും കൃത്യമായി മരുന്ന് ഉറപ്പാക്കണം. റീ-ഇമ്പേഴ്സ്മെന്റ് വേണ്ടിവന്നാൽ തന്നെ അത് ഉടൻ ലഭ്യമാക്കണം. മെഡിക്കൽ കോളേജിലേക്ക് റഫർ ചെയ്യുന്ന രോഗികളെ കഷ്ടപ്പെടുത്തുന്ന തരത്തിൽ പുതുതായി ഏർപ്പെടുത്തിയ നിബന്ധനകൾ പിൻവലിക്കണം.

15. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിലും കടലോര പ്രദേശങ്ങളിലും ചതുപ്പു പ്രദേശങ്ങളിലും കൊല്ലംതോടിന്റെ കരകളിലും താമസിക്കുന്നവർക്കായി യോജിച്ച മാതൃകയിൽ കക്കൂസുകൾ നിർമ്മിച്ച് നൽകേണ്ടതുണ്ട്.

16. ഇരവിപുരം ജംഗ്ഷൻ പോലുള്ള പ്രദേശങ്ങളിൽ ചുമതലക്കാരനുള്ള പബ്ലിക് കംഫർട്ട് സ്റ്റേഷനുകൾ സ്ഥാപിക്കേണ്ടതാണ്.

17. കശുവണ്ടി ഫാക്ടറികളിലെയും ഓട്ട് കമ്പനികളിലെയും പുകക്കുഴലുകൾക്ക് ഉയരം വർദ്ധിപ്പിക്കാനുള്ള നടപടി ഉണ്ടാവണം.

18. കശുഅണ്ടി, ഓട് വ്യവസായ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് തൊഴിൽജന്യമായി ഉണ്ടാകുന്ന രോഗങ്ങൾക്ക് പ്രതിവിധി കണ്ടെത്തേണ്ടതാണ്.

19. പബ്ലിക് മാർക്കറ്റുകളിലെ മത്സ്യമാംസാദികളുടെയും ഹോട്ടലുകളിലെ ഭക്ഷണ സാധനങ്ങളുടെയും ഗുണനിലവാരം പരിശോധിക്കുന്നതിന് ആഴ്ചയിൽ ഒരു ദിവസം വീതം ഹെൽത്ത് സ്ക്വാഡിന്റെയും സന്നദ്ധ സംഘടനകളുടെയും സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്.

20. പഞ്ചായത്ത് അതിർത്തിയിൽ വിൽക്കപ്പെടുന്ന ഇറച്ചി ആരോഗ്യത്തിന് ഹാനികരമാകാത്തതാണെന്ന് ഉറപ്പ് വരുത്തുന്നതിനായി അംഗീകൃത അറവ് ശാലകൾ സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്.

21. സന്നദ്ധ സംഘടനകളുടെയും മുനിസിപ്പൽ



അധികൃതരുടെയും സഹായ സഹകരണത്തോടെ വർഷത്തിൽ ഒരു തവണയെങ്കിലും കൊല്ലംതോടിൽ നിന്ന് മണ്ണ് കോരി നീക്കംചെയ്ത് ജലപ്രവാഹം സുഗമമാക്കി ശുദ്ധീകരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടതാണ്.

22. അന്തരീക്ഷ മലിനീകരണ പ്രക്രിയയ്ക്ക് ആക്കംകുറയ്ക്കാൻ ഫാക്ടറികളുടെ പരിസര പ്രദേശങ്ങളിലും പൊതുസ്ഥലങ്ങളിലും വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കേണ്ടതാണ്.

23 പഞ്ചായത്തിലെ ശുചീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ശുചീകരണ ജോലികളിൽ താൽപ്പര്യമുള്ളവരെ മാത്രം നിയമിച്ച് ശുചീകരണ ജോലികൾ നടത്തുക. പ്രധാന കവലകളിൽ ചവറ് തൊട്ടികൾ സ്ഥാപിക്കുകയും അത് കൃത്യമായി നീക്കം ചെയ്യുകയും വേണം.

24. വ്യവസായ സ്ഥാപനങ്ങളെയും കച്ചവട സ്ഥാപനങ്ങളെയും ഇതര സ്ഥാപനങ്ങളെയും സാമൂഹ്യ-സാംസ്ക്കാരിക സംഘടനകളെയും ഉൾപ്പെടുത്തി പൊതുസ്ഥലം ശുചീകരണബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കേണ്ടതുണ്ട്.

25. പോഷകാഹാര വിതരണ ശ്രംഖല എല്ലാ വാർഡുകളിലും വ്യാപിപ്പിച്ച് പോഷകഗുണമുള്ള ആഹാരം മാറിമാറി വിതരണം ചെയ്യേണ്ടതാണ്. സന്നദ്ധ സംഘടനകളെയും മഹിളാ സംഘടനകളെയും ഉൾപ്പെടുത്തികൊണ്ടുള്ള ജനകീയ സമിതികളുടെ പ്രവർത്തനം ഫീഡിംഗ് സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ ആവശ്യമാണ്.

26. എക്സൈസ്, പൊലീസ് ഡിപ്പാർട്ടുമെന്റുകളുടെയും സന്നദ്ധ സംഘടനകളുടെയും സംയുക്ത സഹകരണത്തോടെ മദ്യവിരുദ്ധ ബോധവത്ക്കരണ പ്രചാരണ പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് മേൽനോട്ടം വഹിക്കേണ്ടതുണ്ട്.







# അഞ്ച് - അഞ്ച്

# വ്യവസായം

കൊല്ലം നഗരത്തെ തൊട്ടുരുമ്മിനിൽക്കുന്ന ഒരു പഞ്ചായത്ത് എന്ന നിലക്ക് നഗര ജീവിതത്തിന്റെ പ്രതിഫലനം ഇരവിപുരത്തും ദൃശ്യമാണ്.

വ്യവസായ മേഖലയിൽ ശ്രദ്ധേയമായ സ്ഥാനം കൈവരിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും ചെറുതും വലുതുമായ ഒട്ടേറെ വ്യവസായ യൂണിറ്റുകൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. കേരളത്തിൽ തന്നെ കഴിഞ്ഞ ഒരു ദശകമായി റിക്കാർഡ് നേട്ടവുമായി തലയുയർത്തി നിൽക്കുന്ന പൊതുമേഖലാ സ്ഥാപനമായ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് (മീറ്റർ കമ്പനി) ഈ പഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നത്. അതുപോലെ കശുഅണ്ടി ഫാക്ടറികൾ സമീപ പഞ്ചായത്തുകളുമായി താരതമ്യപ്പെടുത്തുമ്പോൾ കുറവാണെങ്കിലും മറ്റ് പഞ്ചായത്തുകളിൽ പോയി പണിയെടുക്കുന്നവരെക്കൂടി കണക്കിലെടുത്താൽ ഈ രംഗത്ത് പണിയെടുക്കുന്ന തൊഴിലാളികൾ ഈ പഞ്ചായത്തിൽ ധാരാളമാണ്.

ഒരു കാലത്ത് ഓട്ട് കമ്പനികളുടെ പ്രതാപം ഉണ്ടായിരുന്ന ഇവിടെ ആധുനിക രീതിയിൽ ഓടുകളും ഇഷ്ടികകളും ലാഭകരമായി ഉത്പാദിപ്പിച്ചിരുന്നു. ഫാക്ടറികളിൽ 3 എണ്ണം ഇന്നും പ്രവർത്തിക്കുന്നുണ്ടെങ്കിലും പഴയകാലത്തെ നല്ല നാളുകൾ ഇന്ന് ഓർമ്മയിൽ മാത്രം.

താന്നി ഭാഗത്ത് കയർ മേഖല മുമ്പ് വളരെ സജീവമായിരുന്നു. 'ഇരവിപുരം തൊണ്ട്' ഗുണമേന്മയിൽ മികച്ചതാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. ചണ, കയർ വ്യവസായങ്ങളും ഇരവിപുരത്തിന്റെ ഒരു പ്രത്യേകതയായിരുന്നു. പക്ഷെ ഇന്ന് റാട്ടിന്റെ ശബ്ദം ഏതാണ്ട് നിലച്ച മട്ടാണ്. ചണപ്പിരി വ്യവസായം മുമ്പ് ഇവിടെ വ്യാപകമായിരുന്നു. എന്നാൽ ഇന്നവ തീർത്തും നിലച്ചിരിക്കുന്നു. വെൺപാലക്കര, പന്ത്രണ്ടുമുറി, ആക്കോലിൽ ഭാഗങ്ങളിൽ കൈത്തറിയുടെ ശബ്ദം നിലച്ചിട്ടില്ലെന്നുള്ളത് ആശ്വാസകരമാണ്.

തീപ്പെട്ടി വ്യവസായ രംഗവും ഒട്ടും മോശമല്ല. എൻ. എൻ.സി. ജംഗ്ഷനിലുള്ള രവീന്ദ്രാ മാച്ച് വർക്സ് വളരെ നല്ലരീതിയിൽ പ്രവർത്തിച്ചു വരുന്നു. ഈ രംഗത്ത് ഏറെയും സ്ത്രീ തൊഴിലാളികളാണ്. ഒരു കുടിൽ വ്യവസായം പോലെ വീടുകളിൽ തീപ്പെട്ടി വ്യവസായവുമായി ബന്ധപ്പെട്ട് ജോലി ചെയ്യുന്നവർ നിരവധിയാണ്.

നല്ല രീതിയിൽ നടന്നിരുന്ന ഒരു സഹകരണ തടിമിൽ പഞ്ചായത്ത് അതിർത്തിയായ പള്ളിമുക്കിൽ പ്രവർത്തിച്ചിരുന്നു. എന്നാൽ ഇന്നത് സഹകരണ സംഘം എന്ന നിലയിലല്ല പ്രവർത്തിക്കുന്നത്.

സ്റ്റീൽ ഫർണീച്ചർ വ്യവസായത്തിന്റെ ഒരു ശൃംഖല തന്നെ നമ്മുടെ പഞ്ചായത്തിലുണ്ട്. ഓരോ ദിവസവും പുതിയ പുതിയ യൂണിറ്റുകൾ ആരംഭിക്കുന്നുണ്ട്. പക്ഷേ പുത്തൻ നട കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന പ്ലാസാ സ്റ്റീൽ ഫർണീച്ചർ വർക്സാണ് ഈ രംഗത്ത് എടുത്ത് പറയാൻ കഴിയുന്ന ഒരു സ്ഥാപനം.

പഴയ തടികൊണ്ടുവന്ന് ഫർണീച്ചർ ഉണ്ടാക്കുന്ന വ്യവസായം നമ്മുടെ പ്രദേശത്തുണ്ട്. ഈ രംഗം വമ്പിച്ച വിപണന സാധ്യതയുള്ളതാണെന്ന് കുറഞ്ഞ കാലംകൊണ്ട് തെളിയിച്ചിരിക്കുന്നു. കാവൽ പുര, പള്ളിമുക്ക് റോഡ് കേന്ദ്രീകരിച്ച് നിരവധി സ്ഥലത്ത് ഈ വ്യവസായം കാണാം. മാടൻ നടയിലെ ഓൾഡ് ഫർണീച്ചർ മാർട്ട് ഈ രംഗത്തെ പ്രധാന സ്ഥാപനമാണ്.

മേൽകാണിച്ച പ്രധാനപ്പെട്ട വ്യവസായ യൂണിറ്റുകൾക്ക് പുറമേ 103 കൊച്ചുകൊച്ചു വ്യവസായ യൂണിറ്റുകളും ഈ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മെഴുകുതിരി, വസ്ത്രനിർമ്മാണം, സോപ്പു നിർമ്മാണം തുടങ്ങി വിവിധ തരം യൂണിറ്റുകൾ ഉണ്ടെങ്കിലും മിക്കതും ഇന്ന് മൃതപ്രായമായിരിക്കുകയാണ്. ഈ രംഗത്ത് നിരവധി പേർ പ്രത്യക്ഷമായും പരോ



ക്ഷമായും ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു.

## കശുഅണ്ടി രംഗം

കൊല്ലം ജില്ല കശു അണ്ടി വ്യവസായ രംഗത്ത് മുമ്പനാണ്. എങ്കിലും ഇരവിപുരം പഞ്ചായത്തിൽ കശു അണ്ടി ഫാക്ടറികൾ താരതമ്യേന കുറവാണ്. 2 പൊതുമേഖലാ സ്ഥാപനങ്ങൾ ഉൾപ്പെടെ 5 സ്ഥാപനങ്ങൾ ഈ രംഗത്തുണ്ട്. കെഎസ്സിഡിസിയുടേയും കാപ്പക്സിന്റെയും ഫാക്ടറികളിലായി 952 തൊഴിലാളികൾ പണിയെടുക്കുന്നു. ഇതിൽ 890 പേർ സ്ത്രീകളാണ്. കൂടാതെ എൻ എൻസി, കെജി എൻ ഗ്രൂപ്പുകളുടെ ഫാക്ടറികളും ഈ അടുത്തകാലത്ത് തെക്കേവിള ബി വാർഡിൽ ഒരു സ്വകാര്യ സ്ഥാപനവും ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്.

കാൽ നൂറ്റാണ്ടിന് മുമ്പ് വരെ കൊല്ലത്തിന്റെ ഐശ്വര്യമായിരുന്ന കശുഅണ്ടി വ്യവസായം ഇന്ന് മുരടിച്ചു നിൽക്കുകയാണ്. അസംസ്കൃത സാധനമായ കശുഅണ്ടിയുടെ ദൗർലഭ്യവും ലോകമാർക്കറ്റിൽ പരിപ്പിന്റെ വിലയിൽ അടിക്കടിയുണ്ടാകുന്ന ഏറ്റക്കുറച്ചിലുകളും ഇന്നത്തെ പ്രതിസന്ധിക്ക് പ്രധാന കാരണങ്ങളാണ്. വേണ്ടത്ര തോട്ടണ്ടി ആഭ്യന്തര കമ്പോളത്തിൽ ലഭ്യമല്ലാത്ത സാഹചര്യത്തിൽ ഈ വ്യവസായത്തെ രക്ഷിക്കാൻ കശുഅണ്ടി ഇറക്കുമതി ചെയ്യുകയേ തൽക്കാലം നിർവ്വാഹമുള്ളൂ. അതോടൊപ്പം തന്നെ ഭാവിയിലെ തോട്ടണ്ടിയുടെ ആഭ്യന്തര ലഭ്യത ഉറപ്പാക്കാൻ ഉതകും വണ്ണം കശുമാവ് കൃഷി യുദ്ധകാലാടിസ്ഥാനത്തിൽ വ്യാപിപ്പിക്കുകയും വേണം.

## കൈത്തറി

കൈത്തറി മേഖലയിൽ 600 തൊഴിലാളികൾ ജോലി ചെയ്യുന്നു. 290 പേർ സ്ത്രീകളാണ്. കൈത്തറി വ്യവസായം ഗുരുതരമായ പ്രതിസന്ധിയിലായിട്ട് കാലമേറെയായി. നൂലിന്റെ അഭൂതപൂർവ്വമായ വിലക്കയറ്റം, ഈ രംഗത്തെ കുറഞ്ഞ കൂലി നിരക്ക്, തമിഴ്നാട് കൈത്തറിയുമായി മത്സരിക്കാൻ കഴിയാത്തത്, പുത്തൻ ഡിസൈനിന്റെ അഭാവം എന്നിവ പ്രതിസന്ധിയെ ഇരട്ടിപ്പിക്കുന്നു. ഒരു മേഖല കേന്ദ്രീകരിച്ച് (പന്ത്രണ്ടുമുറി, ആക്കോലിൽ, വെൺപാലക്കര) പ്രവർത്തനം നടത്തുന്ന മൂന്ന് സ്ഥാപനങ്ങളുണ്ട്. ഇവ മൂന്നും സഹകരണ രംഗത്താണ്.

സഹകരണ സംഘത്തിന്റെ ആഭിമുഖ്യത്തിൽ ഒരു "വാർപ്പിംഗ് ആന്റ് സൈസിംഗ് കം" നെയ്ത്ത് പരിശീലന കേന്ദ്രം സ്ഥാപിക്കുക. പഞ്ഞി ഉൽപ്പാദന കേന്ദ്രത്തിൽ നിന്നും മൊത്തമായി സംഭരിച്ച് നൂൽ ഉൽപ്പാദിപ്പിച്ച് കുറഞ്ഞ നിരക്കിൽ സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യുക, മെച്ചപ്പെട്ട ഡിസൈനിംഗ്/ ഡൈയിംഗ് പരിശീലനം നൽകുക തുടങ്ങി ഫലപ്രദമായ ഒട്ടേറെ നിർദ്ദേശങ്ങൾ ഈ രംഗത്ത് പ്രവർത്തിക്കുന്നവർ മുന്നോട്ട് വയ്ക്കുന്നുണ്ട്.

## കയർ

പരമ്പരാഗത വ്യവസായ രംഗത്ത് കയർ വ്യവസായം നമ്മുടെ പഞ്ചായത്തിൽ അഗണ്യകോടിയിലാണ്. കായലുമായി ബന്ധപ്പെട്ട സ്ഥലങ്ങളിൽ മാത്രമേ നാമമാത്രമായി ഈ വ്യവസായം ഇന്ന് നിലനിൽക്കുന്നുള്ളൂ. താന്നിയിൽ 218 പേർ ഇതുമായി ബന്ധപ്പെട്ട് ജീവിക്കുന്നു. ഈ രംഗത്തെ മുതലാളിമാരുമായി മത്സരിച്ച് തൊണ്ട് സംഭരിക്കാനുള്ള ബുദ്ധിമുട്ട്, ലഭ്യമായ തൊണ്ട് പോലും സംസ്കരിച്ചെടുക്കാനുള്ള അസൗകര്യം മറ്റ് രംഗങ്ങളുമായി തട്ടിച്ച് നോക്കുമ്പോൾ ലഭിക്കുന്ന കുറഞ്ഞ കൂലി തുടങ്ങിയ കാരണങ്ങൾ ഈ വ്യവസായത്തിന്റെ നാശത്തിന് വഴിവച്ചു എന്നുകാണാൻ കഴിയും.

യന്ത്രവത്കരണം ഒരു പരിധിവരെ സ്വീകരിച്ചേ പറ്റൂ എന്ന സ്ഥിതിയുണ്ട്. പച്ചത്തൊണ്ടിൽ നിന്നും ചകിരിനാര് എടുക്കാനുള്ള യന്ത്രം സ്ഥാപിച്ചും പ്രദേശത്തെ തൊണ്ടുകൾ ഇവിടത്തന്നെ സംസ്കരിച്ചും തൊണ്ട് കടത്ത് തടഞ്ഞും പരമ്പരാഗത തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കാൻ കഴിയും. ചകിരിയിൽ നിന്നും ആകർഷകമായ ഉത്പ്പന്നങ്ങൾ ഉണ്ടാക്കാൻ ഊന്നൽ നൽകേണ്ടിയിരിക്കുന്നു. അതുപോലെ വിപണി കണ്ടെത്താനും കഴിയണം.

## ഓട് വ്യവസായം

ഓട് വ്യവസായത്തിൽ ഒരു കാലത്ത് ഇരവിപുരത്തിന് മേൽക്കൈ ഉണ്ടായിരുന്നു. തോമസ് സ്റ്റീഫൻ, പഴവിള ടൈൽസ്, ബ്രദ്ദേഴ്സ് യൂണിയൻ എന്നീ മൂന്ന് സ്ഥാപനങ്ങളിലായി 207 തൊഴിലാളികൾ ഈ രംഗത്ത് പ്രവർത്തിക്കുന്നു.

അസംസ്കൃത സാധനങ്ങളുടെ ദൗർലഭ്യം വിറകിന്റെയും എണ്ണയുടെയും ലഭ്യതക്കുറവുമൂലമുള്ള വിലക്കയറ്റം ഞാങ്കടവ്, കല്ലട, പുത്തൂർ, ഐവർകാല, ഇത്തിക്കര തുടങ്ങിയ വിദൂര സ്ഥലങ്ങളിൽ നിന്നും ചെളി റോഡ് മാർഗം കൊണ്ടുവരുന്നതിന് വേണ്ടിവരുന്ന ഗതാഗത ചെലവ്, ചെളിയെടുക്കുമ്പോൾ പരിസ്ഥിതി വാദികളിൽ നിന്നുള്ള എതിർപ്പ് തുടങ്ങിയ ഘടകങ്ങൾ ഈ വ്യവസായത്തിന്റെ തകർച്ചയ്ക്ക് കാരണമായിട്ടുണ്ട്. കോൺക്രീറ്റ് സൗധങ്ങളോടുള്ള കമ്പവും നിർമ്മാണ രംഗത്തെ നൂതന സങ്കൽപ്പങ്ങളും തകർച്ചയുടെ ആക്കം വർദ്ധിപ്പിച്ചു. സംസ്ഥാനം നേരിടുന്ന വൈദ്യുതി പ്രതിസന്ധിയും പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. ചെളി, വിറക്, എണ്ണ മുതലായവ മിതമായ വിലക്ക് ലഭ്യമാക്കുകയും പവർകട്ടിൽ നിന്ന് ഒഴിവാക്കുകയും ചെയ്താൽ ഒരു പരിധിവരെ ഈ വ്യവസായത്തെ രക്ഷി



ക്കാൻ കഴിയും.

## ആധുനിക വ്യവസായം

1950 ൽ സ്ഥാപിതമായ മീറ്റർ കമ്പനി വൈദ്യുതി മീറ്റർ ഉത്പാദിപ്പിക്കുന്ന കേരളത്തിലെ ഏക സ്ഥാപനമാണ്. 1958 ൽ ഇത് പൊതുമേഖലയിൽ വന്നതിനെ തുടർന്ന് ഏറെയും നേട്ടങ്ങളുടെ കഥമാത്രമാണ് പറയാനുള്ളത്. ഇന്ന് ഇന്ത്യയിൽ ഉത്പാദിപ്പിക്കുന്നതിൽ ഏറ്റവും കിടയറ്റ വൈദ്യുതി മീറ്ററുകൾ ഇവിടെയാണ്.

460 പേർ ജോലിചെയ്യുന്നതിൽ 60 പേർ സ്ത്രീ

### പട്ടിക 1

| ഇനം | | തൊഴിലാളികളുടെ എണ്ണം | | ആകെ | ശതമാനം |
|---|---|---|---|---|---|
| | | പുരുഷൻ | സ്ത്രീ | | |
| കശുഅണ്ടി | സഹകരണം (കാപ്പക്സ്) | 32 | 390 | 2665 | 43.20 |
| | കെ എ സ് സി ഡി സി (കോർപ്പറേഷൻ) | 30 | 500 | | |
| | സ്വകാര്യമേഖല | 165 | 1548 | | |
| കൈത്തറി – സഹകരണം | | 310 | 290 | 600 | 9.72 |
| മീററർ കമ്പനി– പൊതുമേഖല (ആധുനിക വ്യവസായം) | | 400 | 60 | 460 | 7.45 |
| പാൽവിതരണം–സഹകരണം | | 6 | 2 | 8 | 0.13 |
| സോപ്പ് –ചാരിറ്റബിൾ സൊസൈറ്റി | | 34 | 12 | 46 | 0.75 |
| കയർ– സ്വകാര്യം | | 118 | 100 | 218 | 3.53 |
| ഓട്ട് കമ്പനി – സ്വകാര്യം | | 207 | ~ | 207 | 3.36 |
| തീപ്പെട്ടി – സ്വകാര്യം | | 101 | 161 | 262 | 4.25 |
| നൈലോൺ വല നിർമ്മാണം – സ്വകാര്യം | | 5 | 355 | 360 | 5.84 |
| സാമിൽ – സ്വകാര്യം | | 95 | 30 | 125 | 2.03 |
| എഞ്ചിനീയറിംഗ് വർക്ക്ഷോപ്പ് – സ്വകാര്യം | | 159 | 7 | 166 | 2.69 |
| മോട്ടോർ വർക്ക്ഷോപ്പ് – സ്വകാര്യം | | 71 | ~ | 71 | 1.15 |
| റെഡിമെയ്ഡ് ഗാർമെന്റ്സ് – സ്വകാര്യം | | 46 | 81 | 127 | 2.06 |
| വുഡൻ ഫർണീച്ചർ – സ്വകാര്യം | | 166 | 6 | 172 | 2.79 |
| സ്റ്റീൽ ഫർണീച്ചർ – സ്വകാര്യം | | 31 | ~ | 31 | 0.50 |
| ഫ്ലവർ മിൽ – സ്വകാര്യം | | 62 | 10 | 72 | 1.17 |
| ഓയിൽ മിൽ – സ്വകാര്യം | | 47 | 2 | 49 | 0.79 |
| പാക്കിംഗ് കെയ്സ് (കാർഡ് ബോർഡ്) – സ്വകാര്യം | | 10 | 20 | 30 | 0.49 |
| അച്ചടി – സ്വകാര്യം | | 16 | ~ | 16 | 0.26 |
| അച്ചാർ – സ്വകാര്യം | | 9 | 8 | 17 | 0.27 |
| സിനിമാശാല – സ്വകാര്യം | | 26 | ~ | 26 | 0.42 |
| ഇതര വിഭാഗം – സ്വകാര്യം | | 378 | 63 | 441 | 7.15 |
| ആകെ | | 2524 | 3645 | 6169 | 100.00 |



കളാണ്. ഈ വ്യവസായവുമായി ബന്ധപ്പെട്ട് 500 ലേറെപ്പേർക്ക് പരോക്ഷമായി ജോലി ലഭിക്കുന്നുണ്ട്. മോട്ടോർ സ്റ്റാർട്ടറുകൾ, സ്ട്രീറ്റ് ലൈറ്റ്കോൺണ്ടാക്റ്റേസ് തുടങ്ങിയവും ഉല്പാദിപ്പിക്കുന്നുണ്ട്. ഇപ്പോഴുള്ള സമൃദ്ധിയും ലാഭവും നിലനിർത്തണമെങ്കിൽ വൈവിധ്യവത്ക്കരണമാവശ്യമാണ്. വൈവിധ്യവത്ക്കരണം അനുബന്ധ യൂണിറ്റുകളുടെ പേരിലായാൽ നിലനിൽപ്പും സ്ഥായിയായ വളർച്ചയും ഉറപ്പാക്കാനും അതുവഴി തൊഴിലവസരം സൃഷ്ടിക്കാനും കഴിയും.

നമ്മുടെ പഞ്ചായത്തിലെ വിവിധ മേഖലകളിൽ തൊഴിലെടുക്കുന്നവരുടെ വിശദവിവരം പട്ടിക-1 ൽ കൊടുത്തിരിക്കുന്നു. പട്ടികയിൽ പറഞ്ഞിരിക്കുന്ന തീപ്പെട്ടി, സാമിൽ, ഓയിൽമിൽ, സോപ്പ് പാക്കിംഗ് (കാർഡ് ബോർഡ്), എൻജിനീയറിംഗ്/മോട്ടോർ വർക്ക് ഷോപ്പ്, റെഡിമെയ്സ് ഗാർമെന്റ്സ്, സ്റ്റീൽ/വുഡൻ ഫർണിച്ചർ, ഫ്ലവർമിൽ, നൈലോൺ വല നിർമ്മാണം, അച്ചടി, പാൽവിതരണം, അച്ചാർ നിർമ്മാണം, സിനിമാശാല തുടങ്ങിയ മേഖലകൾക്ക് സംഘടിത രൂപവും ശരിയായ മാനേജ്മെന്റും ഇല്ലാത്തതിനാൽ ഉൽപ്പന്നങ്ങളുടെ ഗുണമേൻമ നിലനിർത്താൻ കഴിയായ്ക, ഉൽപ്പന്നം ന്യായമായവിലയ്ക്ക് ഉപഭോക്താവിന് ലഭ്യമാക്കാൻ കഴിയായ്ക, തൊഴിലാളിക്ക് തൊഴിൽസുരക്ഷിതത്വവും ന്യായമായ കൂലിയും ഉറപ്പാക്കാൻ കഴിയായ്ക, തൊഴിലുടമയുടെ ഇഷ്ടാനുസരണം അടച്ചുപൂട്ടലിന് വിധേയമാക്കുക മുതലായ പോരായ്മകൾ നിലനിൽക്കുന്നു.

വലിയ മുതൽ മുടക്കില്ലാതെ പ്രാദേശികമായി ലഭ്യമായിട്ടുള്ള വിഭവങ്ങൾ ഉപയോഗിച്ചുകൊണ്ട് തുടങ്ങാവുന്ന വ്യവസായങ്ങൾ പട്ടിക (2)ൽ കൊടുത്തിരിക്കുന്നു.

## സാധ്യതകളും നിർദ്ദേശങ്ങളും

### (1) നൈലോൺ വല നിർമ്മാണം

തീരദേശത്തെ മൂന്ന് വാർഡുകളിൽ അധിവസിക്കുന്ന 300 ഓളം കുടുംബങ്ങൾ നൈലോൺ വല നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്നു. സഹകരണ മേഖലയിൽ സംഘടിപ്പിച്ചാൽ അസംസ്കൃത സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് സംഭരിക്കാനും ഉപഭോക്താവിന് ഉല്പന്നം മിതമായ വിലയ്ക്ക് ലഭ്യമാക്കാനും സാധിക്കും.

### (2) മീൻ അച്ചാർ നിർമ്മാണം

ഈ രംഗത്തെ സാധ്യതകളെ സംബന്ധിച്ച് മത്സ്യബന്ധനമേഖലയിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. മീൻ അച്ചാർ നിർമ്മാണ വ്യവസായം തീരദേശം കേന്ദ്രീകരിച്ച് പതിനഞ്ചാം വാർഡിൽ ആരംഭിക്കണം.

### (3) കോൾഡ് സ്റ്റോറേജ് ആന്റ് പീലിംഗ് ഷെഡ്

300 ഓളം മത്സ്യതൊഴിലാളികൾക്ക് തൊഴിൽ ലഭിക്കുന്ന ഇതിന്റെ സാധ്യതകളെ സംബന്ധിച്ച് മത്സ്യബന്ധനമേഖലയിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

### (4) റെഡിമെയ്സ് ഗാർമെന്റ്സ്-തയ്യൽ പരിശീലന കേന്ദ്രം

അഭ്യസ്ത വിദ്യരായ സ്ത്രീകൾക്ക് ഏറെ തൊഴിൽ സാദ്ധ്യതയുള്ള മേഖലയാണിത്. റെഡിമെയ്സ് വസ്ത്രങ്ങൾക്ക് പ്രാദേശികമായി വൻ ഡിമാന്റാണുള്ളത്. സംഘടിത രൂപം നൽകിയാൽ തുണി കുറഞ്ഞ വിലയ്ക്ക് മൊത്തമായി സംഭരിക്കാനും ഗുണമേന്മയുള്ള ഉൽപ്പന്നം മിതമായ വിലയ്ക്ക് ഉപഭോക്താവിന് ലഭ്യമാക്കാനും സാധിക്കും. ഇത്തരത്തിൽ വിപണി ഉറപ്പാക്കാൻ കഴിഞ്ഞാൽ സ്ഥാപനം ലാഭകരമായി നടത്തിക്കൊണ്ട് പോകാനും കഴിയും. ഒരു വിദഗ്ധ ഫാഷൻ ഡിസൈനറുടെ സേവനം ഉറപ്പാക്കികൊണ്ട് വിപണിയിലെ മാറിവരുന്ന അഭിരുചിക്കനുസൃതമായി ഉൽപ്പന്നങ്ങളിൽ വൈവിധ്യം സൃഷ്ടിക്കാൻ സാധിക്കും. ചൂഷണം ഇല്ലാതാക്കിയും ജോലി സ്ഥിരത ഉറപ്പാക്കിയും അഭ്യസ്ത വിദ്യർക്ക് പരിശീലനം നൽകാനും ഇതുവഴി കഴിയും. സ്ത്രീ തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കാനുള്ള ഒരു സംരംഭം എന്നനിലയിൽ ഈ വ്യവസായം മുന്തിയ പരിഗണനയർഹിക്കുന്നു. ഈ രംഗത്ത് പരിചയസമ്പന്നരായ ധാരാളം പേർ പ്രാദേശികമായിത്തന്നെയുണ്ട്.

### (5) കശുഅണ്ടിപ്പരിപ്പ് പ്രോസസിംഗ്/സോർട്ടിംഗ് & പാക്കിംഗ്

പരിചയ സമ്പന്നരായ സ്ത്രീ തൊഴിലാളികളും അസംസ്കൃത സാധനമായ കശുഅണ്ടിപ്പരിപ്പും പ്രാദേശികമായി സുലഭമാണ്. വമ്പിച്ച വിപണി സാധ്യതയുള്ള (പ്രാദേശികതലത്തിലും) ഈ വ്യവസായം ലാഭകരമായി നടത്താവുന്നതാണ്. ഇതും സംഘടിതരൂപത്തിലാക്കിയാൽ ചൂഷണത്തിൽ നിന്നും മോചനവും തൊഴിൽ സുരക്ഷിതത്വവും ഉറപ്പാക്കാം.

### (6) സ്റ്റീൽ / വുഡൻ ഫർണീച്ചർ

പ്രാദേശികമായി ലഭ്യമായ പുതിയതും പഴയതുമായ ഗുണമേന്മയുള്ള വിവിധയിനം തടികൾ ഉപയോഗിച്ച്കൊണ്ട് പ്രദേശത്തുള്ള പരിചയസമ്പന്നരായ തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാക്കികൊണ്ടും വളരെ ലാഭകരമായി നടത്തിക്കൊണ്ട് പോകാൻ കഴിയുന്നതാണീ വ്യവസായം. ഒരു കേന്ദ്രീകൃത രൂപംനൽകി കൊണ്ട് ഈ രംഗം അഭിവൃദ്ധിപ്പെടുത്തേണ്ടതായിരിക്കുന്നു.



### (7) കോൺക്രീറ്റ് -കട്ടള, ജനൽ, കിണർ തൊടി ഹോളോ ബ്രിക്സ്

മേൻമയേറിയ തടിയുടെ ദൗർലഭ്യമുള്ള ഇക്കാലത്ത് കെട്ടിട നിർമ്മാണത്തിന് വളരെയേറെ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. ഇതിന് ശാശ്വത പരിഹാരം എന്ന നിലയിൽ കോൺക്രീറ്റ് കട്ടള, ജനൽ പടികൾ എന്നിവ ഇന്ന് പ്രചാരത്തിലായിട്ടുണ്ട്. മാറിയ സാഹചര്യത്തിൽ ഇവയ്ക്കും വർദ്ധിച്ച ഡിമാന്റുണ്ട്. ഇത് നിർമ്മിക്കാൻ പ്രാപ്തരും പരിചയ സമ്പന്നരുമായ തൊഴിലാളികൾ പ്രദേശത്ത് സുലഭമാണ്. പൂർണമായും കൈത്തൊഴിലധിഷ്ഠിതമായതിനാൽ വൈദ്യുതിയുടെ ആവശ്യമില്ല. വിപണിസാധ്യത ഏറിവരുന്ന ഈ വ്യവസായം തൊഴിലധിഷ്ഠിതമാണ്.

### (8)സ്പോർട്ട്സ് ഉപകരണങ്ങളുടെ നിർമ്മാണം

സ്പോർട്ട്സ് ഉൽപ്പന്നങ്ങളുടെ വലിയ ഒരു വിപണിയാണ് ഇന്ന് ഗ്രാമത്തിലുള്ളത്. കുത്തകകളുടെ ഉൽപ്പന്നങ്ങൾ ഉയർന്ന വിലയ്ക്ക് വാങ്ങിയുപയോഗിക്കുന്ന നാം നമ്മുടെ ഗ്രാമത്തിൽ ഇവ ഉല്പാദിപ്പിക്കാൻ അറിയുന്ന കയ്യാലയ്ക്കൽ വാർഡിലെ ചെറുപ്പക്കാരെ ഓർക്കാറില്ല. വിപണി കണ്ടെത്താൻ വളരെ വിഷമമില്ലാത്തതിനാൽ വളരെമേന്മയേറിയ സ്പോർട്ട്സ് ഉപകരണങ്ങൾ ഈ യൂണിറ്റിൽ ഉത്പാദിപ്പിച്ച് കുറഞ്ഞ വിലയ്ക്ക് വിപണനം നടത്തി ലാഭകരമായി നടത്തിക്കൊണ്ടു പോകാൻ കഴിയും.

നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ളതും പുതുതായി സ്ഥാപിക്കുന്നതുമായ വ്യവസായ യൂണിറ്റുകളുടെ സുഗമമായ പ്രവർത്തനം ഉറപ്പാക്കുന്നതിനായി നിരന്തരാവലോകനം വഴി സാമ്പത്തിക പ്രതിസന്ധി, വിപണിയില്ലായ്മ, അസംസ്കൃത സാധനങ്ങളുടെ ദൗർലഭ്യം, തൊഴിൽ പ്രശ്നം തുടങ്ങിയുള്ള ഏത് പ്രശ്നവും ശ്രദ്ധയിൽപ്പെട്ട മാത്രയിൽ തന്നെ ഫലപ്രദമായി ഇടപെടാനും പരിഹരിക്കാനുമായി പഞ്ചായത്ത് തലത്തിൽ ഒരു ജനകീയ സംവിധാനം ഉണ്ടാകണം.

ആധുനിക മാനേജ്മെന്റ് സംവിധാനം സമൂഹത്തിന്റെ ഒരു വിശിഷ്ട ഉൽപ്പന്നമാണ്. ചെറുതും വലുതുമായ പല വ്യവസായ യൂണിററുകളുടെയും പരാജയ കാരണങ്ങളിലൊന്ന് ശരിയായ മാനേജ്മെന്റ് ഇല്ലായ്മയാണ്. സംസ്ഥാന തലത്തിൽ ഇന്ന് ലഭ്യമായ പ്രൊഫഷണൽ മാനേജ്മെന്റ് സഹായം പഞ്ചായത്തുകൾക്ക് ലഭ്യമാക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയും ഈ സംവിധാനത്തെ ജനകീയ സംവിധാനവുമായി സമന്വയിപ്പിക്കുകയും വേണം.

മേൽപ്പറഞ്ഞവ കൂടാതെ (പട്ടിക 3) ൽ പറഞ്ഞിട്ടുള്ള വിവിധയിനം ഉൽപ്പന്നങ്ങളുടെ നിർമ്മാണവും വിപണന സാധ്യതകളും ഗ്രാമസഭകളിൽ സജീവ ചർച്ചയ്ക്ക് വിധേയമായയതും നിർദ്ദേശങ്ങളായി ഉയർന്ന് വന്നിട്ടുള്ളതുമാണ്. ഇവയിൽ ഓരോന്നിലും ഭാഗികമായി മുതൽ മുടക്കാൻ പ്രദേശത്തെ വ്യവസായ സംരംഭകർ സന്നദ്ധമായി മുന്നോട്ട് വന്നിട്ടുണ്ട്. ഈ യൂണിറ്റുകൾ പഞ്ചായത്തിൽ മുൻഗണനാടിസ്ഥാനത്തിൽ യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞാൽ നമ്മുടെ വ്യാവസായിക ഭൂപടത്തിൽ ഇരവിപുരം പഞ്ചായത്തിന് ഒരു പ്രമുഖ സ്ഥാനം കരസ്ഥമാക്കാമെന്ന് ഉറപ്പാണ്. ഇതുവഴി ഗ്രാമത്തിന്റെ തൊഴിലില്ലായ്മയെ ഏറെക്കുറെ തുടച്ച് നീക്കാനും കഴിയും.

| | പട്ടിക - 2 |
|---|---|
| 1 | റെഡിമെയ്ഡ് ഗാർമെന്റ് - തയ്യൽ പരിശീലന കേന്ദ്രം |
| 2. | കശു അണ്ടിപ്പരിപ്പ് സോർട്ടിംഗ് ആന്റ് പാക്കിംഗ് |
| 3. | സ്റ്റീൽ - വുഡൻ ഫർണീച്ചർ നിർമ്മാണം |
| 4. | കോൺക്രീറ്റ് - കട്ടള, ജനൽ, കിണർ തൊടി, ഹോളോ ബ്രിക്സ് നിർമ്മാണം |
| 5. | സ്പോർട്ട്സ് ഉപകരണങ്ങളുടെ നിർമ്മാണം |
| 6. | നൈലോൺ വല നിർമ്മാണം |
| 7. | മീൻ അച്ചാർ - മറ്റ് അച്ചാറുകൾ |
| 8. | കോൾഡ് സ്റ്റോറേജ് ആന്റ് പീലിംഗ് ഷെഡ് |



## പട്ടിക 3

**ചുരുങ്ങിയ മുതൽ മുടക്കിൽ കമ്പോളം ലഭിക്കാൻ സാദ്ധ്യതയുള്ള വ്യവസായങ്ങൾ –ഗ്രാമസഭകളിൽ ഉയർന്നു വന്നവ**

വനിതാ സഹകരണം

1 സോപ്പ് നിർമ്മാണം
2. ഫ്രൂട്ട് ജ്യൂസ്, ജാം നിർമ്മാണം
3. കളിപ്പാട്ട നിരമ്മാണം – കുപ്പിവള, } അലങ്കാരപ്പൂക്കൾ
4. കയർപിരി യൂണിറ്റ്
5. ഡൈഹൗസ്, വാർപ്പിംഗ് ആന്റ് സൈസിംഗ് / കൈത്തറി ട്രെയ്നിംഗ് സെന്റർ
6. ബീഡിതെറുപ്പ് യൂണിറ്റ്
7. കാസറ്റ് അസംബ്ലിംഗ് യൂണിറ്റ്
8. പ്രിന്റിംഗ്, ബുക്ക് ബൈന്റിംഗ് നോട്ടു ബുക്ക് നിർമ്മാണം
9. ഇലക്ട്രോണിക്ക് വാച്ച് ആന്റ് എക്യുപ്പ്മെന്റ് നിർമ്മാണം.
10. മെഴുകുതിരി യൂണിറ്റ്
11. ക്ഷീര വ്യവസായം
12. ചണപ്പിരി യൂണിറ്റ്
13. തീപ്പെട്ടി നിർമ്മാണം
14. ചെരുപ്പ് / ഫാൻസി ഐറ്റം നിർമ്മാണം
15. ഹൽവാ, മോഡേൺ ബ്രഡ് ബേക്കറി യൂണിറ്റ്
16. ഓട്ടോ മൊബൈൽ എഞ്ചിനിയിറിംഗ് വർക്ക്ഷോപ്പ്
17. ഫ്ലവർമില്ല് – ഗോതമ്പ് പൊടി (പാക്കിംഗ്)
18. അലൂമിനിയം പാത്രനിർമ്മാണ റിറോളിംഗ് മിൽ
19. വ്യാപാര കേന്ദ്രം – കൺസ്യൂമർ സഹകരണ സംഘം
20 പർപ്പടക നിർമ്മാണം
21. തവി നിർമ്മാണം
22. ഡ്രൈവാഷിംഗ്
23 ഇനാമെൽ പെയ്ന്റ് നിർമ്മാണം – സ്പ്രേ പെയ്ന്റിംഗ് യൂണിറ്റ്
24. സ്റ്റീൽ ഫാബ്രിക്കേഷൻ യൂണിറ്റ്/ കെട്ടിട നിർമ്മാണ സാമഗ്രികൾ നിർമ്മാണം
25. അപ്പോൾസ്റ്ററി യൂണിറ്റ്
26. ചന്ദനത്തിരി നിർമ്മാണം
27. ചാക്ക് റിപ്പയറിംഗ് യൂണിറ്റ്
28. പ്ലംബിംഗ്, മൈക്ക് സെറ്റ് – റിപ്പെയറിംഗ് യൂണിറ്റ്
29. പേപ്പർ കവർ (പാക്കിംഗ്)
30. കമ്പി ആണി നിർമ്മാണം
31. ബ്യൂട്ടിപാർലറിനു വേണ്ട സാധന നിർമ്മാണം
32. ഗോൾഡ് കവറിംഗ് യൂണിറ്റ്
33. സംഗീതോപകരണ നിർമ്മാണം
34. മെറ്റിൽ നിർമ്മാണം
35. കരകൗശല വസ്തു നിർമ്മാണം
36. ബസ് സർവ്വീസ് (സഹകരണം)
37. വോൾട്ടേജ് സ്റ്റെബിലൈസർ യൂണിറ്റ്
38. കക്കാ സംസ്കരണ യൂണിറ്റ്





## അഞ്ച് – ആറ്

# ഗതാഗതം ഊർജ്ജം

ഗതാഗത സൗകര്യത്തിന്റെ കാര്യത്തിൽ കുറേയൊക്കെ മുന്നോട്ടു പോകാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. എന്നാൽ പരിഹരിക്കേണ്ടതായ പോരായ്മകൾ പലതും ഉണ്ട്. റോഡുകളും റെയിൽവേയുമാണ് നമ്മുടെ ഗതാഗതത്തിനുള്ള പ്രധാനമാർഗങ്ങൾ.

## റോഡുകൾ

ഗതാഗതത്തിന്റെ കാര്യത്തിൽ ഒന്നാം സ്ഥാനം റോഡിനു തന്നെ. ടാർ ചെയ്തതും അല്ലാത്തതുമായ 73.15 കി.മീ. റോഡുകളാണ് നമുക്കുള്ളത്. 21.954 കി.മീ. പി ഡബ്ല്യുഡി റോഡ് ഉൾപ്പെടെ 29.490 കി.മീ. ടാർ ചെയ്ത റോഡുണ്ട്. മെറ്റിൽ ചെയ്തത് 9.585 കി.മീ. വരും. മെറ്റലിംഗ് കാത്തു കിടക്കുന്ന 34.100 കി. മീ. റോഡുണ്ട്. (പട്ടിക (1) (2) ഉം കാണുക. എൻ. എച്ച്. 47 പഞ്ചായത്തിനെ തഴുകി കടന്നുപോകുന്നു.

നിലവിലുള്ള മെറ്റൽ റോഡുകളുടേയും ഗ്രാവൽ റോഡുകളുടേയും ശോച്യാവസ്ഥ ഗ്രാമസഭകളിൽ ഏറെ പരാമർശിക്കപ്പെട്ടിട്ടുണ്ട്. താറുമാറായി കിടക്കുന്ന റോഡുകൾ അടിയന്തര ശ്രദ്ധ ചെലുത്തി അറ്റകുറ്റ പണികൾ നടത്തണമെന്നത് പ്രധാന പരാതിയായിരുന്നു. റോഡുകൾ മെറ്റൽ ചെയ്യാനും ടാർ ചെയ്യാനുമുള്ള നിർദ്ദേശങ്ങൾ നിരവധിയുണ്ട്.

## റെയിൽവേ

റോഡു ഗതാഗതം കഴിഞ്ഞാൽ പിന്നെ റെയിൽവേയെ ആശ്രയിക്കുകയേ നിവൃത്തിയുള്ളൂ. പഞ്ചായത്തിലൂടെ കടന്നു പോകുന്ന റെയിൽവേ ലൈനിന്റെ നീളം 3.2 കി. മീറ്ററാണ്. റെയിൽവേ യാത്രയ്ക്കുള്ള പ്രാധാന്യം വർദ്ധിച്ച് വരുന്നെങ്കിലും യാത്രാ സൗകര്യങ്ങൾ ഒട്ടുംതന്നെ വർദ്ധിക്കുന്നില്ല. കഴിഞ്ഞ 5 കൊല്ലത്തിനുള്ളിൽ യാത്രക്കാരുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇരവിപുരം സ്റ്റേഷനിൽ നിന്നും യാത്ര ആരംഭിക്കുന്ന സീസൺ ടിക്കറ്റുകാർ എല്ലാം തന്നെ കൊല്ലത്ത് നിന്ന് സീസൺ ടിക്കറ്റ് സമ്പാദിച്ച് യാത്ര ചെയ്യുന്നവരാണ്. ഇതിനൊരു പ്രതിവിധി ഇരവിപുരം സ്റ്റേഷനെ ഒരു ഫ്ലാഗ് സ്റ്റേഷനാക്കി ഉയർത്തുക എന്നതാണ്.

### ഓവർ ബ്രിഡ്ജ്

ഇരവിപുരം റെയിൽവേ ഗേറ്റ് കടന്ന് ഏകദേശം മുപ്പതോളം ബസുകൾ സർവ്വീസ് നടത്തുന്നു. കൂടാതെ ഇരുചക്ര വാഹനങ്ങൾ ഉൾപ്പെടെ ആയിരത്തിലധികം വാഹനങ്ങൾ ഇതുവഴി കടന്നു പോകുന്നു. പഞ്ചായത്തിലെ ഏറ്റവും തിരക്കുള്ള ഭാഗമാണ് പള്ളിമുക്ക് മുതൽ തിരുമുക്ക് വരെയുള്ള റോഡ്. തീരദേശ റോഡുകൂടി വരുമ്പോൾ ഇതിന്റെ പ്രാധാന്യം പതിൻമടങ്ങ് വർദ്ധിക്കും. കൂടാതെ പ്രഖ്യാപിത മയ്യനാട്–പരവൂർ കായൽപ്പാലം കൂടി നിലവിൽ വരുമ്പോൾ സ്ഥിതി കുറെക്കൂടി രൂക്ഷമാകും. ഓരോ പതിനഞ്ച് മിനിറ്റിലും റെയിൽവേഗേറ്റ് അടച്ചിടുമ്പോൾ എൻ എൻസി മുതൽ തിരുമുക്ക് വരെ നീളത്തിൽ വാഹനങ്ങളുടെ നീണ്ട ക്യൂ ദൃശ്യമാകും. ഒരു തവണ ഗേറ്റ് തുറന്ന് ഗതാഗതം പൂർവ്വസ്ഥിതി പ്രാപിക്കുമ്പോഴേക്കും അടുത്ത അടപ്പിന് സമയമാകും. കൊല്ലം–തിരുവനന്തപുരം ഡബിൾ ലൈൻ കൂടി വന്ന് കഴിയുമ്പോൾ സ്ഥിതി ഗുരുതരമാകും. അത്യാസന്ന നിലയിലുള്ള രോഗിയെ ആശുപത്രിയിൽ എത്തിക്കാൻ കൂടി കഴിയാത്ത സ്ഥിതിയുണ്ട്. അടിയന്തിരമായി ഇവിടെ ഒരു ഓവർ ബ്രിഡ്ജ് പണിത് ജനങ്ങളുടെ ദുരിതം അകറ്റുന്നതിനും ഇരവിപുരം–മയ്യനാട് പഞ്ചായത്തുകളുടെ യാത്രാസൗകര്യ വികസനത്തിനും ബന്ധപ്പെട്ട അധികൃതർ. ഇരവിപുരം പഞ്ചായത്തിന്റെ ഏതാണ്ട് മദ്ധ്യഭാഗത്ത് കൂടി കടന്നുപോകുന്ന റെയിൽവേ ലൈനിൽ 4 റെയിൽവേ ഗേറ്റുകളുണ്ട്. 9 ക്രോസ്വേകൾ ഗേറ്റില്ലാത്തവയുമാണ്. ഇതെല്ലാം ഇവിടെ ഒരു ഓവർ ബ്രിഡ്ജിന്റെ അനിവാര്യത എടുത്ത് കാട്ടുന്നു.



## പുതിയ റോഡുകൾ

പുതിയ മൺറോഡുകൾ നിർമ്മിക്കാനുള്ള ഒട്ടനവധി നിർദ്ദേശങ്ങൾ ഉയർന്ന് വന്നിട്ടുണ്ട്. മുൻഗണനാക്രമം പരിശോധിച്ച് റോഡുകൾ നിർമ്മിക്കേണ്ടതാണ്.

നിർഗമനത്തിനായി റോഡരികിൽ ഓട നിർമ്മിച്ച് കവർ സ്ലാബ് ഇട്ട് റോഡ് സഞ്ചാരയോഗ്യമാക്കാനുള്ള നിരവധി ആവശ്യങ്ങളും ഉയർന്നു നിരവധിയാണ്. മനുഷ്യാധ്വാനം ദാനം ചെയ്യാൻ സന്നദ്ധരായി പല വാർഡുകളിലും ചെറുപ്പക്കാർ മുന്നോട്ട് വന്നിട്ടുണ്ട്.

നേരത്തെ മെറ്റൽ ചെയ്ത റോഡുകൾ ടാർ ചെയ്യാനും ഗ്രാവൽ റോഡുകൾ മെറ്റൽ ചെയ്യാനുമുള്ള ആവശ്യങ്ങളും വന്നിട്ടുണ്ട്. ഇതിൽ അടിയന്തിര പ്രാധാന്യം കൊടുത്ത് ഏറ്റെടുക്കേണ്ട വർക്കുകൾ മുൻഗണന നിശ്ചയിച്ച് ചെയ്യേണ്ടതാണ്. പട്ടിക(2) കാണുക.

### പട്ടിക 1
### പിഡബ്ല്യുഡി റോഡുകളുടെ വിവരം

| ക്രമ നമ്പർ | പേര് | നീളം |
|---|---|---|
| 1 | പള്ളിമുക്ക്- ഇരവിപുരം റോഡ് | 2.604 കി.മി. |
| 2. | തട്ടാമല-കാരിക്കുഴിഠ | 3 |
| 3. | തിരുമുക്ക്-കൂട്ടിക്കട | 2.500 |
| 4. | എച്ച്. എസ്. ജംഗ്ഷൻ- അമ്മാച്ചൻമുക്ക് | 1.3 |
| 5. | ഇരവിപുരം ജംഗ്ഷൻ- താന്നി | 3.000 |
| 6. | മാടൻനട- ആറ്റുകാൽ കടവ് | 2.000 |
| 7. | പോളയത്തോട്-തോമസ് സ്റ്റീഫൻകമ്പനി | 1.75 |
| 8. | തട്ടാമല-പുത്തൻച്ചന്ത | 2.2 |
| 9. | കോൺവന്റ്- കാക്കത്തോപ്പ് | 1.000 |
| 10. | ഇരവിപുരം ജംഗ്ഷൻ- ചായക്കട മുക്ക് | 2. |
| 11. | ചെയിൻകവർ കമ്പനി- ചിറവയൽ | 0.-6 |
| | ആകെ. | 21.-954 |

## റോഡ് വികസനം

വരുമാനത്തിന്റെ സിംഹഭാഗവും ചെലവഴിക്കുന്നത് റോഡുകളുടെ വികസനത്തിനും അറ്റകുറ്റപണികൾക്കുമാണ്. നാം ആഗ്രഹിക്കുന്ന വിധത്തിൽ റോഡുവികസനം നടത്തണമെങ്കിൽ പരിമിതമായ നമ്മുടെ വിഭവ ശേഷികൊണ്ട് മാത്രം അസാധ്യമാണ്. സന്നദ്ധ പ്രവർത്തനവും ഉദാരമനസ്കരിൽ നിന്നുള്ള നിർലോഭമായ സഹായവും അത്യന്താപേക്ഷിതമാണ്.

പഞ്ചായത്തിലെ മൊത്തം ഗതാഗത സൗകര്യം പരിശോധിച്ചാൽ അസമമായ ഒരു ചിത്രമാണ് നമുക്ക് കിട്ടുന്നത്. ചില വാർഡുകളിൽ സാമാന്യം ഭേദപ്പെട്ട റോഡ് ശൃംഖലയുണ്ടെങ്കിൽ മറ്റ് ചിലയിടങ്ങളിൽ വേണ്ടത്ര സൗകര്യങ്ങൾ എത്തിയിട്ടില്ല. ജനകീയാസൂത്രണംകൊണ്ട് നാം ഉദ്ദേശിക്കുന്നത് കാർഷിക -വ്യാവസായിക രംഗങ്ങളിൽ ഒരു കുതിച്ച് ചാട്ടമാണ്. അതിന് പ്രയോജനപ്പെടുന്ന രീതിയിലുള്ള ഗതാഗത സൗകര്യങ്ങൾക്ക് വേണം നാം ഊന്നൽ നൽകേണ്ടത്.

കൊല്ലം-പരവൂർ തീരദേശ റോഡുവഴി വളരെയേറെ ബസുകൾ സർവീസ് നടത്തിയിരുന്നു. കൊല്ലത്ത് നിന്നും പരവൂർ എത്തുന്നതിന് 10 കി.മീ. ലാഭം കണ്ട് കൊണ്ടാണ് ഈ റോഡ് നിർമ്മിച്ചത്. കായലും കടലും സ്പർശിച്ച് കടന്നു പോകുന്ന ഈ റോഡിലൂടെയുള്ള യാത്രക്ക് ധാരാളം ടൂറിസ്റ്റുകൾ എത്തിയിരുന്നു. എന്നാൽ പരവൂർ കായൽ ബണ്ട് തകർന്ന് റോഡ് നശിച്ചതിന് ശേഷം റോഡ് പണി പുനരാരംഭിക്കാൻ ആരും ശ്രദ്ധിക്കുന്നില്ല. കൊല്ലത്തെ പരവൂരുമായി ബന്ധിപ്പിക്കുന്ന പ്രസ്തുത റോഡിന്റെ പണി പുനരാരംഭിച്ച് ഗതാഗത യോഗ്യമാക്കിയാൽ അത് നമ്മുടെ വികസന പ്രവർത്തനത്തിന് ആക്കം കൂട്ടും. ഗ്രാമസഭകളിൽ ഉയർന്നുവന്ന മറ്റ് നിർദ്ദേശങ്ങൾ പട്ടിക (2) ൽ കാണുക.

ഇരവിപുരത്ത് നിന്നോ, പള്ളിമുക്കിൽ നിന്നോ മുഖത്തലയിൽ എത്താൻ വളരെയേറെ ചുറ്റിസഞ്ചരിക്കേണ്ടതുണ്ട്. വിവിധ ഗ്രാമസഭകളിൽ ഉയർന്നു വന്നിട്ടുള്ള അഭിപ്രായങ്ങൾ മുഖത്തലയിലേക്ക് നേരിട്ട് ഒരു ബസ് സർവീസ് ആരംഭിക്കുന്നതിന്റെ ആവശ്യകതയ്ക്ക് ഊന്നൽ നൽകുന്നു.

## ജലഗതാഗതം

ഇരവിപുരത്ത് ഒരു കാലത്ത് ചരക്ക് ഗതാഗതത്തിന് കാര്യമായി ഉപയോഗിച്ചിരുന്ന കൊല്ലം തോടിന്റെ പ്രസക്തിയേറിവരുന്നു. ചെലവ് കുറഞ്ഞ ഗതാഗതമാർഗമാണിത്. തോട് വൃത്തിയാക്കി ആഴം കൂട്ടി ജലമാർഗമുള്ള ചരക്ക് കടത്ത് പുനരാരംഭിക്കേണ്ടത് നമ്മുടെ വികസന ലക്ഷ്യങ്ങൾ സാക്ഷാ



ത്കരിക്കാൻ അത്യാന്താപേക്ഷിതമാണ്. കൂടാതെ കൊല്ലം തോടിലൂടെ പരവൂർ കായലിലേക്കുള്ള ജല പാത വളരെ ഉല്ലാസപ്രദമായതിനാൽ ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിയും.

### പട്ടിക 2

### പുതിയ റോഡുകൾക്കുള്ള നിർദ്ദേശങ്ങൾ

1. മുണ്ടയ്ക്കൽ പഴയ പോസ്റ്റാഫീസിന് കിഴക്ക് വശത്തുകൂടി മുത്തച്ചെട്ടിയാരുടെ വീടിനു മുമ്പിലുള്ള തോടിൽ അവസാനിക്കുന്ന റോഡ്.
2. ഇരവിപുരം പഞ്ചായത്ത് വായനശാല മുതൽ കുന്നത്തു കാവുവരെയുള്ള വഴി സഞ്ചാരയോഗ്യമാക്കണം.
3. ഭരണിക്കാവ്-മെയിൻഗേറ്റ് മുതൽ ഇരവിപുരം റെയിൽവേ ഗേറ്റ് വരെ ഒരു കാർ പോകത്തക്ക തരത്തിൽ പുതിയ റോഡ്.
4. ഇരവിപുരം റെയിൽവേ സ്റ്റേഷൻ മുതൽ പടിഞ്ഞാറോട്ട് കലുങ്ങുവരെ റോഡ് നിർമ്മിച്ച് നിലവിലുള്ള റോഡിൽ ബന്ധിപ്പിക്കണം.
5. കാവൽ പുര ലവൽ ക്രോസിന് കിഴക്കോട്ട് റെയിൽവേ പ്ലാറ്റ് ഫോമിന് വടക്കുവശത്തുകൂടി മേക്കാട് ജംഗ്ഷൻ വരെ
6. കുന്നും പുറത്ത് പടിഞ്ഞാറ് വശം തുടങ്ങി പണിക്കശ്ശേരിയിലൂടെ ഇരുപ്പക്കല്ലിലേക്കുള്ള വഴി.
7. ശാരദാവിലസിനി വായന ശാലയ്ക്ക് പടിഞ്ഞാറോട്ടുള്ള റോഡ് ചെന്നിക്കലിന്റെ വീടിനടുത്തു കൂടി താന്നോലി റോഡിൽ യോജിപ്പിക്കണം.
8. വില്ലേജ് ആഫീസിന് വടക്കു വശത്തുകൂടി കാഞ്ഞിരക്കാട് വയൽ വഴി റെയിൽവേ ലൈൻ റോഡിൽ യോജിപ്പിക്കണം.
9. കളരി വാതുക്കൽ തെക്ക് ശിവദാസന്റെ കടക്ക് പടിഞ്ഞാറോട്ട് കൊച്ചുവീട്ടൽ കിഴക്ക് റോഡുവരെ
10. കമ്പിക്കെട്ടഴികത്തു വടക്കു നിന്നും ജയന്തി കോളനി വഴി കോട്ടയടിക്കാവിനു കിഴക്കു വശം വഴി പോകുന്ന റോഡ് ടാർ ചെയ്യുക.
11. ആറ്റുപുറത്ത് വീടിനകത്തു കൂടി സഹൃദയാ ക്ലബിനടുത്ത് വരുന്ന വഴി.
12. കുട്ടമംഗലം-സഹൃദയാ ക്ലബ്ബ് റോഡ്.
13. വാസവൻ സാറിന്റെ വീടിന് പടിഞ്ഞാറുവശം തുടങ്ങി കാരാളിൽ ഇഞ്ചിനിയറിംഗ് വർക്ക്സ് വരെ.
14. ആക്കോലിൽ ലക്ഷം വീടിന് വടക്കുനിന്നും കാരിക്കുഴി ഏലാ ശ്മശാനത്തിലേക്ക് (കുന്നിൻതെക്കുവഴി).
15. ആക്കോലിൽ ജംഗ്ഷനിൽ നിന്നും തെക്കോട്ട് മാടൻ നടയ്ക്ക് പോകുന്ന വഴി.
16. കോട്ടൂർ ഹരിജൻ കോളനിയിലേക്കുള്ള റോഡ്.
17. ലക്ഷം വീടിലേക്കുള്ള വഴി വീതി കൂട്ടി റോഡാക്കണം.
18. പനമൂട് റേഷൻകടക്ക് സമീപത്തു നിന്നും കോട്ടൂർ തെക്കുവരെ.
19. വനിതാ കോട്ടേജ് ഇൻഡസ്ട്രീസ് മുതൽ കാഞ്ഞിരത്തും മൂട് വരെ.
20. കടപ്പുറം സ്മശാനം മുതൽ പ്ലാമൂട് പുരയിടം വരെ.

### പുതിയ ഓട സ്ലാബ് എന്നിവ സംബന്ധിച്ച നിർദ്ദേശങ്ങൾ

1. ഇലഞ്ഞിക്കൽ ക്ഷേത്രത്തിന് തെക്കുവശത്തുള്ള 30 കുടുംബങ്ങൾക്ക് വഴിയുണ്ടാകണം.
2. ചെട്ടിയാർ മുക്കിൽ ലെവൽ ക്രോസ് സ്ഥാപിച്ച് വെണ്ടർ മുക്കിലേക്ക് ഗതാഗത സൗകര്യം ഉണ്ടാക്കണം.
3. കാക്കനാടന്റെ സമീപമുള്ള കലങ്ങിന്റെ വടക്ക് റോഡിന്റെ ഇരുവശവും ഭിത്തികെട്ടുക.
4. കരിയിലക്കാവിന് അപ്പുറത്തുള്ള കനാലിന്റെ ഇടിഞ്ഞ ഭിത്തി റിപ്പയർ ചെയ്യുക.
5. ചെയിൻകവർ കമ്പനിമുതൽ എം ടി എം ആശുപത്രിവരെ തോടിന് മുകളിൽ സ്ലാബിട്ട് സഞ്ചാരായോഗ്യമാക്കുക.
6. കാവൽ പുര പടിഞ്ഞാറ് വശത്തുള്ള കലുങ്ങിൽ നിന്നും ചൈതന്യ ക്ലബ്ബിനടുത്ത് വന്ന് ചേരുന്ന റോഡ് സ്ലാബിട്ട് ഗതാഗത യോഗ്യമാക്കണം.
7. കരിയിലക്കാവ് മുതൽ ആറ്റുകാൽ വരെയുള്ള തോടിന്റെ സൈഡ് വാൾ കെട്ടി കവർ ചെയ്ത് സഞ്ചാര യോഗ്യമാക്കണം.
8. കാവൽപുര എൽ പി എസ് ചകിരിക്കട റോഡിൽ സ്കൂളിന് പുറകുവശം ഗേറ്റിനു 50 മീറ്റർ അകലെയുള്ള വളവ് വീതിക്കൂട്ടണം.
9. മണിയം പറമ്പിൽ ഓട കവറിംഗ് സ്ലാബിട്ട് ഗതാഗത യോഗ്യമാക്കണം.
10. പൊരുന്നുവിള തൊടി മണിയം പറമ്പിൽ



ഓടയുടെ ബാക്കി പണി ചെയ്യുക.

11. കലങ്ങുമുക്ക്, പണിക്കശ്ശേരി, ആറ്റുപുറം എന്നീ ഓടകൾ സൈഡ് വാൾകെട്ടി കവറിംഗ് സ്ലാബിട്ട് സഞ്ചാരയോഗ്യമാക്കണം.

12. ജ്ഞാനോദയം വായനശാലമുതൽ ആലുംമൂട് വയൽ വരെയുള്ള ഓടയ്ക്ക് സൈഡ് വാൾ കെട്ടണം.

13. മുല്ലാക്കാ ജംഗ്ഷൻ മുതൽ കിഴക്കോട്ടുള്ള സ്ഥലം സൈഡ് വാൾകെട്ടി സ്ലാബിടുക.

ത്രിവേണി ജംഗ്ഷനിൽ നിന്നും അകത്തേക്ക് പോകുന്ന ഓട മേപ്പാടന്റെ പുരയിടത്തിൽ നിന്ന് തുടങ്ങിയിട്ടുള്ള ഓടയുമായി യോജിപ്പിക്കണം.

14. പൂണേത്തു മുതൽ പുതിയത്ത് വരെയുള്ള വഴി റീസർവ്വേ പ്രകാരമുള്ള വീതികൂടിയ വഴിയാക്കണം.

15. തട്ടാമല മാർക്കറ്റിന് സമീപത്ത് നിന്ന് തെക്കോട്ടുള്ള വഴി സഞ്ചാരയോഗ്യമാക്കണം. കുളങ്ങര ക്ഷേത്രത്തിന് സമീപം നിർത്തി വച്ചിട്ടുള്ള ഓടയുടെ പണി പൂർത്തിയാക്കണം.

16. ത്രിവേണി ജംഗ്ഷൻ മുതൽ തെക്കോട്ടുള്ള ഓട കവർ സ്ലാബ് ചെയ്ത സഞ്ചാരയോഗ്യമാക്കണം.

17. പെരുമനത്തൊടിയിൽ നിന്നും ആരംഭിക്കുന്ന ഓട വൃത്തിയാക്കണം.

18. കൂട്ടിക്കട ട്രാൻസ്ഫോർമറിന് വടക്കോട്ടുള്ള ഓട സ്ലാബിട്ട് മെയിൻ റോഡിൽ മുട്ടിക്കണം.

19. ഹെൽത്ത് സെന്ററിന് മുന്നിൽ നിന്നും തെക്കോട്ടുള്ള കൂട്ടിക്കട വാളത്തുംഗൽ എച്ച്. എസ്. എസ് റോഡ് ഓട കവർ സ്ലാബിടണം.

20. അണ്ടൂർ വയലിലെ താമസക്കാർക്ക് യാത്രാസൗകര്യം ഇല്ലാത്തതിനാൽ സർപ്പക്കാവിന് തെക്കോട്ട് ഓട കെട്ടി സ്ലാബിട്ട് കരിവയൽ തോടുമായി ബന്ധിപ്പിക്കണം.

21. വില്ലേജ് ആഫീസിന് പടിഞ്ഞാറോട്ടുള്ള കരിവയൽ തോടിന്റെ സൈഡ് വാൾ കെട്ടി സ്ലാബിടുക.

22. കൂട്ടിക്കട കേരളാ സ്റ്റോറിന് പടിഞ്ഞാറു നിന്നും കാരിക്കുഴി ഏലായിൽ അവസാനിക്കുന്ന ഓടയുടെ പണിപൂർത്തിയാക്കണം.

23. ആനേത്താഴത്ത് പ്രദേശത്തുള്ള വഴി വീതികൂട്ടി സൈഡ് വാളും സെറ്റപ്പും കെട്ടുക.

24. പനവിള ട്രാൻസ്ഫോർമറിനടുത്ത് നിന്നും പനവിള മുക്ക് വരെ ഓട നിർമ്മിക്കുക.

25. വാളത്തുംഗൽ എച്ച് എസ് എസിന് തെക്കോട്ട് കാരിക്കുഴി വയലിലേക്കുള്ള ഓട സ്ലാബിടുക.

26. പുത്തൻച്ചന്ത ജംഗ്ഷനിൽ നിന്നും തെക്കോട്ട് വില്ലേജാഫീസിന് മുമ്പിലുള്ള കരിവയൽ തോടുവരെ ഓട നിർമ്മിച്ച് പുത്തൻച്ചന്ത ജംഗ്ഷനിലെ വെള്ളക്കെട്ട് ഒഴിവാക്കുക.

27. തിരുമുക്കിൽ നിന്നും കിഴക്കോട്ട് ഓടക്കെട്ടി ജോളി ജംഗ്ഷനിലുള്ള ഓടയുമായി ബന്ധിപ്പിക്കുക.

28. താന്നിക്കടത്ത് രാത്രി പത്ത് മണിവരെ നീട്ടണം. താന്നി പ്പാലം പണി അടിയന്തിരമായി പൂർത്തിയാക്കണം.

29. കൊല്ലം തോടിന്റെ സൈഡ് വാൾ നിർമ്മിച്ച് ചപ്പാത്തും സ്റ്റെപ്പും കെട്ടുക.

30. കരിവയൽ തോടിന്റെ സൈഡ് വാൾ കെട്ടുക.

പട്ടിക – 2

| പഞ്ചായത്ത് റോഡുകളുടെ സ്ഥിതി വിവരം<br>'✔' മാർക്ക് നിലവിലുള്ള അവസ്ഥയെയും '✗' മാർക്ക് ഉണ്ടാകേണ്ട അവസ്ഥയേയും സൂചിപ്പിക്കുന്നു. | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ക്രമ നമ്പർ | വാർഡ് | റോഡിന്റെ പേര് | ദൂരം കി.മി. | വീതി കി.മി. | ടാർ | | മെറ്റൽ | | | ഓട | | കലുങ്ക് | | | വിഭവം | |
| | | | | | ചെയ്തത് | ചെയ്യേണ്ടത് | ചെയ്തത് | ചെയ്യാത്തത് | ചെയ്യേണ്ടത് | ഉള്ളത് | വേണ്ടത് | ഉള്ളത് | വേണ്ടത് | അറ്റകുറ്റ, സൈഡ് വാൾ | സംഭാവന | ശ്രമദാനം |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| 1 | 1 | എൻ.എൻ.സിക്ക് തെക്ക് നിന്ന് വെണ്ടർമുക്ക് വരെ | 1.03 | 3.6-5.5 | ✔ | | | | | | | | | | | |
| 2 | 1 | ആദിക്കാട് ക്ഷേത്രം – മാളിയത്തോട് | 1.66 | 3 | | | | ✔ | | | | | | | | |
| 3 | | വെണ്ടർമുക്ക്-പോസ്റ്റാഫീസ് ജംഗ്ഷൻ | 3.341 | 4.75 | ✔ | | | | | | | | | | | |
| 4. | | പുളിമൂട് -മാളിയവയൽ തോട് | 0.187 | 3 | | | | ✔ | | | | | | | | |
| 5. | | പൊടിപ്പ് മിൽ മാളികവയൽ തോട് | 0.150 | 3.1 | | | | ✔ | | | | | | | | |
| 6. | | തടി സൊസൈറ്റി- എൻ എൻസിക്ക് വടക്ക് വരെ . | 0.529 | 3.25 | ✔ | | | | | | | | | | | |
| 7. | | വൈമുക്ക്-നെടിയഴികം. | 0.251 | 4 | | | ✔ | | ✔ | | | | | | | |
| 8. | | പള്ളിമുക്ക്-മണക്കാട് വയൽ | 0.281 | 3.75 | | | | ✔ | | | | | | | | |
| 9. | | 2 അഴകത്തുമുക്ക്- തെക്കേകുറ്റി | 0.420 | 3.75 | | | | ✔ | | | | | | | | |
| 10. | 2 | തെക്കേകുറ്റി-മുണ്ടയ്ക്കൽ ശിവൻ കോവിൽ | 0.510 | 5 | | | | ✔ | ✗ | | | | | | | |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 11 | | തെറ്റിക്കുഴി- പോളേവയൽ | 0.240 | 3 | | | | ✔ | | | | | | | | |
| 12 | | ഭരണിക്കാവ് ക്ഷേത്രം-<br>തുമ്പാശ്ശേരി വീട് വരെ | 0.237 | 4.5-8 | | | | ✔ | | | | | | | | |
| 13 | | ഇലക്ട്രിസ്റ്റി ആഫീസ്-തെക്കേകുറ്റി | 0.380 | 5.00 | | | | ✔ | | | | | | | | |
| 14 | | വടക്കേ കുറ്റി-റെയിൽവേ ലൈൻ | 0.135 | 3.5 | | | | ✔ | | | | | | | | |
| 15 | | ഭരണിക്കാവ് ബിന്ദു കാഷ്യൂകമ്പനി<br>ആഫീസിന് പടിഞ്ഞാറുമുതൽ<br>റെയിൽവേ ലൈൻ വരെ | 0.120 | 3.00 | | | | ✔ | | | | | | | | |
| 16 | | മുണ്ടയ്ക്കൽ വില്ലേജാഫീസ് -<br>അഴകത്ത് മുക്ക് | 0.792 | 4.25 | | ✖ | | ✔ | | | | | | | | |
| 17 | | ഭരണിക്കാവ് റെയിൽ ക്രോസിന്<br>പടിഞ്ഞാറ് നിന്ന് തെക്കേ കുറ്റി<br>കാവിന് കിഴക്ക് വരെ | 0.128 | 4.00 | | | | ✔ | | | | | | | | |
| 18 | | വെളിയിൽ കുളങ്ങര-കോന്ദച്ചാൻ മുക്ക് | 0.315 | 4.00 | | | | ✔ | ✖ | | | | | | | 25% |
| 19 | | കമ്പീട്ടഴികം-കുമുദി ഓയിൽ മിൽ | 0.595 | 4.00 | | | | ✔ | ✖ | | | | | | | |
| 20 | | കമ്പീട്ടഴികം-പെരുമ്പള്ളി | 0.322 | 5.00 | | | | ✔ | ✖ | | | | | | | |
| 21 | | വെളിയിൽകുളങ്ങര-പെരുമ്പള്ളിത്തൊടി | 1.08 | 1.5-3.5 | | | | ✔ | ✖ | | | | | | ആവശ്യമായ തുക | 25% |
| 22 | | പുത്തൻനട വടക്കേവീട്ടിൽ കാവ്-<br>കോന്ദച്ചാൻമുക്ക് | 0.416 | 3.00 | | | | ✔ | | | | | | | | 25% |
| 23 | | കളിരിക്കാവ്-കട്ടിപ്പണവയൽ | 0.4 91 | 3 -5 | | | | ✔ | ✖ | | | | | | | 30% |
| 24 | | തോണ്ടലിൽ-കുളങ്ങര | 0.660 | 3.25 -4.3 | | | | ✔ | ✖ | | ✖ | | | | | |
| 25 | | കുളങ്ങര-തുണ്ട് തറ | 0.167 | 3.00 | | | | ✔ | ✖ | | | | | | | |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 26 | | പെരുമ്പള്ളിത്തൊടി–പുറത്തേവയൽ | 0.207 | 2.75 | | ✖ | | ✔ | | | | | | | | |
| 27 | | കുന്നത്ത് കാവ് വെളി– അധികാരി ജംഗ്ഷൻ | 0.85 | 5.5 | | ✖ | ✔ | | | | | | | | | |
| 28 | | റെയിൽവേ ലൈൻ– അഞ്ചുമൂല | 0.589 | 4.5 | | ✖ | | ✔ | | | | | | | | |
| 29 | | ഇരവിപുരം പോസ്റ്റാഫീസ് മുക്ക് – കോതറമുക്ക് | 0.380 | 5.00 | | | | | | | | | | | | |
| 30 | | കടകത്തുകളരി ക്ഷേത്രം–റെയിൽവേ ലൈൻ | 0.210 | 4.00 | | | | ✔ | | | | | | | | |
| 31 | | കടകത്ത്കളരിക്ഷേത്രത്തിന് കിഴക്ക്– കൂട്ടപ്പള്ളിക്കോളനി | 0.115 | 4.00 | | | | ✔ | | | | | | | | |
| 32 | | കാവൽപുരയ്ക്ക് തെക്ക്– റെസ്ലി കോട്ടേജ് വരെ | 0.310 | 4-5 | | | | ✔ | | | | | | | | |
| 33 | | എകെജി ജംഗ്. –തെക്കേവിള പഴയ പോസ്റ്റാഫീസ് ജംഗ്. വരെ. | 0.410 | 4.75 -5.5 | | ✖ | ✔ | | | | | | | | | |
| 34 | | പഴയ പോസ്റ്റാഫീസ് മുതൽ കട്ടയിൽ വരെ | 0.173 | 4.5 | | | | ✔ | ✖ | | | | | | | |
| 35 | | വെളിയിൽ കുളങ്ങര–കൊല്ലിച്ചാൻ വയൽ | 0.150 | 4.5 | | | | ✔ | | | | | | | | |
| 36 | | കൊല്ലിച്ചാൻ വയൽ – കടയ്ക്കൽ മുക്ക് | 0.195 | 4.00 | | | | ✔ | | | | | | | | |
| 37 | | കൊല്ലിച്ചാൻതോട് പുള്ളിയിൽ പടിഞ്ഞാറ് മുതൽ കുന്നത്ത്കാവ് വെളി വടക്ക് വരെ | 0.330 | 4.25 | | | | ✔ | ✖ | | | | ✔ | | | |
| 38 | | പഞ്ചായത്ത് ലൈബ്രറി–കാട്ടുവയൽ | 0.113 | 3.5 | | | | ✔ | | | | | | | | |
| 39 | | ആദിക്കാട് കാവിന് തെക്ക് വശം പടിഞ്ഞാറോട്ട് ഭരണിക്കാവ് സ്കൂൾ വരെ. | 0.460 | 6.00 | | ✖ | | | | | | | | | | |
| 40 | | കൊല്ലൂർവിള എൽപിജിഎസ്–തെക്ക് പടിഞ്ഞാറോട്ട് റെയിൽവേ ലൈൻ വരെ. | 0.359 | 3.00 | | | | ✔ | | | ✖ | | | | | |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 41 | | മുടന്താലുംമൂട് റോഡ് | 0.120 | 4.00 | | ✗ | | ✓ | | | | | | | | |
| 42 | | കടമ്പാട്ട്-തൈക്കാവ് റോഡ് | 0.060 | 3.00 | | | | ✓ | | | | | | | | |
| 43 | | ആദിക്കാട് തെക്കോട്ട് റെയിൽവേ ലൈൻവരെ | 0.135 | 4.5 | | | | ✓ | | | | | | | | |
| 44 | | വെളിയിൽ കുളങ്ങര ലൈബ്രറിക്ക് വടക്ക് വശം കൂടി കരിയിലക്കാവിന് കിഴക്ക് കലുങ്ങ് വരെ | 0.375 | 4.00 | | | | ✓ | ✗ | | ✗ | | | | | |
| 45 | | ഭരണിക്കാവ് അമ്പലത്തിന് വടക്ക് കിഴക്കോട്ട് പോച്ചപ്പള്ളി വീടിന് തെക്ക് വശം വരെ | 0.353 | 5.00 | | | | ✓ | ✗ | | | | | | | |
| 46 | | ആദിക്കാട് കാവിന് തെക്ക് വശത്ത് നിന്നും റെയിൽവേ ലൈൻ വരെ. | 0.190 | 0.00 | | | ✓ | | | | | | | | | |
| 57 | | റെയിൽവേ ലൈൻ മുതൽ വിജ്ഞാനഭവൻ നഴ്സറി സ്കൂളിന് തെക്ക് വശം വരെ. | 0.210 | 4.00 | | ✗ | | ✓ | | | | | | | | |
| 48 | | ചെട്ടിയാര് മുക്ക് മുതൽ റെയിൽവേ ലൈൻ വരെ | 0.600 | 3.00 | | | | ✓ | | | | | | | | |
| 49 | | പഴയാറ്റുംകുഴി മുതൽ ചകിരിക്കടവരെ | 0.660 | 6.00 | ✓ | | | | | | | | | | | |
| 50 | | മീറ്റർ കമ്പനി മുതൽ തോപ്പ് വയൽ ചകിരിക്കട വരെ | 0.840 | 5.00 | ✓ | | | | | | | | | | | |
| 51 | | പുത്തനഴികം മുതൽ കയ്യാലയ്ക്കൽ ലക്ഷം വീട് കിഴക്ക് വശം വരെ | 0.550 | 4.00 | ✓ | | | | | | | | | | | |
| 52 | | തോപ്പ് വയൽ മൂന്ന് മുക്ക് റോഡ് | 0.150 | 6.00 | ✓ | | | | | | | | | | | |
| 53 | | നൂർജഹാൻ മൻസിൽ മുതൽ തച്ചിനഴികം | 0.100 | 0.5 | ✓ | | | | | | | | | | | |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 54 | | പട്ടാണിതങ്ങൾ മഖ്ബറ മുതൽ കയ്യാല യ്ക്കൽ ലക്ഷം വീട് വരെ | 0.186 | 0.5 | ✔ | | | | | | | | | | | |
| 55 | | വാഹിനിയുടെ കിഴക്കുവശം എൻ. എച്ച് മുതൽ കയ്യാലയ്ക്കൽ കിഴക്കേ വയൽ ലക്ഷംവീട് വരെ | 0.330 | 5.00 | | | | ✔ | ✖ | | | | | | | |
| 56 | | ലക്ഷം വീടിന് കിഴക്ക് ഏറത്തുവയൽ തെക്കോട്ടുള്ള റോഡ്. | 0.120 | 0.3 | | | | ✔ | | | | | | | | |
| 57 | | ശിശുവിഹാർ മുതൽ തോപ്പ് വയൽ വരെ | 0.250 | 4.00 | ✖ | ✖ | | ✔ | ✖ | | | | | | | |
| 58 | | തച്ചിനഴികം--പുത്തനഴികം | 0.153 | 3.00 | | | | ✔ | | | | | | | | |
| 59 | | കെജ്ജി എൻ കമ്പനിയുടെ പടിഞ്ഞാറ് എൻ എച്ച് മുതൽ തെക്കോട്ട് തൊടിയിൽ വരെ | 0.195 | 3.00 | | | | | | | | | | | | |
| 60 | | പള്ളിമുക്ക് തെക്ക് കിഴക്ക് നൂർജഹാൻ മൻസിൽ മുതൽ തെക്കോട്ട് കലാജംഗ്ഷൻ വരെ | 0.630 | 4.00 | ✔ | ✖ | | | | | | | | | | |
| 61 | | കൊല്ലൂർവിള എൽ പി എസ് -ചകിരിക്കട | 0.555 | 5.00 | ✔ | | | | | | ✖ | | | | | |
| 62 | | ചകിരിക്കട-റെയിൽവേ ലൈൻ വരെ | 0.270 | 4.5 | ✔ | | | | | | | | | | | |
| 63 | | റെയിൽവേ ലൈൻ – ജോളി ജംഗ്ഷൻ | 0.186 | 6.00 | ✔ | | | | | | | | | | | |
| 64 | | കാപ്പക്സ് കമ്പനി വടക്ക് നിന്നും അംബേദ്കർ കോളനിവരെ | 0.360 | 6.00 | ✔ | ✖ | | | | | | | | | | |
| 65 | | അംബേദ്കർ കോളനി റെയിൽ വേ ലൈൻ | 0.180 | 5.00 | | | | ✔ | | | | | | | | |
| 66 | | എൻഎൻസി–പറട്ടയിൽ ജംഗ്ഷൻ | 0.136 | 4.00 | | ✖ | | ✔ | ✖ | ✖ | | | | | | |
| 67 | | കലാ ജംഗ്ഷൻ – കാവൽപുര റെയിൽവേ സ്റ്റേഷൻ | 0.182 | 3.5 | | ✖ | ✔ | | | | | | | | | |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 68 | | ചകിരിക്കട വാഴക്കൂട്ടം–പിണയ്ക്കൽ പള്ളി | 0.950 | 5.00 | ✔ | | | | | | | | | | | |
| 69 | | പഴയാറ്റുംകുഴി– ഇടവിളാകം | 0.450 | 5.00 | | | ✔ | | | | | | | | | |
| 70 | | ലത്തീഫിന്റെ ചായക്കട– ഏണപ്പള്ളി | 0.620 | 5.5 | | | ✔ | | | | | | | | | |
| 71 | | പിണയ്ക്കൽ പള്ളി–തട്ടാമല കൂട്ടിക്കട പിഡബ്ല്യുഡി റോഡ് | 0.200 | 4.00 | | ✗ | ✔ | | | | | | | | | |
| 72 | | പട്ടാണിയഴികം ജംഗ്ഷൻ ഒട്ടത്തിൽ ക്ഷേത്രം. | 0.362 | 3.3 | | ✔ | | | | | | | | | | |
| 73 | | കുളങ്ങര പടിഞ്ഞാറ് – ഇടശ്ശേരി | 0.180 | 3.00 | | ✔ | | | | | | | | | | |
| 74 | | പഴയാറ്റുംകുഴി ശക്തിപേപ്പർ കമ്പനി – ചിറയവയൽ | 0.780 | 5.00 | | ✔ | | | | | | | | | | |
| 75 | | പിണയ്ക്കൽ പള്ളിക്ക് കിഴക്ക് വശം മുതൽ അഞ്ച് കോയിക്കൽ തോട് വരെ | 0.410 | 3.00 | | ✔ | | | | | | | | | | |
| 76 | | ഏണപ്പള്ളി വയനക്കുളം വഴി ഒട്ടത്തിൽ വരെ. | 0.675 | 3.5 | ✔ | | | | | | | | | | ✗ | |
| 77 | | സരോജ് നിവാസ് – മാളിയക്കട | 0.160 | 5.00 | ✔ | | | | | | | | | | ✗ | |
| 78 | | റെയിൽവേ ലൈൻ – പെരുമനതൊടി | 0.225 | 3.5 | | | ✔ | | | | | | | | | |
| 79 | | വയനക്കുളം – യക്ഷിയഴികം | 0.240 | 3.00 | | ✗ | | ✔ | ✗ | | | | | | ✗ | |
| 80 | | വയനക്കുളം – എംസി എച്ച് സെന്റർ | 0.360 | 4.00 | | ✗ | | ✔ | | | | | | | ✗ | |
| 81 | | ചേരൂർമുക്ക് –ചിറയവയൽ | 0.580 | 4.00 | | | ✔ | | | | | | | | | |
| 82 | | മാളിയക്കട –മുള്ളനഴികം | 0.330 | 3.00 | | | | ✔ | | | | | | | | |
| 83 | | കളരിവാതുക്കൽ– റെയിൽവേ ലൈൻ | 0.510 | 3.00 | | | | ✔ | ✗ | | | | | | | |
| 84 | | റെയിൽവേ ലൈൻ – ഗോപികാ വീട് വരെ | 0.90 | 3.00 | | | | ✔ | ✗ | | | | | | | |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 85 | | താന്നോലിമുക്ക് – അരിവാൾമുക്ക് | 0.640 | 5.80 | | ✖ | | ✔ | | | | | | | | |
| 86 | | താന്നോലിൽ മുതൽ റെയിൽവേ ലൈൻ | 0.155 | 3.50 | | | | ✔ | | | | | ✖ | | ✖ | |
| 87 | | പുത്തൻകുളം – ചന്തക്കട | | | | | | | | | | | | | | |
| 88 | | പയറ്റ് വിള – റെയിൽവേ ലൈൻ | 1.050 | 6-7 | | ✖ | | ✔ | | | ✖ | | | ✖ | | |
| 89 | | കവിതാ തിയറ്റർ – റെയിൽവേ ലൈൻ | 0.130 | 4.70 | | ✖ | | ✔ | | | | | | | ✔ | |
| 90 | | ഈസ്റ്റേൺ കാഷ്യൂ കമ്പനിക്ക് കിഴക്ക് നിന്നും റെയിൽവേ ലൈൻ | 0.170 | 4.00 | | | | ✔ | | | | | | | | |
| 91 | | കൊന്നേൽ റെയിൽവേ ലൈൻ–തച്ചിലഴികം തോട്ടുവാകാവ് | 0.250 | 3.25 | | | | ✔ | | | | | | | | |
| 92 | | ഗേൾസ് ഹൈസ്കൂൾജംഗ്ഷൻ – ഈസ്റ്റേൺ കാഷ്യൂ കമ്പനി | 0.388 | 3.50 | | | | ✔ | | | ✖ | | | ✖ | ✖ | |
| 93 | | ഗേൾസ് ഹൈസ്കൂൾ ജംഗ്ഷന് കിഴിക്ക് നിന്ന് തോട്ടുവാ തൊടിവരെ | 0.157 | 3.00 | | ✖ | | ✔ | | | ✖ | | | | ✖ | |
| 94 | | ഈസ്റ്റേൺ കാഷ്യൂ കമ്പനിക്ക് തെക്ക് നിന്നും തോട്ടുവാ തൊടിവരെ | 0.210 | 3.25 | | ✖ | | ✔ | | | | | | | | |
| 95 | | കൊച്ചുമാടംവെളി–തോട്ടുവാ തൊടി. | 0.278 | 4.25 | | | | ✔ | | | | | ✖ | ✖ | | |
| 96 | | ഗവ. എച്ച് എസ് മുതൽ ഇരവിപുരം ജംഗ്ഷൻ | 1.405 | 6.00 | ✔ | | | | | | | | | | | |
| 97 | | വഞ്ചീകോവിൽ – ജോളി ജംഗ്ഷൻ | 1.015 | 4.50 | ✔ | | | | | | | | | | | |
| 98 | | പഞ്ചായത്ത് ലൈബ്രറി – യവനിക | 0.107 | 4.75 | ✔ | | | | | | | | | | | |
| 99 | | പുത്തൻകുളം–ജി എൽ പി എസ് വാളത്തുംഗൽ | 0.45 | 4.00 | | | | ✔ | | | | | | | | |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 100 | | പഞ്ചായത്ത് ആഫീസ്–ഗവ. എച്ച്. എസ്. എസ്. | 0.630 | 5.00 | | | | ✔ | | | | | | ✘ | | |
| 101 | | കോട്ടയടി മുക്ക് –പൗർണമി മുക്ക് | 0.107 | 3.05 | | ✘ | | ✔ | | | | | | ✘ | | |
| 102 | | ഈസ്റ്റ ഓഫ് തോണ്ടി വയൽ– ആക്കവിള | 0.900 | 5.00 | | | | ✔ | | | | | | ✘ | | |
| 102A | | കെട്ടിടത്തിൽ കടയ്ക്ക് പടിഞ്ഞാറ് നിന്നും പഴയ ശരവണ വരെ | | | | ✘ | | ✔ | | | | | | ✘ | | |
| 103 | | ആലുംമൂട് മുതൽ ആക്കാവിള ജംഗ്ഷൻ | 0.190 | 3.00 | | | | ✔ | | | | | | | | |
| 104 | | ഗവ. ജി. എച്ച്. എസ്. – കരിവയൽ തോട് | 0.365 | 5.00 | | | | ✔ | | | | | | ✘ | | |
| 105 | | പുത്തൻച്ചന്ത–സർപ്പക്കാവ് | 0.620 | 5.00 | | | | ✔ | ✘ | | | | | ✘ | | |
| 106 | | പുത്തൻച്ചന്തയ്ക്ക് പടിഞ്ഞാറ് നിന്നും കളരി വരെ | 0.552 | 5.15 | | | | ✔ | ✘ | | | | | ✘ | | |
| 107 | | ആക്കോലിൽ മുക്ക് – അമ്മാച്ചൻമുക്ക് | 1.314 | 5.50 | ✔ | | | | | | | | | | | |
| 108 | | ബോബൻ ഇൻഡസ്ട്രീസ് – കാർത്തിക വീട് വരെ | 0.180 | 4.00 | ✔ | | | | | | | | | | | |
| 109 | | ചന്തക്കട–യുവധാര | 0.510 | 4.25 | | ✘ | ✔ | | | | | | | | | |
| 110 | | യുവധാര–ശാസ്താംവെളി | 0.295 | 3.15 | | ✘ | | ✔ | | | | | | | | |
| 111 | | ചെമ്പോട്മുക്ക് – സുഭദ്രാലയം വരെ | 0.261 | 4.00 | | | | ✔ | | | | | | | | |
| 112 | | തച്ചിലഴികം – കാരിക്കുഴി തോട് വരെ | 0.265 | 3.50 | | | | ✔ | | | | | | | | |
| 113 | | ശശിമന്ദിരം – കാരിക്കുഴി വയൽ | 0.120 | 3.75 | | | | ✔ | | | ✘ | | | ✘ | | |
| 114 | | ത്രിവേണിമുക്ക് പടിഞ്ഞാറ് –മാടൻവെളി | 0.355 | 4.00 | | ✘ | | ✔ | | | | | | | | |
| 115 | | മാടൻവെളി– ത്രിവേണി മുക്ക് | 0.354 | 4.00 | | | | ✔ | | | | | | | | |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 116 | | ഗവ. എച്ച് എസ് എസിന് കിഴക്ക് നിന്ന് ഇളവു വയൽ വരെ | 0.166 | 3.00 | | | | ✔ | | | ✖ | | | | | |
| 117 | | ഗവ. എച്ച് എസ് എസിന് പടിഞ്ഞാറ്- കാരിക്കുഴി വയൽ ശ്മശാനം | 0.330 | 4.00 | | | | ✔ | | | | | | | | |
| 118 | | ചെട്ടിനട - ആറ്റുകാൽ കടവ് | 0.638 | 5.00 | | ✔ | | ✔ | | | | | | | | |
| 119 | | സെന്റ്ജോൺസ് എച്ച്. എസ്. സാമിൽ മുക്ക് | 0.218 | 5.25 | | | | ✔ | | | | | | | | |
| 120 | | സാമിൽ മുക്ക് - കോർപ്പറേഷൻ കമ്പനി | 0.089 | 3.50 | | | | ✔ | | | | | | | | |
| 121 | | കോട്ടയടിവീട് മുതൽ മൂലേവയൽ വീട്വരെ | 0.228 | 5.00 | | | | ✔ | | | | | | | | |
| 122 | | സെന്റ്ജോൺസ് എച്ച് എസിന് കിഴക്കുമുതൽ സാമിൽ മുക്കിന് കിഴക്ക് വരെ | 0.218 | 4.50 | | | | ✔ | | | | | | | | |
| 123 | | ആറ്റുകാൽ കടവ് - തോമസ് സ്റ്റീഫൻ കമ്പനി | 0.120 | 4.00 | | | | ✔ | | | | | | | | |
| 124 | | വഞ്ചീക്കടെ-പുളുവിള തൊടി | 0.380 | 3.00 | | | | ✔ | | | | | | | | |
| 125 | | സെന്റ്ജോൺസ് എച്ച്. എസ് - വിളക്കുമരം | 1.448 | 4.00 | | | | ✔ | | | | | | | | |
| 126 | | ആറ്റുകാൽ പുതുവൽ - ഇടക്കുന്നം ലക്ഷം വീട് | 0.323 | 3.00 | | | | ✔ | | | | | | | | |
| 127 | | അനന്ദാസ് പടിഞ്ഞാറ് മുതൽ കൊടിയരികം വരെ | 0.220 | 4.50 | | | | ✔ | | | | | | | | |
| 128 | | പഞ്ചായത്ത് ലൈബ്രറി - കാട്ടുവയൽ | 0.113 | 3.50 | | | | ✔ | | | | | | | | |
| 129 | | ആറ്റുകാൽ - ചാമക്കൽ കടപ്പുറം | 0.243 | 3.50 | ✔ | | | ✔ | | | | | | | | |
| 130 | | വില്ലിക്കഴികം - ഇടവാ പുരയിടം | 0.930 | 3.00 | | ✖ | | ✔ | | | | | | | | |

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | 131 | ആദിച്ചമൻ തോപ്പ് - ഇരവിപുരം തീരദേശം റോഡ് | 1.100 | 4.00 | | ✗ | | ✓ | | | | | | | | ✗ |
| | 132 | ചാനാക്കരികം- ആറ്റുകാൽ കടപ്പുറം | 0.245 | 3.50 | | | | ✓ | | | | | | | | |
| | 133 | ആറ്റുകാൽ - കടപ്പുറം വരെ | 0.237 | 4.50 | ✗ | | | | | | | | | | | |
| | 134 | ഒ. എൽ. എച്ച്. കോൺവെന്റ് ജംഗ്ഷൻ - കുഴിയം ബംഗ്ലാവ് | 0.380 | 3.00 | | ✗ | | ✓ | | | | | | | | |
| | 135 | ഗാർഫിൽ നഗർ - ആറ്റുകാൽ കടത്ത് വരെ | 0.165 | 4.00 | | ✗ | | ✓ | | | | | | | | |
| | 136 | വേളാങ്കണ്ണി കുരിശടി - കൊല്ലം തോട് | 0.254 | 5.00 | | | ✓ | | | | | | | | | |
| | 137 | ന്യൂകോളനി- ആറ്റുകാൽ | 0.129 | 5.00 | | | ✓ | | | | | | | | | |
| | 138 | കാക്കത്തോപ്പ് നഴ്സറി സ്കൂളിന് പടിഞ്ഞാറ് മുതൽ ഇരവിപുരം പാലം വരെ | 0.930 | 6.00 | | ✗ | ✓ | | | | | | | | | |



# ഊർജ്ജം

ഇരവിപുരം പഞ്ചായത്ത് ജന്മം കൊണ്ടിട്ട് 43 വർഷം പിന്നിട്ടെങ്കിലും പഞ്ചായത്തിലെ മുഴുവൻ പ്രദേശത്തും വൈദ്യുതി ലൈൻ എത്തിയിട്ടില്ല. പള്ളിമുക്ക് ഇലക്ട്രിക് മേജർ സെക്ഷൻ ഈ പഞ്ചായത്തിലാണ് സ്ഥിതി ചെയ്യുന്നത്. ഇതിന്റെ കീഴിലും, മയ്യാനാട് സെക്ഷന്റെ കീഴിലുമായി മൊത്തം 7767 ഇലക്ട്രിക് കണക്ഷനുകളാണ് പഞ്ചായത്തിൽ ആകെ ഉള്ളത്. അയത്തിൽ 66 കെ.വി സബ്സ്റ്റേഷനിൽ നിന്നാണ് ഈ പഞ്ചായത്തിൽ വൈദ്യുതി വിതരണം നടക്കുന്നത്.

പഞ്ചായത്തിൽ ഇന്ന് 7767 ഉപഭോക്താക്കൾ ഉള്ളതിൽ 76–77 ശതമാനം ഗാർഹിക ഉപഭോക്താക്കളാണ്. വാണിജ്യ ഉപഭോക്താക്കൾ 19.05 ശതമാനം വരും. വ്യാവസായിക ഉപഭോക്താക്കൾ 1.93 ശതമാനവും കാർഷിക ഉപഭോക്താക്കൾ 1.22 ശതമാനവുമാണ്.

പഞ്ചായത്തിലാകെ 30 ട്രാൻസ്ഫോമറുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും വർദ്ധിച്ചുവരുന്ന വൈദ്യുതി ഉപഭോഗത്തിന് പര്യാപ്തമല്ല. (പട്ടിക (1) കാണുക). നമ്മുടെ ഗ്രാമത്തിൽ മൊത്തം 1010 തെരുവു വിളക്കുകളാണ് ഉള്ളത്. അതിൽ 3 മെർക്കുറി ലൈറ്റുകളും 94 ട്യൂബുകളും ബാക്കിയുള്ളവ ബൾബുകളുമാണ്. ട്യൂബു ലൈറ്റുകൾ ഒരു വാർഡിൽ ശരാശരി 6 എണ്ണം മാത്രമാണ്. ഇത് തീർത്തും അപര്യാപ്തമാണ്. (സ്ട്രീറ്റ് ലൈറ്റുകളുടെ വിവരം പട്ടിക (2) ൽ കാണുക).

വോൾട്ടേജ് ക്ഷാമം നമ്മുടെ പഞ്ചായത്തിൽ ഒരു ശാപമാണ്. വൈദ്യുതി ആഫീസുകളിലെ റിക്കാർഡിൽ കാണുന്നതിനേക്കാൾ പലമടങ്ങാണ് യഥാർത്ഥ ഉപഭോഗം. ചില വീടുകളിൽ സെറ്റപ്പ് ഉപയോഗിക്കുന്നതുമൂലം അയൽവീടുകളിലെ വോൾട്ടേജ് ക്ഷാമം വീണ്ടും രൂക്ഷമാകുന്നു.

വൈദ്യുതി ചാർജ്ജ് അടയ്ക്കാനും മറ്റ് ആവശ്യങ്ങൾക്കും വാളത്തുംഗൽ പ്രദേശത്തുള്ളവരും താന്നിയിലുള്ളവരും വളരെ ദൂരം യാത്രചെയ്യേണ്ടിവരുന്നു. 6.4 കി. മീ. നീളത്തിൽ 11 കെവി ലൈൻ പഞ്ചായത്തിലുണ്ട്. 59 കി. മീ. 3 ഫേസ്സ് ലൈനുകളും, 1.025 കി.മീ. 2 ഫേസ്സുമുണ്ട്. സിംഗിൾ ഫേസ്സ് ലൈൻ 70. 435 കി.മി. വരും. കേടായതും കാലാവധി കഴിഞ്ഞതുമായ മീറ്ററുകൾ അടുത്ത കാലത്തായി മാറ്റി സ്ഥാപിക്കാൻ തുടങ്ങിയിട്ടുണ്ട്. എങ്കിലും 25 ശതമാനത്തിൽ ഏറെ മീറ്ററുകളും ഇപ്പോഴും അവശേഷിക്കുന്നു.

ഇന്ധനത്തിന് വേണ്ടി കശു അണ്ടി തൊഴിലാളി മേഖലയിൽ വീട്ടാവശ്യത്തിന് വിറകിനോടൊപ്പം കശു അണ്ടിത്തോടും ഉപയോഗിച്ചു വരുന്നതായി കാണാം. പാചക വാതകത്തേയും മണ്ണെണ്ണയും ഉപയോഗപ്പെടുത്തുന്നവർ 12 ശതമാനത്തിൽ അധികമില്ല. ഇന്ധനം ലാഭിക്കാൻ ഉതകുന്ന വിവിധ രീതികളെ കുറിച്ച് നമ്മുടെ വീട്ടമ്മമാർ വേണ്ടത്ര ബോധവതികളല്ല. വിറകിന്റെ ദൗർലഭ്യം മറ്റ് തരത്തിലുള്ള ഇന്ധന സ്രോതസ്സുകളെ ആശ്രയിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു. പാചക വാതകത്തിന് വിറകിനേക്കാൾ 5 ഇരട്ടി ഇന്ധന ക്ഷമത കൂടുതലാണെന്ന ബോധം ഇപ്പോൾ വീട്ടമ്മമാരുടെ ഇടയിൽ രൂഢമൂലമായിട്ടുണ്ട്. എന്നാൽ പാചക വാതകത്തിന്റെ ലഭ്യതക്കുറവും ഉയർന്ന വിലയും ഇതു പലർക്കും അപ്രാപ്യമാക്കുന്നു.

## പ്രശ്നങ്ങൾ

1. വൈദ്യുതി ലൈനിന്റെ അറ്റകുറ്റപ്പണികൾ മുറയ്ക്ക് നടക്കാറില്ല. മരച്ചില്ലകൾ മുറിച്ച് മാറ്റാത്തതു മൂലം നിരന്തരമെന്നോണം വൈദ്യുതിത്തടസ്സവും പ്രസരണ നഷ്ടവും ഉണ്ടാകുന്നു.

2. അനധികൃത സ്റ്റെപ്പപ്പ് ഉപയോഗം വോൾട്ടേജ് ക്ഷാമത്തിന് കാരണമാകുന്നു.

3. തെരുവു വിളക്കുകളുടെ അഭാവവും ഉള്ളത് പലപ്പോഴും തെളിയാത്തതും ഒരു പ്രധാന പ്രശ്നമാണ്. ഗുണമേന്മയില്ലാത്ത (ബി ഐ എസ് നിലവാരത്തിലുള്ള) ബൾബുകളും മറ്റ് സാമഗ്രികളും ഉപയോഗിക്കുന്നതുമൂലം പെട്ടെന്ന് ബൾബുകൾ ഫ്യൂസാകുന്നു.

4. കുന്നത്താൻ വെളി, തെക്കേവിള, പന്ത്രണ്ടുമുറി (സംഘം മുക്ക്) താന്നി, കാക്കത്തോപ്പ് തുടങ്ങിയ സ്ഥലങ്ങളിൽ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കണമെന്നതും രൂക്ഷമായ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നതും അതാത് ഗ്രാമസഭകളിൽ സജീവമായ ചർച്ചയ്ക്ക് വിധേയമായിട്ടുണ്ട്.

## നിർദ്ദേശങ്ങൾ

1. ഇരവിപുരം പഞ്ചായത്ത് ആസ്ഥാനത്തോട് ചേർന്ന് അനിയോജ്യമായ സ്ഥലത്ത് ഒരു വൈദ്യുത സെക്ഷൻ ആഫീസ് ആരംഭിക്കുക.

2. കനം കുറഞ്ഞ അലൂമിനിയം കമ്പി മാറ്റി കനം കൂടിയ കമ്പി ഉപയോഗിച്ച് ലൈൻ വലിച്ചാൽ പ്രസരണ നഷ്ടം കുറയ്ക്കാനും അതുവഴി വോൾട്ടേജ് ക്ഷാമം പരിഹരിക്കാനും കഴിയും.

3. 11 കെ.വി. അണ്ടർഗൗണ്ട് കേബിളുകൾ കേടായാൽ പകരം സംവിധാനം ഉടൻ ഉണ്ടാക്കുന്നതിനു വേണ്ടി 11 കെ.വി ഓവർ ഹെഡ് ലൈനുകൾ നിർമ്മിച്ചാൽ തടസ്സപ്പെട്ട വൈദ്യുതി ഉടൻ തന്നെ താൽക്കാലിക മായി പുനസ്ഥാപിക്കാൻ കഴിയും.



4. വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നിടത്ത് ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുക. തുറസ്സായ സ്ഥലങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന ട്രാൻസ്ഫോമറുകൾ കമ്പി വേലികെട്ടി സുരക്ഷിതമാക്കണം.

5. വൈദ്യുതി ഇനിയും കടന്നുചെന്നിട്ടില്ലാത്ത കാക്കത്തോപ്പ്, പ്ലാമൂട് പുരയിടം, കോളനി, കച്ചിക്കടവ്, ചായക്കട മുക്കിന് കിഴക്ക് കൈലാസ് മുതൽ തിട്ടയിൽ വരെ, ഒട്ടത്തിൽ അമ്മാച്ചൻ മുക്ക്, ഏണപ്പള്ളിത്തൊടി, ജയന്തി കോളനി (കൂട്ടപ്പള്ളി), വടക്കേവീട്ടിക്കാവിന് കിഴക്ക് വയൽ ഭാഗം, ഒന്നാം വാർഡിന്റെ പലഭാഗങ്ങളിലും, വാളേറാൻ കാവിന് കിഴക്ക്, പത്താം വാർഡിന്റെ പല ഭാഗങ്ങളിലും വൈദ്യുതി എത്തിക്കണം.

6. വേളാങ്കണ്ണി കുരിശടിക്ക് സമീപം നിലവിലുള്ള ട്രാൻസ്ഫോർമർ ഉപ്പ് കാറ്റ് അടിക്കാത്ത സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കണം.

7. വൈദ്യുതി ലൈനിൽ അറ്റകുറ്റപ്പണികൾ കൃത്യമായി നടത്തുകയും മരച്ചില്ലകൾ വെട്ടിമാറ്റുകയും ചെയ്താൽ നിരന്തരം വൈദ്യുതി തടസ്സപ്പെടുന്നത് ഒഴിവാക്കാൻ കഴിയും.

8. ആവശ്യത്തിന് ട്യൂബ് ലൈറ്റുകൾ എല്ലാ വാർഡുകളിലും സ്ഥാപിക്കുക.

9. പുകയില്ലാത്ത അടുപ്പുകൾ പ്രചരിപ്പിക്കാനുള്ള ദേശീയ പരിപാടി അനർട്ടുമായി ബന്ധപ്പെട്ട് നടത്തണം. ശരിയായ രീതിയിൽ ഉപയോഗിക്കുന്നതിന് ബോധവത്കരണം ആവശ്യമാണ്.

10. ഇന്ധനം ലാഭിക്കാൻ മെച്ചപ്പെട്ട സ്റ്റൗ തെരഞ്ഞെടുത്ത് സബ് സിഡിയോടുകൂടി വിതരണം ചെയ്യുന്നതിനുള്ള പരിപാടി ഊർജ്ജാസൂത്രണത്തിന്റെ ഭാഗമായി നടത്തണം.

11. കച്ചിപ്പെട്ടിയുടെ ഉപയോഗം ഇന്ധനം ലാഭിക്കാൻ പ്രയോജനപ്രദമാണ്. അത് പ്രചരിപ്പിക്കാൻ കർമ്മപദ്ധതി ഉണ്ടാക്കണം.

12. ബയോഗ്യാസ് പ്ലാന്റുകളെ സംബന്ധിച്ച് ബോധവത്കരണം നടത്തി പുതിയ ഇന്ധന സ്രോതസ്സ് കണ്ടെത്തണം.

13. പഞ്ചായത്ത് പരിധിയിലുള്ളവർക്ക് പാചക വാതക കണക്ഷൻ ലഭ്യമാക്കുന്നതിന് ഐ ഒസിയുടേയോ ഭാരത് പെട്രോളിയത്തിന്റെയോ ഏജൻസിയെ നിയമിക്കണം.

## സോളാർ എനർജി

പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ മുഖ്യമായ സോളാർ എനർജിയുടെ പ്രയോഗം പഞ്ചായത്തിൽ പ്രയോജനപ്പെടുത്താൻ കഴിയും. വൈദ്യുത തടസ്സം ഉള്ളപ്പോൾ വളരെ കാര്യക്ഷമമായി ഉപയോഗിക്കാൻ കഴിയുന്ന സോളാർ റാന്തലുകൾ പഞ്ചായത്തിൽ വിതരണം ചെയ്യണം.

**പട്ടിക 1**

| ട്രാൻസ്ഫോമറുകൾ സ്ഥാപിച്ചിട്ടുള്ള സ്ഥലം | കപ്പാസിറ്റി |
|---|---|
| 1. പോസ്റ്റാഫീസ് | 250 കെ.വി. എ |
| 2. മാടൻ നട | 250 ” |
| 3 ലിബ്രറ | 100 ” |
| 4. ഐറ്റിസി (ഭാഗികം) | 100 ” |
| 5. അമൃത് കുളം | 250 ” |
| 6. കരീലക്കാവ് | 100 ” |
| 7. ആറ്റുകാൽ | 150 ” |
| 8. കച്ചിക്കട | 100 ” |
| 9. കുന്നത്താംവെളി | 100 ” |
| 10. ഇരവിപുരം | 250 ” |
| 11. വേളാങ്കണ്ണി | 100 ” |
| 12. ബ്രദേഴ്സ് യൂണിയൻ | 100 ” |
| 13. ബലറാം | 100 ” |
| 14. പഴവിള | 100 ” |
| 15. വൈദ്യശാല | 250 ” |
| 16. മാച്ച് ഫാക്ടറി | 250 ” |
| 17. ചകിരിക്കട | 100 ” |
| 18. ജനത (ഭാഗികം) | 150 ” |
| 19. കെജി എൻ | 150 ” |
| 20. ഒട്ടത്തിൽ | 100 ” |
| 21. തട്ടാമല (ഭാഗികം) | 100 ” |
| 22. പിണക്കൽ (ഭാഗികം) | 160 ” |
| 23.പിണക്കൽ സൗത്ത് | 100 ” |
| 24. ആറ്റുപുറം | 100 ” |
| 25. വില്ലേജ് ആഫീസ് | 100 ” |
| 26. വയൽ | 100 ” |
| 27. ഗുരുമന്ദിരം | 100 ” |
| 28. കൂട്ടിക്കട | 160 ” |
| 29. ഭാസിവിലാസം | 100 ” |
| 30 താന്നി | 100 ” |



## പട്ടിക (2)

തെരുവ് വിളക്കുകൾ സംബന്ധിച്ച വിവരം

| ഇനം | എണ്ണം | വാട്ട്സ് | സമയം |
|---|---|---|---|
| ബൾബ് | 687 | 40 | 6 മണിക്കൂർ |
| ബൾബ് | 117 | 40 | 12 " |
| ബൾബ് | 65 | 60 | 6 " |
| ബൾബ് | 19 | 60 | 12 " |
| ബൾബ് | 25 | 100 | 12 " |
| ഡബിൾ ട്യൂബ് ഫിറ്റിംഗ് | 94 | 80 | 12 " |
| മെർക്കുറി | 3 | 125 | 12 " |
| ആകെ | 1010 | | |







## അഞ്ച് - ഏഴ്

# പാർപ്പിടം സാമൂഹ്യക്ഷേമം

## പാർപ്പിടം

ഗൾഫ് പണത്തിന്റെ സ്വാധീനവും പട്ടണത്തിന്റെ സാമീപ്യവും ഭൂമിയുടെ വില വർദ്ധിപ്പിച്ചു. ഇത് മൂലം സാധാരണക്കാർക്ക് ഭൂമി വാങ്ങാൻ ബുദ്ധിമുട്ട് അനുഭവപ്പെടുകയാണ്. കൂട്ടുകുടുംബ വ്യവസ്ഥയിൽ നിന്നും സ്വതന്ത്രങ്ങളായ കുടുംബങ്ങളായി ജീവിക്കാനുള്ള താത്പര്യവും ഏറികൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ വീടുകളുടെ ആവശ്യം വർദ്ധിച്ചു വരുകയാണ്. പഞ്ചായത്തിലെ ഭൂരിപക്ഷം ജനങ്ങളും പരമ്പരാഗത തൊഴിലാളികളാണ്. കൂലിപ്പണിയെടുത്ത് ഉപജീവനം നടത്തുന്നവർ കൂടുതൽ ഉള്ളത്കൊണ്ട് ആകെയുളള വീടുകളിൽ മൂന്നിൽ ഒന്ന് ഭാഗം ഓല മേഞ്ഞവയാണ്.

ഈ പഞ്ചായത്തിൽ 3330 കുടുംബങ്ങൾ സ്വന്തമായി വീടില്ലാത്തവരാണ്. സർക്കാർ ഏജൻസിയുടേയും ഭവനനിർമ്മാണ ബോർഡ്, വികസന അതോറിറ്റി, ഗ്രാമീണ ഹൗസിംഗ് സൊസൈറ്റി, മത്സ്യഫെഡ് തുടങ്ങിയ ഏജൻസികളിൽ നിന്നുള്ള ഭവന നിർമ്മാണ സഹായങ്ങൾ എന്നിവ ഉണ്ടെങ്കിലും വായ്പ തിരിച്ചെടുക്കുന്നതിനുള്ള സാധ്യതകളെ സംബന്ധിച്ചുള്ള അസ്ഥിരത ഈ വിഭാഗം ജനങ്ങളുടെ ഭവന നിർമ്മാണ താത്പര്യത്തെ പിറകോട്ട് നയിക്കുന്നു.

വിവിധ പദ്ധതികൾ മുഖേന നടപ്പിലാക്കിയ വീടുകളുടെ പട്ടിക ചുവടെ ചേർക്കുന്നു

| വർഷം | IAY | JRY | MWS | ഫിഷറീസ് |
|---|---|---|---|---|
| 1992–93 | 8 | 4 | 7 | 100 |
| 93–94 | 9 | 7 | 16 | ,, |
| 94–95 | 3 | 3 | 2 | ,, |
| 95–96 | 13 | 5 | 9 | ,, |
| ആകെ | 33 | 19 | 34 | 100 |

വീടുകൾ തരംതിരിച്ചുള്ള വാർഡുകളുടെ പട്ടിക

| വാർഡ് | കോൺക്രീറ്റ് | ഓല | ഓട് | കുടിൽ | ആകെ |
|---|---|---|---|---|---|
| 1 | 362 | 8 | 204 | 56 | 630 |
| 2 | 427 | 7 | 115 | 51 | 600 |
| 3 | 326 | 85 | 217 | 312 | 940 |
| 4 | 287 | 84 | 294 | 237 | 902 |
| 5 | 335 | 49 | 139 | 75 | 598 |
| 6 | 395 | 11 | 274 | 90 | 770 |
| 7 | 302 | 9 | 264 | 71 | 646 |
| 8 | 311 | 35 | 287 | 295 | 928 |
| 9 | 185 | 27 | 324 | 254 | 790 |
| 10 | 365 | 31 | 287 | 242 | 925 |
| 11 | 348 | 19 | 285 | 251 | 903 |
| 12 | 274 | 7 | 331 | 258 | 870 |
| 13 | 241 | 15 | 296 | 388 | 940 |
| 14 | 87 | 24 | 168 | 381 | 660 |
| 15 | 45 | 10 | 289 | 369 | 713 |
| ആകെ | 4290 | 3774 | 421 | 3330 | 11815 |

കനാൽ പുറമ്പോക്കിലും കടപ്പുറം പുറമ്പോക്കിലുമായി 500ൽപ്പരം കുടുംബങ്ങൾ കുടിലുകെട്ടി താമസിക്കുന്നുണ്ട്. ഇവരെ പുനരധവസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ഇവരിൽ ഏറിയ പങ്കും മത്സ്യതൊഴിലാളികളാണ്. ഇവരെ ഫിഷർമെൻ കോളനികളുടെ ഫ്ലാറ്റ് നിർമ്മിച്ച് പുനരധിവസിപ്പിക്കണം.

ഫിഷറീസ് വകുപ്പിന്റെ ഗ്രാന്റോടുകൂടി 14–ാം വാർഡിൽ ഇസിഡിസി എന്ന സാംസ്കാരിക സംഘടനയുടെ ചുമതലയിൽ വീടുകൾ നിർമ്മിച്ചെങ്കിലും അത്



രണ്ട് ഘട്ടങ്ങളായിട്ടാണ് നടന്നത്. 50 വീടുകൾ ആദ്യം പൂർത്തീകരിക്കുകയും ബാക്കി വീടുകളുടെ പണി സ്തംഭനാവസ്ഥയിൽ ആകുകയും ചെയ്തു. പിന്നീട് സാമൂഹ്യ സംഘടനകളുടെ നേതൃത്വത്തിൽ വീടുകൾ നിർമ്മിച്ചെങ്കിലും അവ ഇന്നും വളരെ ശോചനീയാവസ്ഥയിലാണ്/ പല വീടുകളും വിള്ളലുകളുടേയും ചോർച്ചയുടേയും ഭീഷണിയിലാണ്. ഇത്തരം വീടുകൾ ഉപയോഗപ്രദമാക്കാനുള്ള നടപടികൾ സ്വീകരിക്കണം.

പട്ടികജാതി വിഭാഗത്തിനും മറ്റ് വിഭാഗങ്ങൾക്കും കേന്ദ്ര-സംസ്ഥാന ഗവൺമെന്റും, പട്ടിക ജാതി വികസന കോർപ്പറേഷനും നൽകി വരുന്ന വീട് നിർമ്മാണത്തിനുള്ള ധനസഹായം വളരെ പരിമിതമാണ്. അതുകൊണ്ട് വീട് പണി പൂർത്തിയാക്കാൻ സാധിക്കാത്തൊരു അവസ്ഥയാണ് ഇന്നുള്ളത്. ലക്ഷ്യം വീട് കോളനികളിലും ജയന്തി കോളനികളിലും മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിലും വീടുകൾ അനുവദിക്കുമ്പോൾ ഒറ്റപ്പെട്ടതായത് കൊണ്ട് നിർമ്മാണ സാമഗ്രികൾ സംഘടിപ്പിക്കുമ്പോൾ ഭീമമായ തുക ചെലവാകുന്നു.

കെട്ടിട നിർമ്മാണ സാമഗ്രികളിൽ ഏറ്റവും കൂടുതൽ ദൗർലഭ്യം അനുഭവപ്പെടുന്നത് മണലിനാണ്. വില വർദ്ധനവും ഗുണനിലവാര കുറവും മൂലം ആലുവായിൽ നിന്ന് പോലും ഇവിടെ മണൽ കൊണ്ടുവരുന്നുണ്ട്. ചെളി സുലഭമായി ലഭിക്കാത്തതുമൂലം ചുടുകട്ടയുടെ വിലയിലും അമിതമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. സിമന്റ് കട്ട ഉപയോഗിച്ചും, റെഡിമെയ്സ് കോൺക്രീറ്റ് സ്ലാബുകൾ ഉപയോഗിച്ചും ഉള്ള വീട് നിർമ്മാണം ഈ അടുത്ത കാലത്ത് പഞ്ചായത്തിൽ സാർവ്വത്രികമായിട്ടുണ്ട്.

വൈദഗ്ദ്ധ്യമുള്ള നിർമ്മാണ തൊഴിലാളികളുടെ അഭാവം ഇവിടെ അനുഭവപ്പെടുന്നുണ്ട്. ഗൾഫ് നാടുകളിലേക്കുള്ള തൊഴിലാളികളുടെ പ്രവാഹം മൂലമാണിത്. മൈക്കാഡ് പണിയിൽ ഏർപ്പെട്ടിരിക്കുന്ന പലരും വൈദഗ്ദ്ധ്യമുള്ള തൊഴിലാളികളായി മാറുന്നു. വിദഗ്ദ്ധമായ പരിശീലനം ഈ തൊഴിലാളികൾക്ക് ആവശ്യമാണ്.

## സാധ്യതകളും നിർദ്ദേശങ്ങളും

1. ഭൂരഹിതർക്ക് ഭൂമി വാങ്ങുന്നതിനുള്ള തുക വർദ്ധിപ്പിക്കുകയും പഞ്ചായത്ത് തലത്തിൽ ഒരു വർഷം 25 ഭൂരഹിതർക്കെങ്കിലും ഭൂമി സൗജന്യമായി വിതരണം ചെയ്യുകയും വേണം.

2. സർക്കാർ ഏജൻസി മുഖേനയും മറ്റ് ഭവന നിർമ്മാണ ഏജൻസികൾ മുഖേനയും നൽകുന്ന വായ്പകളുടെ നടപടി ക്രമങ്ങൾ ലഘൂകരിക്കുക.

3. IAY, MWS, JRY എന്നിവയുടെ തുക മുപ്പതിനായിരം രൂപയായി വർദ്ധിപ്പിക്കുകയും പഞ്ചായത്ത് തലത്തിൽ ഇവയുടെ എണ്ണം വർദ്ധിപ്പിക്കുകയും ചെയ്യുക.

4. പഞ്ചായത്ത് അടിസ്ഥാനത്തിൽ കെട്ടിട സാമഗ്രികൾ വിതരണം ചെയ്യുന്ന സഹകരണ സംഘം സ്ഥാപിച്ച് സർക്കാർ ഏജൻസി വഴിയുള്ള വീടുകൾക്കും ദുർബല വിഭാഗങ്ങൾക്കുള്ള വീടുകളുടേയും നിർമ്മാണത്തെ സഹായിക്കുക.

5.കുറഞ്ഞ ചെലവിൽ വീടുകൾ നിർമ്മിക്കുന്നതിന് നിർമ്മാണ തൊഴിലാളികൾക്ക് പരിശീലനം നൽകുന്നതിനാവശ്യമായ കേന്ദ്രങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ രൂപീകരിക്കുക.

6. ഫിഷർമെൻ കോളനികളിൽ ഗ്രൂപ്പായി വീടുകൾ നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ സന്നദ്ധസംഘടനകളെ ഏൽപ്പിക്കുക.

7. കോളനികളിൽ അനുവദിക്കുന്ന വീടുകളുടെ എണ്ണം വർദ്ധിപ്പിക്കുക.

"ഓരോ രാജ്യസ്നേഹിയുടേയും കർത്തവ്യം നാശോന്മുഖമായ ഈ പോക്കിനെ തടയുന്നതിനുള്ള മാർഗം ആരായുകയാണ്. നഗരങ്ങളിലെന്നപോലെ സുഖസൗകര്യങ്ങളോട് കൂടി താമസിക്കത്തക്കവിധം ഗ്രാമങ്ങളെ പുനസംവിധാനം ചെയ്യണം" – ഗാന്ധിജി



| വർഷം | പട്ടിക വിഭാഗം | പട്ടിക ജാതി | മറ്റു വർഗ്ഗം | ആകെ | സ്ത്രീ | വികലാംഗർ |
|---|---|---|---|---|---|---|
| 1 1992–93 | 8 | ഇല്ല | 53 | 61 | 25 | 2 |
| 2 1993–94 | 9 | „ | 68 | 77 | 34 | 2 |
| 3 1994–95 | 7 | „ | 64 | 71 | 31 | 2 |
| 4 1995–96 | 6 | „ | 54 | 60 | 30 | 2 |
| മൊത്തം | 30 | | 239 | 269 | 120 | 8 |

# സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമരംഗത്ത്രംഗത്ത് വിവിധ വിഭാഗത്തിന്റെ പദ്ധതികൾ ഈ പഞ്ചായത്ത് നടപ്പിലാക്കുന്നുണ്ടെങ്കിലും ദാരിദ്ര്യനിർമ്മാർജ്ജനം എന്ന ലക്ഷ്യം നേടിയെടുക്കാനായി കേന്ദ്ര-സംസ്ഥാന ഗവൺമെന്റിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന സംയോജിത ഗ്രാമവികസന പദ്ധതിയാണ് മുൻപന്തിയിൽ നിൽക്കുന്നത്. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്ക് വരുമാനക്ഷമമായ ആസ്തിയും നിക്ഷേപവും നൽകി വരുമാനം വർദ്ധിപ്പിക്കുന്ന ഈ പരിപാടി നമ്മുടെ ഗ്രാമത്തിൽ 8-ാം പദ്ധതിയിൽ നടപ്പിലാക്കിയതിന്റെ വിശദവിവരം ചുവടെ ചേർക്കുന്നു.

ഇരവിപുരം വില്ലേജിന്റെ മൂന്നിൽ രണ്ടു ഭാഗവും മുണ്ടയ്ക്കൽ വില്ലേജിന്റെ മൂന്നിൽ ഒന്നു ഭാഗവും ഉൾപ്പെട്ട ഈ പഞ്ചായത്തിലെ 3 VEO സർക്കിളുകളിൽ 92 ലും 95 ലും നടത്തിയ IRDP സർവ്വെ അനുസരിച്ച് 3408 കുടുംബങ്ങളെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരായി കണ്ടെത്തിയിട്ടുണ്ട്. അതിൽ 119 പേർ പട്ടികജാതി വിഭാഗത്തിലും 58 പേർ വികലാംഗ വിഭാഗത്തിലും ഉൾപ്പെടുന്നു. സർവ്വെ ലിസ്റ്റ് പ്രകാരം ഈ പഞ്ചായത്തിലെ എട്ടിൽ ഒന്ന് ഭാഗം കുടുംബങ്ങൾക്കു പോലും ഈ പദ്ധതിയനുസരിച്ച് സഹായം ലഭിച്ചിട്ടില്ല. അന്ത്യോദയ ക്രമപ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതു മുലവും ഒരുവർഷം പഞ്ചായത്തിൽ സഹായിക്കപ്പെടുന്ന കുടുംബങ്ങളുടെ എണ്ണം വർദ്ധിപ്പിക്കാത്തത് കൊണ്ടുമാണ് ഈ ലഭ്യത കുറവായത്. ഈ പദ്ധതി നടപ്പിലാക്കുന്നതിൽ ധനകാര്യസ്ഥാപനങ്ങളുടെ പൂർണ്ണമായ സഹായം ലഭ്യമല്ലാത്തതുകൊണ്ട് പല ഗുണഭോക്താക്കളും ഇതിൽ നിന്നും പിൻതിരിയുന്നു.

IRDP സാമ്പത്തിക സർവ്വെ ലിസ്റ്റിൽപ്പെട്ട കുടുംബത്തിലെ 18 നും 35 നും മദ്ധ്യേ പ്രായമുള്ള അംഗങ്ങൾക്ക് സ്റ്റൈപ്പന്റോടെ തൊഴിൽ പരിശീലനം നൽകി സ്വയംതൊഴിൽ കണ്ടെത്താൻ സഹായിക്കുന്ന ട്രൈസം എന്ന പദ്ധതിയനുസരിച്ച് കഴിഞ്ഞ 5 വർഷത്തിനുള്ളിൽ 36 പേർക്കേ പരിശീലനം ലഭിച്ചിട്ടുള്ളു. ഇതിൽ 7 പേർക്ക് വായ്പാ സഹായം ലഭിച്ചിട്ടുണ്ട്. മറ്റുള്ളവർ വേതനം പറ്റിക്കൊണ്ട് പല സ്ഥാപനങ്ങളിലും ജോലിചെയ്യുന്നുണ്ട്. സ്വയംതൊഴിൽ കണ്ടെത്തുന്നതിന് പരിശീലനം ലഭിക്കാൻ അർഹതയുള്ള യുവതീയുവാക്കൾ ഈ പഞ്ചായത്തിൽ ധാരാളം ഉണ്ടെങ്കിലും പരിശീലനം ലഭിച്ചവരുടെ എണ്ണം വളരെ കുറവാണ്. ഗ്രാമപഞ്ചായത്ത് വഴി തെരഞ്ഞെടുത്തുവിടുന്ന പഠിതാക്കളിൽ പലരും പരിശീലനം പൂർത്തിയാക്കാൻ വിമുഖത കാണിക്കുന്ന ഒരവസ്ഥയാണ് ഇപ്പോഴുള്ളത്.

സ്ത്രീ ശാക്തീകരണത്തിനും ഗ്രാമീണ സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനുംവേണ്ടി IRDP പാറ്റേൺ അനുസരിച്ച് 10 മുതൽ 15 വരെ സ്ത്രീകളെ തെരഞ്ഞെടുത്ത് ഗ്രൂപ്പടിസ്ഥാനത്തിൽ സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്ന വനിതാ ശിശുവികസന പരിപാടി (DWCRA) ഈ പഞ്ചായത്തിൽ ഒരെണ്ണം നടപ്പിലാക്കിയിട്ടുണ്ട്. 15-ാം വാർഡിൽ വലനിർമ്മാണത്തിനുവേണ്ടി 10 സ്ത്രീകളെ ഉൾപ്പെടുത്തി ഒരു ഗ്രൂപ്പ് തുടങ്ങിയെങ്കിലും അത് ഫലപ്രദമായി ഇപ്പോൾ നടക്കുന്നില്ല. ഇപ്പോൾ ഈ പഞ്ചായത്തിൽ റെഡിമെയ്ഡിനും ഫിഷ്പ്രോസസിംഗിനും വേണ്ടി രണ്ട് വനിതാ യൂണിറ്റുകൾക്ക് രൂപം നൽകിവരുന്നു. മത്സ്യം, കശുഅണ്ടി, കയർ, കൈത്തറി തുടങ്ങിയ വിവിധ മേഖലകളിൽ പണിയെടുക്കുന്ന സ്ത്രീകൾ ധാരാളമുള്ള ഈ പഞ്ചായത്തിൽ DWCRA കൂടുതൽ നടപ്പിലാക്കാനുള്ള സാധ്യതയുണ്ട്. കഴിഞ്ഞ പദ്ധതിയിൽ കേന്ദ്ര ഗ്രാമ ശുചിത്വ (CRSP) പരിപാടി അനുസരിച്ച് ഈ പഞ്ചായത്തിൽ 70 ദുർബല കുടുംബങ്ങൾക്ക് കക്കൂ



സ് നിർമ്മിക്കുന്നതിനുള്ള ധനസഹായം ലഭിച്ചിട്ടുണ്ട്. ഗ്രാമീണ കൈത്തൊഴിലുകാർക്ക് നവീന തൊഴിൽ ഉപകരണങ്ങൾ നൽകുന്ന പദ്ധതിയനുസരിച്ച് ഈ പഞ്ചായത്തിൽ 4 പേർക്ക് സഹായം ലഭിച്ചിട്ടുണ്ട്. ആകെയുള്ള കൈത്തൊഴിലുകാരിൽ 3 ശതമാനം പേർക്കേ ഈ സഹായം ലഭിച്ചിട്ടുള്ളൂ എന്നുള്ളത് ഒരു പോരായ്മയാണ്.

ഈ പഞ്ചായത്തിൽ 9 ഫീഡിംഗ് സെന്ററുകളും ഒരു ബാലവാടിയും പ്രവർത്തിക്കുന്നുണ്ട്. ഇതിൽ ഭൂരിഭാഗം ഫീഡിംഗ് സെന്ററുകളും ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ഈ ഫീഡിംഗ് സെൻററുകളിൽ പാചകം ചെയ്യുന്നതിന് ആവശ്യമായ പാത്രങ്ങളും വിറകും ഇല്ലാത്തതിനാൽ കഞ്ഞിയും പയറും വിതരണം കാര്യക്ഷമമായി നടത്താൻ കഴിയുന്നില്ല. ഈ സെൻററുകളിൽ അർഹതയുള്ള കുട്ടികളെയും ഗർഭിണികളെയും കണ്ടെത്തുന്നതിൽ വീഴ്ച വരുത്തുന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്.

സാമൂഹ്യക്ഷേമ രംഗത്ത് റവന്യൂ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പെൻഷൻ പദ്ധതികളും സഹായങ്ങളും ഈ പഞ്ചായത്തിലെ സാധാരണ ജനങ്ങൾക്ക് വളരെ പ്രയോജനപ്രദമാണ്. ജോലിചെയ്യാൻ ശേഷിയില്ലാത്ത നിരാലംബരായ വയോധികർക്ക് എല്ലാമാസവും കൃത്യമായി പെൻഷൻ ലഭിക്കാത്തതുകൊണ്ട് നിത്യവൃത്തിയ്ക്ക് മറ്റുള്ളവരെ ആശ്രയിക്കേണ്ടുന്ന ഒരവസ്ഥ പൊതുവേയുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്. നിർമ്മാണത്തൊഴിലാളി ക്ഷേമം, കർഷകത്തൊഴിലാളി ക്ഷേമം, ചെത്ത് തൊഴിലാളിക്ഷേമം, തയ്യൽ തൊഴിലാളി ക്ഷേമം, ചുമട്ട് തൊഴിലാളി ക്ഷേമം എന്നീ പദ്ധതികളിൽ അർഹരായ ധാരാളം തൊഴിലാളികൾ ഉണ്ടെങ്കിലും അവർക്ക് ഇതിന്റെ പ്രയോജനം പൂർണ്ണമായും ലഭ്യമാകുന്നില്ല. ഈ ക്ഷേമപദ്ധതികളുടെ നേട്ടങ്ങളെക്കുറിച്ച് തൊഴിലാളികൾ ബോധവാൻമാരല്ലാത്തതു കൊണ്ടും അർഹതയുള്ള അപേക്ഷകളിൻമൽ നടപടിയെടുക്കാനുള്ള കാലതാമസവുമാണ് കൂടുതൽ തൊഴിലാളികൾക്ക് സഹായം ലഭ്യമാകാത്തതിന്റെ പ്രധാനകാരണം.

ഇരവിപുരം പഞ്ചായത്തിലും പള്ളിമുക്ക് ജംഗ്ഷനിലുമായി ഏകദേശം 250 ൽപ്പരം ചുമട്ട് തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. ചുമട്ട് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കൊല്ലം ലോക്കൽ കമ്മിറ്റിയുടെ പരിധിയിൽ ഈ ഏരിയ വരാത്തതുകൊണ്ട് ഇത്രയും തൊഴിലാളികൾക്ക് ക്ഷേമനിധിയുടെ പ്രയോജനം ലഭിക്കുന്നില്ല. പള്ളിമുക്ക് കേന്ദ്രമാക്കി ഈ ക്ഷേമനിധി ബോർഡിന്റെ ഒരു സബ് ഓഫീസ് തുടങ്ങിയാൽ ഇരവിപുരം, മയ്യനാട്, വടക്കേവിള എന്നീ പഞ്ചായത്തുകളിലെയും ഉമയനല്ലൂർ, കൊട്ടിയം, കണ്ണനല്ലൂർ എന്നീ ഭാഗങ്ങളിലെയും 600–ൽപ്പരം ചുമട്ട് തൊഴിലാളികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. ഈ പഞ്ചായത്തിൽ ലഭിക്കുന്ന വിവിധ പെൻഷൻകാരുടെയും ധനസഹായം ലഭിക്കുന്നവരുടെയും എണ്ണം ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1 വാർദ്ധക്യകാല പെൻഷൻ | 47 |
| 2 വിധവാപെൻഷൻ | 207 |
| 3 വികലാംഗപെൻഷൻ | 58 |
| 4 തൊഴിലില്ലായ്മാവേതനം | 510 |
| 5 വിധവകളുടെ പെൺമക്കൾക്ക് വിവാഹത്തിനുള്ള ധനസഹായം | 7 |

പ്രായപൂർത്തിയായ ആൺകുട്ടികളുള്ളതിന്റെ പേരിൽ വിധവകൾക്ക് പെൻഷൻ നിഷേധിക്കുന്നതിന്റെ ഫലമായി അർഹതയുള്ള ധാരാളം വിധവകൾക്ക് ഈ പെൻഷൻ ലഭിക്കുന്നില്ല. തൊഴിലില്ലായ്മ വേതനത്തിനു വേണ്ടി ലഭിച്ചിരിക്കുന്ന അപേക്ഷകളുടെമേൽ തീരുമാനം എടുക്കുന്നതിനുള്ള സമയനിഷ്ഠ പാലിക്കപ്പെടാത്തതുമൂലം അനേകം അർഹരായിട്ടുള്ള യുവതീയുവാക്കൾക്ക് ഈ വേതനം ലഭിക്കുന്നില്ല. ഇത് ലഭിക്കുന്നതിനുള്ള മാനദണ്ഡം പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.

ഈ പഞ്ചായത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 73– ഓളം വികലാംഗരുണ്ട്. ഇവരിൽ വിദ്യാഭ്യാസമുള്ളവരും സാങ്കേതികമായി വൈദഗ്ദ്ധ്യമുള്ളവരും ഉണ്ടെങ്കിലും തൊഴിൽ ചെയ്യാനുള്ള അവസരം ലഭിക്കുന്നില്ല. ഇവരെ സംഘടിപ്പിച്ചുകൊണ്ട് ഒരു തൊഴിൽശാല കോംപ്ലക്സ് പഞ്ചായത്തുതലത്തിൽ ഉണ്ടാക്കിയാൽ വികലാംഗർക്ക് തൊഴിൽ ലഭിക്കുകയും അതുവഴി കുടുംബത്തിന്റെ വരുമാനം വർദ്ധിപ്പിക്കാനുംകഴിയും. അതുമാത്രമല്ല പഞ്ചായത്തിനും ഇതിൽനിന്നുള്ള വരുമാനം ലഭിക്കും.

14, 15 വാർഡുകളിലെ തീരപ്രദേശത്തും പുറമ്പോക്കിലും താമസിക്കുന്ന 500– ഓളം കുടുംബങ്ങൾക്ക് പഞ്ചായത്തിൽ നിന്ന് വീട് നമ്പർ ഇപ്പോൾ അനുവദിക്കുന്നില്ല. അതുകൊണ്ട് ദുർബല വിഭാഗത്തിൽപ്പെട്ട ഇത്രയും കുടുംബങ്ങൾക്ക് റേഷൻ കാർഡുകളോ അതുകൊണ്ടുള്ള മറ്റ് ആനുകൂല്യങ്ങളോ വൈദ്യുതിയോ ലഭിക്കാത്ത ഒരവസ്ഥയാണ് ഇപ്പോൾ നിലവിലുള്ളത്. ഇതിന് എത്രയും പെട്ടെന്ന് പരിഹാരം ഉണ്ടായില്ലെങ്കിൽ ഈ ദരിദ്ര കുടുംബങ്ങൾ കൂടുതൽ ശോചനീയാവസ്ഥയിലേക്കു പോകും.

ഈ പഞ്ചായത്തിൽ 13 ഇറച്ചി വിൽപ്പനശാലകളുണ്ട്. പഞ്ചായത്തിന്റെ ചുമതലയിൽ ഒരു അറവുശാലയില്ലാത്തതുകൊണ്ട് അനധികൃതമായി ആടുമാടുകളെ കശാപ്പു ചെയ്ത് അതിന്റെ അവശിഷ്ടങ്ങൾ



ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിലും തോടുകളിലും കലുങ്ങിനുള്ളിലും വലിച്ചെറിയുന്നതിന്റെ ഫലമായി അവ ചീഞ്ഞുനാറി രൂക്ഷമായ ദുർഗന്ധം അനുഭവപ്പെടുന്നതുമൂലം ജനങ്ങൾ വളരെ ബുദ്ധിമുട്ടുകയാണ്. അതുകൊണ്ട് ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ ഒരു അറവുശാല സ്ഥാപിക്കണമെന്ന് എല്ലാ ഗ്രാമസഭകളിൽ നിന്നും അഭിപ്രായം ഉയർന്നു വന്നിട്ടുണ്ട്. ഈ പഞ്ചായത്തിൽ ഒരു പൊതുശ്മശാനം ഉണ്ടെങ്കിലും അവിടേയ്ക്ക് പോകാനുള്ള പൊതുവഴി ഇല്ലാത്തതുകൊണ്ട് ഇതിന്റെ പ്രയോജനം ജനങ്ങൾക്ക് ലഭിക്കുന്നില്ല.

ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകളെ സംബന്ധിച്ചടത്തോളം 5 വയസിൽ താഴെ പ്രായമുള്ള കുട്ടികളെ പകൽസമയം പരിചരിക്കുന്നതിനുള്ള ഒരു സംവിധാനം ഈ പഞ്ചായത്തിലില്ല. ഇപ്പോൾ ഏകദേശം 5 കി.മീറ്റർ അകലെയുള്ള മുനിസിപ്പൽ ഏരിയായിലെ ഡേകെയറിലാണ് ഈ പഞ്ചായത്തിലെ കുട്ടികളെ പരിചരിക്കുന്നത്. ഈ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായി പഞ്ചായത്തിന്റെ ചുമതലയിൽ ഒരു ഡേ കെയർ സെന്റർ സ്ഥാപിക്കണം.

ഇരവിപുരം പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട ജംഗ്ഷനാണ് പാലക്കടവ്. ഇവിടെ ഏകദേശം 25- ഓളം കടകളും 36 ൽപ്പരം ആട്ടോകളും 10 ൽപ്പരം ടാക്സി കാറുകളും 15 ൽപ്പരം ബസ്സുകളും പാർക്ക് ചെയ്യേണ്ടിവരുന്നു. എന്നാൽ ഇവയൊന്നും സുരക്ഷിതമായി പാർക്ക് ചെയ്യാനുള്ള സംവിധാനം ഇല്ല. ആയതിനാൽ ആട്ടോ സ്റ്റാൻഡ്, ടാക്സി സ്റ്റാൻഡ്, വെയിറ്റിംഗ് ഷെഡ് തുടങ്ങിയവ അത്യന്താപേക്ഷിതമാണ്. ഇവ നിർമ്മിക്കാനുള്ള വിഭവ സമാഹരണം ജനങ്ങളിൽ നിന്ന് ലഭിക്കും എന്ന വാഗ്ദാനം ഗ്രാമസഭയിൽ ഉയർന്നു വന്നിട്ടുണ്ട്.

ഈ ഗ്രാമത്തിലെ ഭൂരിപക്ഷം കുടുംബങ്ങളുടെയും ഭൂമിയുടെ വിസ്തൃതി കുറവായതുകൊണ്ട് വിവാഹസംബന്ധമായ ചടങ്ങുകളും മറ്റ് സാമൂഹ്യ ചടങ്ങുകളും വളരെയകലെയുള്ള ആഡിറ്റോറിയങ്ങളിൽ വച്ച് ഭീമമായ ഫീസ് കൊടുത്ത് നടത്തേണ്ട ഒരു അവസ്ഥയാണ് ഉള്ളത്. പഞ്ചായത്തിന്റെ അധീനതയിൽ ഒരു കമ്മ്യൂണിറ്റിഹാൾ ഈ ഗ്രാമത്തിൽ സ്ഥാപിക്കണമെന്ന ആവശ്യം വളരെ വർഷ''ളായി സാംസ്കാരിക സംഘടനകളും ജനങ്ങളും ഉന്നയിച്ചുവരുകയാണ്. എന്നാൽ ഇന്നുവരെ ഇതിനൊരു പരിഹാരം കണ്ടെത്തിയിട്ടില്ല. കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുന്നതിന് സ്ഥലം നൽകാമെന്ന് ഗ്രാമസഭകളിൽ നിന്നുള്ള വാഗ്ദാനങ്ങൾ ഉണ്ട്. പൊതുയോഗങ്ങളും സെമിനാറുകളും സമ്മേളനങ്ങളും വിവാഹങ്ങളും നടത്തുന്നതിന് ഒരു നിശ്ചിത ഫീസ് ഈടാക്കിക്കൊണ്ട് ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ ഒരു കമ്മ്യൂണിറ്റി ഹാൾ പഞ്ചായത്തിന് ഒരു നിശ്ചിതതുക വരുമാനമായി ലഭിക്കുകയും ഈ ഗ്രാമത്തിലെ ജനങ്ങൾക്ക് സൗജന്യമായ നിരക്കിൽ ഈ ആഡിറ്റോറിയം വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കാനുള്ള അവസരം ലഭിക്കുകയും ചെയ്യും.

മത്സ്യ തൊഴിലാളികളായ 100 ൽപ്പരം സ്ത്രീകൾ തലച്ചുമടായിട്ടാണ് മത്സ്യം കൊണ്ടുവരുകയും പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ വിൽപ്പന നടത്തുകയും ചെയ്യുന്നത്. ഇതിനുവേണ്ടി ഒരു വാഹനം ഉണ്ടായാൽ മത്സ്യത്തൊഴിലാളി സ്ത്രീകളുടെ കഠിനാധ്വാനം ഒഴിവാക്കാൻ കഴിയും.

## സാധ്യതകളും നിർദ്ദേശങ്ങളും

1. ഒരു വർഷം പഞ്ചായത്തിലെ IRDP സഹായം ലഭിക്കാനുള്ള കുടുംബങ്ങളുടെ എണ്ണം വർദ്ധിപ്പിച്ച് 1997-ലെ സാമ്പത്തിക സർവ്വെ ഗ്രാമസഭയുടെ സഹായത്തോടെ ഫലപ്രദമായി നടപ്പിലാക്കുക. IRDP വായ്പ തിരിച്ചടയ്ക്കുന്നതിനെ സംബന്ധിച്ച് ബോധവൽക്കരണം ലഭ്യമാക്കുക.

2. ട്രൈസം പരിശീലകരെ ഓരോ വർഷത്തെയും IRDP ലിസ്റ്റിൽ നിന്നും തെരഞ്ഞെടുക്കുന്നതിന് പകരം ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള അർഹരായ കുടുംബങ്ങളിൽ നിന്ന് എടുക്കുകയും അവർക്കുവേണ്ടിയുള്ള ഫണ്ട് വർദ്ധിപ്പിക്കുകയും ചെയ്ത് പരിശീലന സൗകര്യം പഞ്ചായത്തിൽത്തന്നെ സംഘടിപ്പിക്കുക.

3. CRSP യ്ക്കുള്ള തുക 4000 രൂപയായി വർദ്ധിപ്പിക്കുക.

4. കൂടുതൽ ഗ്രാമീണ കൈത്തൊഴിലുകാർക്ക് തൊഴിലുപകരണങ്ങൾ നൽകുക.

5. സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള ICDS പ്രോജക്ടിന്റെ അങ്കണവാടികൾ 15 വാർഡുകളിലും നടപ്പിലാക്കുക.

6. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകളുടെ സൗകര്യം മെച്ചപ്പെടുത്തുക.

7. ഫീഡിംഗ് സെന്ററുകൾ കേന്ദ്രമാക്കി ജനപ്രതിനിധികൾ ചെയർമാൻമാരായുള്ള ഒരു കമ്മിറ്റി രൂപീകരിക്കുക.

8. പഞ്ചായത്ത് തലത്തിൽ വികലാംഗരെ സംഘടിപ്പിച്ച് ജനകീയ പങ്കാളിത്തത്തോടെ കൂടി വ്യവസായ വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ തൊഴിൽശാലകൾ ആരംഭിക്കുക.

9. ക്ഷേമനിധികളുടെ പ്രാധാന്യം അതിന്റെ ഗുണഭോക്താക്കൾക്ക് മനസ്സിലാക്കിക്കൊടുക്കുന്നതിനുവേണ്ടി ഒരു ബോധവത്ക്കരണ ക്യാമ്പ്സംഘടിപ്പി



ക്കുക. പെൻഷനും മറ്റ് ധനസഹായവും ലഭിക്കാൻ അർഹതയുള്ളവരെ തെരഞ്ഞെടുക്കാൻ ഗ്രാമപഞ്ചായത്തിനെ ചുമതലപ്പെടുത്തുക.

10. തീരദേശ പരിപാലന നിയമം വന്നതോടുകൂടി ഇവിടുത്തെ തീരദേശവാസികൾ ആശങ്കാകുലരാണ്. കേരളംപോലുള്ള സംസ്ഥാനത്ത് ഈ നിയമം നടപ്പിലാക്കാൻ ബുദ്ധിമുട്ടാണെന്ന് ബന്ധപ്പെട്ടവരെ ബോദ്ധ്യപ്പെടുത്തുക.

11. 13-ാം വാർഡിൽ കാരിക്കുഴി ഏലായിൽ അറവുശാല നിർമ്മിക്കാനുള്ള സ്ഥലമുണ്ട്. ഗ്രാമപഞ്ചായത്തിന്റെ ഗ്രാന്റ് ഉപയോഗിച്ച് ഇത് നിർമ്മിക്കുക.

12. സന്നദ്ധസംഘടനകളുടെ പങ്കാളിത്തത്തോടെ പഞ്ചായത്തിന്റെ ചുമതലയിൽ ശ്മശാനത്തിലേക്ക് റോഡ് നിർമ്മിക്കുകയും മൃതദേഹം കൊണ്ടുപോകുന്നതിന് ഒരു വാഹനം ലഭ്യമാക്കുകയും ചെയ്യുക.

13. ഇരവിപുരം ജംഗ്ഷനോട് ചേർന്ന് പൊതുമരാമത്തു വകുപ്പിന്റെ പുറമ്പോക്ക് സ്ഥലമുണ്ട്. ആ വകുപ്പുമായി ആലോചിച്ച് ജനപങ്കാളിത്തത്തോടുകൂടി പഞ്ചായത്തിന്റെ ചുമതലയിൽ ആട്ടോ-ടാക്സി സ്റ്റാൻഡ്, വെയിറ്റിംഗ് ഷെഡ്, കംഫർട്ട് സ്റ്റേഷൻ തുടങ്ങിയവ നിർമ്മിക്കുക. ഇവയിൽ പലതും സ്മാരകമായി നിർമ്മിച്ചുകൊടുക്കാൻ ജനങ്ങൾ തയ്യാറാണ്.

14. പഞ്ചായത്തിലെ ആകെയുള്ള ഒരു ബാലവാടിയുടെ നില ശോചനീയമാണ്. 25 ഓളം കുട്ടികളുള്ള ഇവിടെ ആവശ്യ സൗകര്യങ്ങളോ കളിക്കാൻ കളിപ്പാട്ടങ്ങളോ ഇല്ല. ഇവ ലഭ്യമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുക.






# അഞ്ച് - എട്ട്

# സംസ്ക്കാരം

പുരാതനകാലം മുതൽ ഇരവിപുരം പഞ്ചായത്ത് പ്രദേശം സംസ്ക്കാര സമ്പന്നമായിരുന്നു. വേണാട്-തിരുവിതാംകൂർ രാജഭരണങ്ങളുടെ രുചിഭേദങ്ങൾ അനുഭവിച്ചറിഞ്ഞവരാണ് ഇരവിപുരത്തെ മുൻതലമുറക്കാർ. വിവിധ മതവിഭാഗങ്ങളുടെയും വിദേശികളുടെയും വിലപ്പെട്ട സംഭാവനകളോടൊപ്പം അടിസ്ഥാനവർഗ്ഗത്തിന്റെ വിയർപ്പുകണങ്ങളും അലിഞ്ഞുചേർന്ന് സമ്പന്നമായതാണ് ഈ നാടിന്റെ സംസ്ക്കാരം.

തിരുവിതാംകൂർ രാജാക്കൻമാരുടെ ഭരണത്തിൻകീഴിലായ ഈ ഗ്രാമം ബ്രിട്ടീഷ് ഭരണത്തിനും ദിവാൻ ഭരണത്തിനുമെതിരായ ദേശീയ സ്വാതന്ത്ര്യ സമരത്തിന്റെ പടയണിക്കൊപ്പം നീങ്ങി. ഹിന്ദു-മുസ്ലിം-കൃസ്ത്യൻ മതസമുദായങ്ങൾ പ്രബലമായിരുന്ന ഇവിടെ ജനങ്ങൾ ഒറ്റക്കെട്ടായി അണിനിരന്ന ഈ കാലഘട്ടം മതമൈത്രിയുടെ ഒരു സുവർണ്ണകാലം തന്നെയായിരുന്നു. ഇതിനോടൊപ്പം സാമൂഹ്യരംഗത്തെ അനീതിക്കും അനാചാരങ്ങൾക്കും എതിരായി നവോത്ഥാന പ്രസ്ഥാനങ്ങളും ട്രേഡ് യൂണിയനുകളും രംഗത്തെത്തി. നാടുവാഴി പ്രഭുക്കൻമാരുടെയും ജന്മിമാരുടെയും 'മേധാവിത്വത്തെ' കൈയും കെട്ടി നോക്കിനിന്നവരല്ല നമ്മുടെ മുൻതലമുറക്കാരെന്നത് അഭിമാനകരമാണ്.

കൊല്ലത്ത് പോർട്ടുഗീസ് കാരുടെ പ്രധാനകേന്ദ്രമായിരുന്ന തങ്കശ്ശേരിക്ക് ഇരവിപുരവുമായി ഇപ്പോഴും ഒരു പ്രത്യേക ബന്ധംതന്നെ ഉണ്ട്. ഇരവിപുരം കടലോരത്ത് ഇന്നുള്ള ശിൽപ്പമാതൃകയിലുള്ള പള്ളിയും വീടുകളും പോർട്ടുഗീസ് ശിൽപ്പകലയുടെ മകുടോദാഹരണമാണ്. കൊല്ലൂർവിള മുസ്ലിം പള്ളി കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ധാരാളം തീർത്ഥാടകരെ ആകർഷിക്കുന്ന തെക്കൻകേരളത്തിലെ പ്രധാന ദേവാലയമാണ്. കൂടാതെ ഹൈന്ദവ ക്ഷേത്രങ്ങൾ, നിസ്ക്കാര പള്ളികൾ, ക്രൈസ്തവാരാധനാലയങ്ങൾ എന്നിവയുടെ ഒരു നിരതന്നെ ഈ ഗ്രാമത്തിലുണ്ട്. ഹിന്ദു-മുസ്ലിം-കൃസ്ത്യൻ മതവിഭാഗത്തിൽപ്പെട്ടവർ മൂന്നു വ്യത്യസ്ത മേഖലകളിൽ വർദ്ധിച്ചതോതിൽ അധിവസിച്ചിരുന്നെങ്കിൽ ഇന്ന് കൂടുതൽ ഇടകലർന്ന് താമസിക്കുന്നതായി കാണാം. മതമൈത്രിക്ക് ഭംഗം വരുത്താനുള്ള ശ്രമങ്ങൾ എപ്പോഴെങ്കിലും നമ്മുടെ ഗ്രാമത്തിൽ ഉണ്ടായിട്ടുണ്ടോ അപ്പോഴെല്ലാം 'ഒരൊറ്റജനത' എന്ന നിലയിൽ ഉണർന്നെണീറ്റ് ഇരവിപുരത്തിന്റെ സാഹോദര്യ പാരമ്പര്യം വീണ്ടെടുക്കാൻ കാലവിളംബം ഉണ്ടായിട്ടില്ലെന്നത് ഈ മണ്ണിൽ ഉൾച്ചേർന്നിരിക്കുന്ന ഉയർന്ന സാംസ്ക്കാരിക ബോധത്തെ വിളിച്ചറിയിക്കുന്നു. ഇരവിപുരത്തെ നിരവധി ഹൈന്ദവ-കൃസ്ത്യൻ ദേവാലയങ്ങളിലെ ഉത്സവങ്ങൾ ഇതര സമുദായാംഗങ്ങൾ കൂടി പങ്കെടുത്ത് നാടിന്റെ ഉത്സവമാക്കി മാറ്റുന്നത് ഒരു പഴങ്കഥയല്ല. കൊല്ലൂർവിള മുസ്ലിം പള്ളിയോടൊപ്പമുള്ള 'വന്ദ്യരായ അസയ്യിദ് ബാഫാക്കി കൊച്ചുകോയാ തങ്ങൾ' അന്ത്യവിശ്രമം കൊള്ളുന്ന മഖ്ബറ ഇതര മതസമുദായങ്ങളിലുള്ള ജനങ്ങളിൽ പലരുടെയുംകൂടി വിശ്വാസകേന്ദ്രമാണെന്നത് യാഥാർത്ഥ്യമാണ്. ഇവിടം സാംസ്ക്കാരിക പാരമ്പര്യത്തിന്റെയും സമന്വയത്തിന്റെയും സങ്കര ഭൂമിയാണ്.

കൊല്ലം പട്ടണത്തോട് തൊട്ടുരുമ്മുന്നതെങ്കിലും നഗര പ്രത്യേകതകൾ ഒന്നുമില്ലാത്തതാണ് നമ്മുടെ ഗ്രാമം അറേബ്യൻ കടലിന്റെ ഓരം ചാരി തെങ്ങിൻതോപ്പുകളും വയലേലകളും ചേർന്ന ഒരു ഗ്രാമമാണിത്. പശ്ചിമ ഭാഗത്തു നിന്നും പരവൂർ കായലിലേക്ക് ഒഴുകുന്ന കൊല്ലംതോടും ഒരുകാലത്ത് അതിലൂടെ രാപകലന്യേ നീങ്ങിയിരുന്ന കെട്ടുവള്ളങ്ങളും പാലക്കടവിലെ ഒരുകാലത്ത് തിരക്കേറിയ കടത്തും ഇരവിപുരത്തിന്റെ അക്കാലത്തെ സമ്പന്നമായ വ്യാപാരസ്മൃതികളുണർത്തുന്നു. പരവൂർ കായലിലൂടെ കടന്നുപൊയ്ക്കൊണ്ടിരുന്ന കെട്ടുവള്ളങ്ങൾക്ക് രാത്രികാലങ്ങളിൽ ദിശ നിശ്ചയിക്കുന്നതിന് സഹായകരമായി സ്ഥാപിച്ച 'വിളക്കുമരം' ഒരു



നല്ലകാലത്തിന്റെ ഓർമ്മക്കുറി പോലെ ഇപ്പോഴും വടക്കുംഭാഗത്ത് സ്ഥിതിചെയ്യുന്നു.

കഴിഞ്ഞ നൂറ്റാണ്ടിന്റെ അന്ത്യത്തിൽ ഇരവിപുരത്ത് രണ്ട് മലയാളം വിദ്യാലയങ്ങൾ ആരംഭിച്ചത് ഒരു ചരിത്രസംഭവം തന്നെയാണ്. എന്നാൽ എല്ലാപേർക്കും പ്രത്യേകിച്ച് അടിസ്ഥാനവർഗ്ഗത്തിൽപ്പെട്ടവർക്ക് കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കാനുള്ള സാമ്പത്തിക-സാമൂഹിക സ്ഥിതി ഉണ്ടായിരുന്നില്ല. കേരള സംസ്ഥാന രൂപീകരണത്തിനു ശേഷം നിലവിൽവന്ന പ്രഥമ ജനകീയ ഗവൺമെന്റ് വിദ്യാഭ്യാസം സൗജന്യമാക്കിയത് നമ്മുടെ ഗ്രാമത്തിന്റെ സാംസ്ക്കാരിക മണ്ഡലത്തിലെ ഒരു വലിയ ചുവടുവയ്പാണ്. ഇന്ന് നാലു ഹൈസ്ക്കൂളുകൾ ഉൾപ്പെടെ പത്തു പൊതുവിദ്യാലയങ്ങളും അനവധി സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളും ഇരവിപുരത്തുണ്ട്. വളരെയധികം കാര്യങ്ങൾ മനസ്സിൽ നിറച്ച് കൂടുതൽ മാർക്കും വിജയശതമാനം വർദ്ധിപ്പിക്കലുമാണ് വിദ്യാഭ്യാസത്തിന്റെ ഒരേ ഒരു ലക്ഷ്യം എന്ന ധാരണയിലേക്ക് വിദ്യാഭ്യാസ രംഗം മാറിക്കൊണ്ടിരിക്കുന്നു. ഉയർന്ന സാംസ്ക്കാരിക ബോധം വിദ്യാർത്ഥികളിലുണ്ടാക്കാൻ കഴിയുന്നതരത്തിൽ നമ്മുടെ ഗ്രാമത്തിലെ വിദ്യാലയങ്ങളെ മാറ്റിയെടുക്കണമെന്നത് അടിയന്തിര കടമയാണ്.

സാംസ്ക്കാരിക സ്ഥാപനങ്ങളിൽ അതിപ്രധാനമാണ് ഗ്രന്ഥശാലകളും വായനശാലകളും. ഇക്കാര്യത്തിൽ വരുംതലമുറയോട് നീതിപുലർത്താൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഈ ഗ്രാമത്തിന്റെ സാംസ്ക്കാരിക പ്രവർത്തനങ്ങൾക്ക് ഒരുകാലത്ത് നായകത്വം വഹിക്കുവാൻ കഴിഞ്ഞ ശാരദാവിലാസിനി ഗ്രന്ഥശാല മയ്യനാട് പഞ്ചായത്തിലാണ്. തുടർന്ന് വന്ന ജ്ഞാനോദയം ഗ്രന്ഥശാലയും മയ്യനാട് പഞ്ചായത്തതിർത്തിയോട് ചേർന്ന ഇരവിപുരം ഗ്രാമപ്രദേശത്താണ് സ്ഥിതിചെയ്യുന്നത്. വാളത്തുംഗൽ കെ. ജി. മെമ്മോറിയൽ ഗ്രന്ഥശാലയാണ് വാളത്തുംഗൽ ഭാഗത്ത് പ്രവർത്തിച്ചുവരുന്ന മറ്റൊരു സാംസ്ക്കാരിക സ്ഥാപനം. സാമൂഹ്യ-സാംസ്ക്കാരിക ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുവാൻ കഴിയുന്ന വളരെയധികം യുവാക്കളെ രംഗത്തു കൊണ്ടുവരാനും രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് സംഭാവന നൽകാനും ഇവയ്ക്ക് കഴിഞ്ഞിട്ടുണ്ട്. ഗ്രാമത്തിലെ ഭൂരിപക്ഷം ജനങ്ങൾ അധിവസിക്കുന്ന വാളത്തുംഗൽ മുതൽ തെക്കേവിള വരെയുള്ള ഭാഗത്ത് ഇങ്ങനെ പാരമ്പര്യം അവകാശപ്പെടാൻ കഴിയുന്ന ഒരു സാംസ്ക്കാരിക സംഘത്തെ എടുത്തു പറയാനില്ല എന്നത് ഖേദകരമാണ്. എന്നാൽ 1970 മുതൽ ഗ്രാമത്തിലങ്ങോളമിങ്ങോളം ചെറുതും വലുതുമായ സംഘടനകൾ നിലവിൽ വന്നു. പ്രത്യേകിച്ച് കലാ-കായിക സംഘടനകൾ. ഇക്കാലയളവിൽ സംഘടനകളുടെ വാർഷികത്തോടനുബന്ധിച്ച് ഗ്രാമവാസികൾ തന്നെ അവതരിപ്പിക്കുന്ന നാടകങ്ങളും മറ്റു കലാരൂപങ്ങളും സർവ്വസാധാരണമായിരുന്നു. കൂടാതെ 2 പ്രൊഫഷണൽ നാടകസംഘങ്ങൾ തന്നെ പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്നു. എന്നാൽ '80 നു ശേഷം പ്രൊഫഷണൽ നാടകങ്ങൾക്ക് അരങ്ങ് ഒരുക്കുന്നതിൽ മാത്രമായി കലാസമിതികളുടെ പ്രവർത്തനം ചുരുങ്ങി. നല്ലരീതിയിൽ പ്രവർത്തിച്ചിരുന്ന 2 ഫൈൻ ആർട്ട്സ് സൊസൈറ്റികളും ഇന്ന് നിലച്ചമട്ടാണ്. ഗ്രാമത്തിൽ കലാപരിപാടികൾ അവതരിപ്പിക്കുവാൻ ഒരു കമ്മ്യൂണിറ്റി ഹാൾ ഇല്ലാത്തതും ഇവയുടെ പരാജയത്തിനു ഒരു കാരണമാണ്.

ഇന്ന് 40 ലധികം രജിസ്റ്റർ ചെയ്യപ്പെട്ടതും അല്ലാത്തതുമായ കലാകായിക-സാംസ്ക്കാരിക സംഘടനകൾ പ്രവർത്തിക്കുണ്ടെങ്കിലും ഗ്രാമവാസികളുടെ സാംസ്ക്കാരിക നിലവാരമുയർത്തുന്ന പ്രവർത്തശൈലിയോട് കൂടിയവ വിരളമാണ്. ഇത്തരം സംഘടനകളുടെ പ്രവർത്തനത്തിൽ ഗുണപരമായ സ്വാധീനം ചെലുത്തുവാൻ കഴിയുന്ന കേരള ശാസ്ത്രസാഹിത്യപരിഷത്തിന്റെ ഒരു യൂണിറ്റ് നിലവിലുണ്ടെങ്കിലും ബഹുജനങ്ങളിലേക്ക് ഇറങ്ങി പ്രവർത്തിക്കാൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്ത് നേതൃത്വത്തിലുള്ള ഗ്രന്ഥശാലയും വായിശാലയുമാകട്ടെ ഫലപ്രദമായി പ്രവർത്തിക്കുന്നുമില്ല. എന്നാൽ, പ്രതീക്ഷയുടെ ചില പൊൻകിരണങ്ങൾ ഗ്രാമത്തിന്റെ സാംസ്ക്കാരിക വിഹായസിൽ ദൃശ്യമാകുന്നുണ്ട്. ജനകീയാസൂത്രണ പ്രസ്ഥാനവുമായി ബന്ധപ്പെട്ട് ഗ്രാമത്തിൽ നടന്ന 'കരിവയൽതോട് അഭിവൃദ്ധി' പ്രവർത്തനത്തിൽ പ്രധാന പങ്കുവഹിച്ചത് ഉദയതാര, മൈത്രി, ശംഖൊലി, സഹൃദയാ എന്നീ സംഘടനകളാണെന്നത് ശ്രദ്ധേയമാണ്. 'പൾസ് പോളിയോ', 'സമ്പൂർണ്ണ സാക്ഷരതായജ്ഞം' എന്നിവയിൽ സാംസ്ക്കാരിക സംഘടനകളുടെ പങ്കാളിത്തം ചെറുതല്ല. ഇനിയും തൊട്ടുണർത്താവുന്ന സാമൂഹ്യ-സാംസ്ക്കാരികബോധത്തിന്റെ ഖനികളാണ് ഇത്തരം സംഘടനകളെന്ന് ഇത് നമ്മെ ബോദ്ധ്യപ്പെടുത്തുന്നു.

ഗ്രാമവാസികളിലേറെയും സിനിമാസ്വാദകരാണ്. 4 സിനിമാ തിയേറ്ററുകൾ ഉള്ളതിൽ 3 എണ്ണവും പഞ്ചായത്തതിർത്തിയോട് ചേർന്നാണ് സ്ഥിതി ചെയ്യുന്നത്. നാടകങ്ങൾ കാണുന്നതിൽ തൽപരരാണെങ്കിലും കഴിഞ്ഞകാലങ്ങളിലെപ്പോലെ ഉത്സവപ്പറമ്പുകളിലെത്തി നാടകം കാണുന്നതിൽ വിമുഖരാണ്. ഗ്രാമത്തിൽ ഏകാങ്കനാടക സംഘങ്ങൾ ഒന്നുംതന്നെ നിലവിലില്ല.

ടെലിവിഷനും റേഡിയോയും വ്യാപകമായിട്ടുണ്ടെങ്കിലും വാർത്താമാദ്ധ്യമങ്ങളിൽ വർത്താമാന പത്രങ്ങളിലാണ് ജനങ്ങൾ വിശ്വാസമർപ്പിച്ചിരിക്കുന്നത്. മലയാള മനോരമ, മാതൃഭൂമി, കേരളകൗമുദി,



ദേശാഭിമാനി എന്നിവയാണ് ഗ്രാമത്തിൽ ഏറെ പ്രചാരമുള്ള ദിനപത്രങ്ങൾ. എന്നാൽ പരമ്പരാഗതമായ സാംസ്ക്കാരിക സംക്രമണ ശൈലിയിൽ ഒരു വലിയ മാറ്റം വരുത്തിക്കൊണ്ട് കേബിൾ ടി.വി ഗ്രാമത്തിൽ വ്യാപകമായിരിക്കുകയാണ്. 100 കണക്കിന് വീടുകളിൽ ഇപ്പോൾത്തന്നെ ഇത് എത്തിക്കഴിഞ്ഞു. ഗ്രാമത്തിന്റെ സാംസ്ക്കാരിക ബോധത്തെ കീഴ്മേൽ മറിക്കാവുന്നതരത്തിലുള്ള പരിപാടികളാണ് പലപ്പോഴും ഈ ശ്രംഖലയിലൂടെ സംക്രമിക്കുന്നത്. സാംസ്ക്കാരികോന്നമനം കൂടി കണക്കിലെടുക്കുന്ന ജനകീയാ കലാസാഹിത്യത്തേക്കാൾ എളുപ്പം വിറ്റഴിയുന്ന ജനപ്രീതിയുള്ള പരിപാടികൾക്കാണ് ചാനലുകൾ മിക്കപ്പോഴും പ്രാധാന്യംകൊടുത്തു കാണുന്നത്.

കലാ-സാഹിത്യ രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച നിരവധി പ്രതിഭകൾ ഇരവിപുരം ഗ്രാമത്തിന്റേതായിട്ടുണ്ട്. പ്രമുഖ ചരിത്ര ഗവേഷകനും നിരൂപകനുമായ ശ്രീ. ഭാസ്ക്കരനുണ്ണി, സാഹിത്യകാരനായ ശ്രീ. ശിവദാസൻ മുൻഷി എന്നിവർ ഗ്രാമത്തിന്റെ സാംസ്ക്കാരികോന്നമനത്തിന് വലിയ പങ്കാണ് വഹിച്ചിട്ടുള്ളത്. പ്രസിദ്ധ സാഹിത്യനായകൻ ശ്രീ കാക്കനാടൻ ഇരവിപുരം നിവാസിയായി മാറിയിട്ടുള്ളത് ഗ്രാമത്തിന്റെ സാംസ്ക്കാരിക രംഗത്ത് പുത്തനുണർവ് നൽകുന്നുണ്ട്. മലയാള സിനമാരംഗത്ത് തനതായ അഭിനയ ചാതുരിയോടെ ജ്വലിച്ചുനിൽക്കുന്ന ശ്രീ. സുരേഷ് ഗോപി നമ്മുടെ ഗ്രാമത്തിന്റെ അഭിമാനമാണ്. ദേശീയതലത്തിൽ പ്രശംസനേടിയ പ്രസിദ്ധ ചിത്രകാരൻ ശ്രീ. എസ്. അജയകുമാർ ഈ ഗ്രാമത്തിന്റെ സന്താനമാണ്. പ്രസിദ്ധ ചത്രകലാ പ്രതിഭ മാസ്റ്റർ മുരളീകുമാറിനെ നിരവധി അംഗീകാരങ്ങൾ തേടിയെത്തുന്നത് നമുക്ക് അഭിമാനം നൽകുന്ന കാര്യമാണ്.

## കായികരംഗം

ഇരവിപുരം ഗ്രാമവാസികൾ കായികവിനോദത്തിൽ പണ്ടുമുതലേ അതീവ തൽപ്പരരായിരുന്നു. ദേശീയ പ്രശസ്തി നേടിയ നിരവധി ഗുസ്തി താരങ്ങളെ ഈ നാട്ടിൽ കൊണ്ടുവരികയും അന്യ പ്രദേശത്തുനിന്നുപോലും ധാരാളം കാണികളെ ആകർഷിക്കുന്ന വിധത്തിൽ നല്ല ഗുസ്തിമത്സരം നടത്തുകയും ചെയ്തിരുന്നു. കൂടാതെ നാടൻ കായികവിനോദങ്ങളിലും വളരെയധികംപേർ താൽപര്യപൂർവ്വം പങ്കെടുത്തിരുന്നു.

സമീപകാലംവരെ ഫുട്ബാൾ കളിയിൽ മെച്ചപ്പെട്ട പ്രകടനം നടത്തുന്ന 4 ടീമുകൾ ഗ്രാമത്തിലുണ്ടായിരുന്നു. വാളത്തുംഗൽ സീക്കോ ഇതിൽ എടുത്തു പറയേണ്ട ഒരു ടീമാണ്. അത്‌ലറ്റിക്സ്, ഫുട്ബാൾ രംഗങ്ങളിൽ ഒരു ഡസനിലധികം ദേശീയ-സംസ്ഥാന താരങ്ങളെ സംഭാവന ചെയ്യാൻ ഈ ഗ്രാമത്തിനു കഴിഞ്ഞിട്ടുണ്ട്. ഒരു നല്ല കളിസ്ഥലം പോലുമില്ലാതെയാണ് നിരവധി ദേശീയ-സംസ്ഥാന താരങ്ങൾ ഈ ഗ്രാമത്തിൽ നിന്നും വളർന്നുവന്നത്. സംഘടനകൾക്കും സർക്കാർ സഹായങ്ങൾക്കും ഉപരി വ്യക്തികൾ മുൻകൈയെടുത്തു നൽകിയ പ്രോത്സാഹനമാണ് പലരേയും നല്ല പ്രകടനം കാഴ്ചവയ്ക്കാൻ സഹായിച്ചത്.

ഈ ഗ്രാമത്തിലെ ഒരു സ്കൂളിൽ മാത്രമേ മതിയായ കളിസ്ഥലമുള്ളു. അവിടാകട്ടെ കായികാദ്ധ്യാപകനുമില്ല. സ്കൂൾതലം മുതൽ കുട്ടികൾക്ക് ശരിയായ കായികപരിശീലനം നൽകാനുള്ള യാതൊരു സംവിധാനവും നമ്മുടെ ഗ്രാമത്തിലില്ല. സർക്കാർതലത്തിൽ കായികരംഗത്തെ വികസനത്തിനുവേണ്ടി നടപ്പിലാക്കുന്ന പരിപാടികളൊന്നും ഈ ഗ്രാമത്തിന് പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല. ഗവൺമെന്റ് തലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ പ്രധാന പോരായ്മ, അതു ജനകീയമായി നടപ്പിലാക്കാൻ ശ്രമിക്കുന്നില്ല എന്നതാണ്. അതിനാൽ ചില വ്യക്തികളും സംഘടനകളുമാണ് സാദ്ധ്യതകളൊക്കെ ഉപയോഗിക്കുന്നത്.

## പരിഹാരങ്ങളും നിർദ്ദേശങ്ങളും

1. വിദ്യാലയങ്ങളിലെ പഠനനിലവാര വിലയിരുത്തലുകളിൽ കലാ-കായിക-സാഹിത്യ പ്രവർത്തനത്തെയും പരിഗണിക്കണമെന്ന പൊതുതത്വം നിർബന്ധമാക്കണം. ഉയർന്ന സാമൂഹ്യ-സാംസ്ക്കാരിക ബോധമുള്ള ഒരു തലമുറയെ വാർത്തെടുക്കുന്നതിന് ഇത് അനിവാര്യമാണ്.

2. വാളത്തുംഗൽ, തെക്കേവിള മേഖലകളിൽ ഗ്രന്ഥശാലകൾ സ്ഥാപിക്കണം. വടക്കുംഭാഗത്ത് ഇന്ന് പൊലീസ് ഔട്ട്പോസ്റ്റ് പ്രവർത്തിക്കുന്ന സ്ഥലത്ത് മുമ്പുണ്ടായിരുന്ന വായനശാല പുനഃസ്ഥാപിക്കണം. ഇരവിപുരം പഞ്ചായത്ത് ഗ്രന്ഥശാലയോടനുബന്ധിച്ച് സഞ്ചരിക്കുന്ന പുസ്തകവിതരണ യൂണിറ്റ് കൂടി ആരംഭിക്കണം.

3. കലാ-കായിക രംഗത്ത് ലക്ഷ്യബോധത്തോടെ പ്രവർത്തനം നടത്തുന്ന സാംസ്ക്കാരിക സംഘടനകൾക്കു മാത്രം പരിഗണന നൽകി പ്രോത്സാഹിപ്പിക്കുക. സ്വന്തമായി നാടകങ്ങളും കലാപരിപാടികളും തയ്യാറാക്കി അവതരിപ്പിക്കുന്ന സംഘടനകൾക്ക് എല്ലാവിധ സഹായങ്ങളും നൽകേണ്ടതാണ്. ഇത്തരം സംഘടനകൾക്ക് സാങ്കേതികമായ സഹായനിർദ്ദേശങ്ങൾ ലഭിക്കുന്നതരത്തിൽ പഞ്ചായത്തുതലത്തിൽ ഒരു സ്ഥിരം സംവിധാനം ഉണ്ടാക



ണം. ഇവിടെ ഒരു കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുന്നത് കലാ-സാഹിത്യ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹജനകമായിരിക്കും.

4. കൊല്ലം പട്ടണത്തിൽ വർഷത്തിൽ എല്ലാദിവസവും നാടകപ്രദർശനമുള്ള ഒരു സ്ഥിരം നാടക തിയേറ്റർ ആരംഭിക്കേണ്ടത് നാടകസംഘങ്ങളുടെയും ആസ്വാദകരുടെയും ഒരു പൊതു ആവശ്യമാണ്.

5. സാക്ഷരതാ പരിപാടിയുടെ മൂന്നാംഘട്ടത്തിന്റെ ഭാഗമായി തുടങ്ങിയ 'മാതൃകാ തുടർ വിദ്യാഭ്യാസകേന്ദ്ര'ത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ഇതിനോടനുബന്ധിച്ച് ഇൻഫർമേഷൻ സെന്റർ ആരംഭിക്കുകയും ചെയ്യുക.

6. വാളത്തുംഗൽ സ്കൂളിലെ കളിസ്ഥലത്തിൽ നല്ലരീതിയിലുള്ള 200 മീറ്റർ ട്രാക്കെങ്കിലും നിർമ്മിക്കുക. എല്ലാ സ്കൂളുകളിലും കായികാദ്ധ്യാപകരെ നിയമിക്കുക. കളിസ്ഥലം ഇല്ലാത്ത സ്കൂളുകളിലെ വിദ്യാർത്ഥികളെ വാളത്തുംഗൽ സ്കൂളിലെ കളിസ്ഥലത്ത്കൊണ്ടുവന്ന് പരിശീലനം കൊടുക്കുക.

8. സ്കൂൾതലം മുതൽ കുട്ടികളെ കണ്ടെത്തി പരിശീലനം കൊടുക്കുവാൻ ഒരു പദ്ധതി തയ്യാറാക്കുകയും അവധിക്കാലത്ത് പ്രഗത്ഭരായ കോച്ചുകളെ പങ്കെടുപ്പിച്ച് പ്രത്യേക കോച്ചിംഗ് ക്യാമ്പ് സംഘടിപ്പിക്കുകയും ചെയ്യുക.

9. പഞ്ചായത്തിലെ എല്ലാ ജനങ്ങൾക്കും പ്രയോജനപ്പെടുന്ന രീതിയിൽ കായിക പരിശീലനത്തിനും മത്സരം സംഘടിപ്പിക്കുന്നതിനും വേണ്ട അത്യാവശ്യ സൗകര്യങ്ങളോടു കൂടിയ ഒരു കളിസ്ഥലവും അതിനോടു ചേർന്ന് ഒരു മിനി ജിംനേഷ്യവും സ്ഥാപിക്കുക.

10. കലാ-കായിക പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും സഹായിക്കുന്നതിനും പഞ്ചായത്ത് തലത്തിൽ ഒരു ജനകീയ സംവിധാനം ഉണ്ടാക്കുകയും പ്രവർത്തനാവശ്യത്തിന് ഒരു സാംസ്ക്കരിക നിലയം സ്ഥാപിക്കുകയും ചെയ്യുക.

11. ടെലിവിഷന്റെ രണ്ടാം ചാനൽ സംസ്ഥാനത്തിനു വിട്ടുകൊടുക്കുകയും പരിപാടികൾ സാസ്ംക്കാരിക നിലവാരമുള്ളതാക്കുകയും ചെയ്യുക.

12. കേബിൾ ടി.വി. യിലൂടെയുള്ള പരിപാടികളുടെ സാംസ്ക്കാരിക നിലവാര തകർച്ച് തടയേണ്ടതാണ്.

ഇന്നത്തെ കാലഘട്ടം സാംസ്ക്കാരിക പ്രവർത്തന രംഗത്ത് ഒരു പരീക്ഷണഘട്ടമായി കാണുന്നതിൽ തെറ്റില്ല. ഗ്രാമവും ഗ്രാമവും തമ്മിൽ,രാജ്യവും രാജ്യവും തമ്മിൽ സാംസ്ക്കാരിക വിനിമയം നടന്ന കാലമല്ലിത്. ഇലക്ട്രോണിക്സ് മാദ്ധ്യമങ്ങൾ ഉപയോഗിച്ച് വിറ്റഴിയുമെങ്കിൽ 'എന്തും' നമ്മുടെമേൽ അടിച്ചേൽപ്പിക്കുന്ന മാദ്ധ്യമ രാജാക്കൻമാരുടെ ഏകാധിപത്യ രൂപമാണ് നാമിന്ന് അനുഭവിക്കുന്നത്.

ഈ ഗ്രാമത്തിന്റെ സാംസ്ക്കാരിക തനിമ നിലനിൽക്കവേതന്നെ മറ്റു ദേശങ്ങളുടെ സാംസ്ക്കാരിക സമ്പത്തിനെ, തൊട്ടറിഞ്ഞ് തെരഞ്ഞെടുക്കാനും തിരസ്ക്കരിക്കാനുമുള്ള നമ്മുടെ ഗ്രാമത്തിന്റെ അവകാശവും കടമയും; ഇതാണ് നമ്മുടെ ചരിത്രപരമായ കർത്തവ്യം.





## അഞ്ച് - ഒമ്പത്

# വനിതാക്ഷേമം

നമ്മുടെ ഗ്രാമത്തിലെ സ്ത്രീകളുടെ പദവി ചരിത്രപരമായി പരിശോധിക്കുമ്പോൾ; പുരുഷ മേധാവിത്വത്തിന്റെ നീരാളിപ്പിടുത്തത്തിൽ അമർന്ന് കഴിഞ്ഞിരുന്ന ഒരു സ്ത്രീ സമൂഹത്തെയാണ് കാണാൻ കഴിയുന്നത്. മരുമക്കത്തായത്തിന്റെ നേട്ട-കോട്ടങ്ങളിലൂടെ കടന്നു വന്ന അധികാര വർഗത്തിന്റെ സ്ത്രീയേയും, ചാതുർവർണ്യത്തിന്റെ പീഢനത്തിലും ദാസ്യവൃത്തിയിലൂടെയും കടന്നുവന്ന സ്ത്രീയേയുമാണ് ഇരുപതാം നൂറ്റാണ്ടിന്റെ അവസാനത്തിൽ ഇവിടെ കാണുന്നത്.

അടിച്ചമർത്തലിന്റേയും പീഢനത്തിന്റേയും കാലത്ത് പോലും അതിൽ പ്രതിഷേധിക്കുകയും ചെറുത്ത് നിൽക്കുകയും ചെയ്ത ഒരു പൈതൃകത്തിന്റെ മേൽപ്പുരയിൽ നിന്നാണ്, വിശിഷ്യാ പണിയെടുക്കുന്ന സ്ത്രീകളുടെ ഔന്നത്യത്തിൽ നിന്നാണ് 51 % വരുന്ന നമ്മുടെ ഗ്രാമത്തിലെ സ്ത്രീകളുടെ കഴിഞ്ഞ കാല ചരിത്രവും പിന്നീടുള്ള അവസ്ഥാന്തരവും പരിശോധിക്കേണ്ടത്. സ്വാതന്ത്ര്യസമരത്തിന്റെ അഗ്നിപരീക്ഷണങ്ങളിൽ കേരളനാടിന്റെ ഇതര ഭാഗങ്ങളെപ്പോലെ പുരുഷന് തുല്യം ജ്വലിച്ച് നിൽക്കാൻ ഇവിടുത്തെ സ്ത്രീക്ക് കഴിഞ്ഞിരുന്നില്ലെങ്കിലും അതിന് ശേഷമുള്ള കാലത്ത് സ്ത്രീകളുടെ ഉന്നമനത്തിന് കൊച്ചു സംഘങ്ങൾ ഉണ്ടാക്കി അത് സേവന താത്പര്യമുള്ള മഹിളാ സമാജങ്ങളാക്കി വളർത്തിക്കൊണ്ട് വന്ന് മുന്നേറാനുള്ള ഊർജ്ജത്തിന്റെ ഉറവിടമായി. ഉൽപ്പതിഷ്ണുക്കളായ വ്യക്തികൾ മുൻകൈ എടുത്ത് രൂപീകരിച്ച വെൺപാലക്കര മഹിളാ സമാജവും, വാളത്തുംഗൽ എൻ എസ് എസ് കരയോഗം കേന്ദ്രീകരിച്ച് രൂപീകരിച്ച മഹിളാ സമാജവും, ഇരവിപുരം കേന്ദ്രീകരിച്ച് വളർന്ന് വന്ന തൊഴിലിനെ ആസ്പദമാക്കിയുള്ള സ്ത്രീകളുടെ പ്രസ്ഥാനവും, ഈ നൂറ്റാണ്ടിന്റെ ആരംഭത്തിലെ സ്ത്രീകളുടെ സാമൂഹ്യമായ വളർച്ചയിലെ നാഴിക കല്ലുകളായിരുന്നു.

27,559 വനിതകളുള്ള സമൂഹത്തിന്റെ സാമ്പത്തിക-സാമൂഹ്യ-രാഷ്ട്രീയ-വിദ്യാഭ്യാസ വളർച്ച മന്ദഗതിയിലുള്ളതായിരുന്നു. ഈ നൂറ്റാണ്ടിന്റെ ആരംഭദശയിൽ ഏറിയോ കുറഞ്ഞോ, തെറ്റിയോ തെറിച്ചോ വിദ്യാഭ്യാസം നേടാനായി ശ്രമിച്ച ഒരു ന്യൂനപക്ഷം, നമ്മുടെ നാടിന്റെ പുരോഗതിയിലെ അഭേദ്യഭാഗമായ വനിതാ വിദ്യാഭ്യാസത്തിന്റെ ആദ്യ ബിന്ദുവായി നിലനിൽക്കുന്നു. അവിടെ നിന്നിങ്ങോട്ട് ഘട്ടം ഘട്ടമായി ഫ്യൂഡലിസത്തിന്റെ അതിർ വരമ്പുകളെ അതിലംഘിച്ച്കൊണ്ട് വനിതകൾ പുരോഗമനത്തിന്റെ പാതയിലേക്ക് വന്നതായി നമുക്ക് കാണാൻ കഴിയും. കൊല്ലം ബോയ്സ് ഹൈസ്കൂളിലേക്കും കൊല്ലം സെന്റ് ജോസഫ് സ്കൂളിലേക്കും മയ്യനാട്ട് എച്ച് എസിലേക്കും പരവൂർ കോട്ടപ്പുറം സ്കൂളിലേക്കും കാൽനടയായി പോയി വിദ്യ അഭ്യസിച്ച തലമുറ നാടിന്റെ സാമൂഹ്യ മാറ്റത്തിന് വലിയ പങ്കാണ് വഹിച്ചത്.

കാർഷിക വൃത്തിയും അതിന്റെ ഭാഗമായിട്ടുള്ള തൊഴിൽ സാധ്യതകളും നിലവിലുണ്ടായിരുന്ന നമ്മുടെ ഗ്രാമത്തിൽ ജാതീയമായും സാമ്പത്തികമായും പിന്നോക്കം നിന്ന സ്ത്രീകളാണ് പുരുഷനോടൊപ്പം തൊഴിലെടുക്കാൻ രംഗത്ത് വന്നത്. കശുഅണ്ടി വ്യവസായത്തിന്റെ ആരംഭകാലം മുതലേ സമൂഹത്തിൽ പിന്നോക്കം നിൽക്കുന്ന സ്ത്രീകൾ അവിടങ്ങളിൽ പണിക്ക് പോകാറുണ്ടായിരുന്നു. പഞ്ചായത്തിന്റെ കിഴക്കേ അതിർത്തിയായ വെൺപാലക്കര പ്രദേശത്തെ സ്ത്രീകൾ പുരുഷന്മാരോടൊപ്പം പരമ്പരാഗത കൈത്തറി മേഖലയിൽ പണിയെടുത്തിരുന്നു.

മയ്യനാട്ടും കൊല്ലത്തും പോയി പഠിച്ചിരുന്ന തലമുറക്ക് ശേഷം വാളത്തുംഗൽ എം എം സ്കൂൾ നിലവിൽ വന്നതോട് കൂടി കൂടുതൽ വനിതകളെ വിദ്യാഭ്യാസം ചെയ്യിക്കാൻ ഗ്രാമവാസികൾ തയ്യാറായി. ഈ നൂറ്റാണ്ടിന്റെ മദ്ധ്യത്തോടു കൂടിയാണ് പ്രാഥ



മിക വിദ്യാഭ്യാസം ഏറെക്കുറെയെങ്കിലും സാധാരണമായത്. അപ്പോഴും ചാതുർവർണ്യത്തിന്റെ സ്വാധീനം നിലനിന്നിരുന്ന ഈ ഗ്രാമത്തിൽ ജാതീയമായി പിന്നോക്കം നിന്നിരുന്ന സ്ത്രീകൾക്ക് വിദ്യാഭ്യാസം നേടുക അത്ര എളുപ്പമായിരുന്നില്ല. മതപരമായ കാരണങ്ങളുടെപ്പേരിൽ മുസ്ലിം സ്ത്രീകൾക്കും വിദ്യാഭ്യാസം അപ്രാപ്യമായിരുന്നു. വിദേശികളുടെ വരവിന്റെ സ്വാധീനം ഉണ്ടായിരുന്നെങ്കിൽ പോലും സാമ്പത്തികമായി പിന്നോക്കം നിന്നിരുന്ന ക്രിസ്ത്യൻ സ്ത്രീകളുടെ സ്ഥിതിയും വ്യത്യസ്തമായിരുന്നില്ല.

തൊട്ടുകൂടായ്മ, തീണ്ടികൂടായ്മ തുടങ്ങിയ അയിത്താചാരങ്ങളാണ് സ്ത്രീകളുടെ പുരോഗതിക്ക് തടസ്സമായി നിന്ന മറ്റൊരു ഘടകം. ഇതൊക്കെയാണെങ്കിലും പൊതുവളർച്ചക്ക് സമാനമായി സ്ത്രീ സമൂഹത്തിന്റെ വളർച്ചയും പുരോഗതിയും ഈ പഞ്ചായത്തിലും ഉണ്ടായിട്ടുണ്ട്.

ഇരവിപുരം ഗ്രാമത്തിൽ 11815 കുടുംബങ്ങളാണ് നിലവിലുള്ളത്. ഇതിൽ 27559 പേർ സ്ത്രീകളാണ്. ഇത് മൊത്തം ജനസംഖ്യയുടെ 50.31 ശതമാനം വരും. ജനസംഖ്യാനുപാതിക ക്രമത്തിൽ പരശോധിച്ചാൽ 1000 പുരുഷൻ 1006 സ്ത്രീകളാണുള്ളത്. 1500 കുടുംബങ്ങളിൽ നായികത്വം വഹിക്കുന്നു.

സാക്ഷരതയുടെ കാര്യത്തിൽ പുരുഷന്മാരേക്കാൾ പിന്നിലാണ് പൊതുവെ ഇവിടുത്തെ സ്ത്രീകൾ. വിശദാംശം പട്ടിക (1) ൽ കൊടുത്തിരിക്കുന്നു. എന്നാൽ സ്കൂളുകളിലെ പഠന നിലവാരം പരിശോധിച്ചാൽ വിജയശതമാനത്തിൽ പെൺകുട്ടികളാണ് മുന്നിലെന്ന് കാണാം. പ്രൈമറി തലം മുതൽ ഹൈസ്കൂൾ തലംവരെയുള്ള കുട്ടികളുടെ കൊഴിഞ്ഞ്പോക്ക് പരിശോധിച്ചാൽ ആൺകുട്ടികളാണ് കൂടുതലെന്ന് കാണുന്നു. എന്നാൽ പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ കാര്യത്തിൽ കൊഴിഞ്ഞ്പോക്ക് പ്രായേണ കൂടുതൽ പെൺകുട്ടികളിലാണ്. (വിദ്യാഭ്യാസ റിപ്പോർട്ടിലെ പട്ടിക കാണുക)

**പട്ടിക 1**

**ജനസംഖ്യാ സെൻസസ് റിപ്പോർട്ട് – 1991**

| | |
|---|---|
| **മൊത്തം ജനസംഖ്യ** | 54772 |
| **പുരുഷന്മാർ** | **സ്ത്രീകൾ** |
| 27213 | 27559 |
| **പട്ടികജാതി** | |
| 1954 | 2129 |
| **സാക്ഷരത** | |
| 22,141 (81.36%) | 21,151(76.75%) |
| **തൊഴിൽ** | |
| 11,383 (41.83%) | 2504 (9.09%) |

# തൊഴിൽ മേഖല

പ്രാഥമിക, ദ്വിതീയ രേഖകളുടെ അടിസ്ഥാനത്തിൽ 3486 പേർക്ക് മാത്രമാണ് പൂർണമായി തൊഴിലുള്ളത്. എന്നാൽ ഭാഗികമായി തൊഴിലുള്ളവർ 1550 സ്ത്രീകൾ മാത്രമാണ്. ഇരവിപുരത്തെ പ്രധാന തൊഴിൽ മേഖലയെ സൂചിപ്പിക്കുന്ന പട്ടിക ചുവടെ ചേർക്കുന്നു (പട്ടിക 2) ഈ പഞ്ചായത്തിനകത്തും പുറത്തുമായി കശുഅണ്ടി മേഖലയിലും തീപ്പെട്ടി കമ്പനികളിലും പണിയെടുക്കുന്ന സ്ത്രീത്തൊഴിലാളികളെ സംബന്ധപ്പെടുത്തോളം പൊതുമേഖലയെ അപേക്ഷിച്ച് കുറഞ്ഞ വേതനത്തിൽ സ്വകാര്യമേഖലയിൽ പണിയെടുക്കാൻ നിർബന്ധിതരാകുന്നു. കശുഅണ്ടി, തീപ്പെട്ടി വ്യവസായങ്ങളിലെ തൊഴിൽ സാഹചര്യം ഇവരെ പലവിധ രോഗങ്ങൾക്കും അടിമകളാക്കുന്നു. കൃഷി-പശു, ആട്, കോഴി, എരുമ, താറാവ്, മുയൽ വളർത്തൽ തുടങ്ങിയ രംഗങ്ങളിലും ഇരവിപുരത്തെ വനിതകൾക്ക് സജീവ പങ്കാളിത്തം ഉണ്ട്. വനിതകളുടെ മേൽനോട്ടത്തിൽ നടത്തുന്ന ചെറുകിട ഫാക്ടറികൾ മുതൽ ചായക്കട-മുറുക്കാൻ കട വരെ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവിടുത്തെ സമ്പത് ഉല്പാദന സേവന മേഖലകളിൽ നിർണായക പങ്ക് വനിതകൾ വഹിക്കുന്നു. എങ്കിലും തുല്യ ജോലിക്ക് തുല്യ വേതനം ലഭിക്കുന്നില്ല എന്നത് യാഥാർത്ഥ്യമാണ്. കയർ, കർഷക തൊഴിലാളി, നിർമ്മാണത്തൊഴിലാളി മേഖലകൾ ഇതിന് ഉദാഹരണങ്ങളാണ്. തൊഴിലെടുക്കുന്ന വീട്ടമ്മമാർ അമിത ഭാ

**പട്ടിക 2**

**സ്ത്രീകൾ പണിയെടുക്കുന്ന മേഖല**

| തൊഴിൽ മേഖലകൾ | സ്ഥിരം | ഭാഗികം |
|---|---|---|
| കശുവണ്ടി | 1465 | 973 |
| കയർ | 100 | – |
| കൈത്തറി | 290 | – |
| കെട്ടിട, റോഡ് നിർമ്മാണം | 20 | – |
| തയ്യൽ | 400 | – |
| മത്സ്യമേഖല | 98 | 152 |
| വല നിർമ്മാണം | 200 | – |
| കരകൗശലം | 15 | – |
| ബീഡി തെറുപ്പ് | 150 | – |
| ചെറുകിട വ്യവസായം | 531 | – |
| തീപ്പെട്ടി | 161 | 425 |
| കാർഷികമേഖല | 56 | – |

സർക്കാർ, അർദ്ധസർക്കാർ ജീവനക്കാരെ ഈ പട്ടികയിൽ ചേർത്തിട്ടില്ല.



രമാണ് ചുമക്കുന്നത്. ചെയ്യുന്ന ജോലിക്ക് തുല്യ വേതനം ലഭിക്കുന്നില്ല എന്നത് യാഥാർത്ഥ്യമാണ്. കയർ, കർഷക തൊഴിലാളി, നിർമ്മാണത്തൊഴിലാളി മേഖലകൾ ഇതിന് ഉദാഹരണങ്ങളാണ്. തൊഴിലെടുക്കുന്ന വീട്ടമ്മമാർ അമിത ഭാരമാണ് ചുമക്കുന്നത്. ചെയ്യുന്ന ജോലിക്ക് തുല്യവേതനം കിട്ടുന്നില്ലെന്ന് മാത്രമല്ല സമൂഹം പൂർണമായി അത് അംഗീകരിക്കുന്നതുമില്ല. ഈ സ്ഥിതിക്ക് മാറ്റം ഉണ്ടാകണം.

ഗ്രാമത്തിന്റെ സാമ്പത്തിക സാമൂഹ്യ വളർച്ച പരിശോധിക്കുമ്പോൾ സമൂഹത്തിന്റെ പുരോഗതിക്ക് തടസ്സമായി നിൽക്കുന്നവയിൽ പ്രധാന കാരണം സ്ത്രീകളുടെ രൂക്ഷമായ തൊഴിലില്ലായ്മയാണെന്ന് വ്യക്തമാകുന്നു. ഏതാണ്ട് 24,073 വനിതകൾ തൊഴിലില്ലാത്തവരായി ഉണ്ടെന്ന് പഞ്ചായത്ത് സെൻസസ് റിപ്പോർട്ടുകൾ വെളിപ്പെടുത്തുന്നുണ്ട്.

# സാമൂഹ്യ പ്രസ്ഥാനങ്ങൾ

സുസംഘിടതമായ സ്ത്രീകളുടെ തനത് പ്രസ്ഥാനങ്ങൾ അടുത്ത കാലത്ത് മാത്രമാണ് നമ്മുടെ ഗ്രാമത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. അഖിലേന്ത്യാ ജനാധിപത്യ മഹിളാ അസോസിയേഷൻ, മഹിളാ സംഘം, ഐക്യമഹിളാ സംഘം, മഹിളാ കോൺഗ്രസ്, മഹിളാമോർച്ച തുടങ്ങിയ സംഘടനകളാണ് ഈ രംഗത്ത് പ്രവർത്തിച്ച് വരുന്നത്. എൻ എസ് എസ് മഹിളാ സമാജം, വെൺപാലക്കര മഹിളാ സമാജം, ഐക്യമഹിളാ സമാജം, പട്ടികജാതി മഹിളാ സമാജം തുടങ്ങിയ സംഘടനകൾ ചെറിയ സാമൂഹ്യ പ്രവർത്തനങ്ങളുമായി രംഗത്തുണ്ട്. വനിതകൾ സംഘടിതമായി നടത്തുന്ന സഹകരണ സ്ഥാപനം ഇരവിപുരം വനിതാ കോട്ടേജ് ഇൻഡസ്ട്രീസാണ്. SIND (Q) No. 367 ആയി വനിതകളുടെ ഒരു തയ്യൽ സൊസൈറ്റി രജിസ്റ്റർ ചെയ്തിട്ടുണ്ട്. രൂക്ഷമായ തൊഴിലില്ലായ്മ നേരിടുന്ന ഈ പഞ്ചായത്തിൽ സ്ത്രീകളുടെ സഹകരണ സംഘങ്ങളും, വ്യാവസായിക സ്ഥാപനങ്ങളും, സാമൂഹ്യ പ്രതിബന്ധതയുള്ള മഹിളാ സമാജങ്ങളും ഇനിയും വളർന്ന് വരേണ്ടിയിരിക്കുന്നു.

ഇരവിപുരം പഞ്ചായത്തിലെ പൊതു സാംസ്കാരിക സംഘടനകളിൽ ഭാരവാഹികളും അംഗങ്ങളുമായി വനിതകൾ കുറവാണ്. എന്നാൽ 15-ാം വാർഡിലെ ഫിഷർമെൻ ക്ലബ്ബിന്റെ 25 അംഗങ്ങളുള്ള എക്സിക്യൂട്ടീവ് അംഗങ്ങളിൽ 8 പേർ വനിതകളാണ്. സമ്പൂർണ സാക്ഷരതാ പരിപാടിയിലും പ്രവർത്തകരായത് 56% വനിതകളായിരുന്നു. ഏതൊരു ജനകീയ പരിപാടികളിലും വേണ്ടത്ര സംഭാവന നൽകാൻ ഇവിടുത്തെ വനിതകൾക്ക് കഴിയുമെന്ന് ഇത് തെളിയിക്കുന്നു.

# സാമൂഹ്യ ക്ഷേമം

വാളത്തുംഗൽ ബി വാർഡിൽ സ്ഥിതിചെയ്യുന്ന ഒരു പ്രൈമറി ഹെൽത്ത് സെന്ററും ഗ്രാമത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന 6 സബ് സെന്ററുകളുമാണ് സ്ത്രീ സമൂഹത്തിന്റെ ആരോഗ്യപരിപാലന കാര്യങ്ങൾക്ക് നേതൃത്വം കൊടുക്കുകയും പരിഹാരം കാണുകയും ചെയ്യുന്നത്. പൾസ് പോളിയോ തുടങ്ങിയുള്ള പ്രത്യേ ക്യാമ്പയിൻ പരിപാടികൾ മാത്രമാണ് കാര്യമായി നടക്കുന്നത്. പഞ്ചായത്തിലെ ഗണ്യമായ വിഭാഗം വനിതകൾക്കും പി എച്ച് സെന്ററുമായി ബന്ധപ്പെടുന്നതിന് ബുദ്ധിമുട്ടുള്ള ഒരു സ്ഥലത്താണ് ഈ സെന്റർ നിലനിൽക്കുന്നത്. കുട്ടികളുടെ ആരോഗ്യകരമായ കാര്യങ്ങൾ ശ്രദ്ധിക്കാൻ ഇവിടെ യാതൊരു സംവിധാനവുമില്ല.

## അമ്മയും കുഞ്ഞും

സർക്കാർ- അർദ്ധ സർക്കാർ ജീവനക്കാരായും, മറ്റ് ഇതരരംഗങ്ങളിൽ പണിയ്ക്ക് പോകുകയും ചെയ്യുന്ന അമ്മമാരുടെ കുഞ്ഞുങ്ങളെ പകൽ സമയങ്ങളിൽ സംരക്ഷിക്കാനും കായികവും, മാനസികവും ബുദ്ധിപരവുമായ വികാസത്തിലൂടെ കുഞ്ഞുങ്ങളെ വളർത്തിയെടുക്കാനും ആവശ്യമായ ഒരു കേന്ദ്രം പട്ടണത്തോട് ചേർന്ന് കിടക്കുന്ന ഈ പഞ്ചായത്തിലില്ല. ബുദ്ധി മാന്ദ്യം സംഭവിച്ച മുപ്പതിലധികം കുട്ടികൾ ഈ ഗ്രാമത്തിലുണ്ട്. അവരെ ശുശ്രൂഷിക്കുന്നതിനും വളർത്തുന്നതിനും ഏറെ ബുദ്ധിമുട്ടുന്നത് അമ്മമാരാണ്. എന്നാൽ ഈ കുടുംബങ്ങളെ വേണ്ടത്ര രീതിയിൽ സഹായിക്കാൻ ഇനിയും കഴിഞ്ഞിട്ടില്ല.

## നിർദ്ദേശങ്ങളും പരിഹാരങ്ങളും

1. ഓരോ വാർഡിലും 5 ഡി ഡബ്ല്യുസി ആർ എ യൂണിറ്റുകൾ എന്ന ക്രമത്തിൽ 15 വാർഡിലും കൂടി 75 യൂണിറ്റുകൾ ആരംഭിച്ചാൽ ഏറ്റവും കുറഞ്ഞത് 750 സ്ത്രീകൾക്കെങ്കിലും തൊഴിൽ സാധ്യത ഉറപ്പാക്കാം. ഓരോ പ്രദേശത്തെയും സ്ത്രീകൾ അവരുടെ അഭിരുചിക്കും, സാധ്യതയ്ക്കുമനുസരിച്ച് തൊഴിൽ തുടങ്ങണം.

2. തൊഴിലില്ലാത്ത വീട്ടമ്മമാർ കോഴി, പശു, ആട്, താറാവ്, മുയൽ തുടങ്ങിയവ ഓരോ വാർഡിലും ഒരു വീടിന് ഒരിനം എന്ന രീതിയിൽ ഉദ്ദേശം ഓരോ ഇനവും 175 കുടുംബങ്ങൾക്ക് വീതം വിതരണം ചെയ്യണം. ഇതിൽ ഭൗതിക പരിസ്ഥിതി കൂടി പരിഗണിക്കണം.

3. ബീഡിതെറുപ്പ് തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന 100 ൽ താഴെ കുടുംബങ്ങളുണ്ട്. ഇവരെ ഒന്നിച്ചോ, വിഭജിച്ചോ യൂണിറ്റുകളാക്കിയോ സംഘങ്ങളുടെ കീ



ഴിൽ കൊണ്ടുവരുകയും ഇതിനാവശ്യമായ സാമ്പത്തിക സഹായം, വ്യക്തികളുടെ ഷെയർ കഴിച്ച് നൽകുകയും വേണം.

4. തൊഴിലില്ലാത്ത സ്ത്രീകൾക്ക് തൊഴിൽ ലഭിക്കാനും, ഗ്രാമത്തിലെ ഉല്പാദന പ്രക്രിയയെ ശക്തിപ്പെടുത്താനും ഒരു വാർഡിൽ 200 യൂണിറ്റുകൾ വീതം ( അടുക്കളത്തോട്ടങ്ങൾ, പുഷ്പകൃഷി, ഓർക്കിഡ്, ആന്തൂറിയം, കുറ്റിമുല്ല തുടങ്ങിയവ) ആരംഭിക്കുന്നതിനോ, അഭിവൃദ്ധിപ്പെടുത്തുന്നതിനോ വേണ്ടി വിത്തും, വളവും, സാങ്കേതിക സഹായവും സബ്സിഡി നിരക്കിൽ നൽകുകയും ഇവയുടെ ഉല്പന്നങ്ങൾ പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിലായി ആരംഭിക്കുന്ന വില്പനശാലകളിലൂടെ വിറ്റഴിക്കുകയും ചെയ്യുക. (സ്ത്രീകളുടെ തൊഴിലില്ലായ്മ മുഖ്യമായും പരിഹരിക്കാൻ ഇതുമൂലം സാധ്യമാണ്).

5. പഞ്ചായത്ത് തലത്തിൽ സഹകരണാടിസ്ഥാനത്തിൽ വനിതകൾക്കായി തയ്യൽ സ്കൂൾ, ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിട്യൂട്ടുകൾ, കമ്പ്യൂട്ടർ സെന്ററുകൾ തുടങ്ങിയവ ആരംഭിക്കുകയാണെങ്കിൽ അഭ്യസ്ത വിദ്യരുടെ തൊഴിലില്ലായ്ക്ക് ഒരു ചെറിയ പരിഹാരം കാണാൻ കഴിയും. ഇതിനാവശ്യമായ ധനസഹായം നൽകുക.

6. നിത്യോപയോഗ സാധനങ്ങളുടെ അനിയന്ത്രിതമായ വിലക്കയറ്റം നിയന്ത്രിക്കാൻ ഓരോ വാർഡിലും വനിതാ കൺസ്യൂമർ സ്റ്റോർ ആരംഭിക്കുക. ഇതിനാവശ്യമായ സാമ്പത്തികസഹായം ധനകാര്യ സ്ഥാപനങ്ങൾ വഴി ലഭ്യമാക്കുക.

7. തൊഴിലെടുക്കുന്ന അമ്മമാരുടെ കുട്ടികളെ സംരക്ഷിക്കാനും കായിക, മാനസിക ശാരീരിക വിളർച്ചയ്ക്കും ഉതകുന്ന തരത്തിലുള്ളതും ആധുനിക വിദ്യാഭ്യാസത്തിന്റെ മൂല്യങ്ങൾ ഉൾക്കൊള്ളുന്നതുമായ ശിശുപരിപാലന കേന്ദ്രങ്ങൾ സ്ഥാപിക്കണം. ഇവിടെ ഉന്നത പരിശീലനം നേടിയ അദ്ധ്യാപികമാരുടെ സേവനം ഉറപ്പുവരുത്തണം. അതുപോലെ തന്നെ ബുദ്ധി മാന്ദ്യം സംഭവിച്ച കുട്ടികൾക്ക് ആവശ്യമായ ശുശ്രൂഷയും വിദ്യാഭ്യാസവും നൽകാനുള്ള സംവിധാനവും ഉണ്ടാക്കുക.

8. വനിതാ മത്സ്യത്തൊഴിലാളികളുടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാൻ മത്സ്യശേഖരണ-വിപണന-സംസ്കരണ കേന്ദ്രങ്ങൾ മത്സ്യ മേഖലയിൽ സ്ഥാപിക്കണം. ഇത് വൻതോതിൽ തൊഴിൽ ലഭ്യമാക്കുന്ന ഒരു സംരംഭമാണ്.

9. വനിതാ ക്ഷീര വികസന യൂണിറ്റുകൾ ആവശ്യാനുസരണം വാർഡുകളിൽ തുടങ്ങുകയും അതിനനുബന്ധമായി ക്ഷീരോത്പന്നങ്ങൾ നിർമ്മിക്കാനുതകുന്ന യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്യുക.

10. സർക്കാർ സഹായ പദ്ധതികൾ ഏതൊക്കെയെന്ന് വ്യക്തമായ അറിവില്ലായ്മ പരിഹരിക്കാൻ ഉതകുന്ന ബോധവത്കരണ പരിപാടികളും സ്ത്രീകൾക്ക് തൊഴിൽ നിയമങ്ങൾ മനസ്സിലാക്കാനുള്ള പരിശീലനവും നൽകുന്നത് വഴി സ്ത്രീകളുടെ ബോധനിലവാരം ഉയർത്തുകയും അതിനനുസരണമായ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യുക.

11. സ്ത്രീപീഡനങ്ങൾക്കെതിരായി നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പ്രായോഗിക തലത്തിൽ കൊണ്ടുവരാനും, നേതൃത്വ പരമായ പങ്ക് പഞ്ചായത്ത് തലത്തിൽ നിക്ഷിപ്തമാക്കുവാനുമുള്ള പരിപാടികൾ ആരംഭിക്കുക.

12. നിത്യോപയോഗസാധനങ്ങൾ വീടുവീടാന്തരം എത്തിച്ചു കൊടുക്കാനും അതിലൂടെ പുതിയ തൊഴിൽ സാധ്യതകൾ കണ്ടെത്താനും പൊതുവിതരണ ശൃംഖലയുടെ ഭാഗമായി സഞ്ചരിക്കുന്ന മാവേലി സ്റ്റോർ യൂണിറ്റുകൾ ആരംഭിക്കുക.

13. വിധവാ പെൻഷൻ, അഗതി പെൻഷൻ, കർഷകത്തൊഴിലാളി പെൻഷൻ മുതലായ എല്ലാ വിധസഹായ ധനങ്ങളും പഞ്ചായത്ത് വഴി വിതരണം ചെയ്യുകയും നിലവിലുള്ള നിയമങ്ങൾക്ക് മാറ്റം വരുത്തി പ്രായമായ ആൺമക്കളുള്ള അർഹരായ അമ്മമാർക്കും ലഭ്യമാക്കാനുള്ള പദ്ധതി ആവിഷ്കരിക്കണം.

14. സഹകരണാടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ അച്ചാറുകൾ, കറിപൗഡറുകൾ, പലഹാരങ്ങൾ, ജാം, ധാന്യപ്പൊടികൾ മുതലായവ തയ്യാറാക്കി വിതരണം ചെയ്യുന്നതിനുള്ള കേന്ദ്രങ്ങൾ ഉണ്ടാകുന്നത് മൂലം വനിതകളുടെ തൊഴിൽ സാധ്യത വർദ്ധിക്കുന്നു.

15. നിലവിലുള്ള പ്രാഥമിക ആരോഗ്യ കേന്ദ്രം വിപുലീകരിക്കുകയും, സ്ത്രീകൾക്കും കുട്ടികൾക്കുമായി പ്രത്യേകം ഡോക്ടർമാരെ നിയമിക്കുകയും അത്യാവശ്യം കിടത്തി ചികിത്സിക്കാനുള്ള സംവിധാനത്തോട് കൂടി ഇത് വിപുലീകരിക്കുകയും ചെയ്യുക.

16. പഞ്ചായത്തിലെ ആൾത്തിരക്കുള്ള പ്രധാന കേന്ദ്രങ്ങളിൽ സ്ത്രീകളുടെ പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക.

17. സാംസ്കാരിക സംഘടനകളും സന്നദ്ധ സംഘടനകളും രൂപീകരിക്കുമ്പോൾ വനിതകൾക്ക് വേണ്ടത്ര പ്രാതിനിധ്യം കൊടുക്കണം.





## അഞ്ച് – പത്ത്

# സഹകരണം

സഹകരണ സ്ഥാപനങ്ങളുടെ ആവിർഭാവത്തോടെ 'ഒറ്റിയും' 'പാട്ടവും' ഇരവിപുരം നിവാസികളിൽ പഴയ തലമുറയിൽപ്പെട്ട വ്യക്തികളുടെ ഓർമ്മയിൽ മാത്രം അവശേഷിക്കുന്ന വാക്കുകളായി പരിമിതപ്പെട്ടിരിക്കുന്നു. സഹകരണ മേഖല പ്രത്യേകിച്ചും വായ്പാരംഗം ഇരവിപുരത്ത് വേരുറച്ചു കഴിഞ്ഞു. ഇവിടെ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങളെ പ്രധാനമായും രണ്ടായി തരംതിരിക്കാം. ക്രഡിറ്റ് അഥവാ വായ്പാ സംഘങ്ങൾ എന്നും നോൺ ക്രഡിറ്റ് അഥവാ വായ്പേതര സംഘങ്ങൾ എന്നും.

## വായ്പാസംഘങ്ങൾ

പട്ടികയിൽ ഇരവിപുരം സർവ്വീസ് സഹകരണ ബാങ്ക് ഇരവിപുരം പഞ്ചായത്തിൽ മാത്രമായും കൊല്ലൂർവിള സർവ്വീസ് സഹകരണബാങ്ക് ഇരവിപുരം, വടക്കേവിള എന്നീ പഞ്ചായത്തുകളിലും മയ്യനാട് സർവ്വീസ് സഹകരണ ബാങ്ക് മയ്യനാട്, ഇരവിപുരം എന്നീ പഞ്ചായത്തുകളിലും പ്രവർത്തന മേഖല വ്യാപിച്ചിരിക്കുന്നു. കൂടാതെ 1919 ൽ സ്ഥാപിതമായ മയ്യനാട് ആസ്ഥാനമാക്കി പ്രവത്തിക്കുന്ന 94–ാം നമ്പർ മയ്യനാട് റീജിയണൽ ബാങ്കിന്റെയും കൊല്ലം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന കോസ്റ്റൽ അർബൻ ബാങ്കിന്റെയും സേവനം ഇരവിപുരം നിവാസികൾക്ക് ലഭ്യമാണ്.

ഈ നാട്ടിൽ കാർഷികാവശ്യങ്ങൾക്കായി വിനിയോഗിക്കുന്ന തുകയുടെ 80 ശതമാനവും മേൽ സൂചിപ്പിച്ച സാമ്പത്തിക സ്ഥാപനങ്ങളിൽനിന്നാണ് ലഭ്യമാകുന്നത്. എന്നാൽ ദേശീയ കാർഷിക വികസന ബാങ്ക് ആവിഷ്ക്കരിച്ചിട്ടുള്ള കുറഞ്ഞ പലിശ നിരക്കിലുള്ള കാർഷിക വായ്പ ടി ബാങ്കുകളിൽ നിന്നും വിതരണം ചെയ്യുന്നില്ല. അത്തരം സ്കീമുകളിൽ ഉൾപ്പെടുത്തത്തക്ക തരത്തിൽ ആവശ്യമായ ഭൂമി ഗ്രാമീണ കർഷകനില്ല എന്നതാണ് പ്രധാന പ്രശ്നമായി സംഘം ഭാരവാഹികൾ അഭിപ്രായപ്പെടുത്തന്നത്. ഉള്ള ഭൂമി ഫലഭൂയിഷ്ഠമാക്കി മാറ്റി കർഷകന്റെ പ്രതിശീർഷ വരുമാനത്തിൽ ഗണ്യമായ മാറ്റം വരുത്ത

| പേര് | പ്രവർത്തനം ആരംഭിച്ച വർഷം | അംഗങ്ങളുടെ എണ്ണം | നിക്ഷേപം (ലക്ഷത്തിൽ) | | നൽകിയ വായ്പ |
|---|---|---|---|---|---|
| | | | അംഗങ്ങൾ | മറ്റ് സ്ഥാപനങ്ങൾ | |
| 1. ഇരവിപുരം സർവ്വീസ് സഹകരണ ബാങ്ക്, ക്ലിപ്തം . Q.234 | 1962 | 3600 | 86 | 22 | 91 |
| 2. കൊല്ലൂർവിള സർവ്വീസ് സഹകരണ ബാങ്ക്, ക്ലിപ്തം ക്യു 214 | 1961 | 6400 | 120 | 40 | 145 |
| 3. മയ്യനാട് സർവ്വീസ് സഹകരണ ബാങ്ക്, ക്ലിപ്തം, ക്യു 2294 | 1943 | 7030 | 337 | – | 323 |



ണമെങ്കിൽ സ്കീമുകളിൽ കാതലായ മാറ്റം ആവശ്യമായി വരും. വായ്പയ്ക്കാവശ്യമായ ഭൂപരിധി കുറച്ചും നൽകാവുന്ന തുകയുടെ പരിധി വർദ്ധിപ്പിച്ചും ടി വായ്പാസംവിധാനം മെച്ചപ്പെടുത്താം.

സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുക്കുന്ന കർഷകനെ അലട്ടുന്ന മറ്റൊരു പ്രശ്നം പ്രമാണം രജിസ്റ്റർ ചെയ്യുന്നതിനും വായ്പ അടച്ചുതീർക്കുമ്പോൾ വസ്തുവിന്റെ ഒഴിവുകുറി ആധാരം രജിസ്റ്റർ ചെയ്യുന്നതിനും വായ്പാ തുകയുടെ 4% രജിസ്ട്രേഷൻ ഫീസായി നൽകണം എന്നതാണ്. സഹകരണ ബാങ്കിൽ നിന്നും ലഭിക്കുന്ന വായ്പകൾക്ക് അര ശതമാനമോ ഒരു ശതമാനമോ പലിശയിനത്തിൽ കുറവു ലഭിക്കുന്നുണ്ട്. എങ്കിൽപ്പോലും ഭാരിച്ച തുക രജിസ്ട്രേഷൻ ഫീസായി നൽകുന്നതുവഴി ടി കിഴിവ് അപ്രസക്തമായി മാറുന്നു. ദേശസാൽകൃത ബാങ്കിലും ജില്ലാ സഹകരണ ബാങ്കിലും ചെയ്തുവരുന്നതുപോലെ നിയമോപദേശം തേടി വിലനിർണ്ണയം നടത്തി പ്രമാണം ബാങ്കിൽ ഈടുവച്ച് വായ്പ അനുവദിക്കാവുന്ന രീതി പ്രാഥമിക സഹകരണ സംഘങ്ങളിലും നടപ്പിലാക്കാം. ഇതിന് സർക്കാർതലത്തിൽ ആവശ്യമായ ഉത്തരവുകൾ ഉണ്ടാകണം.

മേൽസൂചിപ്പിച്ച സഹകരണ ബാങ്കുകൾ നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്നതായാണ് കാണുന്നത്. യഥാസമയങ്ങളിൽ കുടിശ്ശിക തുക പരിച്ചെടുക്കുക, നിക്ഷേപം വർദ്ധിപ്പിക്കുക, അതിനനുസൃതമായി വായ്പയുടെ അനുപാതം വർദ്ധിപ്പിക്കുക തുടങ്ങിയ ക്രിയാത്മകമായ പ്രവർത്തനത്താൽ മാത്രമേ സ്ഥാപനങ്ങളുടെ നഷ്ടം നികത്തുവാനാകൂ.

വായ്പതുക കൃത്യമായി അടയ്ക്കുന്ന വായ്പക്കാർക്ക് പലിശയിനത്തിൽ 5 ശതമാനം കിഴിവ് അപ്പോൾത്തന്നെ നൽകുക എന്നത് കുടിശ്ശിക നിലവാരം കുറയ്ക്കുവാൻ സഹായിക്കുന്ന ഘടകമാണ്. കിഴിവു തുക ദേശീയ കാർഷിക വികസന ബാങ്ക് സമയബന്ധിതമായി സംഘങ്ങൾക്കു നൽകുകയും വേണം.

വായ്പാസംഘങ്ങളുടെ പട്ടികയിൽ വരുന്ന മറ്റൊരു സഹകരണ സ്ഥാപനമാണ് Q 8720-ാം നമ്പർ ഇരവിപുരം പഞ്ചായത്ത് പട്ടികജാതി സർവ്വീസ് സഹകരണ സംഘം. 1994 ൽ പ്രവർത്തനം ആരംഭിച്ച ഈ സംഘത്തിൽ 783 അംഗങ്ങൾ ഉണ്ട്. സർക്കാരിൽ നിന്നും ലഭിച്ച 20,000 രൂപയുൾപ്പെടെ ആകെ പിരിഞ്ഞുകിട്ടിയ മൂലധനവും അംഗങ്ങളിൽ നിന്നുള്ള നിക്ഷേപ തുകയുംകൊണ്ട് 1,21,000 രൂപ സംഘത്തിൽ നിന്നും വായ്പ നൽകിയിട്ടുണ്ട്. ഇപ്പോൾ ഈ സഹകരണ സ്ഥാപനത്തിന്റെ പ്രവർത്തനം മന്ദഗതിയിലാണ് നീങ്ങുന്നത്. വായ്പയായി നൽകിയ തുക തിരിച്ചടഞ്ഞു വരുന്നില്ല എന്നതാണ് സംഘത്തിന്റെ പ്രധാന പ്രശ്നം. സംഘത്തിന് ജില്ലാ സഹകരണ ബാങ്കിൽ അഫിലിയേഷൻ നൽകി വായ്പാസൗകര്യം വർദ്ധിപ്പിക്കുകയും സർക്കാർതലത്തിൽ പട്ടികജാതിക്കാരുടെ ഉന്നമനത്തിനായി ആവിഷ്ക്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഈ സംഘത്തിന്റെ ആഭിമുഖ്യത്തിലാക്കുകയും ചെയ്താൽ പ്രവർത്തനമാന്ദ്യം ഒഴിവാക്കാം.

## വായ്പേതര സഹകരണ സംഘങ്ങൾ

നിരവധി സഹകരണ സംഘങ്ങൾ ഈ വിഭാഗത്തിൽ ഇരവിപുരം പഞ്ചായത്തിനുള്ളിൽ രജിസ്റ്റർ ചെയ്യപ്പെടുകയും പ്രവർത്തനം ആരംഭിച്ചതായി രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ടെങ്കിലും യഥാർത്ഥത്തിൽ പ്രവത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾ ചുവടെ പട്ടികയിൽ പ്രതിപാദിക്കുന്നു.

വാളത്തുംഗൽ ക്ഷീരോൽപ്പാദക

സഹകരണ സംഘം

വാളത്തുംഗൽ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ പ്രതിദിനം 250 ലിറ്റർ പാൽ സംഭരിച്ച് വിതരണം നടത്തുന്നു. കർഷകർക്കാവശ്യമായ കാലിത്തീറ്റ സംഘം ഡിപ്പോ വഴി വിൽപ്പന നടത്തുന്നു. രണ്ടിനത്തിലുംകൂടി പ്രതിവർഷ വിറ്റുവരവ് 15 ലക്ഷം രൂപ. ക്ഷീരകർഷകരുടെ ഉന്നമനത്തെ ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഈ സ്ഥാപനം വളരെയധികം വികസന സാദ്ധ്യതയുള്ളതാണ്. നമ്മുടെ ഗ്രാമത്തിൽ ഉൽപ്പാദിപ്പിക്കുന്ന പാൽ മൊത്തവും സംഭരിച്ച് വിതരണം നടത്തിയാലേ സ്ഥാപനം ലക്ഷ്യപ്രാപ്തി കൈവരിച്ചു എന്നു രേഖപ്പെടുത്താനാകൂ. ആയതിലേക്ക് മിനി ചില്ലിംഗ് പ്ലാന്റ് ഉൾപ്പെടെയുള്ള സൗകര്യങ്ങൾ സ്ഥാപനത്തിൽ ഉണ്ടാകണം. സാമ്പത്തിക പരിമിധി ഇതിനു വിഘാതം നിൽക്കുന്നു. ജില്ലാ സഹകരണ ബാങ്കിൽ നിന്നുള്ള 25,000 രൂപയുടെ ക്യാഷ് ക്രഡിറ്റ് മാത്രമേ ഈ സ്ഥാപനത്തിന് ലഭിച്ചിട്ടുള്ളു. സ്വന്തമായി വസ്തുവും കെട്ടിടങ്ങളും ഉള്ള ഈ സ്ഥാപനത്തിൽ ഊർജ്ജിത കന്നുകാലി വികസന കേന്ദ്രം, ഡയറി ഫാം ഇൻസ്ട്രക്ടറുടെ ആപ്പീസ്, പാൽ ഉൽപ്പന്ന യൂണിറ്റ് എന്നിവ പ്രവർത്തിക്കുന്നു. 10 ലക്ഷം രൂപ സാമ്പത്തിക സഹായം ലഭിക്കുകയാണെങ്കിൽ മിനി ചില്ലിംഗ് പ്ലാന്റുൾപ്പെടെ വിവിധ വികസന പ്രവർത്തനങ്ങൾ ഈ സ്ഥാപനത്തിലൂടെ നടത്തുവാനാകും.



പട്ടിക 2

| സഹകരണ സംഘത്തിന്റെ പേര് | ലക്ഷ്യം |
|---|---|
| 1. വാളത്തുംഗൽ ക്ഷീരോൽപ്പാദക സഹകരണ സംഘം, ക്ലിപ്തം ക്യൂ – 46 (ഉ), വാളത്തുംഗൽ | ക്ഷീര കർഷകരുടെ ഉന്നമനം |
| 2. ഇരവിപുരം വനിതാ കോട്ടേജ് ഇൻഡസ്ട്രിയൽ സഹകരണ സംഘം ക്ലിപ്തം സി. 289 | വനിതാ ക്ഷേമം |
| 3. മുഖത്തല ബ്ലോക്ക് റൂറൽ ഹൗസിംഗ്സഹകരണ സംഘം, ക്ലിപ്തം, ക്യു. 330, തട്ടാമല | ഭവനനിർമ്മാണം |
| 4. വെൺപാലക്കര കൈത്തറി നെയ്ത്ത് തൊഴിലാളി സഹകരണ സംഘം, 3507, വാളത്തുംഗൽ | നെയ്ത്തു തൊഴിലാളികളുടെ ഉന്നമനം |
| 5. പന്ത്രണ്ടുമുറി കൈത്തറി നെയ്ത്ത് തൊഴിലാളി സഹകരണ സംഘം, 3508, തട്ടാമല | ,, |
| 6. മയ്യനാട് കൈത്തറി നെയ്ത്തു വ്യവസായ സഹകരണ സംഘം, ക്ലിപ്തം 3356, കൂട്ടിക്കട | ,, |
| 7. കൊല്ലം ക്രോക്കറി&മെറ്റൽ ഇൻഡസ്ട്രിയൽ സഹകരണ സംഘം, 334, കാവൽപ്പുര | മൺപാത്ര വ്യവസായം |
| 8. മയ്യനാട്–ഇരവിപുരം മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണസംഘം, ക്ലിപ്തം എഫ്.ക്യു-- 19, ഇരവിപുരം | മത്സ്യതൊഴിലാളി ക്ഷേമം |
| 9. വാളത്തുംഗൽ ബേക്കറി ഇൻഡസ്ട്രിയൽ സഹകരണ സംഘം കെ.വി. ഇൻറ് ക്യു. 178,വാളത്തുംഗൽ | ബേക്കറി നിർമ്മാണം |
| 10. ഇരവിപുരം നോർത്ത് മത്സ്യതൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം. ഡി.എഫ്. 38/92 | മത്സ്യതൊഴിലാളി ക്ഷേമം |
| 11. ഇരവിപുരം സൗത്ത് മത്സ്യതൊഴിലാളി ക്ഷേമ സഹകരണ സംഘം ഡി.എഫ്. 37/92 | ,, |

## ഇരവിപുരം വനിതാ കൊട്ടേജ് ഇൻഡസ്ട്രിയൽ സഹകരണ സംഘം

ഇരവിപുരം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ റേന്ത നിർമ്മാണം ആണ് പ്രധാന വ്യവസായം. സ്ഥിരമായി 30 സ്ത്രീകൾ ഈ സ്ഥാപനത്തിൽ റേന്ത നിർമ്മാണത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നു. റേന്ത നിർമ്മാണം ഈ നാട്ടിന്റെ ഒരു പരമ്പരാഗത തൊഴിലാണ്. അതിനെ പരിപോഷിതിക്കേണ്ടതു അത്യന്തം അവശ്യമാണ്. ഇവിടെ ഉൽപ്പാദിപ്പിക്കുന്ന റേന്ത വിദേശങ്ങളിലേക്ക് കയറ്റി അയക്കുന്നു. എന്നാൽ സ്വകാര്യ ഏജൻസികൾ വഴിയാണ് ഇതു നടപ്പിലാക്കുന്നത്. ആയതിനാൽ യഥാർത്ഥ വില പലപ്പോഴും സ്ഥാപനത്തിനു ലഭ്യമല്ലാതെ പോകുന്നു. കേന്ദ്രസർക്കാർ തലത്തിൽ മാർക്കറ്റിംഗ് സംവിധാനം ആവിഷ്ക്കരിച്ചാൽ മാത്രമേ ഈ പരമ്പരാഗത വ്യവസായത്തെ രക്ഷിക്കാനാകു.

## മുഖത്തല ബ്ലോക്ക് റൂറൽ ഹൗസിംഗ് സഹകരണ സംഘം

പന്ത്രണ്ടുമുറി ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ നിന്നും ഭവനനിർമ്മാണത്തിനായി വായ്പ നൽകിവരുന്നു. സംസ്ഥാന ഭവനനിർമ്മാണ ഫെഡറേഷനിൽ നിന്നാണ് വായ്പതുക ലഭ്യമാകുന്നത്. വായ്പ തുകയ്ക്ക് അർഹമായ ഓഹരി മൂലധന നിക്ഷേപം, വായ്പ അനുവദിക്കുന്നതിനു മുമ്പുള്ള നടപടിക്രമങ്ങൾ, ഉയർന്ന പലിശനിരക്ക് എന്നിവ ഇവിടെനിന്നും വായ്പ എടുക്കുന്നതിനുള്ള പ്രതികൂല ഘടകങ്ങളായി നിലകൊള്ളുന്നു. 71 അംഗങ്ങൾ ഈ സ്ഥാപനത്തിൽ നിന്ന് ഇപ്പോൾ വായ്പ എടുത്തിട്ടുണ്ട്.

വായ്പാ ഓഹരി അനുപാതം ക്രമീകരിച്ചും ന



ടപടി ക്രമങ്ങൾ ലഘൂകരിച്ചും പലിശനിരക്കിൽ ഇളവ് അനുവദിച്ചും കൂടുതൽ അംഗങ്ങളെ ഈ സ്ഥാപനത്തിലേക്ക് ആകർഷിപ്പിക്കുവാൻ കഴിയും.

## നെയ്ത്തു തൊഴിലാളി സഹകരണ സംഘങ്ങൾ

പന്ത്രണ്ടുമുറി, വെൺപാലക്കര, ആക്കോലിൽ എന്നീ സ്ഥലങ്ങൾ ആസ്ഥാനമായി പ്രവർത്തിക്കുന്ന 3 നെയ്ത്തുതൊഴിലാളി സഹകരണ സംഘങ്ങൾ ഇരവിപുരം പഞ്ചായത്തിൽ നിലവിലുണ്ട്. പ്രവർത്തനത്തിൽ മൂന്നു സ്ഥാപനങ്ങളും സാമാന്യ നിലവാരം പുലർത്തുന്നു.

നെയ്ത്ത് പരമ്പരാഗത തൊഴിലാണ്. യന്ത്രവൽകൃത നെയ്ത്തു സാർവ്വത്രികമായതോടെ കൈത്തറി നെയ്ത്ത് തളർന്നുകൊണ്ടിരിക്കുകയാണ്. എന്നാൽ ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന അംഗങ്ങളെ ഏതുവിധേനയും സംരക്ഷിക്കേണ്ടത് നാട്ടിന്റെ ആവശ്യമായി മാറിയിരിക്കുന്നു. അല്ലെങ്കിൽ കാലക്രമത്തിൽ ഈ രംഗത്തു തൊഴിലാളികൾതന്നെ ലഭ്യമല്ലാത്ത അവസ്ഥ സംജാതമാകും.

സർക്കാർതലത്തിൽ അനുവദിക്കുന്ന റിബേറ്റുകളും സബ്സിഡികളും യഥാസമയം നൽകുകയും നെയ്ത്ത് തൊഴിലാളികളുടെ ക്ഷേമത്തിനുതകുംവിധം പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിൽവരുത്തുകയും ചെയ്താലെ ഈ പരമ്പരാഗത വ്യവസായം നിലനിർത്താനാകു.

## കൊല്ലം-ക്രോക്കറി ഇൻഡസ്ട്രിയൽ സഹകരണ സംഘം

തെക്കേവിള 'എ'വാർഡ് ആസ്ഥാനമാക്കി വളരെ നല്ലനിലയിൽ പ്രവർത്തിച്ചുവന്നിരുന്ന ഈ സ്ഥാപനം ഇന്ന് പ്രതിസന്ധിയിലെത്തിയിരിക്കുന്നു. കളിമൺപാത്രങ്ങൾ ഫാക്ടറികളിൽ നിന്നും മൊത്തമായി വാങ്ങി അവയ്ക്ക് പ്രത്യേക ഡിസൈനുകൾ നൽകി വിപണിയിലിറക്കുകയായിരുന്നു സംഘത്തിന്റെ പ്രവർത്തനം. മാർക്കറ്റിംഗ് സംവിധാനത്തിലുള്ള അപാകതയാണ് ഈ സ്ഥാപനത്തെ തകർച്ചയിലെത്തിച്ചത്. എല്ലാ സഹകരണ സ്ഥാപനങ്ങളുടെയും കൺസ്യൂമർ സ്റ്റോറുകൾ വഴി കളിമൺ പാത്രങ്ങൾ പ്രദർശിപ്പിച്ചു വിൽക്കുന്ന സമ്പ്രദായം ആവിഷ്ക്കരിച്ചാൽ ഈ വ്യവസായം നിർനിർത്താം. വില അഡ്വാൻസായി നൽകുവാൻ സഹകരണ സ്ഥാപനങ്ങൾ തയ്യാറാകുകയും വേണം.

## വാളത്തുംഗൽ ബേക്കറി ഇൻഡസ്ട്രിയൽ സഹകരണസംഘം

സാധാരണ നിലയിൽ പ്രവർത്തിച്ചുവന്നിരുന്ന ഈ സ്ഥാപനം ഇപ്പോൾ തുറന്നുപ്രവർത്തിക്കുന്നതായി കാണുന്നില്ല. സ്വകാര്യ മേഖലയിൽ ബേക്കറി വ്യവസായം പടർന്നു പന്തലിച്ചുകിടക്കുന്ന ഇരവിപുരം പഞ്ചായത്തിൽ ഈ സ്ഥാപനം എങ്ങനെ തളർച്ചയിലെത്തി എന്നത് കൂട്ടായി ആലോചിക്കേണ്ട പ്രശ്നമാണ്. ശക്തമായ ഒരു മാനേജ്മെന്റിലൂടെ ഈ സ്ഥാപനത്തെ പുനരുദ്ധരിക്കാം.

## മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘങ്ങൾ

മത്സ്യത്തൊഴിലാളികളുടെ ക്ഷേമം ലക്ഷ്യമാക്കി പ്രവർത്തനം ആരംഭിച്ച മൂന്നു സഹകരണ സ്ഥാപനങ്ങൾ ഇരവിപുരം പഞ്ചായത്തിൽ നിലവിലുണ്ട്. മത്സ്യഫെഡിന്റെ ആഭിമുഖ്യത്തിൽ നടപ്പിൽ വരുത്തുന്ന പദ്ധതികളുടെ ഏജന്റ് എന്ന നിലയിൽ മാത്രമേ നാളിതുവരെയായും ഈ സ്ഥാപനങ്ങൾക്ക് പ്രവർത്തിക്കുവാൻ കഴിഞ്ഞുള്ളു. വള്ളം, വല എന്നിവയ്ക്കായി മത്സ്യഫെഡ് നൽകുന്ന വായ്പകൾ ടി സ്ഥാപനങ്ങളിലൂടെ യഥാർത്ഥ തൊഴിലാളികൾക്ക് വിതരണം ചെയ്യുകയും വായ്പ തിരിച്ചടവ് സംഘം ഏറ്റെടുത്ത് നടത്തി ആയതു മത്സ്യഫെഡിനു തിരിച്ചു നൽകുകയും ചെയ്യുന്നു.

ഏജൻസി പ്രവർത്തനങ്ങളുടെ പരിധിയിൽ നിന്നും രക്ഷപെടുത്തി സ്വന്തം നിലയിൽ വായ്പാവിതരണം നടത്തിയാലേ ഈ സ്ഥാപനങ്ങൾക്ക് ജനകീയ സ്വഭാവം കൈവരിക്കുവാൻ കഴിയു. ഇതിനു മൂലധനം ആവശ്യമാണ്. ആയതു ലഭ്യമാക്കുവാനുള്ള സംവിധാനം ഉണ്ടാകേണ്ടതായുണ്ട്.

തീരപ്രദേശത്ത് മത്സ്യബന്ധന വ്യവസായ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ജനങ്ങൾ ആവശ്യത്തിലധികം ഉള്ളതുകൊണ്ട് മത്സ്യബന്ധനവുമായി ബന്ധപ്പെട്ട നിരവധി സംരംഭങ്ങൾ തുടങ്ങുവാൻ ഈ സ്ഥാപനങ്ങൾക്കു കഴിയണം. പീലിംഗ് സെന്റർ, കോൾഡ് സ്റ്റോറേജ് എന്നിവ സഹകരണ സംഘങ്ങൾ തുടങ്ങിയാൽ അവ വിജയിക്കും എന്നതിൽ രണ്ടഭിപ്രായമില്ല. അതിനായുള്ള മൂലധനം സ്വരൂപിക്കുവാൻ സഹകരണ സ്ഥാപനങ്ങൾ ആസൂത്രിതമായ പദ്ധതികൾ ആവിഷ്ക്കരിക്കണം.

## സ്കൂൾ സഹകരണസംഘങ്ങൾ

Q749ാം നമ്പർ ഇരവിപുരം എച്ച്.എസ്സഹകരണ സംഘം



Q7൦ നമ്പർ വാളത്തുംഗൽ ബോയ്സ് ഹൈസ്ക്കൂൾ സഹകരണ സംഘം

Q6790൦ നമ്പർ ഇരവിപുരം സെന്റ് ജോൺസ് ഹൈസ്ക്കൂൾ സഹകരണ സംഘം

Q539-൦൦ നമ്പർ വാളത്തുംഗൽ ഗേൾസ് ഹൈസ്കൂൾ സഹകരണ സംഘം

എന്നീ 4 സ്കൂൾ സഹകരണ സംഘങ്ങൾ ഇരവിപുരം പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. ഈ നാലു സ്ഥാപനങ്ങളും പ്രവർത്തനത്തിൽ ശരാശരി നിലവാരം പുലർത്തുന്നു. ഇരവിപുരം പഞ്ചായത്തിൽ 10 സ്കൂൾ പ്രവർത്തിക്കുന്നുണ്ട്. ഈ സ്കൂളുകളിലേക്കെല്ലാം ആവശ്യമായ നോട്ടുബുക്കുകൾ ഏതെങ്കിലും ഒരു സംഘത്തിൽ നിർമ്മിക്കാവുന്നതേയുള്ളു. അങ്ങനെയായാൽ കുറച്ചുകൂടി കുറഞ്ഞനിരക്കിൽ കുട്ടികൾക്ക് നോട്ടുബുക്കുകൾ വിതരണം ചെയ്യുവാൻ കഴിയും. പ്രവർത്തിപരിചയ ക്ലാസുകൾ നടത്തി സ്കൂൾ വിദ്യാർത്ഥികളെ കർമ്മോന്മുഖരാക്കുവാനും അവരുടെ സേവനം നിർമ്മാണ പ്രവർത്തനത്തിനു വിനിയോഗിക്കുവാനും ഇത്തരം യൂണിറ്റിനു കഴിയും. 4 സഹകരണ സംഘങ്ങളുടെയും സംയോജിതമായ ഒരു കമ്മിറ്റി നോട്ടുബുക്ക് നിർമ്മാണ യൂണിറ്റിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കണം.

## ലേബർ കോൺട്രാക്ട് സഹകരണ സംഘങ്ങൾ

Q 1019 ഇരവിപുരം ലേബർ കോൺട്രാക്ട് സഹകരണ സംഘം

Q 1238 കൂട്ടിക്കട പൊതുമരാമത്തു ലേബർ കോൺട്രാക്ട് സഹകരണ സംഘം

Q 1241 വാളത്തുംഗൽ പൊതുമരാമത്തു ലേബർ കോൺട്രാക്ട് സഹകരണ സംഘം

എന്നീ മൂന്നു സഹകരണ സംഘങ്ങൾ ഈ രംഗത്തുണ്ടെങ്കിലും ഇരവിപുരം ലേബർ കോൺട്രാക്ട് സഹകരണ സംഘം മാത്രമേ നാമമാത്രമായ പ്രവർത്തനമെങ്കിലും നടത്തുന്നുള്ളു. യഥാർത്ഥ തൊഴിലാളികൾ സജീവ അംഗങ്ങളായി ലേബർ കോൺട്രാക്ട് സംഘങ്ങളുടെപ്രവർത്തനം മെച്ചപ്പെടുത്തേണ്ടത് നാടിന്റെ വികസന പ്രവർത്തനത്തിന് അത്യന്താപേക്ഷിതമാണ്.

ഇരവിപുരം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട് ലക്ഷ്യപ്രാപ്തിക്കനുസൃതമായ പ്രവർത്തനം കാഴ്ചവയ്ക്കാത്ത സംഘങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

### പട്ടിക

1. Q1233 ഇരവിപുരം വനിതാ സഹകരണ സംഘം.
2. Q1203 ഇരവിപുരം കോഴിവളർത്തൽ സഹകരണ സംഘം
3. Q1191 തെക്കേവിള രാജീവ് ഗാന്ധി മെമ്മോറിയൽ സഹകരണ ആശുപത്രി
4. Q1234 തട്ടാമല ജനറൽ മാർക്കറ്റിംഗ് & പ്രോസസിംഗ് സഹകരണ സംഘം
5. S. Ind 3 ഇരവിപുരം കോറഗ്രാസ് സഹകരണ സംഘം
6. K214 ഇരവിപുരം സെറികൾച്ചറൽ സഹകരണ സംഘം
7. K30 വാളത്തുംഗൽ വനിതാ വ്യവസായ സഹകരണ സംഘം
8. KVIndQ226 പന്ത്രണ്ടുമുറി വില്ലേജ് ഇൻഡസ്ട്രീസ് സഹകരണ സംഘം
9. SIndQ367 വാളത്തുംഗൽ സി വാർഡ് ടെയ്ലറിംഗ് & ഗാർമെന്റ് മേക്കിംഗ് സഹകരണ സംഘം
10. FQ5 ഇരവിപുരം പഞ്ചായത്ത് ഹരിജൻ മത്സ്യതൊഴിലാളി സഹകരണം സംഘം

ഇതിൽ വനിതാ ക്രഡിറ്റ് സഹകരണ സംഘം, സഹകരണ ആശുപത്രി, ജനറൽ മാർക്കറ്റിംഗ് സഹകരണ സംഘം, കോഴിവളർത്തൽ സഹകരണ സംഘം തുടങ്ങിയവയ്ക്കു സാദ്ധ്യതകൾ മങ്ങിയിട്ടില്ല.

പഞ്ചായത്തിന്റെ വികസന പ്രക്രിയയിൽ സഹകരണ സ്ഥാപനങ്ങൾക്കു ദൂരവ്യാപകമായ ചലനങ്ങൾ സൃഷ്ടിക്കുവാൻ കഴിയും. കാര്യക്ഷമമായ മാനേജ്മെന്റ്, ഉയർന്ന തൊഴിലാളി പങ്കാളിത്തം, ജനകീയ പിൻബലം എന്നിവ ഇതിനെ പരിപോഷിപ്പിക്കുവാൻ ഉതകുന്ന ഘടകങ്ങളായി നിലകൊള്ളുന്നു.

## നിർദ്ദേശങ്ങൾ

1. ദേശീയ കാർഷിക വികസന ബാങ്ക് വഴിയുള്ള പദ്ധതികൾ സാധാരണ കർഷകന് പ്രയോജനപ്പെടുവാൻ ഉതകുമാറ് നവീകരിക്കുക.

2. സഹകരണ സ്ഥാപനങ്ങൾ വഴി നൽകുന്ന വായ്പയ്ക്കു രജിസ്ട്രേഷൻ നടപടികൾ ആവശ്യമില്ല



എന്നു തീരുമാനിക്കണം.

3. കുടിശ്ശിക തുക പിരിച്ചെടുക്കുവാൻ ഊർജ്ജിത ശ്രമം നടത്തുക.

4. കുടിശ്ശിക വരുത്താതെ വായ്പകൾ തിരിച്ചട യ്ക്കുന്ന വ്യക്തികൾക്ക് അർഹമായ പ്രോത്സാഹനം നൽകുക.

5. പട്ടികജാതി സഹകരണ സംഘങ്ങളിലൂടെ മാത്രം പട്ടികജാതിക്കാരുടെ ഉന്നമനത്തെ ലക്ഷ്യമാ ക്കിയുള്ള സ്കീമുകൾ നടപ്പിലാക്കുക.

6. പാൽ സംസ്ക്കരണത്തിനായി മിനി ചില്ലിംഗ് പ്ലാന്റ് ഗ്രാമതലത്തിൽ ആരംഭിക്കുക.

7. പരമ്പരാഗത വ്യവസായങ്ങളെ പ്രോത്സാഹി ക്കുവാനുതകുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുക.

8. പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന സ്കൂൾ സഹകരണ സംഘങ്ങളിൽ നോട്ടുബുക്ക് നിർമ്മാണം ആരംഭിക്കുക.

9. ഭവന നിർമ്മാണ വായ്പകൾ ഉദാരമാക്കുക.

10. സഹകാരികളുടെയും സഹകരണ സംഘം ഭാരവാഹികളുടെയും ജീവനക്കാരുടെയും പ്രതിമാസ സമ്മേളനം വിളിച്ചുകൂട്ടി ഓരോ മേഖലയിലും ആവ ശ്യമായ മാറ്റങ്ങൾ എന്തെന്നു മനസ്സിലാക്കി അതിന നുസരിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക.





## അഞ്ച് – പതിനൊന്ന്

# പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

ഇരവിപുരം ഗ്രാമപഞ്ചായത്തിൽ ആക്കോലിൽ, വടക്കുംഭാഗം, തെക്കേവിള– 'സി' എന്നീ വാർഡുകളിൽ പ്രധാനമായും, തെക്കേവിള– 'ഡി' , വാളത്തുംഗൽ 'എ', 'ബി', 'സി' വാർഡുകളിൽ ഭാഗികമായും മറ്റു വാർഡുകളിൽ നാമമാത്രമായുമാണ് പട്ടികജാതി വിഭാഗം അധിവസിക്കുന്നത്. പഞ്ചായത്തിലെ ആകെ ജനസംഖ്യ 54772 ആണ്. ഇതിൽ 7.5 ശതമാനം പട്ടികജാതി വിഭാഗമാണ്. 4083 പട്ടികജാതി അംഗങ്ങളിൽ 1954 പുരുഷൻമാരും 2129 സ്ത്രീകളുമാണ്. 8 അംഗീകൃത കോളനികളിലായി 241 കുടുംബങ്ങളും 6 കോളനികളിലായി അംഗീകരിക്കാവുന്ന 6 ഭാഗങ്ങളിലായി 99 കുടുംബങ്ങളും 425 കുടുംബങ്ങൾ ഇടകലർന്നുമാണ് ജീവിച്ചുവരുന്നത്. 765 പട്ടികജാതി കുടുംബങ്ങളാണ് ഇവിടെ താമസിച്ചുവരുന്നത്.

ചരിത്രപരമായ കാരണങ്ങളാൽ ഏറ്റവും കൂടുതൽ പീഡനം ഏറ്റുവാങ്ങേണ്ടിവന്ന ജനവിഭാഗമാണ് പട്ടികജാതിക്കാർ. പൊതു ഉൽപ്പാദനപ്രക്രിയയിൽ അമൂല്യങ്ങളായ സംഭാവന ചെയ്തവരാണിവരെങ്കിലും ഏറ്റവും കൂടുതൽ അടിച്ചമർത്തലിനു വിധേയമാകേണ്ടിവന്നവരാണിവർ. നമ്മുടെ ഗ്രാമത്തിന്റെ 50 വർഷത്തെ ചരിത്രം എടുത്താൽ തൊട്ടുകൂടായ്മയ്ക്കും തീണ്ടിക്കൂടായ്മയ്ക്കും വിധേയമായിരുന്നു ഇവർ എന്നു കാണാൻകഴിയും. വഴിനടക്കാനും ക്ഷേത്ര പ്രവേശനത്തിനും ഈ വിഭാഗത്തിന് അനുവാദം നിഷേധിച്ചിരുന്നു. സാമൂഹ്യ–സാമ്പത്തിക രംഗത്ത് അടിച്ചമർത്തപ്പെട്ട് ക്രൂരമായ ചൂഷണത്തിന് വിധേയമായിരുന്നു ഈ വിഭാഗം. സാമൂഹ്യസംഘടനകളുടെയും പുരോഗമന ജനാധിപത്യ പ്രസ്ഥാനങ്ങളുടെയും പ്രവർത്തനഫലമായി ഒട്ടേറെ സാമൂഹ്യപുരോഗതി കൈവരിക്കാൻ ഈ വിഭാഗത്തിനു കഴിഞ്ഞിട്ടുണ്ട്.

വിദ്യാഭ്യാസ–സാമൂഹ്യ മേഖലകളിൽ ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തികരംഗത്ത് വേണ്ടത്ര പുരോഗതി നേടാൻ ഈ വിഭാഗത്തിന് കഴിഞ്ഞിട്ടില്ല. കുടികിടപ്പവകാശം സ്ഥാപിച്ചുകിട്ടിയതിലൂടെ പട്ടികജാതിക്കാർ ഭൂമിയുടെ ഉടമകളായെങ്കിലും പട്ടികജാതി കുടുംബങ്ങളുടെ വർദ്ധനവും ജോലിസ്ഥിരതയുടെ അഭാവംമൂലം ഉണ്ടാകുന്ന സാമ്പത്തിക ബുദ്ധിമുട്ടുകളുടെയും ഫലമായി ഭൂമിയില്ലാത്തവരുടെ എണ്ണം വർദ്ധിച്ചുവരുന്ന സ്ഥിതിയാണിന്നുള്ളത്. ഇതിന്റെ ഫലമായി പട്ടികജാതിക്കാരായ പുറംപോക്കു നിവാസികളുടെ എണ്ണം വർദ്ധിച്ചുവരുന്നു.

ഈ വിഭാഗത്തിന്റെ പുരോഗതിക്കുവേണ്ടി സർക്കാർ നടപ്പിലാക്കിവരുന്ന പല പദ്ധതികളും അറിവില്ലായ്മകൊണ്ടും സർക്കാരിന്റെ തന്നെ അയവില്ലാത്ത നിബന്ധനകൾ കൊണ്ടും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടില്ല. എന്നാൽ സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ ഈ വിഭാഗത്തിന് ഭാഗികമായി പുരോഗതി നേടാൻ കഴിഞ്ഞിട്ടുണ്ട്. ഇതിൽ ഏറിയപങ്ക് കോളനി നിവാസികൾക്കാണ് പ്രയോജനപ്പെട്ടിട്ടുള്ളത്. കോളനികളുടെ വിവരം 1–ാം പട്ടികയിൽ ചേർത്തിരിക്കുന്നു.

## വിദ്യാഭ്യാസം

സാക്ഷരതയുടെ കാര്യത്തിൽ പൊതുവേ തൃപ്തികരമായ നിലവാരം പുലർത്തുന്നുണ്ട്. എങ്കിൽപ്പോലും വിദ്യാഭ്യാസ രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. എസ്.എസ്.എൽ.സിക്കു ശേഷം തുടർന്നു പഠിക്കുന്നവരുടെ എണ്ണം വളരെ കുറവാണ്. ഇതിനു കാരണം രക്ഷാകർത്താക്കളുടെ ശ്രദ്ധക്കുറവും കുടുംബഭാരം ഏറ്റെടുക്കേണ്ടിവരുന്നതുമാണ്. ഇതിനു പരിഹാരം കാണാൻ വിദ്യാഭ്യാസ ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനോടൊപ്പംതന്നെ പട്ടികജാതി കുടുംബങ്ങളുടെ സാമ്പത്തിക നിലവാരം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്ക്ക



**പട്ടിക– 1**

| വാർഡ് നമ്പർ | കോളനിയുടെ പേര് | വീടുകളുടെ എണ്ണം | അംഗങ്ങളുടെ എണ്ണം |
|---|---|---|---|
| 3 | താഴത്ത് വയൽ–കമ്പീട്ടഴികം | 63 | 318 |
| 4 | കുന്നത്താൻവെളിലക്ഷംവീട് | 14 | 86 |
| 10 | വാളത്തുംഗൽ–മനക്കരവയൽ | 15 | 62 |
| 11 | തോണ്ടിവയൽ–ജയന്തിക്കോളനി | 10 | 47 |
| 12 | ആക്കോലിൽ ലക്ഷംവീട് | 27 | 106 |
| 12 | കോട്ടൂർവെളി | 12 | 58 |
| 12 | കുന്നിൽ | 15 | 76 |
| 13 | ഇടക്കുന്നം ലക്ഷം വീട് | 40 | 210 |

**അംഗീകാരത്തിന് സമർപ്പിക്കാവുന്നത്**

| വാർഡ് നമ്പർ | കോളനിയുടെ പേര് | വീടുകളുടെ എണ്ണം | അംഗങ്ങളുടെ എണ്ണം |
|---|---|---|---|
| 3 | കട്ടിപ്പണ വയൽ | 12 | 62 |
| 11 | പുത്തൻവയൽ | 15 | 78 |
| 11 | കാവും വാതുക്കൽ | 11 | 46 |
| 11 | തിട്ടയിൽ | 14 | 60 |
| 12 | ആനേത്താഴത്ത | 15 | 59 |
| 13 | ഇടക്കുന്നം–കൊച്ചേയത്ത് | 32 | 154 |

രിക്കേണ്ടതായിട്ടുണ്ട്. 1996–97 അദ്ധ്യയന വർഷത്തിൽ 668 പട്ടികജാതി വിദ്യാർത്ഥികൾ പഠനം നടത്തുന്നുണ്ട്. ,95–96 വർഷത്തിൽ 28 കുട്ടികൾ പഠനം നിർത്തി. നിലവിൽ 111 കുട്ടികൾ തുടർന്നു പഠിക്കാൻ താൽപ്പര്യം കാണിച്ചിട്ടുണ്ട്. (പട്ടിക–2 കാണുക) എസ്.എസ്.എൽ.സി ക്ക് ഉപരിയായി വിദ്യാഭ്യാസമുള്ളവരുടെ എണ്ണം വളരെ കുറവാണ്. ഈ സ്ഥിതി അടിയന്തിരമായി മാറ്റിയെടുക്കുന്നതിനുള്ള പരിശ്രമം തുടർന്നു നടത്തേണ്ടതാണ്.

# തൊഴിൽ

പട്ടികജാതി കുടുംബങ്ങളിൽ ബഹുഭൂരിപക്ഷവും കാർഷികമേഖലയിൽ തൊഴിലെടുത്ത് ഉപജീവനം നടത്തിവരുന്നവരാണ്. എന്നാൽ കാർഷിക മേഖല നേരിടുന്ന തകർച്ചയുടെ ഫലമായി ഈ വിഭാഗത്തിന്റെ തൊഴിൽ നഷ്ടപ്പെടുകയും മറ്റു മേഖലകളിൽ തൊഴിൽതേടി പോകുന്നതിന് നിർബ്ബന്ധിതരാകുകയും ചെയ്തു. ഇതിൽ ഭൂരിഭാഗവും കശുവണ്ടി മേഖലയിലും, നിർമ്മാണരംഗത്തുമാണ് എത്തിച്ചേർന്നത്. കശുവണ്ടി മേഖലയുടെ തകർച്ചയെത്തുടർന്ന് കൈത്തൊഴിലായ തീപ്പെട്ടി നിർമ്മാണം, കക്കവാരൽ തുടങ്ങിയ മേഖലകളിലേക്ക് സ്ത്രീ തൊഴിലാളികൾ തൊഴിൽതേടി പോകുന്ന സ്ഥിതിയാണുള്ളത്.

ഇതര മേഖലകളിൽ തൃപ്തികരമായ കൂലി ലഭിക്കുന്നതിനാൽ പുതിയ തലമുറ കാർഷിക മേഖലയിൽ നിന്നും വിട്ടുനിൽക്കുന്നതിന്റെ ഫലമായി കാർഷിക തൊഴിലാളികളെ ലഭിക്കുന്നതിനുള്ള പ്രയാസം കൂടുതലായി അനുഭവപ്പെടുന്നുണ്ട്. തൊഴിൽ എന്നതിലുപരി ഭക്ഷ്യധാന്യ ഉൽപ്പാദനം വർദ്ധിപ്പിക്കേണ്ടതിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഈ മേഖലയിലേക്ക് കൂടുതൽ തൊഴിലാളികളെ ആകർഷിക്കുന്നതിന് ആസൂത്രിതമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

പരമ്പരാഗത വ്യവസായങ്ങളായ കയർ, കശുവണ്ടി തുടങ്ങിയവയുടെ തകർച്ച മൂലം കൂടുതലാ

**പട്ടിക 2**

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | കുട്ടികളുടെ എണ്ണം | | തോറ്റു പഠിക്കുന്നവർ | | പഠനം നിർത്തിയവർ | |
|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1 | സി.വി.എം.എൽ.പി.എസ് താന്നി | 3 | 1 | – | – | – | – |
| 2 | എസ്. എച്ച്.എൽ.പി.എസ് ഇരവിപുരം | 27 | 23 | – | 2 | – | 1 |
| 3. | സെന്റ്.ജോൺസ്എച്ച്.എസ്.ഇരവിപുരം | 37 | 47 | 15 | 14 | – | – |
| 4. | എൽ.പി.ബി.എസ്, കൊല്ലൂർവിള | 16 | 8 | 1 | 2 | – | – |
| 5. | പി.കെ.പി.എം. എൻ.എസ്.എസ് ഭരണിക്കാവ് | 32 | 27 | 3 | 3 | – | – |
| 6. | എൽ.പി.ജി.എസ് കൊല്ലൂർവിള | 12 | 9 | – | – | – | – |
| 7. | ജി.എച്ച്.എസ്.എസ്. ഇരവിപുരം | 45 | 47 | 8 | 10 | 3 | 4 |
| 8. | ജി.എൽ.പി.എസ്. വാളത്തുംഗൽ | 42 | 62 | – | – | – | – |
| 9. | ജി.ജി.എച്ച്.എസ്. വാളത്തുംഗൽ | – | 167 | – | 20 | – | 9 |
| 10. | ജി.എച്ച്.എസ്.എസ്. വാളത്തുംഗൽ | 163 | – | 33 | – | 4 | – |



യി തൊഴിൽ നഷ്ടപ്പെട്ട വിഭാഗം പട്ടികജാതിക്കാരാണ്. കൂലിവേല ചെയ്തു ഉപജീവനം കഴിച്ചുവരുന്ന ഈ വിഭാഗത്തിന് തൊഴിൽ ഉറപ്പുവരുത്തുകയും പുതിയ തൊഴിൽസംരംഭങ്ങൾ ആവിഷ്ക്കരിക്കുകയും ചെയ്യുന്നതിലൂടെ മാത്രമേ ജീവിതനിലവാരം മെച്ചപ്പെടുത്താൻ കഴിയുകയുള്ളു.

## പാർപ്പിടം

പാർപ്പിടപ്രശ്നം വളരെ സജീവമായി നിലനിൽക്കുന്ന ഈ വിഭാഗത്തിന് ഒരു പരിധിവരെ സർക്കാർ ഏജൻസികൾ നടപ്പിലാക്കിവരുന്ന പദ്ധതികൾ സഹായകരമാകുന്നുണ്ട്. ഹരിജൻ കോളനികളിൽ പരിമിതമായ സൗകര്യങ്ങളെ നിലവിലുള്ളു. ഇതു പരിഹരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതായുണ്ട്. ഒറ്റപ്പെട്ടുകൊണ്ടിരിക്കുന്ന കുടുംബങ്ങൾക്ക് സർക്കാർപദ്ധതിയുടെ പ്രയോജനം ലഭിക്കാത്ത സ്ഥിതിയാണിന്നുള്ളത്. വിവിധ ഏജൻസികൾ നടപ്പിലാക്കിവരുന്ന പദ്ധതികളിൽ നിന്നും ഇവരിൽ പലരും വായ്പയെടുത്ത് വലിയ കടക്കെണിയിൽ അകപ്പെട്ടുപോയിട്ടുണ്ട്.

വീടുനിർമ്മാണത്തിനു അനുവദിക്കുന്ന തുകയുടെ അപര്യാപ്തത കാരണം പല വീടുകളും പൂർത്തീകരിക്കാതെ കിടക്കുന്നുണ്ട്. സ്വന്തമായി ഭൂമിയില്ലാത്ത കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിനും വീട് നിർമ്മിക്കുന്നതിനും ധനസഹായപുനരധിവാസ പദ്ധതി പ്രകാരം അനുവദിച്ചുകൊടുത്താൽ മാത്രമേ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയുള്ളു. കയ്യാലയ്ക്കൽ-എ, തെക്കേവിള-ഡി, വടക്കുംഭാഗം, ആക്കോലിൽ എന്നീ വാർഡുകളിലെ ലക്ഷംവീട് പൊതുകിണറുകളാണ് നിലവിലുള്ളത്. കാലാകാലങ്ങളിൽ ഇതിന്റെ അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗപ്രദമാക്കേണ്ടതാണ്. കോളനി സൗകര്യങ്ങളും ആവശ്യങ്ങളും സംബന്ധിച്ച വിവരം പട്ടിക-3 ൽ ചേർത്തിരിക്കുന്നു.

### പ്രശ്നങ്ങൾ

1. വിദ്യാഭ്യാസ പുരോഗതി ഇനിയും കൈവരിക്കേണ്ടതായിട്ടുണ്ട്.

2. തൊഴിൽ സാദ്ധ്യത കുറഞ്ഞുവരുന്നതിനാൽ ജീവിത സാഹചര്യം പ്രതിസന്ധിയിലേക്ക് നീങ്ങുന്നു.

3. ആക്കോലി, വടക്കുംഭാഗം, വളത്തുംഗൽ ബി, സി വാർഡുകളിൽ ധാരാളം ചെറുപ്പക്കാർ തൊഴിൽ രഹിതരാണ്.

4. എല്ലാവർക്കും സ്വന്തമായി സ്ഥലവും വീടുമില്ല, ഉള്ള വീടുകൾക്ക് പ്രാഥമികസൗകര്യങ്ങൾ കുറ

പട്ടിക-3

| വാർഡ് നമ്പർ | കോളനിയുടെ പേര് | വീടിന്റെ സ്വഭാവം | | | വൈദ്യുതീകരിച്ച വീടുകൾ | കിണറുള്ള വീടുകൾ | കക്കൂസുള്ള വീടുകൾ | പൊതുകിണറുകൾ | പൊതുകക്കൂസുകൾ | റോഡുകൾ | ആവശ്യങ്ങൾ | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | കോൺക്രീറ്റ് | ഓട് | ഓല | | | | | | | സ്വന്തമായിഭൂമിയില്ലാത്ത കുടുംബങ്ങൾ | വീടുകൾ | കിണറുകൾ | കക്കൂസുകൾ |
| III | താഴത്തുവയൽ കമ്പീട്ടഴികം | 2 | 3 | 58 | 25 | 48 | 23 | ഇല്ല | ഇല്ല | ഇല്ല | 10 | 68 | 25 | 40 |
| IV | കുന്നത്താൻ വെളി ലക്ഷം വീട് | - | 11 | 3 | 8 | 9 | 2 | ഉണ്ട് | ഇല്ല | ഇല്ല | 2 | 5 | 5 | 12 |
| X | വാളത്തുംഗൽ മനക്കര വയൽ | 2 | 6 | 7 | 6 | 7 | 5 | ഇല്ല | ഇല്ല | ഇല്ല | 3 | 8 | 8 | 8 |
| XI | തോണ്ടീവയൽജയന്തി കോളനി | - | 1 | 9 | 2 | 3 | 1 | ഇല്ല | ഇല്ല | ഇല്ല | 6 | 15 | 13 | 15 |
| XII | ആക്കോലിൽ ലക്ഷം വീട് | - | 27 | - | 27 | 4 | 8 | ഉണ്ട് | ഇല്ല | ഇല്ല | 4 | 4 | 23 | 19 |
| XII | കോട്ടൂർവെളി | 2 | 5 | 5 | 11 | 11 | 5 | ഇല്ല | ഇല്ല | ഉണ്ട് | 5 | 10 | 6 | 12 |
| XII | കുന്നിൽ | - | 5 | 10 | 4 | 4 | 3 | ഇല്ല | ഇല്ല | ഇല്ല | 9 | 19 | 13 | 16 |
| XIII | ഇടക്കുന്നം ലക്ഷം വീട് | 1 | 14 | 25 | 20 | 20 | 18 | ഉണ്ട് | ഇല്ല | ഇല്ല | 6 | 31 | 26 | 28 |



വാണ്.

5. വീടു നിർമ്മിക്കാൻ ഇന്നുലഭിക്കുന്ന ധനസഹായംകൊണ്ട് പൂർത്തീകരിക്കാൻ കഴിയുന്നില്ല.

6. മുഴുവൻ വീടുകളും വൈദ്യുതീകരിച്ചിട്ടില്ല.

7. പൊതുശ്മശാനം ഉപയോഗപ്രദമല്ല.

8. കൈവശഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല.

9. ആരോഗ്യസംരക്ഷണ സംവിധാനം മെച്ചപ്പെട്ടതല്ല.

10. അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാകാനുള്ള തടസ്സങ്ങൾ നിലനിൽക്കുന്നു.

11. ഐ.ആർ.ഡി.പിപദ്ധതികളും മറ്റു പദ്ധതികളും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല.

12. പട്ടികജാതി വികസന കോർപ്പറേഷനും പട്ടികജാതിവർഗ ക്ഷേമവകുപ്പും അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് നൽകുന്ന വായ്പകളും ധനസഹായവും ലക്ഷ്യം നേടുന്നില്ല.

13. പട്ടികജാതിക്കാരുടെ ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികളെ സംബന്ധിച്ച് അറിവ് വേണ്ടത്രയില്ല.

14. പഞ്ചായത്തിലെ മിച്ചഭൂമിയും റവന്യൂ പുറംപോക്കു ഭൂമിയും ലഭിക്കുന്നതിൽ പട്ടികജാതി വിഭാഗം പിൻതള്ളപ്പെടുന്നു.

## സാദ്ധ്യതകൾ

* കോളനികൾ കേന്ദ്രീകരിച്ച് സാമൂഹ്യ ക്ഷേമ വകുപ്പിന്റെ കീഴിലുള്ള ഐ.സി.ഡി.എസ്പ്രൊജക്ടിന്റെ അംഗനവാടികൾ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

* എസ്.എസ്.എൽ.സി വരെയും തുടർന്നു പഠനം നടത്തുന്നതിനുള്ള മുഴുവൻ പട്ടികജാതി വിദ്യാർത്ഥികളെയും പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക.

* ഏറ്റവും സമർത്ഥരായ വിദ്യാർത്ഥികളെ ഉന്നതവിദ്യാഭ്യാസം നടത്തുന്നതിലേക്ക് വ്യക്തികളെയോ സ്ഥാപനങ്ങളെയോ കൊണ്ട് സ്പോൺസർ ചെയ്യിക്കുന്നതിന് പഞ്ചായത്ത് നേതൃത്വം വഹിക്കേണ്ടതാണ്.

* അഭ്യസ്തവിദ്യരായവരുടെ സേവനം കോളനികളിലെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്താൻ പ്രയോജനപ്പെടുത്തുക.

* കോളനികളിലെ പെൺകുട്ടികളെ കൈത്തൊഴിലുകൾ പരിശീലിപ്പിക്കുകയും വനിതകളുടെ സഹകരണ സംഘങ്ങൾ രൂപീകരിച്ച് ഗാർമെന്റ് മേക്കിംഗ് തുടങ്ങിയ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക.

* വ്യവസായ പരിശീലനം നൽകുകയും പരിശീലനം ലഭിച്ചവർക്ക് വ്യവസായം തുടങ്ങാൻ ആവശ്യമായ വായ്പ പൂർണ്ണമായി അനുവദിക്കുകയും ചെയ്യുക, അനുവദിച്ച വായ്പ ഈ ആവശ്യത്തിനുതന്നെ ഉപയോഗിക്കുന്നുണ്ടോ എന്നു പരിശോധിക്കാനുള്ള മേൽനോട്ടധികാരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കേണ്ടതാണ്.

* കോളനികൾ കേന്ദ്രീകരിച്ച് പത്തോ പതിനഞ്ചോ പെൺകുട്ടികളെ ഉൾപ്പെടുത്തിക്കൊണ്ടു ബ്ലോക്ക് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്ന വനിതാ ശിശുവികസന (DWCRA) പദ്ധതിക്ക് രൂപം നൽകുക.

* കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള ഒരു പരിശീലനകേന്ദ്രം ഗ്രാമത്തിൽ സ്ഥാപിച്ച് പരിശീലനം നൽകുക.

* ആക്കോലിൽ, വടക്കുംഭാഗം വാളത്തുംഗൽ ബി, സി വാർഡുകളിലെ തൊഴിൽരഹിതരായ ചെറുപ്പക്കാർക്ക് തൊഴിൽ ലഭിക്കുന്നതിന് വടക്കുംഭാഗം ഇടക്കുന്നം കേന്ദ്രീകരിച്ച് ഒരു ഇഷ്ടിക കമ്പിനിയും ഹോളോബ്രിക്സ് നിർമ്മാണ യൂണിറ്റും അനുബന്ധ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന കമ്പനിയും സഹകരണ അടിസ്ഥാനത്തിൽ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക.

* കാർഷിക-വ്യാവസായിക മേഖലകൾ ശക്തിപ്പെടുത്തി പട്ടികജാതി വിഭാഗങ്ങളുടെ തൊഴിൽസാദ്ധ്യത വർദ്ധിപ്പിക്കുക.

* പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന ഭൂരഹിത, ഭവനരഹിത പുനരധിവാസ പദ്ധതിയുടെ കുടുംബ വാർഷിക വരുമാന പരിധി 8000 രൂപയിൽ നിന്നും 15000 രൂപയായി വർദ്ധിപ്പിക്കേണ്ടതാണ്. അതോടൊപ്പം ഭൂമി വാങ്ങുന്നതിനുള്ള ആനുകൂല്യം 10,000 രൂപയിൽ നിന്നും 20,000 രൂപയായും വീട് വയ്ക്കുന്നതിനുള്ള ആനുകൂല്യം 15,000 രൂപയിൽ നിന്നും 30,000 രൂപയായി വർദ്ധിപ്പിക്കുക.

* ഭൂമിയുള്ളവർക്ക് ഭവനനിർമ്മാണ ഗ്രാന്റായി കൊടുത്തുകൊണ്ടിരിക്കുന്ന 10,000 രൂപ 30,000 രൂപയായി വർദ്ധിപ്പിക്കുക.

* ലക്ഷംവീട് കോളനിയിലെ കൂട്ടായ വീടുകൾ വിഭജിച്ച് ഒറ്റവീടാക്കി മാറ്റുക.

* വീടു പുതുക്കിപ്പണിയുന്നതിനും അറ്റകുറ്റപ്പണികൾക്കും നൽകുന്ന ഗ്രാന്റ് 10,000 രൂപയാക്കി വർദ്ധിപ്പിക്കുക.

* മുഴുവൻ പട്ടികജാതി കുടുംബങ്ങൾക്കും കി



ണറും കക്കൂസും നിർമ്മിക്കുന്നതിനും വൈദ്യുതീക രിക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക.

* പട്ടികജാതിക്ഷേമ വകുപ്പിൽ നിന്നും നൽകുന്ന ഓലമേച്ചിൽ ധനസഹായം 500 രൂപയിൽ നിന്ന് 1000 രൂപയായി വർദ്ധിപ്പിക്കുകയും ദാരിദ്ര്യരേഖയ്ക്ക് താഴെ നിൽക്കുന്ന മുഴുവൻ കുടുംബങ്ങൾക്കും ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

* വീടിന്റെ മേൽക്കൂര ബലപ്പിക്കുന്നതിനും ഓട് മേയുന്നതിനുമായി നൽകിവരുന്ന 3000 രൂ 5000 രൂപയായും ഓടു മേയുന്നതിന് മാത്രമായി നൽകിവരുന്ന 2500 രൂപ 4000 രൂപയായി വർദ്ധിപ്പിക്കേണ്ടതാണ്. ഇവരുടെ കുടുംബവാർഷിക വരുമാനം 8000 രൂപയിൽ നിന്നും 15,000 രൂപയായി വർദ്ധിപ്പിക്കേണ്ടതാണ്.

* പട്ടികജാതി വിഭാഗങ്ങളിൽ ഏറിയ പങ്കും രണ്ടും മൂന്നും സെന്റ് ഭൂമികളിൽ താമസിക്കുന്നവരാണ്. ഗ്രാമപഞ്ചായത്ത് നിർമ്മിച്ചിട്ടുള്ള പൊതുശ്മശാനത്തിന്റെ പ്രവർത്തനം തുടങ്ങാത്തതുകൊണ്ട് ഈ വിഭാഗം വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ട്. കുന്നിൽ വടക്കുംവശം എത്തി നിൽക്കുന്ന റോഡ് ശ്മശാനം വരെ നിർമ്മിച്ച് സഞ്ചാരപ്രദമാക്കിയാൽ ഈ വിഭാഗത്തിന് പ്രയോജനപ്രദമാണ്. ഇതോടൊപ്പം ശ്മശാനത്തിലേക്ക് മൃതദേഹം കൊണ്ടുപോകുന്നതിനുള്ള ഒരു ഉന്തുവണ്ടി പഞ്ചായത്തിന്റെ വകയായി വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

* കൈവശ ഭൂമിക്ക് പട്ടയം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ച് അടിയന്തിരമായി നടപ്പിലാക്കുക.

* ഇരവിപുരം പഞ്ചായത്ത് പട്ടികജാതി സർവ്വീസ് സഹകരണസംഘത്തിന് സ്വന്തമായി സ്ഥലവും കെട്ടിടവുമില്ലാത്ത സാഹചര്യത്തിൽ പുറംപോക്കു ഭൂമി പതിച്ച് നൽകുന്നതിന് ഗ്രാമ പഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്.

* പഞ്ചായത്ത് പാട്ട വ്യവസ്ഥയിൽ കൃഷിഭൂമി ഏറ്റെടുത്ത് പച്ചക്കറിത്തോട്ടങ്ങൾ ഉണ്ടാക്കുകയും വനികളെ ഉൾപ്പെടുത്തി കൃഷിക്കാവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കുകയും കൃഷിഭവന്റെ സഹായം ലഭ്യമാക്കുകയും ചെയ്യുക.

* മിച്ചഭൂമിയും റവന്യൂ പുറംപോക്കു ഭൂമിയും പഞ്ചായത്ത് ഏറ്റെടുത്ത് പട്ടികജാതി വിഭാഗത്തിന് അർഹിക്കുന്ന പ്രാതിനിധ്യം നൽകി നീതിയുക്തമായി വിതരണം നടത്തുക.

* ഫിലിപ്പ്മുക്ക് മുതൽ ഇടക്കുന്നം ലക്ഷംവീടു വരെയുള്ള റോഡിന്റെ വീതികൂട്ടി സഞ്ചാരപ്രദമാക്കുക. ലക്ഷംവീട്ടിൽ നിന്നും പൊതുശ്മശാനത്തിലേക്ക് റോഡ് നിർമ്മിക്കുക.

* കരിവയൽ വാളത്തുംഗൽ റോഡിൽ നിന്നും തോണ്ടിവയൽ ജയന്തികോളനിയിലേക്ക് റോഡ് നിർമ്മിക്കുക.

* കുന്നത്താൻ വെളി പുത്തൻനട റോഡിൽ നിന്നും കുന്നത്താൻ വെളി ലക്ഷംവീട്ടിലേക്ക് റോഡ് നിർമ്മിക്കുക.

* വാളത്തുംഗൽ എസ്.എൻ.ഡി.പി ശാഖാമന്ദിരത്തിന്റെ സമീപത്തു നിന്നും വാളത്തുംഗൽ മനക്കര വയൽ കോളനിയിലേക്ക് റോഡ് നിർമ്മിക്കുക.

* താമരശ്ശേരി അമ്മാച്ചൻമുക്ക് റോഡിൽ നിന്നും ആക്കോലിൽ ലക്ഷംവീട്ടിലേക്ക് റോഡ് നിർമ്മിക്കുക.

* പുറത്തേവയൽ മുക്കിൽ നിന്നും താഴ്ത്ത്വയൽ കമ്പിട്ടഴികം കോളനിയിലേക്ക് റോഡ് നിർമ്മിക്കുകയും കമ്പിട്ടഴികം കുന്നത്തു റോഡ് സഞ്ചാരയോഗ്യമാക്കുകയും ചെയ്യുക.

* വാളത്തുംഗൽ ജംഗ്ഷനിൽ നിന്നും കുന്നിൻ കോളനിയിലേക്ക് റോഡ് നിർമ്മിക്കുക.

* പട്ടികജാതി വിഭാഗങ്ങൾക്ക് ലഭിക്കുന്ന പദ്ധതികളെ സംബന്ധിച്ച് കൂടുതൽ അറിവിലേക്ക് ബോധവൽക്കരണ പരിപാടികൾ ആവിഷ്ക്കരിക്കേണ്ടതായിട്ടുണ്ട്. ഇതിന്റെ ഭാഗമായി കോളനികളിൽ ടി.വി. സെറ്റുകൾ സ്ഥാപിച്ചും വിവിധ വകുപ്പുകൾ മുഖേന ക്ലാസുകൾ സംഘടിപ്പിച്ചും പരിഹാരം കാണാവുന്നതാണ്.

* ക്ഷേമ പദ്ധതികൾ അർഹതപ്പെട്ടവർക്ക് കൃത്യസമയത്ത് ലഭിക്കുന്നതിന് സഹായകരമായ രീതിയിൽ നിബന്ധനകൾ ലഘൂകരിക്കുക. ലളിതമായ വ്യവസ്ഥകളിലൂടെ മാത്രമേ ഈ വിഭാഗത്തിന് വായ്പകളും ധനസഹായങ്ങളും ഉപയോഗപ്പെടുത്തി തൊഴിൽസംരംഭങ്ങളും മറ്റും ആരംഭിക്കാൻ കഴിയൂ. ഇത്തരം പദ്ധതികൾ ഗ്രാമപഞ്ചായത്ത് മുഖേനയാണെങ്കിൽ കൂടുതൽ ഫലപ്രദമാക്കുന്നതിനും കഴിയും.

* എല്ലാ പദ്ധതികൾക്കും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് പഞ്ചായത്ത് സമിതികളെ ചുമതലപ്പെടുത്തുകയും മേൽനോട്ടത്തിന് സംവിധാനം ഉണ്ടാക്കുകയും ചെയ്യുക.





## അഞ്ച് - പന്ത്രണ്ട്

# വിനോദസഞ്ചാരം

കേരളത്തിന്റെ വികസനരംഗത്ത് ഏറെ സാദ്ധ്യതകളുള്ള ഒരു മേഖലയാണ് വിനോദസഞ്ചാരം. നമ്മുടെ ഗ്രാമത്തിനും ഈ മേഖലയിൽ തനതായ ചില സംഭാവനകൾ ചെയ്യാനുണ്ട്. തങ്കശ്ശേരി വിളക്കുമാടം മുതൽ പരവൂർ വരെയുള്ള തീരപ്രദേശം വിനോദസഞ്ചാര ഭൂപടത്തിലേക്ക് നമ്മുടെ ഗ്രാമത്തേയും സ്ഥാനം പിടിപ്പിക്കുന്നു. പ്രകൃതിരമണീയമായ പരവൂർ-അഷ്ടമുടി കായലുകളെ കൊല്ലംതോട് കോർത്തിണക്കുകയാണ്. രാജഭരണകാലത്ത് പ്രധാന ജലമാർഗ്ഗമായിരുന്ന ഈ തോടിന്റെ ഇരുവശവും തണൽമരങ്ങളും വള്ളിപ്പടർപ്പുകളുംകൊണ്ട് ചോലവിരിച്ചിരുന്നു. യാത്രക്കാരുടെ മാനസികോല്ലാസത്തിന് ഉതകുന്നതായിരുന്നു ഈ ജലമാർഗ്ഗം. ഇവയുടെ പൂർവ്വകാലപ്രൗഢി വീണ്ടെടുക്കാൻ ഈ തോടിനെ ദേശീയ ജലപാതയാക്കി മാറ്റണം.

അറബിക്കടലിന്റെ തീരത്തുകൂടി നമ്മുടെ ഗ്രാമത്തെ തൊട്ടുരുമ്മി കടന്നുപോകുന്ന തീരദേശപാത വർക്കല-കോവളം ഭാഗങ്ങളിലെത്തുന്ന ടൂറിസ്റ്റുകളെ ഇവിടേയ്ക്ക് എത്തിക്കും. പലപ്പോഴും ഫിലിംഷൂട്ടിംഗുകൾ നടക്കാറുള്ള ഇരവിപുരം-മയ്യനാട് അതിർത്തികൂടിയായ താന്നി പ്രദേശം വളരെ മനോഹരമാണ്. കൂടാതെ വിശാലമായ മണൽപ്പരപ്പോടുകൂടിയതാണ് ഇരവിപുരം കടൽപ്പുറം. ഇവിടുത്തെ മത്സ്യബന്ധന മേഖല ഒഴികെയുള്ള ഭാഗം മനോഹരമായ പാർക്കാക്കി മാറ്റാവുന്നതാണ്.

കടലിനും കായലിനുമിടയ്ക്ക് ഒരു ഉപദ്വീപ് എന്നപോലെ താന്നിമുതൽ പരവൂർപൊഴി വരെയുള്ള ഭാഗം കിടക്കുന്നു. ജലോത്സവത്തിനും ഉല്ലാസയാത്രയ്ക്കും അനുയോജ്യമായ ഭാഗമാണിത്. ഇവിടെ ഒരു ബോട്ടുജട്ടി നിർമ്മിക്കണം. ഈ പ്രദേശം കേന്ദ്രീകരിച്ച് ഒരു വിനോദസഞ്ചാരകേന്ദ്രം രൂപകൽപ്പന ചെയ്യേണ്ടതാണ്. ഇതിലൂടെ വിനോദസഞ്ചാരികളെ ഏറെ ആകർഷിക്കാനുള്ള മേഖലയായി തങ്കശ്ശേരി മുതൽ പരവൂർ വരെയുള്ള തീരദേശം മാറും. കൊല്ലം-തിരുവനന്തപുരം റെയിൽവേ പാതയും ദേശീയപാത 47 ഉം നിർദ്ദിഷ്ട ദേശീയജലപാതയും ഇവിടെ വിനോദസഞ്ചാരികൾക്ക് എത്തിച്ചേരുവാനുള്ള എല്ലാ സൗകര്യങ്ങളും ഒരുക്കുകയാണ്.

ഈ രംഗത്ത് ഉയർന്നുകാണുന്ന സാദ്ധ്യതകളെ പ്രയോജനപ്പെടുത്താൻ ഉതകുന്ന രീതിയിലുള്ള ഒരു മാസ്റ്റർപ്ലാൻ ജില്ലാപഞ്ചായത്ത്, ഇരവിപുരം-മയ്യനാട് പഞ്ചായത്തുകളുടേയും കൊല്ലം-പരവൂർ മുനിസിപ്പാലിറ്റികളുടേയും സഹായത്തോടെ തയ്യാറാക്കണം.





# അഞ്ച് - പതിമൂന്ന്

# വിഭവസമാഹരണം

കൊല്ലം ജില്ലയിലെ പ്രധാനപ്പെട്ട ഒരു സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്താണ് ഇരവിപുരം. പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങൾ കെട്ടിട നികുതി, തൊഴിൽനികുതി, വിനോദനികുതി എന്നിവയാണ്. പഞ്ചായത്ത് രാജ് നിയമപ്രകാരം മറ്റു വകുപ്പുകളിൽ നിന്ന് അനുവദിച്ച തുകയും സർക്കാർ ഗ്രാന്റുകളും കൂടി വിനിയോഗിച്ചുകൊണ്ടാണ് പഞ്ചായത്തിന്റെ നാളിതുവരെയുള്ള വികസന പ്രവർത്തനങ്ങൾ നടത്തിവരുന്നത്.

പഞ്ചായത്തിന്റെ 1995–96 ലെ വരവു സംബന്ധിച്ച വിവരങ്ങൾ പട്ടിക–1 ൽ ചേർത്തിരിക്കുന്നു. പ്രധാന വരുമാന മാർഗ്ഗങ്ങളായ കെട്ടിട നികുതി, തൊഴിൽനികുതി, വിനോദനികുതി, എന്നിവയുടെ കഴിഞ്ഞ 5 വർഷത്തെ കണക്കുകൾ അടങ്ങുന്ന പട്ടിക (പട്ടിക–2) ചുവടെ ചേർത്തിരിക്കുന്നതിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത് പുതിയ കെട്ടിടങ്ങൾ ഉണ്ടായതിന്റെ ഫലമായി കെട്ടിടനികുതി അതിന് അനുസൃതമായി വർദ്ധിപ്പിച്ചിട്ടുണ്ട് എന്നാണ്. 1991–92 ൽ 4932 കെട്ടിടങ്ങൾ ഉണ്ടായിരുന്ന നിലയിൽ നിന്നും 1995–96 ആയപ്പോൾ 6125 ആയി വർദ്ധിച്ചിട്ടുണ്ട്. എന്നാൽ വിനോദനികുതി വർദ്ധനവ് ഉണ്ടായിട്ടില്ലെന്നും കാണാം. മെച്ചപ്പെട്ട സൗകര്യങ്ങളോടു കൂടിയ സിനിമാ തിയേറ്ററുകൾ ഇല്ലാത്തതും വിനോദനികുതി കാര്യക്ഷമമായി പരിച്ചെടുക്കുവാനുള്ള സംവിധാനത്തിന്റെ അപര്യാപ്തതയുമാണ് ഇതിന് കാരണമായിട്ടുള്ളത്.

മറ്റൊരു വരുമാന മാർഗ്ഗമായ ചന്ത, സ്റ്റാൾ, ഫലവൃക്ഷങ്ങൾ എന്നിവയുടെ ലേലവരുമാനം പട്ടിക–3 ൽ സൂചിപ്പിക്കുന്നു. ചന്തയും അതിനോടനുബന്ധിച്ചുള്ള സ്റ്റാളുകളും വേർതിരിച്ച് ലേലം ചെയ്തത് ഗണ്യമായ വരുമാന വർദ്ധനവിന് കാരണമായിട്ടുണ്ട്.

വിവിധ വികസന പ്രവർത്തനങ്ങൾക്കായി അനുവദിച്ച തുകയുടെ വിശദവിവരം പട്ടിക–4 ൽ ചേർത്തിരിക്കുന്നു. കൂടാതെ പഞ്ചായത്ത്രാജ് നിയമപ്രകാരം 1995–96 ൽ 2,92,852 രൂപയാണ് നമ്മുടെ പഞ്ചായത്തിൽ അനുവദിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച വിശദവിവരങ്ങൾക്ക് പട്ടിക5 കാണുക. പ്രത്യുൽപ്പാദനപരമായ മേഖലകളിൽ മുതൽമുടക്കുവാനും അതുവഴി പഞ്ചായത്തിന്റെ വരുമാനമാർഗ്ഗം വികസിപ്പിക്കുവാനും കഴിഞ്ഞിട്ടില്ല.

ഇരവിപുരം ഗ്രാമപഞ്ചായത്തിന്റെ വിഭവങ്ങളെ കാർഷിക, വ്യാവസായിക, വാണിജ്യ മേഖലകളിലേക്ക് തിരിച്ചുവിട്ടുകൊണ്ട് പഞ്ചായത്തിന്റെ സമഗ്ര വികസനം ഉറപ്പാക്കുന്ന ഒരു പ്രവർത്തനരീതി സ്വായത്തമാക്കേണ്ടിയിരിക്കുന്നുവെന്ന് ചെലവിനങ്ങളുടെ വിശദാംശങ്ങളിലേക്ക് കടക്കുമ്പോൾ മനസ്സിലാക്കാൻ കഴിയും. ഇരവിപുരം പഞ്ചായത്തിന്റെ ഭരണച്ചെലവ് വരുമാനത്തിന്റെ 26.55 ശതമാനമാണ്.

രണ്ട് പതിറ്റാണ്ടായി പഞ്ചായത്ത് ജീവനക്കാരുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടെന്ന കാര്യം പരിശോധിക്കുമ്പോൾ ശമ്പളവർദ്ധനവ് കൂടാതെ പഴയ ജീപ്പിന്റെ ഉപയോഗം മൂലമുണ്ടാകുന്ന അധിക ചെലവും പഞ്ചായത്ത് രാജ് നിയമം മൂലം പുതുതായി വന്നുചേർന്ന പ്രധാന കാരണമെന്ന് വിലയിരുത്തും.

പഞ്ചായത്തിന്റെ ആകെ ചെലവായ 26,94,159 രൂപയിൽ 15,99,741 രൂപയും പൊതുമരാമത്തു പണികൾക്കാണ് ചെലവഴിച്ചിട്ടുള്ളത്. റോഡുകളുടെ നിർമ്മാണത്തിനും പുനരുദ്ധാരണത്തിനുമാണ് അതിന്റെ അധികഭാഗവും ചെലവാക്കിയിട്ടുള്ളത് (11,59,982 രൂപ). പഞ്ചായത്തിന്റെ മരാമത്തുപണികൾ കൂടുതൽ ഗുണമേൻമയുള്ളതായി തീർക്കുന്നതിന് പ്രവർത്തനങ്ങൾ സുതാര്യമാക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് വിരൽചൂണ്ടുകയാണ്. ചെലവു സംബന്ധിച്ച വിശദവിവരങ്ങൾ പട്ടിക 6, 7 ൽ വിശദമായി കൊടുത്തിട്ടുണ്ട്. മറ്റൊരു പ്രധാന ചെലവിനമായ തെരുവുവിളക്കുകൾ കത്തിക്കുന്നതിന് വരുമാനത്തി



ന്റെ 7.48 ശതമാനമായ 1,70,892 രൂപ ചെലവഴിക്കുന്നെങ്കിലും ഭൂരിപക്ഷം തെരുവുവിളക്കുകളും ശരിയായ രീതിയിൽ പ്രകാശിക്കുന്നില്ല.

യാദൃശ്ചിക ചെലവുകൾക്കുപോലും ബുദ്ധിമുട്ട് ഉണ്ടാക്കുന്ന തരത്തിലാണ് ധനവിനിയോഗത്തിന് ഗവൺമെന്റ് ഏർപ്പെടുത്തിയിരിക്കുന്ന നിയന്ത്രണങ്ങൾ. (റോഡ് വികസനത്തിന്റെ ഭാഗമായി ഇലക്ട്രിക് പോസ്റ്റ് മാറ്റിസ്ഥാപിക്കൽ, അനാഥ പ്രേതം മറവുചെയ്യൽ തുടങ്ങിയവയ്ക്കു ഇന്ന് അനുവദിച്ചിരിക്കുന്ന തുകകൾക്ക് കാലോചിതമായ മാറ്റം വരുത്തേണ്ടതാണ്).

ഇരവിപുരം ഗ്രാമപഞ്ചായത്ത് നിവാസികളിൽ നിന്നും നിക്ഷേപങ്ങൾ സ്വീകരിക്കുന്ന ബാങ്കുകളായ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ-ഇരവിപുരം ശാഖ, ഇൻഡ്യൻ ബാങ്ക്-പോളയത്തോട് ശാഖ, കോർപ്പറേഷൻ ബാങ്ക്-പള്ളിമുക്ക് ശാഖ, ഇൻഡ്യൻ ബാങ്ക്-മയ്യനാട് ശാഖ, കാനറാ ബാങ്ക്-തട്ടാമല ശാഖ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ-മുണ്ടക്കൽ ശാഖ തുടങ്ങിവയും സഹകരണ സ്ഥാപനങ്ങളായ ഇരവിപുരം സർവ്വീസ് സഹകരണ ബാങ്കും, മയ്യനാട് സർവ്വീസ് സഹകരണ ബാങ്കും, മയ്യനാട് ആർ.സി. ബാങ്കും കൊല്ലൂർവിള സർവ്വീസ് സഹകരണ ബാങ്കും ചേർന്ന് 10 കോടിയിലധികം രൂപ സ്വരൂപിച്ചിട്ടുണ്ട്. പോസ്റ്റാഫീസ് നിക്ഷേപ പദ്ധതിയിലും ധാരാളംപേർ അംഗങ്ങളായി പണം നിക്ഷേപിക്കുന്നുണ്ട്. നമ്മുടെ പഞ്ചായത്തിലെ ധനകാര്യ സ്ഥാപനങ്ങൾ കാർഷിക, വ്യാവസായിക, വാണിജ്യ കാര്യങ്ങൾക്ക് വായ്പ അനുവദിക്കുന്ന കാര്യത്തിൽ വളരെ പിന്നിലാണ്. മയ്യനാട് ഇൻഡ്യൻ ബാങ്ക്, വാളത്തുംഗൽ 'സി' വാർഡ് മാതൃകാ വാർഡായി തെരഞ്ഞെടുത്തെങ്കിലും കാര്യമായ നേട്ടമൊന്നുമുണ്ടായിട്ടില്ല. ഇതുകൂടാതെ ഈ ഗ്രാമത്തിൽ കൂടിയ പലിശക്ക് പണം നൽകുന്ന നൂറിലധികം വ്യക്തികളും ഏജൻസികളും പ്രവർത്തിക്കുന്നുണ്ട്. ലളിതമായ നടപടിക്രമങ്ങളിൽ പണം ലഭിക്കുമെന്നുള്ളതുകൊണ്ടാണ് ഇത്തരം ഏജൻസികളെ സമീപിക്കുന്നതിന് കാരണമായിട്ടുള്ളത്.

വിദേശത്ത് തൊഴിലെടുക്കുന്ന 2500 ലധികം പേർ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇതിൽ ബഹുഭൂരിപക്ഷവും പേർഷ്യൻ-ഗൾഫ് മേഖലകളിലാണ് കുടിയേറിയിട്ടുള്ളത്. ഏകദേശം രണ്ടുകോടിയിൽ കുറയാത്ത പ്രതിമാസ തുക നമ്മുടെ നാട്ടിലേക്ക് എത്തിക്കുന്ന ഇവരിൽ ഏറിയപങ്കും പഞ്ചായത്തിന്റെ വടക്കൻ മേഖലയിലുള്ളവരാണ്. കാർഷിക-വ്യാവസായിക-വാണിജ്യ മേഖലയിൽ നിക്ഷേപമായിട്ടല്ല, മണിമാളികകൾ പണിതും ആഡംബര വസ്തുക്കൾ വാങ്ങിയുമാണ് പണം ഏറെയും ചെലവഴിക്കുന്നത്. എന്നാൽ സാമൂഹ്യ-സാംസ്ക്കാരിക-സാമുദായിക മേഖലയിലെ പൊതുപ്രവർത്തനങ്ങൾക്ക് ഇവർ ഉദാരമായി സംഭാവന ചെയ്യുന്നുമുണ്ട്. മറ്റൊരു പ്രധാനപ്പെട്ട വിഭവമായ മനുഷ്യാധ്വാനത്തിന്റെ കാര്യത്തിൽ നമ്മുടെ ഗ്രാമം ഏറെ സമ്പന്നമാണെന്നാണ് നവംബർ 1 ന്റെ പുനരർപ്പണ ദിനത്തിലെ കരിവയൽ തോട് അഭിവൃദ്ധി പ്രവർത്തനത്തിലുണ്ടായ യുവജന പങ്കാളിത്തം തെളിയിക്കുന്നത്. പഞ്ചായത്തിലെ 40 ലധികം വരുന്ന സാമൂഹ്യ-സാംസ്ക്കാരിക സംഘടനകളിലും യുവജന സംഘടനകളിലുമായി അംഗങ്ങളായിട്ടുള്ള 10,000 ലധികം വരുന്നവരിൽ നിന്നും 2000 ലധികംപേർ 'ഒരു സന്നദ്ധസേന'യിൽ പങ്കാളിയാകാൻ സന്നദ്ധരായിക്കഴിഞ്ഞു എന്നാണ്. കൂടാതെ സ്കൂൾ പി.ടി.എ, സ്കൗട്ട്സ് ആന്റ് ഗൈഡ്സ്, നാഷണൽ സർവ്വീസ് സ്കീം തുടങ്ങിയ സേവന സംഘങ്ങളെ കൂടി കൂട്ടിച്ചേർക്കാൻ കഴിഞ്ഞാൽ വികസനരംഗത്ത് ഒരു പുതുസംസ്ക്കാരം വളർത്തിയെടുക്കാൻ കഴിയുമെന്നതിൽ സംശയമില്ല. പരമ്പരാഗത വ്യവസായമായ കശുവണ്ടി, കയർ, കൈത്തറി രംഗത്ത് നൂറ്റാണ്ടുകളായി പണിയെടുത്തു വരുന്നവരാണ് ഇരവിപുരത്തെ വനിതകൾ. കൂടാതെ മത്സ്യബന്ധനം, മത്സ്യസംസ്ക്കരണം, തീപ്പെട്ടി വ്യവസായം തുടങ്ങിയവയിലും ധാരാളംപേർ ജോലിചെയ്യുന്നുണ്ട്. ഗ്രാമത്തിന്റെ വടക്കൻ മേഖലയിലാകട്ടെ, അപൂർവ്വമായിട്ടുള്ളതും എന്നാൽ സാദ്ധ്യതയുള്ളതുമായ നിരവധി വ്യവസായ മേഖലകളിൽ പ്രവർത്തിച്ച് പ്രാവിണ്യം സിദ്ധിച്ചവരാണ്. തീരപ്രദേശത്തെ കടലും കായലും അനുഗ്രഹിച്ച് നൽകുന്ന മത്സ്യസമ്പത്ത് ഒരു വിശേഷ വിഭവം തന്നെയാണ്. അങ്ങനെ പ്രകൃതി വിഭവങ്ങൾ, പരമ്പരാഗതമായ സാങ്കേതിക പരിജ്ഞാനം, മൂലധനം, മനുഷ്യാധ്വാനം എന്നിവയിൽ സമ്പന്നമെങ്കിലും ഇവയെ സംയോജിപ്പിച്ച് ഇരവിപുരം ഗ്രാമത്തിന്റെ കാർഷിക-വ്യാവസായിക വികസനത്തിന് പ്രയോജനപ്പെടുത്തുന്നതെങ്ങനെ എന്നതാണ് നാം നേരിടുന്ന പ്രധാന പ്രശ്നം.

## പരിഹാരങ്ങൾ

1. വിനോദനികുതി വർദ്ധനയ്ക്ക് സഹായകരമായി സിനിമ തിയേറ്ററുകളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിന് വേണ്ട നിർദ്ദേശങ്ങൾ വയ്ക്കുകയും വിനോദനികുതി കൃത്യമായി പിരിച്ചെടുക്കുന്നതിന് വേണ്ട സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.

2. ഷോപ്പിംഗ് കോംപ്ലക്സ്, സ്റ്റാളുകൾ എന്നിവ സ്ഥാപിച്ച് പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുക.

3. പൊതുമരാമത്തു പണിയുടെ ഗുണനിലവാരം ഉയർത്തി ആവർത്തനച്ചെലവ് കുറയ്ക്കേണ്ടതാ



ണ്. അതിനുതകുന്ന രീതിയിൽ മരാമത്തുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ എല്ലാ ഘട്ടങ്ങളിലും സുതാര്യത ഉറപ്പുവരുത്തണം. പഞ്ചായത്തിന്റെ ചെലവിനത്തിൽ കാര്യമായ കുറവുണ്ടാകാൻ ഇതുകൊണ്ട് സാധിക്കും.

4. പ്രത്യുൽപ്പാദനകരമായ മേഖലകളിൽ മുതൽ മുടക്കുവാനും വരുമാനമുണ്ടാക്കുന്നതിനും പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു.

5. പ്രകാശിക്കാത്ത തെരുവുവിളക്കുകളുൾപ്പെടെ കണക്കാക്കി പഞ്ചായത്തിന്റെ വരുമാനത്തിന്റെ നല്ലൊരു പങ്ക് വൈദ്യുതചാർജ്ജിനത്തിൽ അടയ്ക്കേണ്ടിവരുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

6. ഇരവിപുരം ഗ്രാമനിവാസികളിൽ നിന്നും നിക്ഷേപം സ്വീകരിക്കാൻ കഴിയുന്ന തരത്തിൽ പഞ്ചായത്ത് ഓഫീസുമായി ബന്ധപ്പെട്ട നിക്ഷേപം സ്വീകരിക്കുന്ന സ്കീം ആരംഭിക്കാൻ കഴിഞ്ഞാൽ ഗ്രാമവികസനത്തിന് സഹായകരമായി ഉപയോഗിക്കാൻ കഴിയും.

7. ഗ്രാമത്തിലെ വിദേശ മലയാളികളുമായി ബന്ധം സ്ഥാപിക്കാൻ കഴിയുന്ന തരത്തിലുള്ള സംവിധാനം രൂപപ്പെടുത്തേണ്ടതാണ്.

8. പഞ്ചായത്തിൽ 2000 പേരിൽ കുറയാത്ത ഒരു സന്നദ്ധ പ്രവർത്തനസമിതി രൂപീകരിക്കേണ്ടതാണ്.

9. കരകൗശല-പരമ്പരാഗത മേഖലയിൽ പണിയെടുക്കുന്ന ഗ്രാമത്തിലെ വിദഗ്ദ്ധരെ പഞ്ചായത്തുതലത്തിൽ ഏകോപിപ്പിച്ച് ആശയവിനിമയം നടത്താനുള്ള അവസരം സൃഷ്ടിക്കണം. കൂടാതെ ഗ്രാമത്തിലെ മികച്ച സാങ്കേതിക-കരകൗശല വിദഗ്ദ്ധർക്ക് (പരമ്പരാഗത) അംഗീകാരം നൽകാനും തയ്യാറാകണം.

പട്ടിക 1

**വരവ് സംബന്ധിച്ച വിവരങ്ങൾ ( 1995-96)**

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| കെട്ടിട നികുതി | 285473.35 | 285473.35 | ഇല്ല |
| സർവീസ് ചാർജ്ജ് | 105768.30 | 105768.30 | ” |
| തൊഴിൽ നികുതി | 278860 | 278860 | ” |
| വാഹനനികുതി | - | - | - |
| വിനോദ നികുതി | 239779.10 | 239779.10 | - |
| അഡീ. വിനോദ നികുതി | 147976.41 | 147976.41 | - |
| പ്രദർശന നികുതി | 8026 | 8028 | - |
| പ്രദർശന നികുതിയിൻമേലുള്ള സർചാർജ്ജ് | 2006.50 | 2006.50 | - |
| ചന്തവരവ് | 33543 | 33543 | - |
| ലാന്റ്സെസ് | 72190 | 72190 | - |
| ലൈസൻസ് ഫീസ് | 72190 | 72190 | - |
| ഡെപ്പോസിറ്റ് | 86242 | 86242 | - |
| മറ്റുള്ളവ | 1012517.90 | 13532.85 | - |
| ആകെ | 2773396..51 | 1258064.56 | |

**പട്ടിക -2**

**91-92 മുതൽ 5 വർഷത്തെ കെട്ടിട-തൊഴിൽ-വിനോദ നികുതികൾ**

| വർഷം | കെട്ടിട നികുതി | തൊഴിൽ നികുതി | വിനോദ നികുതി |
|---|---|---|---|
| 199-192 | 2,63,428.60 | 1,86,198.00 | 3,39,660.71 |
| 92-93 | 2,89,056.50 | 2,11,713.00 | 3,87,911.52 |
| 93-94 | 3,73,467.85 | 2,52,370.00 | 3,72,266.90 |
| 94-95 | 3,91,241.65 | 2,78,860.00 | 4,00,094.01 |
| 95-96 | 4,12,655.85 | 3,22,466.00 | 3,91,347.85 |
| ആകെ | 17,29,850.45 | 12,51,607.00 | 18,91,280.99 |



## പട്ടിക– 5

**പഞ്ചായത്ത് രാജ് വകുപ്പിൽ നിന്നും അനുവദിച്ച തുക സംബന്ധിച്ച വിവരം**

| വകുപ്പ് | തുക | | ആകെ |
|---|---|---|---|
| | പദ്ധതി വിഹിതം | പദ്ധതി യേതര വിഹിതം | |
| മൃഗസംരക്ഷണം | 18000 | 1100 | 19100 |
| ആരോഗ്യം | 73242 | 1600 | 74842 |
| കൃഷി | 124580 | 3000 | 124880 |
| പി.ഡബ്ല്യുഡി | 20100 | – | 20100 |
| ഹരിജനക്ഷേമം | 1300 | 1000 | 2300 |
| മറ്റുള്ളവ | 46460 | 2460 | 4930 |
| ആകെ | 283692 | 9160 | 292852 |

## പട്ടിക – 6

**ചെലവു സംബന്ധിച്ച വിവരങ്ങൾ**

| ഇനം | തുക |
|---|---|
| ഭരണം | 703989.10 |
| പൊതുമരാമത്ത് | 1599741.75 |
| വിദ്യാഭ്യാസം | 41237.00 |
| പൊതുജനാരോഗ്യം | 131370.70 |
| തെരുവ്‌വിളക്കുകൾ കത്തിക്കുന്നത് | 172682.00 |
| മറ്റുള്ളവ | 45139.00 |
| ആകെ | 2694159.55 |

## പട്ടിക–3

**ലേലവരുമാനം സംബന്ധിച്ച വിവരങ്ങൾ**

| വർഷം | ചന്ത | സ്റ്റാൾ | ചവറ് | ഫലവൃക്ഷങ്ങൾ | കടകൾ | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|---|
| 95–96 | 71750 | 24850 | 130 | 1525 | – | – | 98255 |
| 96–97 | 60700 | 126100 | 200 | 3800 | – | – | 190800 |

## പട്ടിക –4

**ഗ്രാന്റ് വിവരങ്ങൾ**

| വർഷം | വിആർ.എം | എംഐ | വിറ്റിസി | അടിസ്ഥാന നികുതി 25% | അടിസ്ഥാന നികുതി 75% | സ്പെഷ്യൽ ഗ്രാന്റ് | ജെആർ.വൈ | അൺ ടൈഡ് ഫണ്ട് | ആകെ രൂപ |
|---|---|---|---|---|---|---|---|---|---|
| 95–96 | 24890 | 1350 | 106798 | 407700 | 278461 | 21000 | 233420 | 275135 | 1348754.00 |

## പട്ടിക – 7

**പൊതുമരാമത്ത് പണി സംബന്ധിച്ച വിവരങ്ങൾ**

| പണിയുടെ സ്വഭാവം | എസ്റ്റിമേറ്റ് തുക | യഥാർത്ഥ ചെലവ് | | |
|---|---|---|---|---|
| | | ഗ്രാന്റ് | പഞ്ച. | ആകെ |
| റോഡ് | 1159982, 1160952 | 802887.50 | 357094.5 | 1159982 |
| തോട് | 4980 | | 4.980 | 4.980 |
| കെട്ടിടം | 600000 | | | |
| മറ്റുള്ളവ | 20,292.50 | 14292.50 | 6000 | 20292.50 |
| ആകെ | 1786254.50 | 815180.00 | 362074.50 | 1164962.50 |



# ഇരവിപുരം ഗ്രാമ പഞ്ചായത്ത് പ്രവർത്തനരേഖ

പഞ്ചായത്ത് സംവിധാനം നിലവിൽ വന്നതിനെ തുടർന്ന് ഇന്നത്തെ പഞ്ചായത്ത് ആസ്ഥാനത്തിന് സ്ഥലം സൗജന്യമായി നൽകിയത് 1952 ൽ കുറുപ്പിനഴികത്ത് കുടുംബാംഗങ്ങളായ സർവ്വശ്രീ. ബാലൻപിള്ള, ചെല്ലപ്പൻ പിള്ള, ചെല്ലമ്മ പിള്ള, തങ്കമ്മ പിള്ള, സുമതിക്കുട്ടിപിള്ള എന്നിവരാണ്. .

1995 സെപ്റ്റംബർ 30–ാം തീയതി വമ്പിച്ച ജനക്കൂട്ടത്തിന്റെ സാന്നിദ്ധ്യത്തിൽ പുതുതായി തെരഞ്ഞെടുക്കപ്പെട്ട സമിതി അധികാരമേറ്റു. അഴിമതി രഹിത ഭരണത്തിലൂടെ ജനങ്ങളുടെ ഹൃദയത്തുടിപ്പ് മനസ്സിലാക്കി, ജനകീയ പങ്കാളിത്തത്തിലൂടെ ഈ ഗ്രാമത്തെ പുരോഗതിയുടെയും ഐശ്വര്യത്തിന്റെയും പാതയിലേക്ക് നയിക്കുമെന്ന് ഭരണസമിതി ഉറപ്പു നൽകി.

ഈ ഉറപ്പ് സഫലീകരിക്കാൻ വേണ്ട കർമ്മപരിപാടികൾക്ക് രൂപം നൽകുകയും ശുചീകരണ രംഗത്ത് ഏറെ ശ്രദ്ധിക്കുകയുമുണ്ടായി. 'ക്ലീൻ സിറ്റി'– 'ഗ്രീൻ സിറ്റി' എന്ന ആശയം ഉൾക്കൊണ്ട് 'P 96 ശുചീകരണവും ബോധവൽക്കരണവും' നടപ്പിലാക്കുകയുണ്ടായി. ഇതിൽ മാലിന്യങ്ങൾ നിറഞ്ഞു കിടന്ന ഓടകളും ചാലുകളും വൃത്തിയാക്കുകയും കൊല്ലംതോട് ഉൾപ്പെടെ മലിനജലം കെട്ടിക്കിടന്ന ഭാഗങ്ങളിലെല്ലാം മരുന്നുതളിയും ക്ളോറിനേഷനും നടത്തി ഫലപ്രദമായി കൊതുകു നിയന്ത്രണം ഏർപ്പെടുത്തുകയും പൊതുജനാരോഗ്യവകുപ്പിന്റെ സഹായത്തോടെ ബോധവൽക്കരണം നടത്തുകയുമുണ്ടായി. ഇതിന്റെ ഭാഗമായി പഞ്ചായത്ത് നിവാസികൾക്ക് ലോഷൻ വിതരണവും നടത്തി.

കാർഷികമേഖലയെ ഊർജ്ജസ്വലമാക്കാൻ ഉതകുന്ന രീതിയിലുള്ള ഒരു പഞ്ചായത്തുതല കാർഷിക സെമിനാർ കൃഷി അഡീഷണൽ ഡയറക്ടറുടെ നേതൃത്വത്തിൽ നടത്തുകയുണ്ടായി. തദവസരത്തിൽ തെരഞ്ഞെടുക്കപ്പെട്ട കർഷകരെ പൊന്നാട അണിയിച്ച് ആദരിക്കുകയും സാമ്പത്തിക സഹായം ലഭ്യമാക്കുകയും ചെയ്തു. കന്നുകാലിക്കൃഷി പരിപോഷിപ്പിക്കുന്നതിലേക്ക് ഈ ഗ്രാമപഞ്ചായത്തിൽ ഒരു മൃഗാശുപത്രി സ്ഥാപിക്കാൻ വേണ്ട നടപടി സ്വീകരിച്ചു. ഗ്രാമത്തിലെ കാരിക്കുഴി ഏലായിലെ കർഷകരെ സഹായിക്കുന്നതിന് 7.8.'96 ൽ ബഹുമാനപ്പെട്ട എം.എൽ.എ ശ്രീ. വി.പി. രാമകൃഷ്ണപിള്ളയുടെ അദ്ധ്യക്ഷതയിൽ കർഷകരുടെ ഒരു യോഗം നടത്തുകയുണ്ടായി. കൃഷി ഓഫീസർ, ജില്ലാ സോയിൽ കൺസർവേറ്റർ തുടങ്ങിയ സാങ്കേതിക വിദഗ്ദ്ധർ പ്രശ്നങ്ങൾ അവലോകനം ചെയ്യുകയും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു. കലാ–സാംസ്ക്കാരിക വളർച്ച ഉന്നംവച്ചുകൊണ്ട് ഈ ഭരണസമിതി സംഘടിപ്പിച്ച യുവജനമേള വമ്പിച്ച വിജയമായിരുന്നു. പത്തോളം കലാകായിക സംഘടനകളും വളരെയധികം കലാ-കായിക താരങ്ങളും ഇതിൽ പങ്കെടുത്തു.

ആവശ്യാധിഷ്ഠിതമായി വിദ്യാഭ്യാസ സ്ഥാപനങ്ങളുള്ള ഈ പ്രദേശത്ത് ഉയർന്ന പഠനനിലവാരം ലക്ഷ്യമിട്ടുകൊണ്ട് സമർത്ഥരായ വിദ്യാർത്ഥികളെ പൊതുചടങ്ങിൽ വച്ച് അനുമോദിക്കുകയും ക്യാഷ് അവാർഡ് സമ്മാനിക്കുകയും ചെയ്തു. ഹയർ സെക്കന്ററി സ്കൂളിനോട് ചേർന്ന് ഒരു പ്രീ–പ്രൈമറി സ്കൂൾ അനുവദിച്ച് പ്രവർത്തിപ്പിക്കുകയും ഒരു മൂത്രപ്പുര നിർമ്മിച്ചുകൊടുക്കാൻ വേണ്ട നടപടി സ്വീകരിക്കുയും ചെയ്തു. നിർദ്ധനരും പഠനതൽപ്പരരുമായ വിദ്യാർത്ഥികൾക്ക് സന്നദ്ധ സംഘടനകളുടെ സഹായത്താൽ സൗജന്യ ട്യൂഷൻ നൽകുന്ന ഒരു പദ്ധതിക്ക് രൂപംകൊടുത്തുവരികയാണ്. ശുദ്ധജല ക്ഷാമം അനുഭവപ്പെടുന്ന കടലോരപ്രദേശത്ത് ഗവൺമെന്റ് സഹായത്തോടെ ശുദ്ധജല വിതരണത്തിന് തുടക്കമിട്ടുകഴിഞ്ഞു.

ഈ പ്രദേശത്തിന്റെ ഘടനയേയും വിഭവങ്ങളെയും പറ്റി സമഗ്രമായി പഠനംനടത്തി വികസന പദ്ധതികൾക്ക് രൂപം നൽകാനുതകുന്ന 'വിഭവഭൂപ



ടം' തയ്യാറാക്കി.

1996 നവംബർ ഒന്നാം തീയതി പുനരർപ്പണ ദിനമായി കൊണ്ടാടുകയും സംഘടനകളുടെയും ജനങ്ങളുടെയും സന്നദ്ധ സേവനത്തിലൂടെ 2.25 കി. മീറ്റർ നീളം വരുന്ന കരിവയൽതോട്ജലസേചന യോഗ്യമാക്കാനും അതുവഴി നിർമ്മാണ പ്രവർത്തനങ്ങളിൽ ജനപങ്കളിത്തം ഉറപ്പുവരുത്താൻ പൊതുജനങ്ങളെ പഞ്ചായത്തിന്റെ പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കുവാനും കഴിഞ്ഞു. പഞ്ചായത്തിന് ചെലവഴിക്കേണ്ടിവന്ന തുക കേവലം 178.50 രൂപ മാത്രമാണ്. വരവുചെലവു കണക്ക് നോട്ടീസടിച്ചു പ്രസിദ്ധീകരിച്ചുകൊണ്ട് സുതാര്യത ഉറപ്പുവരുത്തി.

ഈ പഞ്ചായത്തിലെ പതിനഞ്ചു വാർഡുകളിലും ഫലപ്രദമായി ഗ്രാമസഭകൾ സംഘടിപ്പിക്കുവാനും അതിലൂടെ ആവശ്യങ്ങളും താൽപ്പര്യങ്ങളും മനസ്സിലാക്കിയതിന്റെ വെളിച്ചത്തിൽ ബൃഹത്തായ ഒരു കർമ്മപദ്ധതിക്ക് രൂപം നൽകാനും കഴിഞ്ഞു. 1996 നവംബർ 2 മുതൽ 10 വരെ നീണ്ടുനിന്ന 'ഗ്രാമവികസനമേള' നടത്തി. ബഹുമാനപ്പെട്ട സംസ്ഥാന മന്ത്രിമാരായ സർവ്വശ്രീ. പാലൊളി മുഹമ്മദുകുട്ടി, ഇ. ചന്ദ്രശേഖരൻനായർ, കെ. രാധാകൃഷ്ണൻ, സംസ്ഥാന-ജില്ലാ-ബ്ലോക്ക്-ഗ്രാമതല ജനപ്രതിനിധികളും സാംസ്ക്കാരിക നായകൻമാരും ഇതിൽ പങ്കെടുത്തു. 12 ലക്ഷം രൂപ ചെലവഴിച്ചുകൊണ്ട് ഗ്രാമീണ റോഡുകളുടെ അഭിവൃദ്ധി, ആറ്റുകാൽ കടവിൽ കൽപ്പടവു നിർമ്മാണം, എൽ.പി. സ്കൂളിൽ കഞ്ഞിപ്പുര നിർമ്മാണം തുടങ്ങിയ നിർമ്മാണപ്രവർത്തനങ്ങൾക്ക് തുടക്കമിട്ടു. വിവിധ സർക്കാർ പദ്ധതിപ്രകാരമുള്ള 38 വീടുകളുടെയും 18 സി.ആർ.എസ്.പി കക്കൂസുകളുടേയും വിതരണവും, 150 നിർദ്ധന കുടുംബങ്ങൾക്ക് സൗജന്യ വൈദ്യുതീകരണം വഴി വെളിച്ചമെത്തിക്കൽ, എൽ.പി. സ്കൂളുകൾക്ക് പാചകോപകരണങ്ങളും ഹോമിയോ ഡിസ്പൻസറിക്ക് ആവശ്യമായ ഉപകരണങ്ങൾ കൊടുക്കലും നടക്കുകയുണ്ടായി. പത്തു സാംസ്ക്കാരിക സ്ഥാപനങ്ങൾക്ക് വിനോദോപാധി ഉപകരണങ്ങളും ഫീഡിംഗ് സെൻറ്റുകൾക്കും നിലത്തെഴുത്താശാൻമാർക്കും ഗ്രാന്റുകളും നൽകും.

ഈ വികസനമേളയോടനുബന്ധിച്ച് മൃഗാശുപത്രി ഉദ്ഘാടനം ചെയ്യപ്പെട്ടു. കല-കായിക വിജയികൾക്ക് സമ്മാനം നൽകി പ്രോത്സാഹിപ്പിച്ചു. നിർദ്ധന വിദ്യാർത്ഥികൾക്ക് തുടർവിദ്യാഭ്യാസത്തിന് ധനസഹായവും പഠനോപകരണങ്ങളും നൽകി. ഈ ഗ്രാമപഞ്ചായത്തിന്റെ അഭിമാനങ്ങളായ അത്‌ലറ്റിക്സിൽ സ്വർണ്ണമെഡൽ ജേതാവായ കുമാരി ഷൈനി, ചിത്രകലാ പ്രതിഭ മാസ്റ്റർ മുരളീകുമാർ എന്നിവരെ സമ്മാനങ്ങൾ നൽകി അനുമോദിച്ചു.

സാംസ്ക്കാരകോന്നതിയാണ് ഒരു പ്രദേശത്തിന്റെ വളർച്ചയ്ക്ക് അടിത്തറ എന്ന തത്വം ഉൾക്കൊണ്ടുകൊണ്ട് പ്രശസ്ത കവികളെയും സാഹിത്യകാരൻമാരെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള കവിയരങ്ങ് നടത്തി. യുവജന സമ്മേളനം, രണ്ടു മെഡിക്കൽ ക്യാമ്പുകൾ എന്നിവയും ഈ വികസന മേളയിൽ ഉൾപ്പെടുത്തി. മേളയിലെ ശ്രദ്ധേയമായ ഒരു പരിപാടി, ഇതഃപര്യന്തമുള്ള പഞ്ചായത്തു മെമ്പർമാരെ പങ്കെടുപ്പിച്ചു നടത്തിയ 'അനുഭവങ്ങൾ സമ്പത്തുകൾ' ആയിരുന്നു.

ഈ ഭരണസമിതിയുടെ ലക്ഷ്യപ്രാപ്തിയിലേക്കുള്ള ഒരു തുടക്കം മാത്രമായിരുന്നു ഈ വികസനമേള. ഈ പ്രദേശത്തിന്റെ സമഗ്ര പുരോഗതിക്കുവേണ്ടിയുള്ള ശക്തമായ പ്രവർത്തനങ്ങൾക്കു രൂപവും ഭാവവും നൽകി ഭരണസമിതി മുന്നോട്ടുപോകുന്നു.

ജനകീയാസൂത്രണ പരിശോധനയിൽ പഞ്ചായത്തിന്റെ അതിരുകളെ സംബന്ധിച്ച് ശ്രദ്ധയിൽ വന്ന കാര്യങ്ങൾ സർക്കാരിന്റെ പരിഗണനയ്ക്കായി താഴെ ചേർക്കുന്നു.

1. തട്ടാമല-കൂട്ടിക്കട റോഡിന്റെ കിഴക്കുവശം മയ്യനാട് വില്ലേജിന്റെ ഭാഗമാണ്. ഈ ഭാഗം മയ്യനാട് പഞ്ചായത്തിന് വിട്ടുകൊടുക്കേണ്ടതാണ്.

2. ഇരവിപുരം പഞ്ചായത്തിലെ തെക്കുംഭാഗം (വാർഡ് 14) വാർഡിന്റെ തെക്കേ അതിർത്തിയോടുചേർന്നുള്ള പ്രദേശം ഇപ്പോൾ മയ്യനാട് പഞ്ചായത്തിലാണ്. ഭൂമിശാസ്ത്രപരമായ കാരണങ്ങളാൽ ഈ ഭാഗം ഇരവിപുരം പഞ്ചായത്തിൽ വന്നുചേരേണ്ടതാണ്.

3. തെക്കേവിളയെ (വാർഡ് 1) വെണ്ടർമുക്ക് മുതൽ പോസ്റ്റാഫീസ് ജംഗ്ഷൻ വരെയുള്ള എൻ. എച്ചിന്റെ തെക്കുവശം വടക്കേവിള പഞ്ചായത്തിലാണിപ്പോൾ. ഇത് ഭൂമിശാസ്ത്രപരമായ കാര്യങ്ങളാൽ ഇരവിപുരം പഞ്ചായത്തിനോട് ചേർക്കുന്നതാണ് സൗകര്യം.

ജി. രാമചന്ദ്രൻ നായർ
(സെക്രട്ടറി)

എ. പുഷ്പരാജൻ
(പ്രസിഡന്റ്)



# ഏഴ്

# ഉപസംഹാരം

സ്വന്തം ഗ്രാമത്തിന്റെ ചരിത്രാന്വേഷണത്തിൽ തുടങ്ങി നമുക്കു മുന്നേ കടന്നുപോയവരുടെ ജീവിത യാഥാർത്ഥ്യങ്ങൾ കണ്ടറിഞ്ഞ് അനുഭവ സമ്പത്ത് അടിസ്ഥാനമാക്കി നിലനിൽക്കുന്നതും വരാനിരിക്കുന്നതുമായ സമൂഹത്തിനുവേണ്ടി ഒരു പുതിയ വികസന സംസ്ക്കാരത്തിന് തുടക്കം കുറിക്കുകയാണിവിടെ. ഉന്നതങ്ങളിൽ നിലനിന്നിരുന്ന ആസൂത്രണം സാമാന്യ ജനങ്ങളിലേക്ക് എത്തിച്ചേരുക എന്നത് ഇക്കാര്യത്തിൽ നാളിതുവരെ ലോകം കണ്ട സംരംഭങ്ങളിൽ ആദ്യത്തേതാണ്.

ഒരു സാധാരണ പൗരൻ അവന്റെയും അവന്റെ സമൂഹത്തിന്റെയും വളർച്ചയ്ക്കു നിദാനമായ കാര്യകാരണ–പരിഹാരങ്ങളെക്കുറിച്ച് ചർച്ചചെയ്തു രൂപപ്പെടുത്തുന്നത് മഹത്തായ ഭാരതത്തിൽ, ഇന്നീ കൊച്ചുകേരളത്തിലാണ്. ഈ രംഗത്തേക്ക് ഇറങ്ങിത്തിരിച്ച ഒരു സംഘാടകനെയും പ്രവർത്തകനെയും സംബന്ധിച്ച്, യാഥാർത്ഥ്യം എന്ത് എന്നും, എങ്ങനെ മുന്നേറാമെന്നും മനസ്സിലാക്കുക മാത്രമല്ല, താൻ പിറന്നമണ്ണിൽ അന്തർലീനമായിരിക്കുന്ന ചരിത്രയാഥാർത്ഥ്യത്തെപ്പറ്റി ലഭിച്ച പുതിയ അറിവ് മഹത്തരംകൂടിയാണ്. എന്നും കാണുന്നതിന്റെ പിന്നിൽ ഒരു ചരിത്രമുണ്ടെന്നും അതു കഴിഞ്ഞകാല ജനങ്ങളുടെ ജീവിതക്രമങ്ങളെ നിയന്ത്രിച്ചിരുന്നുവെന്നും, ചിതലെടുത്തതും അല്ലാത്തതുമായ പുസ്തകങ്ങളിലൂടെയും ചുക്കിച്ചുളിഞ്ഞ കാരണവൻമാരുടെ ഓർമ്മത്താളുകളിലൂടെയും ഇറങ്ങിവന്നപ്പോൾ അതീഗ്രാമത്തിന്റെ ഗതകാല കഥകളായി.

വിദേശി കടന്നുവരുന്നതിനു മുമ്പ് എന്തുണ്ടായിരുന്നു എന്നും; വിദേശിയിൽ നിന്ന് എന്തു ലഭിച്ചുവെന്നും അറിയാൻ നടത്തിയ അന്വേഷണം വരുംതലമുറയും തുടർന്നേപറ്റു. എന്നിരുന്നാലും നമ്മുടെ പൈതൃകത്തെ ഉൾക്കൊണ്ടുകൊണ്ടുള്ള ഒരു ജനകീയാസൂത്രണത്തിന് നാം തുടക്കം കുറിച്ചേ കഴിയൂ. ഭാരതത്തിന്റെ സാമ്പത്തികാടിത്തറ തന്നെ കൃഷിയിലധിഷ്ഠിതമാണ്. നമ്മുടെ ഗ്രാമത്തിലും അതുതന്നെയായിരുന്നു. നിരവധി കാരണങ്ങൾ കൊണ്ടത് അന്യമായിക്കൊണ്ടിരിക്കുന്നു. ഗ്രാമസഭകളിൽ നിന്നും കാര്യകാരണങ്ങൾ കണ്ടെത്തി നാടിന്റെ മണ്ണറിഞ്ഞ് പദ്ധതിയാക്കേണ്ടുന്ന നിർദ്ദേശങ്ങൾ ഈ റിപ്പോർട്ടിൽ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്.

കഴിഞ്ഞ നൂറ്റാണ്ടിന്റെ അന്ത്യത്തിൽ ത്യാഗപൂർണ്ണമായി പടുത്തുയർത്തിയ നമ്മുടെ ഗ്രാമത്തിന്റെ വിദ്യാഭ്യാസാടിത്തറ ആവശ്യാനുസരണം വളർന്നുനിൽക്കുന്നു. കഴിഞ്ഞകാല തലമുറകൾ ഒരുക്കിത്തന്ന സ്കൂളുകളും ക്ലാസ്സുറികളും ഉപയോഗിക്കാതെ പട്ടണത്തിലെ മരുപ്പച്ച തേടിപ്പോകുന്ന അപകടകരമായ പ്രവണത നമ്മുടെ ഗ്രാമത്തിലും നിലനിൽക്കുന്നു. ഇതിന്റെ കാര്യകാരണങ്ങൾ പരിശോധിക്കുകയാണ് വിദ്യാഭ്യാസ വികസന റിപ്പോർട്ട്.

പരമ്പരാഗത–സംഘടിത വ്യവസായങ്ങളുടെ നാടുകൂടിയായിരുന്നു നമ്മുടേത്. വികസനരംഗത്ത് മുന്നോട്ടുപോക്ക് ഫലപ്രാപ്തിയിലെത്തണമെങ്കിൽ വ്യാവസായികാഭിവൃദ്ധി കൂടിയേ തീരൂ. അതിനാവശ്യമായ സാദ്ധ്യതകളെയും വിഭവങ്ങളെയും പരിശോധിച്ചുകൊണ്ടുള്ള വ്യാവസായിക പുരോഗതിക്കുള്ള റിപ്പോർട്ട് ഇതിലുണ്ട്.

സമുദ്രത്തോട് ചേർന്നുകിടക്കുന്ന നമ്മുടെ ഗ്രാമത്തിന്റെ ഒരു അനുഗ്രഹം തന്നെയാണ് മത്സ്യസമ്പത്ത്. ശാസ്ത്രീയമായ മത്സ്യബന്ധന–സംസ്ക്കരണ–വിപണന മാർഗ്ഗങ്ങളിലൂടെ ഈ രംഗം പുഷ്ടിപ്പെടുത്താൻ നിർദ്ദേശങ്ങൾ ഗ്രാമസഭകളിലൂടെ വിഭാവനം ചെയ്തിട്ടുണ്ട്.

ജീവന്റെ നിലനിൽപ്പ് ജലത്തെക്കൂടി ആശ്രയിച്ചാണ്. ഇവിടെ കടൽത്തീരങ്ങളിൽ ഉപ്പുരസവും ചതുപ്പുകളിൽ ഓരുവെള്ളവും തിങ്ങിപ്പാർക്കുന്നിടങ്ങളിൽ കിണറുകുത്താൻ ഇടമില്ലാത്തതും കുടിവെള്ളത്തിന്റെ പ്രശ്നങ്ങളായി ഉയർന്നുവന്നു.

ആരോഗ്യരംഗത്ത് പോഷകാഹാര കുറവും രോഗങ്ങളിൽ നിന്ന് മുക്തിയില്ലായ്മയും ആരോഗ്യ പരിപാലന കേന്ദ്രങ്ങളുടെ കാര്യക്ഷമതയില്ലായ്മയും ശരാശരിയിൽ നിന്നുയരാൻ നമ്മുടെ ഗ്രാമത്തിനെ അനുവദിക്കുന്നില്ല. മുഴുവൻ കുടുംബങ്ങൾക്കും വീടൊരുക്കാൻ നമ്മുക്കു കഴിഞ്ഞിട്ടില്ല. ഇവയ്ക്കെല്ലാം പരിഹാരം കാണാനുള്ള ചർച്ചകളും നിർദ്ദേശങ്ങളും റിപ്പോർട്ടിൽ ഉൾപ്പെടുന്നുണ്ട്.

പലകാരണങ്ങളാൽ പിന്നോക്കം നിൽക്കുന്ന പട്ടിജാതി-വർഗ്ഗക്കാരുടെ പ്രശ്നങ്ങൾ ഇതിൽ ചർച്ച ചെയ്യുന്നു. വനിതകളുടെ സാമൂഹ്യമായ പിന്നോക്കാവസ്ഥയും പരിശോധനാവിധേയമായിട്ടുണ്ട്. ഉയർത്തപ്പെട്ട നിർദ്ദേശങ്ങൾക്ക് അടിസ്ഥാനപരമായ പരിഹാരം കാണാനായി വിഭവങ്ങൾ സമാഹരിക്കുന്നതിനെക്കുറിച്ച് നാം ഗൗരവതരമായ ചർച്ച നടത്തിയേ തീരൂ.

ജനങ്ങളിൽ നിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങളെ ആസ്പദമാക്കിയ ഈ 'സമഗ്ര വികസന റിപ്പോർട്ട്' ചരിത്രത്തിൽ നമുക്കു മുന്നെ നടന്നുനീങ്ങിയ എല്ലാ ദേശസ്നേഹികളെയും ആദരപൂർവ്വം സ്മരിച്ചുകൊണ്ട് വിശദമായ പഠനത്തിനും ചർച്ചയ്ക്കുമായി ഇവിടെ അവതരിപ്പിക്കുന്നു.


VIJAY